ശബ്ദശോധിനി

ശബ്ദശോധിനി

എന്ന

മലയാളവ്യാകരണം

ഗ്രന്ഥകർത്താ

കേരളപാണിനീയം, മധ്യമവ്യാകരണം, ഭാഷാഭൂഷണം,
വൃത്തമഞ്ജരി, മണിദീപിക, ലഘുപാണിനീയം,
മുതലായവയുടെ കർത്താവായ

ഏ. ആർ. രാജരാജവർമ്മ

എം. ഏ., എം. ആർ. ഏ. എസ്. കോയിത്തമ്പുരാൻ

പ്രകാശനാധികൃതൻ—കല്ലകനാട്ടു രാമൻമേനോൻ.
ബി. വി. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

വില അണ ൻ.

തപാൽ കൂലി പുറമേ.

പരിഷ്കരിച്ച ൨-ാം പതിപ്പ്—കാപ്പി ൧൦൦൦.

തിരുവനന്തപുരം

ബി. വി. ബുക്കഡിപ്പോ പ്രവൎത്തകന്മാൎക്കുവേണ്ടി,

തിരുവനന്തപുരം, 'കമലാലയ' പ്രസ്സിൽ

അച്ചടിച്ചതു്.

1918

മുഖവുര.

ശബ്ദശോധിനിയുടെ രണ്ടാംപതിപ്പു കുറെ തിടുക്കമായി തെയ്യാറാക്കേണ്ടിവന്നതിനാൽ അതിൽ വിചാരിച്ചിരുന്ന പരിഷ്കാരമെല്ലാം ചെയ്വാൻ കഴിഞ്ഞില്ല. പ്രൂഫ് തിരുത്തുന്നതിന് എനിക്കു തരപ്പെടാത്തതിനാൽ പ്രക്രിയ പറയുന്നിടത്തും മററും പരാമർശസൌകര്യത്തിനുവേണ്ടി ചൂണ്ടിക്കാണിച്ചിട്ടുള്ള വകുപ്പുകളുടെ നമ്പർ പല ദിക്കിലും തെററിപ്പോകാനിടവന്നിരുന്നു. ഈ വക ന്യൂനതകളെ പരിഹരിച്ചതിനുപുറമേ ഈ പതിപ്പിൽ വിഷയത്തിൽ തന്നെ പല പരിശോധനകളും ചെയ്തിട്ടുണ്ട്. അവതാരികയിൽ ഭാഷാചരിത്രം എന്നൊരു പുതിയ വകുപ്പു മധ്യമവ്യാകരണത്തിൽ നിന്ന് എടുത്തുചേർത്തിരിക്കുന്നു. ശബ്ദപുസ്തകങ്ങളിൽ ഷെഡ്യൂൾ (Schedule) എന്നു പറയുന്ന പട്ടികയുടെ രീതിയിൽ എഴുതീട്ടുള്ള സന്ധിപ്രകരണത്തിൽ വകുപ്പുകളുടെ ഉൾപിരിവുകളെ വേർതിരിച്ചു കാണിപ്പാനായി അച്ചടിയിൽ പരിഷ്കാരങ്ങളും ചെയ്തിട്ടുണ്ട്. പട്ടികാരീതി വിദ്യാർത്ഥികളുടെ കണ്ണിനെ സഹായിക്കുംപോലെ ധാരണയെ സഹായിക്കാത്തതിനാൽ അവയ്ക്ക് ഓർമ്മിക്കാൻ സൌകര്യത്തിനുവേണ്ടി സന്ധിസൂത്രങ്ങളെയെല്ലാം പ്രകരണാന്തത്തിൽ ശ്ലോകരൂപേണ സംഗ്രഹിച്ചിരിക്കുന്നു. ചുരുക്കത്തിൽ പുസ്തകം എഴുതുന്നവർ വിഷയത്തെ വ്യക്തമാക്കുന്നതിൽ എത്രത്തോളം അധികമധികം പ്രയാസം ചെയ്യുന്നുവോ അത്രത്തോളം വിദ്യാർത്ഥികൾക്ക് വിഷയം ഗ്രഹിക്കുന്നതിൽ പ്രയാസം കുറഞ്ഞു കുറഞ്ഞു വരുമെന്നുള്ള ന്യായം പ്രമാണിച്ച് ഈ പതിപ്പിൽ കഴിയുന്ന പരിഷ്കാരമെല്ലാം ചെയ്തിട്ടുണ്ട്.

൧൦൯൩. മിഥുനം ൧൫
തിരുവനന്തപുരം.

ഗ്രന്ഥകർത്താ.

വിഷയാനുക്രമണിക

വിഷയം		പുറം		പുറം.
വിനയെച്ചപ്രകരണം	...	ൻ൨	...	ൻ൫
കൃൽപ്രകരണം	...	ൻ൬	...	ൻൻ
തദ്ധിതപ്രകരണം	...	ൻൻ	...	൲൦൦

ആകാംക്ഷാകാണ്ഡം

കാരകപ്രകരണം	...	൲൦൨	...	൲൦൭
സമാസപ്രകരണം	...	൲൦ൻ	...	൲൲൩
സാമാന്യവിധിപ്രകരണം	...	൲൲൩	...	൲൲ൻ
ഭാനാപദപ്രകരണം	...	൲൨൦	...	൲൨൩
അനുപ്രയോഗപ്രകരണം	...	൲൨൩	...	൲൩൪
ചിഹ്നനപ്രകരണം	...	൲൩൪	...	൲൩൬

നിരുക്തകാണ്ഡം

ശബ്ദവ്യുല്പത്തിപ്രകരണം	...	൲൩൬	...	൲൩ൻ

ശബ്ദശോധിനി

അവതാരിക

എന്തെങ്കിലും ഒരാഗ്രഹം മനസ്സിൽ ജനിച്ചാൽ നിങ്ങൾ അതിനെ നിങ്ങളുടെ അച്ഛനമ്മമാരോടു മറ്റൊ പറയുന്നു. നിങ്ങൾ പറയുന്നതു കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ ജനിച്ച ആഗ്രഹം ഇന്നതെന്നു അവർ ഗ്രഹിക്കുന്നു; ആഗ്രഹം സാധിക്കേണ്ടതാണെങ്കിൽ അതിനെ അവർ നടത്തിത്തരികയും ചെയ്യുന്നു. ഇതുപോലെ എല്ലാ മനുഷ്യരും അവരവരുടെ മനസ്സിലുണ്ടാകുന്ന വിചാരങ്ങളെ മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കുന്നു. ഇങ്ങനെ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു അന്യോന്യം മനോഭാവങ്ങളെ ഗ്രഹിപ്പിക്കുന്നതിനേക്കു ഏർപ്പെട്ടിട്ടുള്ള സമ്പ്രദായത്തിനു ഭാഷയെന്നു പേർ.

എന്നാൽ പട്ടാണിമാരും, [illegible], ഗോസായിമാരും മറ്റും തങ്ങളിൽ സംസാരിക്കുന്നതു കേട്ടാൽ നിങ്ങൾക്കു് അവരുടെ മനോഭാവം വെളിപ്പെടുന്നില്ല. അതുപോലെ നിങ്ങൾ പറയുന്നതു് അവർക്കും മനസ്സിലാകുന്നില്ല. നിങ്ങളുടെയും അവരുടെയും ഭാഷ വേറെയാകുന്നു. ഭാഷകൾ, അതിനാൽ പലവകയുണ്ടെന്നു ധരിക്കേണം.

നാം സംസാരിക്കുന്ന ഭാഷയ്ക്കു *മലയാളം* എന്നു പേർ.

എല്ലാ ഭാഷകൾക്കും ചില നിബന്ധനകളുണ്ടു്. ഇവയെ ഗ്രഹിച്ചിരുന്നാലെ ഒരുവന്നു് അവയെ ശരിയായി ഉപയോഗിപ്പാൻ കഴിയൂ. ഭാഷയുടെ നിബന്ധനകളെ പ്രസ്താവിക്കുന്ന ഗ്രന്ഥത്തിനു *വ്യാകരണം* എന്നു പേർ.

സംസാരിച്ചു മാത്രമല്ല എഴുതിയും ഭാഷയെ ഉപയോഗിക്കാം. വാദ്ധ്യാന്മാർ പറഞ്ഞുതരുന്നതിനെ കേൾക്കുമ്പോൾ നിങ്ങൾ സംഗതികളെ ഗ്രഹിക്കുംപോലെ പുസ്തകത്തിൽ നോക്കി വായിക്കുമ്പോഴും നിങ്ങൾക്കു കാര്യം മനസ്സിലാകുന്നുണ്ടല്ലോ. അതിനാൽ ഭാഷ രണ്ടുവിധമുണ്ടെന്നു പറയാം. സംസാരിക്കുന്ന ഭാഷ *വാമൊഴി*; എഴുതുന്ന ഭാഷ *വരമൊഴി*.

വാമൊഴിയിൽ അധികം വരമൊഴിയിലാണ് വ്യാകരണത്തിന്റെ ആവശ്യം. പ്രായേണ നാം വീടുകളിൽ സംസാരിക്കുമ്പോൾ ചെറിയ തരം വാക്യങ്ങളെ മാത്രമേ ഉപയോഗിക്കാറുള്ളു. അവയെ സംബന്ധിച്ചിടത്തോളം ഉള്ള വ്യാകരണനിബന്ധനകളെല്ലാം ബാലന്മാർ വിശേഷാഭ്യാസം കൂടാതെ തനിയേ മനസ്സിലാക്കുകയും ചെയ്യും. അതിനു പുറമേ, നേരെ സംസാരിക്കുമ്പോൾ ശ്രോതാവിനു സംഗതി മുഴുവൻ ബോധപ്പെട്ടില്ലെങ്കിൽ ആംഗികങ്ങളുടെയും മറ്റും സഹായം കൊണ്ടും, വ്യാഖ്യാനിച്ചുകൊടുത്തും അവനെ കാര്യം ഗ്രഹിപ്പിക്കാം. ഗ്രന്ഥമെഴുതുമ്പോഴാകട്ടെ ഈ വക സൌകര്യങ്ങളില്ലാത്തതിനാൽ വായനക്കാർ വിവക്ഷിതം മനസ്സിലാകാതെ പോകയോ അന്യഥാഗ്രഹണം വരികയോ ചെയ്യാൻ ഇടയുണ്ട്. അതിനാൽ വരമൊഴിയിൽ വ്യാകരണനിബന്ധനകളെ ആവശ്യം അനുസരിച്ചേ തീരൂ.

'ആന കരിമ്പു തിന്നുന്നു', 'എലി മുണ്ടു കരണ്ടു' എന്നും മറ്റും ഓരോ വാക്യം ആയിട്ടു സംസാരിക്കാതെ, 'ആന', 'കരിമ്പ്', 'എലി' മുതലായ ഒറ്റപ്പദങ്ങളെ ഉച്ചരിച്ചാൽ, നമുക്ക് അർത്ഥബോധവും ഉണ്ടാകുന്നില്ല. അതിനാൽ ഭാഷയുടെ നാരായവേരായതു പദമല്ല വാക്യംതന്നെ ആണെന്നു സ്പഷ്ടമാകുന്നു. ബാലന്മാർക്കു വ്യുല്പത്തി വരാൻവേണ്ടി വൈയാകരണൻ വാക്യത്തെ പദങ്ങൾ ആയിട്ടും, പദങ്ങളെ പ്രകൃതിയും പ്രത്യയങ്ങളും ആയിട്ടും, പ്രകൃതി പ്രത്യയങ്ങളെ അക്ഷരങ്ങൾ ആയിട്ടും വിഭജിക്കുന്നു.

വാക്യം, പദം, അക്ഷരം, ഈ മൂന്നുമാകുന്നു വ്യാകരണത്തിന്റെ പ്രതിപാദ്യവിഷയങ്ങൾ. അവയിൽ വാക്യത്തെക്കുറിച്ചു പ്രസംഗിക്കുന്ന അംശത്തിനു '*ആകാംക്ഷാകാണ്ഡം*' എന്നും; പദത്തെപ്പറ്റിയുള്ളതിനു '*പദനിഷ്പാദനകാണ്ഡം*' എന്നും; അക്ഷരത്തെപ്പറ്റിയുള്ളതിന് '*ശിക്ഷാകാണ്ഡം*' എന്നും പേരുകൾ ആകുന്നു. ഇവയ്ക്കു പുറമെ ശബ്ദങ്ങളുടെ അർത്ഥത്തെക്കുറിച്ചു വിചാരണ ചെയ്യുന്ന '*നിരുക്തം*' എന്നൊരു ഭാഗംകൂടി വ്യാകരണഗ്രന്ഥങ്ങളിൽ ചേർക്കാറുണ്ട്.

ശാസ്ത്രഗ്രന്ഥങ്ങളെഴുതുന്നതിന്ന *അപഗ്രഥനരീതി* എന്നും *ഉൽഗ്രഥനരീതി* എന്നും രണ്ടുവക രീതികളുണ്ട്. വാക്യത്തെ എടുത്തുകൊണ്ടു അതിനെ പദങ്ങളായും, പദങ്ങളെ പ്രകൃതി പ്രത്യയങ്ങളായും, പ്രകൃതിപ്രത്യയങ്ങളെ, പിന്നെയും, അക്ഷരങ്ങളായും വിഭജിച്ചുപോകുന്നതു അപഗ്രഥനരീതി; ഇതിന്ന വിപരീതമായി അക്ഷരങ്ങളിൽനിന്ന വാക്യത്തിലേയ്ക്കുപോകുന്നതു ഉൽഗ്രഥനരീതി. ഇവയിൽ ഈ ശബ്ദശോധിനി രണ്ടാമത്തേതായ ഉൽഗ്രഥനരീതിയിൽ നിർമ്മിക്കപ്പെട്ടതാകുന്നു.

ഭാഷാസംഗ്രഹം

ചരിത്രസംക്ഷേപം

ഭാഷയെ സംബന്ധിക്കുന്ന ഇതരശാസ്ത്രങ്ങളെപ്പോലെ ഭാഷയ്ക്കും ചരിത്രമുണ്ട്. നാം മലയാളികളുടെ വർഗ്ഗത്തിൽചേർന്നവരാണല്ലോ. നമ്മുടെ ഭാഷ ദ്രാവിഡശാഖയിൽ പെട്ടതാണ്. ആ ശാഖയിൽ മലയാളത്തിന്നു പുറമെ, തമിഴ്, തെലുങ്ക്, കർണ്ണാടകം, തുളു എന്ന അന്യ പ്രധാനഭാഷകൾ ഉണ്ട്. ഇവയെല്ലാം തങ്ങളിൽ സഹോദരസംബന്ധമാണ്. തമിഴ് ജ്യേഷ്ഠസഹോദരിയും മലയാളം കനിഷ്ഠസഹോദരിയും ആകുന്നു. ആദികാലത്തിൽ മലയാളഭാഷ ജ്യേഷ്ഠസഹോദരിയായ തമിഴിന്റെ സംരക്ഷണത്തിൽ തന്നെ ഇരുന്നു; തമിഴിന്റേതല്ലാതെ സ്വതന്ത്രമായി ഒരു അക്ഷരമാലതന്നെ മലയാളത്തിന്ന ഉണ്ടായിരുന്നില്ല. കാലക്രമേണ 'വട്ടെഴുത്ത്', 'കോലെഴുത്ത്' എന്നിങ്ങനെ തമിഴിൽനിന്ന ഏറെ ഭേദപ്പെടാത്ത അക്ഷരമാലകൾ ഉണ്ടായി. ഈ ബാല്യസ്ഥിതിയിൽ ഇരുന്ന മലയാളത്തിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ഇപ്പോൾ ഇല്ലെന്നുതന്നെ പറയാം; ചില വൈദികവിഷയത്തിലുള്ള പാട്ടുകൾ മാത്രം അങ്ങുമിങ്ങും കാണുന്നുണ്ട്. പിന്നീടു ബാല്യത്തെ കഴിഞ്ഞിട്ടും മലയാളത്തിന്റെ രക്ഷാകർത്തൃസ്ഥാനം തമിഴിന്നുതന്നെ ആയിരുന്നതിനാൽ അതിന്ന സ്വാതന്ത്ര്യം കാണിക്കാൻ ഇടകിട്ടിയതില്ല. വേഷവും സമ്പ്രദായവും ആചാരവുമെല്ലാം തമിഴിന്നുള്ളതു തന്നെ; കവിത എല്ലാം തമിഴുപാട്ടു അനുസരിച്ചു ചെയ്തുവന്നു. കവികൾ ആവശ്യപ്പെട്ട പദ

ങ്ങളേയും ചമൽക്കാരരീതികളേയും തമിഴിൽനിന്നുതന്നെ സ്വീകരിച്ചുപോന്നു. ഈ കൈമാറ്റാവസ്ഥയിൽ ഇരുന്ന കാലത്തുണ്ടായ ചില പുസ്തകങ്ങൾ ഇപ്പോഴും നടപ്പുണ്ട്. ഇക്കാലത്തെ മലയാളത്തിനു *പഴയമലയാളം* എന്നു പേരിടാം; ആദ്യാവസ്ഥയിലുള്ള മുൻപറഞ്ഞതിനു *ആദ്യമലയാള*മെന്നും പേർ ചെയ്യാം. 'രാമചരിതം' പഴയ മലയാളത്തിന്റെ ആരംഭത്തിൽ ഉണ്ടായിട്ടുള്ളതും 'കണ്ണശ്ശരാമായണം' അതിന്റെ അവസാനകാലത്തുണ്ടായിട്ടുള്ളതുമാകുന്നു.

കണ്ണശ്ശപ്പണിക്കരുടെ കാലത്തിനു ഇപ്പുറമുള്ള മലയാളമാണു ഇപ്പോഴത്തെ മലയാളം. അത് ഇന്നും നാം ഉപയോഗിച്ചുവരുന്ന ഭാഷയാകയാൽ അതിനു വിശേഷിച്ചു പേരൊന്നും വേണമെന്നില്ല. പൂർവ്വസ്ഥിതിയിൽ നിന്നും അതു വളരെ ഭേദിച്ചതാണ്; ഭേദിപ്പാനുള്ള കാരണം സംസ്കൃതത്തിന്റെ സംസർഗ്ഗവും ആകുന്നു. പഴയ മലയാളം നടപ്പായിരുന്ന കാലത്തു തന്നെ ആര്യന്മാരായ നമ്പൂരിമാർ കേരളത്തിൽ കുടിപാർപ്പു തുടങ്ങിയിരുന്നെങ്കിലും അവർ നാട്ടുഭാഷയെ ആദരിച്ചിരുന്നില്ല. കാലക്രമത്തിൽ സംസ്കൃതം സംസാരിച്ചിരുന്ന നമ്പൂരിമാരും പഴയമലയാളം സംസാരിച്ചിരുന്ന നാട്ടുകാരും തങ്ങളിൽ ഇടകലർന്നുതുടങ്ങിയപ്പോൾ രണ്ടു വർഗ്ഗക്കാരുടേയും ഭാഷകൾക്ക് ഉണ്ടായ ഒരു മിശ്രഭാഷയാണ് ഇപ്പോഴത്തെ മലയാളം. മലയാളഭാഷ ഒരു ദശാന്തരംവരെ തമിഴിന്റെ അധീനത്തിൽനിന്നൊഴിഞ്ഞുവെന്നു പറഞ്ഞുകൂടാ. അക്കാലത്താണ് സംസ്കൃതത്തിന്റെ സംബന്ധമുണ്ടായത്. സംബന്ധം എന്നു പറഞ്ഞാൽ സാക്ഷാൽ 'സംബന്ധം' തന്നെ, ഭാര്യാഭർത്തൃഭാവസംബന്ധം; അന്നുമുതൽ മലയാളഭാഷ ജ്യേഷ്ഠസഹോദരിയായ തമിഴുമായി അകന്നുതുടങ്ങി. എന്താവശ്യം നേരിട്ടാലും മൂത്താച്ചിയോടു ചോദിച്ചു വാങ്ങുകയല്ലാതെ തറവാട്ടിൽ നിന്നു എടുക്കുക എന്നുള്ളതു ഇല്ലാതായി. വിശേഷപദങ്ങൾ, വാചകരീതി, വാക്യഭംഗി, വൃത്തവൈചിത്ര്യം, എന്നുവേണ്ട അക്ഷരമാലപോലും സംസ്കൃതത്തിന്റേതുതന്നെ എന്നായി. സംസ്കൃതത്തിലെ അക്ഷരമാലയെ സ്വീകരിച്ചതോടുകൂടി തമിഴക്ഷരമാല ഉപേക്ഷിച്ചു അക്ഷരവ്യക്തിവിവേചനം എന്ന പരിഷ്കാരവും തുടങ്ങി. സംസ്കൃതത്തിന്റെ ആധിക്യം ഇത്രയായെങ്കിലും ഒന്നാലും വിവാഹബന്ധം മരുമക്കത്തായപ്രകാരമാകയാൽ ഗോത്രം മാറാൻ സാധിച്ചിട്ടില്ല. മലയാളം ഇന്നും ദ്രാവിഡഗോത്രത്തിൽത്തന്നെ ഇരിക്കുന്നതേ ഉള്ളു. സംസ്കൃതത്തിൽ നിന്ന്

ആവശ്യപ്പെട്ടിട്ടും ഇല്ലാത്തതും അസംഖ്യം പദങ്ങളെ എടുത്തിട്ടുണ്ടെങ്കിലും വൃത്തം, അലങ്കാരം മുതലായ ആഡംബരങ്ങളെല്ലാം സംസ്കൃതരീതിയിൽ ആയിരുന്നാലും, മലയാളഭാഷയുടെ വ്യാകരണത്തെ ഇന്നേവരെ സംസ്കൃതത്തിനു ബാധിക്കാൻ കഴിഞ്ഞിട്ടില്ല. അന്വയക്രമം, വിഭക്തിസംബന്ധം, വിശേഷണവിശേഷ്യങ്ങളുടെ നില, രൂപഭേദം, ഇതെല്ലാം തമിഴ് വ്യാകരണമനുസരിച്ചുതന്നെ മലയാളത്തിലും കാണുന്നു. ചുരുക്കത്തിൽ പറയുന്നതായാൽ തമിഴ് വ്യാകരണത്തിലെ നിയമങ്ങളെത്തന്നെ പ്രകൃതി ഇടുകളിൽ ഇന്ന ഇന്ന ഭേദങ്ങൾ മാത്രം മാറ്റണം എന്നു കാണിച്ചുകഴിഞ്ഞാൽ അതായിരിക്കും ഉത്തമമായ ഒരു മലയാള വ്യാകരണം. ഈ സംഗതി എല്ലായ്പ്പോഴും ഓർത്തിരിക്കേണ്ടതാകുന്നു.

ദേശഭേദം

ഇനി ദേശഭേദംകൊണ്ടും ഭാഷയ്ക്ക് ചില വ്യത്യാസങ്ങളുണ്ട്. എന്നാൽ അതു സംസാരിക്കുന്ന നാടൻഭാഷയെ അല്ലാതെ ഗ്രന്ഥങ്ങളെഴുതുന്ന സാഹിത്യഭാഷയെ അധികം ബാധിച്ചിട്ടില്ല. (൧) വടക്കൻ മലയാളം, (൨) തെക്കൻ മലയാളം, (൩) മദ്ധ്യമലയാളം എന്നു പ്രധാനമായി മൂന്നാണു ദേശഭേദംകൊണ്ടുള്ള വ്യത്യാസം. ഇവ ചെറിയ ദേശങ്ങളിലുണ്ടാകുന്ന വ്യത്യാസങ്ങളാൽ ഭേദിക്കാറാം; മറ്റുള്ളതെന്നു പറവാനില്ല. എങ്കിലും മദ്ധ്യമലയാളമാണ് നല്ലതെന്നു പണ്ഡിതന്മാർ സമ്മതിക്കുന്നു. അതിനു ചില കാരണവും ഇല്ലാതെ ഇരിക്കുന്നില്ല. തെക്കൻഭാഷ തമിഴിന്റെ അതിക്രമംകൊണ്ടും വടക്കൻ ഭാഷ കർണ്ണാടകത്തിന്റെ അതിക്രമംകൊണ്ടും ദുഷിച്ചുപോയിട്ടുണ്ട്. നടുക്കുള്ള ദേശക്കാർക്കു ഭാഷാന്തരസമ്പർക്കമില്ലാത്തതിനാൽ ശുദ്ധിയേറും. ഈ മദ്ധ്യമലയാളംതന്നെയാണ് സാഹിത്യത്തിൽ എല്ലാ ദിക്കുകാരും പ്രധാനമായി ഉപയോഗിക്കുന്നതെന്നു വരികിലും കവികൾ സ്വാതന്ത്ര്യത്താൽ ചിലപ്പോൾ സ്വന്തനാട്ടിൽ നടപ്പുള്ള വിശേഷപ്രയോഗങ്ങളെയും ഉപയോഗിക്കും. പ്രസിദ്ധനായ കുഞ്ചൻ നമ്പിയാർ ഭാഷയുടെ ശുദ്ധിയിൽ ഏറെ ദൃഷ്ടിവെച്ചിട്ടില്ല. അദ്ദേഹത്തിന്റെ കൃതികളിൽ ദേശ്യപ്രയോഗങ്ങൾ ധാരാളമുണ്ട്. സാഹിത്യഭാഷയെ അധിഷ്ഠാനമാക്കിയാണ് ഈ വ്യാകരണം എഴുതിയിട്ടുള്ളതെങ്കിലും പ്രധാനപ്പെട്ട ചില ദേശ്യപ്രയോഗങ്ങളെയും ഇതിൽ സ്വീകരിച്ചിട്ടുണ്ട്.

ശിക്ഷാകാണ്ഡം

വൎണ്ണവിഭാഗം

ഒരു വടത്തെ എടുത്തഴിച്ചു നോക്കുന്നതായാൽ അതു് അനേകം പൊളുക്കയറുകൾ മേൽക്കുമേൽ പിന്നിച്ചേൎത്തു പിരിച്ചുണ്ടാക്കിയതാണെന്നു നിങ്ങൾക്കു ബോധപ്പെടും. പൊളുകളെ പിന്നീടും അഴിക്കുന്നപക്ഷം ഒടുവിൽ ചകിരിനാരു കിട്ടും. ഇപ്രകാരം ഭാഷയുടെ മൂലമായ വാക്യത്തെ അപഗ്രഥിച്ചിട്ടു് (അഴിച്ചിട്ടു്) വൈയാകരണന്മാർ പൊളുക്കയറിന്റെ സ്ഥാനത്തു പദങ്ങളെയും, ചകിരിനാരിന്റെ സ്ഥാനത്തു വൎണ്ണങ്ങളെയും കല്പിച്ചിരിക്കുന്നു. എത്ര കനത്ത വടത്തിന്റെയും ചുവടു ചകിരിനാരായിരിക്കുംപോലെ എത്ര നീണ്ട വാക്യത്തിന്റെയും മൂലം വൎണ്ണമാകുന്നു.

2. വടങ്ങളിൽ നൂലുകളു തരത്തിലും എണ്ണത്തിനും വ്യവസ്ഥയില്ലാത്തതുപോലെ ഭാഷയിലും വൎണ്ണങ്ങൾക്കു നിയമമില്ല. ഇംഗ്ലീഷുകാർ ൨൬ വൎണ്ണങ്ങളെക്കൊണ്ടു സകല പദങ്ങളെയും സൃഷ്ടിക്കുന്നു; സംസ്കൃതത്തിൽ, പ്രസിദ്ധികേട്ടിട്ടുള്ളതുപോലെ ൫൧ വൎണ്ണങ്ങൾ ഇല്ലെങ്കിലും, വാസ്തവത്തിൽ ൪൭ വൎണ്ണങ്ങളുണ്ടു്. നമ്മുടെ മലയാളത്തിൽ നടപ്പുള്ളതു ൫൩ വൎണ്ണങ്ങൾ ആകുന്നു. മലയാളവാക്കുകൾ ആസകലം ഇവയെ മാററിയും മറിച്ചും കൂട്ടിച്ചേൎത്താൽ ഉളവാകുന്നവയേ ഉള്ളു.

3. നിങ്ങൾ എഴുത്തുപഠിപ്പാൻ ആരംഭിച്ച സമയം നിങ്ങളുടെ ആശാന്മാർ സ്ലേററിലോ മണ്ണിലോ മറേറാ ചില വരകളെയും കുറികളെയും വരച്ചുകാണിച്ചിട്ടു് ഇന്നവിധം എഴുതിക്കണ്ടാൽ ഇന്നവിധം ഉച്ചരിക്കണമെന്നു് ഉപദേശിച്ചുതന്നിട്ടുണ്ടു്. ഉച്ചരിക്കുന്ന ശബ്ദവും എഴുതുന്നവരയും ഭിന്നങ്ങളാകുന്നെന്നു് ഇതുകൊണ്ടു് നിങ്ങൾക്കു സ്പഷ്ടമാണല്ലോ. ഉച്ചരിക്കുന്ന ശബ്ദത്തിനു വൎണ്ണം എന്നും എഴുതുന്ന വരകൾക്കു *ലിപി* എന്നും വ്യാകരണത്തിൽ പേരുകൾ ചെയ്യപ്പെട്ടിരിക്കുന്നു. ഇതിൽ വാസ്തവമായതു വൎണ്ണമാണെന്നും, ലിപി ആ വൎണ്ണത്തെ ഓൎമ്മിപ്പിക്കുന്നതിനുള്ള ഒരു സങ്കേതം മാത്ര

മാണെന്നും ധരിക്കണം. ഒരു മലയാളവാചകത്തെ മലയാളലിപിയിൽ എന്നതുപോലെ അന്യലിപികളിൽ എഴുതുന്നതിന്നും വിരോധമില്ല.

൪. മലയാളത്തിലെ വർണ്ണങ്ങളെ ലിപികൾകൊണ്ടു താഴെ എഴുതികാണിക്കുന്നു.

വർണ്ണങ്ങൾ		കണ്ഠ്യം	താലവ്യം	ഓഷ്ഠ്യം	മൂർദ്ധന്യം	ദന്ത്യം	കണ്ഠതാലവ്യം	കണ്ഠൗഷ്ഠ്യം
സ്വരം	ഹ്രസ്വം	അ	ഇ	ഉ	ഋ	(ഌ)	എ ഐ	ഒ ഔ
	ദീർഘം	ആ	ഈ	ഊ	ൠ	(ൡ)	ഏ	ഓ
വ്യഞ്ജനം	ഖരം	ക	ച	പ	ട	ത		
	അതിഖരം	ഖ	ഛ	ഫ	ഠ	ഥ		
	മൃദു	ഗ	ജ	ബ	ഡ	ദ		
	ഘോഷം	ഘ	ഝ	ഭ	ഢ	ധ		
	അനുനാസികം	ങ	ഞ	മ	ണ	ന ഩ		
	മദ്ധ്യമം	—	യ	വ	ര റ	ല		
	ഊഷ്മാവ്	ഹ	ശ	—	ഷ ള ഴ	സ		

5. മേൽ കാണിച്ച ൫൩ വർണ്ണങ്ങളിൽ 'അ' മുതൽ 'ഔ' വരെയുള്ള ൧൬ വർണ്ണങ്ങൾക്കു സ്വരം എന്നു പേർ. ശേഷിച്ച 'ക' തുടങ്ങിയുള്ള ൩൭ വർണ്ണങ്ങൾക്കു വ്യഞ്ജനം എന്നു പേർ. ഇവയിൽ സ്വരമാകുന്നു പ്രധാനം; അതിന്റെ സഹായംകൂടാതെ ഒരു വ്യഞ്ജനത്തെ മാത്രമായി ഉച്ചരിപ്പാൻ പാടില്ല. നാം സംസാരിക്കുന്ന വാക്കുകളിൽ ഒക്കെയും വ്യഞ്ജനങ്ങളിൽ സ്വരങ്ങൾ കലൎന്നിരിക്കും.

സ്വരസ്പൎശം കൂടാതെ വ്യഞ്ജനങ്ങളെ ഉച്ചരിപ്പാൻ പാടില്ലാത്തതിനാൽ വ്യഞ്ജനങ്ങളെ തനിച്ച് എടുത്തു പറയേണ്ടുന്ന ദിക്കിൽ ആദ്യസ്വരമായ 'അ' എന്നതിനെ അവയിൽ ചേൎത്താണ് എഴുതുകയും പറകയും ചെയ്ക പതിവ്. അതിനാൽ മുൻ കാണിച്ച വ്യഞ്ജനങ്ങളുടെ പട്ടികയിലും 'അ' കൂട്ടിച്ചേൎത്തിട്ടുണ്ടെന്നറിക. ക=ക്+അ. ഒരു വ്യഞ്ജനലിപിയുടെ മേൽ ് എന്ന ചിഹ്നമിട്ടാൽ അതിൽ സ്വരസ്പൎശമില്ലെന്നു കാണിക്കും.

7. എന്നാൽ എല്ലാ വ്യഞ്ജനത്തിലും ഒരു സ്വരം ചേൎന്നിരിക്കേണമെന്നു നിൎബ്ബന്ധമില്ല. ചിലപ്പോൾ രണ്ടോ, മൂന്നോ, നാലോ വ്യഞ്ജനം ഒന്നിച്ചു ചേൎന്നിരുന്നു എന്നു വരാം. ഇപ്രകാരം ഒന്നിച്ചു ചേരുമ്പോൾ അവയുടെ ഒടുവിൽ ഒരു സ്വരം സിദ്ധമായിട്ടു ചേൎന്നിരിക്കും; ഒന്നിലധികം വ്യഞ്ജനങ്ങൾ ചേൎന്നു വരുന്നതിന് *കൂട്ടക്ഷരം* എന്നും *സംയോഗം* എന്നും പേരുകൾ പറയുന്നു. നാലിലധികം വ്യഞ്ജനങ്ങളുള്ള കൂട്ടക്ഷരം ഉണ്ടാകുന്നതല്ല.

ഉദാഹരണം:—

സ്ഥ,	ന്ത,	ക്ഷ,	— ൨	വ്യഞ്ജനം
ന്ത്ര,	ന്ത്യ,	ക്ഷ്മ,	— ൩	,,
ന്ത്ര്യ,	ക്ഷ്മ്യ		— ൪	,,
ൻ്ത്സ്ര്യ			— ൫	,,

ണ, ന, ര, റ, ല, ള, ഴ, ഈ ഏഴു വ്യഞ്ജനങ്ങൾ മാത്രം സ്വരയോഗം കൂടാതെ ഒറ്റയായി ശബ്ദങ്ങളുടെ ഒടുവിൽ നില്ക്കും. ഇങ്ങനെ ഉള്ളവയ്ക്കു *ചില്ലുകൾ* എന്നു പേർ.

ഉദാ:—	കൺ		മേൽ	(ല്)
	മാൻ		അവൾ	(ള്)
	അവർ	(ര്)	കീഴ്	(ഴ്)
	ചോർ	(റ്)		

8. വ്യഞ്ജനങ്ങളിൽ സ്വരങ്ങളെ ചേൎക്കുമ്പോൾ കൂട്ടക്ഷരങ്ങളിലെപ്പോലെ അവയെ പ്രത്യേകം എഴുതിക്കാണിക്കാറില്ല. സ്ഥ്, എന്നതു സ്, ത് എന്നവയുടെയും ക്ഷ്മ് എന്നതു ക്, ഷ്, മ്, എന്നവയുടെയും കൂട്ടക്ഷരങ്ങളാണെന്നു എഴുത്തുകൊണ്ടുതന്നെ സ്പഷ്ടമാകുമ്പോലെ, 'കാ' എന്നതു ക്, ആ എന്നവയുടെയും, കു എന്നതു ക്, ഉ എന്നവയുടെയും യോഗമാണെന്നു വ്യക്തമാകുന്നില്ല. എല്ലാ വ്യഞ്ജനത്തിലും ഈ സ്വരങ്ങളിൽ ഒന്നിനെ

ച്ചേർക്കേണ്ടതാവശ്യമാകയാൽ സൌകൎയ്യത്തിനുവേണ്ടി ചില സങ്കേതങ്ങളെ ഏൎപ്പെടുത്തിയിരിക്കുന്നു. എങ്ങനെ എന്നാൽ:—

ക്	+	അ	=	ക	ക്	+	ഌ	=	ക്ഌ
ക്	+	ആ	=	കാ	ക്	+	ൡ	=	ക്ൡ
ക്	+	ഇ	=	കി	ക്	+	എ	=	കെ
ക്	+	ഈ	=	കീ	ക്	+	ഏ	=	കേ
ക്	+	ഉ	=	കു	ക്	+	ഐ	=	കൈ
ക്	+	ഊ	=	കൂ	ക്	+	ഒ	=	കൊ
ക്	+	ഋ	=	കൃ	ക്	+	ഓ	=	കോ
ക്	+	ൠ	=	കൄ	ക്	+	ഔ	=	കൌ

ഈ സങ്കേതങ്ങൾ തന്നെ ശേഷം വ്യഞ്ജനങ്ങളിലും സ്വല്പ വ്യത്യാസങ്ങളോടുകൂടെ ഉപയോഗപ്പെടുന്നു.

൯. യ, ര, ല, വ ഇവകളെ കൂട്ടിച്ചേൎത്തുണ്ടാകുന്ന സംയോഗങ്ങൾക്കും അന്യൂനതയുണ്ട്; അതിനാലാണ് നിലത്തെഴുത്തു പഠിപ്പിക്കുമ്പോൾ ക്യ-വട്ടം, ക്ര-വട്ടം, ക്ല-വട്ടം, ക്വ-വട്ടം, ൎക്ക-വട്ടം എന്നു ഇവയെ മാത്രം പ്രത്യേകിച്ച് എല്ലാ വ്യഞ്ജനങ്ങളിലും കൂട്ടിച്ചൊല്ലിക്കുന്നതു.

ക്	+	യ്	=	ക്യ്	ക്	+	വ്	=	ക്വ്
ക്	+	ര്	=	ക്ര്	ര്	+	ക്	=	ൎക്
ക്	+	ല്	=	ക്ല്					

10. ഒറ്റയായിട്ടോ, വ്യഞ്ജനത്തോടു ചേൎന്നോ, നില്ക്കുന്ന ഒരു സ്വരത്തിന് ഒരു അക്ഷരം എന്നു പേർ.

ഉദാ:— അ, ഉ, ഏ, ഒ—ഒറ്റസ്വരം.

കി, പു, സെ, തൊ—മുൻവ്യഞ്ജനസഹിതം.

ക്ലൂ, ഞ്ച, ന്ദ്യ, ത്സ്വ—മുൻസംയോഗസഹിതം.

11. ഒരു ശബ്ദം ഒരു ചില്ലിൽ അവസാനിക്കുന്നതായാൽ ആ ചില്ല് ആ ശബ്ദത്തിന്റെ ഒടുവിലെ അക്ഷരത്തിന്റെ അംശമായിട്ടു വിചാരിക്കപ്പെടും. അതിനാൽ 'തെങ്ങൾ' എന്ന ശബ്ദം, 'തെ' എന്നും 'ങ്ങൾ' എന്നും ഉള്ള രണ്ടക്ഷരങ്ങളാൽ ചമയ്ക്കപ്പെട്ടതാകുന്നു.

അഭ്യാസം ൧

താഴെ എഴുതിയിരിക്കുന്ന വാക്യങ്ങളിലെ അക്ഷരങ്ങൾ ഏതു വൎണ്ണങ്ങൾ ചേൎന്നുണ്ടായവയാണെന്നു വിവരം തിരിച്ചു കാണിക്ക.

(൧) ശ്രീപത്മനാഭൻ തുണ.
(൨) എല്ലാവരും സത്യം പറയണം.
(൩) തിരുവനന്തപുരത്തുസുഖം.
(൪) ജ്ഞാനം സമ്പാദിക്കണം.
(൫) ഭിക്ഷമയത്തിസ്സ്വസാധിക്കുന്നു.
(൬) കണ്ടാവിരുന്ന ജനങ്ങളുടെ
കപ്പാൻതിരിക്കുന്ന തരംഗങ്ങളോടുകൂടി
(൭) വാത്സല്യത്തോടെ സ്വജനങ്ങളെയും പരിപാലിച്ചു

12. സ്വരങ്ങളെ ഉച്ചരിക്കുന്നതിൽ ഉള്ള മാത്രാഭേദം കൊണ്ടു് അവ *ഹ്രസ്വം* എന്നും *ദീൎഘം* എന്നും രണ്ടുതരമുണ്ടു്. അ, ഇ എന്നതുപോലെ ഒരു മാത്രയുള്ളവ ഹ്രസ്വങ്ങൾ; ആ, ഈ എന്നതുപോലെ രണ്ടുമാത്രയുള്ളവ ദീൎഘങ്ങൾ.

ഉദാ:—ഹ്രസ്വം—അ, ഇ, ഉ, ഋ (ഌ) എ, ഒ.

ദീൎഘം — ആ, ഈ, ഊ (ൠ), (ൡ), ഏ, ഐ, ഓ, ഔ.

ശ്ര—ഋ-ഌ-കൾക്കു ഹ്രസ്വവും, ൠ എന്ന ദീൎഘവും, ൡ എന്ന സ്വരവും മലയാളത്തിൽ ഉപയോഗിച്ചിട്ടില്ല. ഇവയെ നിലത്തെഴുത്തിൽ ചേൎത്തിരിക്കുന്നതു് പഴയ ആചാരത്തെ അനുസരിച്ചു മാത്രമാകുന്നു. അക്ഷരമാലയായുള്ള ചില കീൎത്തനങ്ങളിലും മറ്റും ഇവയെ ഉപയോഗിച്ചിട്ടുള്ളതുകൊണ്ടാണു് ഇവിടെ സ്വീകരിക്കേണ്ടിവന്നതു്.

13. വൎണ്ണങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ അവയിൽ ഉച്ചാരണസൌകൎയ്യത്തിന്നുവേണ്ടി 'കാരം' എന്നശ്രുതി ചേൎക്കാറുണ്ടു്. അതിനാൽ,

അകാരം എന്നു പറഞ്ഞാൽ 'അ' എന്ന അക്ഷരമെന്നും
ഇകാരം " 'ഇ' "
ഉകാരം " 'ഉ' "
പകാരം " 'പ' "
ലകാരം " 'ല' "

അത്രേ ഗ്രഹിക്കേണം.

14. ഹ്രസ്വമായ ഉകാരം രണ്ടു വിധമുണ്ട്. ഒന്നിനെ 'ഇതു' 'പതു' ഇത്യാദികളിലെപ്പോലെ സ്പഷ്ടമായി തുറന്ന ഉച്ചരിക്കുന്നു. മറ്റതിനെ 'വയസ്സ്' 'പാല്' ഇത്യാദികളിലെപ്പോലെ ഓഷ്ഠവലിവോടുകൂടെ അസ്പഷ്ടമായിട്ട ഉച്ചരിക്കുന്നു. മറ്റു ഹ്രസ്വസ്വരങ്ങളെപ്പോലെ സ്പഷ്ടമായിട്ടുച്ചരിക്കുന്ന ഒന്നാംമാതിരിക്കു * *വിവൃതം* എന്നും, ഓഷ്ഠവലിവുള്ള രണ്ടാംമാതിരിക്കു *സംവൃതം* * എന്നും, പേരുകൾ.

15. വ്യഞ്ജനത്തിൽ അവസാനിക്കുന്ന ശബ്ദങ്ങളുടെ ഒടുവിൽ ഒരിക്കലും സംവൃത ഉകാരം ചേർത്തു് അവയെ സ്വരാന്തങ്ങളാക്കാറുണ്ട്. ഉദാഹരണം—

ഉലക്	=	ഉലകു	തേര്	=	തേരു, തേർ
കമ്പര്	=	കമ്പരു	കാല്	=	കാലു, കാൽ
പൂക്	=	പൂക്കു	പാവ്	=	പാവു
തൊങ്	=	തൊങ്ങു	കാറ്	=	കാറ്റു
കരട്	=	കരട്ടു	വയസ്	=	വയസ്സു
കണ്	=	കണ്ണു, കൺ	തോള്	=	തോളു, തോൾ
കയ്	=	കയ്യു	കീഴ്	=	കീഴു, കീഴ്
വിരല്	=	വിരലു	ചോറ്	=	ചോറു, ചോർ
തേൻ	=	തേനു, തേൻ			
കന്	=	കന്നു			
നായ്	=	നായ്യു			

മേൽ കാണിച്ച ഉദാഹരണങ്ങളിൽ ണ്, ന, ര, റ, ല, ള, ഴ ഈ വ്യഞ്ജനങ്ങൾ മാത്രം സംവൃതം കൂടാതെ തനിയെയും നില്ക്കുമെന്നു സ്പഷ്ടമാകുന്നു. ഇവയുടെ ഈ വിശേഷത്തെ ഓർമ്മിക്കാൻ വേണ്ടിയാണ് ഇത്രയും വ്യഞ്ജനങ്ങൾക്കു ചില്ല് എന്നൊരു വിശേഷനാൽ പേർ ൭-ാം വകുപ്പിൽ പറഞ്ഞത്.

ഈ ഉദാഹരണങ്ങളിൽനിന്നു വേറെ ഒന്നുകൂടി ഗ്രഹിക്കേണ്ടതുണ്ട്. എന്തെന്നാൽ— ചില വ്യഞ്ജനങ്ങൾ സംവൃതം ചേരുമ്പോൾ ഇരട്ടിക്കുന്നു, ചിലതു് അതുകൂടാതെ ഒററയായിത്തന്നെ നില്ക്കുന്നു. ഇതിന്നു് ഒരു നിയമമുണ്ട്. ദീർഘത്തിനു രണ്ടു മാത്രയെന്നും ഹ്രസ്വത്തിനു ഒരു മാത്രയെന്നും മുൻ പറഞ്ഞതല്ലോ. ശ

* സംവൃതത്തിന്നു ചിലർ അരയുകാരമെന്നും വിവൃതത്തിന്നു മുറ്റുകാരമെന്നും പേർ കൊടുക്കുന്നു.

ശബ്ദത്തിന്ന മാത്ര ഒന്നേ ഉള്ളൂ എങ്കിൽ അന്ത്യവ്യഞ്ജനം ഇരട്ടിക്കും. ഒന്നിലധികമുണ്ടെങ്കിൽ ഇല്ല.

ഉദാ:—പുക്ക്, തെറ്റ്, മുട്ട്, കണ്ണ്, തൊട്ട്, ഏകമാത്രകം
ഉലക്, കരട്, മാന്, വീട്, അരയ്, അനേകമാത്രകം.

ഏകമാത്രകശബ്ദങ്ങളുടെ അന്ത്യവ്യഞ്ജനം ഇരട്ടിച്ചേ ഇരിക്ക എന്നല്ലാതെ, മറിച്ചു, അനേകമാത്രകശബ്ദങ്ങളുടെ അന്ത്യവ്യഞ്ജനം ഇരട്ടിപ്പൂ എന്നേ ഇല്ലാനിർബന്ധമാകയുള്ളൂ.

16. അം, അഃ എന്ന രണ്ടു സ്വരങ്ങളുടെ ഒടുവിൽ കേൾക്കുന്ന ഉച്ചാരണങ്ങൾക്കു മുറയ്ക്കു *അനുസ്വാരം* എന്നും *വിസൎഗ്ഗം* എന്നും പേരുകൾ. ഇവയിൽ അനുസ്വാരം മകാരത്തിനോടും, വിസൎഗ്ഗം സകാരത്തിനോടും, ഉച്ചാരണത്തിൽ യോജിച്ചിരിക്കും. അനുസ്വാരം ഭാഷയിൽ ധാരാളം നടപ്പുണ്ട്; വിസൎഗ്ഗം സംസ്കൃതപദങ്ങളിലേ ഉള്ളൂ.

ഉദാ:—മരം, കലം, പുല്ലാം, പോം,—അനുസ്വാരം.
ദുഃഖം, ഹരിഃ, കോഃ—വിസൎഗ്ഗം.

17. വ്യഞ്ജനങ്ങളെ താഴെ കാണിക്കും പ്രകാരം വേർതിരിക്കപ്പെട്ടിരിക്കുന്നു.

ക,	ഖ,	ഗ,	ഘ,	ങ,	—കവൎഗ്ഗം.
ച,	ഛ,	ജ,	ഝ,	ഞ,	—ചവൎഗ്ഗം.
ട,	ഠ,	ഡ,	ഢ,	ണ,	—ടവൎഗ്ഗം.
ത,	ഥ,	ദ,	ധ,	ന, ഩ	—തവൎഗ്ഗം.
പ,	ഫ,	ബ,	ഭ,	മ,	—പവൎഗ്ഗം.
യ,	വ,	ര,	റ,	ല, ള,	—മദ്ധ്യമം.
ശ,	ഷ, (ഴ),		സ,	ഹ,	—ഊഷ്മാക്കൾ.

18. കവൎഗ്ഗം മുതൽ പവൎഗ്ഗം വരെയുള്ള വൎഗ്ഗങ്ങളുടെ അഞ്ചുവൎഗ്ഗങ്ങളിലെ വൎണ്ണങ്ങൾക്കു ക്രമേണ *ഖരം, അതിഖരം, മൃദു, ഘോഷം, അനുനാസികം* എന്നു പേരുകൾ.

ക,	ച,	ട,	ത,	പ	—ഖരം.
ഖ,	ഛ,	ഠ,	ഥ,	ഫ	—അതിഖരം.
ഗ,	ജ,	ഡ,	ദ,	ബ	—മൃദു.
ഘ,	ഝ,	ഢ,	ധ,	ഭ	—ഘോഷം.
ങ,	ഞ,	ണ,	ന, ഩ	മ	—അനുനാസികം.

ഖരം കട്ടിപ്പുള്ളതു്, *അതിഖരം* ഖരത്തെക്കാൾ അധികം കട്ടിപ്പുള്ളതു്, *മൃദു* മാർദ്ദവമുള്ളതു്, *ഘോഷം* മുഴക്കമുള്ളതു, *അനുനാസികം* മൂക്കിന്റെ സംബന്ധമുള്ളതു്; എന്നു ഈ പേരുകൾ അന്വർത്ഥങ്ങളാകുന്നു ഇവയുടെ ഈ സ്വഭാവം സൂക്ഷിച്ചുച്ചരിച്ചാൽ സ്പഷ്ടമാകുന്നതുമാണ്. പൂർണ്ണവ്യഞ്ജനങ്ങളായിരിക്കാത്ത ഇ, ഉ, ഋ, ഌ എന്ന സ്വരങ്ങളോടു യോജിച്ചിട്ടുള്ളവയാൽ യ, വ, ര, (റ) ല, (ള) ഇവകളെ മധ്യമങ്ങൾ എന്നു പറയുന്നു.

സ്ഥാനഭേദം

19. വർണ്ണങ്ങളുടെ ഉത്ഭവം കണ്ഠനാളത്തിൽ ഉള്ള തന്ത്രി പോലെ ഇരിക്കുന്ന ചില സിരകളിൽ കൂടി പ്രാണവായുവിനെ പ്രേരിപ്പിക്കയാലാകിലും മുഖത്തിലുള്ള ചില സ്ഥാനങ്ങൾ കൂടി ആവശ്യപ്പെട്ടിരിക്കയാൽ വർണ്ണങ്ങൾക്കു സ്ഥാനഭേദം ഉളവാകുന്നു. സ്ഥാനങ്ങളാവിതു:—

൧) അ, ഹ, ക വർഗ്ഗം ഇവയ്ക്കു കണ്ഠം (തൊണ്ട).

൨) ഇ, യ, ശ, ച വർഗ്ഗം ഇവയ്ക്കു താലു (അണ്ണാക്ക).

൩) ഉ, പ വർഗ്ഗം ഇവയ്ക്കു ഓഷ്ഠം (ചുണ്ട്).

൪) ഋ, ഷ, ഴ, ള, റ, ട വർഗ്ഗം ഇവയ്ക്കു മൂർദ്ധാ (മേൽമോണ).

൫) ഌ, ല, സ, ത വർഗ്ഗം ഇവയ്ക്കു ദന്തം (പല്ല്).

൬) എ, ഐകൾക്കു കണ്ഠതാലു. (കണ്ഠവും താലുവും)

൭) ഒ, ഔകൾക്കു കണ്ഠോഷ്ഠം.

൮) വകാരത്തിനു ദന്തോഷ്ഠം.

൯) അനുനാസികങ്ങൾക്കു സ്വസ്വസ്ഥാനങ്ങൾക്കു പുറമേ നാസികയും.

ഈ സ്ഥാനങ്ങളെ പ്രമാണിച്ചു വർണ്ണങ്ങളെ *കണ്ഠ്യം* എന്നും *താലവ്യം* എന്നും, *ഓഷ്ഠ്യം* എന്നും, *മൂർദ്ധന്യം* എന്നും, *ദന്ത്യം* എന്നും വ്യവഹരിക്കേണ്ടു്.

20. അ വർണ്ണം ശുദ്ധമായ കണ്ഠ്യത്തിനു പുറമേ താലവ്യമായിട്ടും, ഓഷ്ഠ്യമായിട്ടും കൂടിയുണ്ട്. താലവ്യം എകാരത്തോടും ഓഷ്ഠ്യം ഒകാരത്തോടും ഉച്ചാരണത്തിൽ എകദേശം സാമ്യമുള്ളതായിരിക്കും.

ഉദാ:— ഗണപതി = ഗംണപതി —താലവ്യം

നമുക്കു = നമെക്കു —ഓഷ്ഠ്യം

തിരയുന്നു = തിരെയുന്നു —താലവ്യം

തറവ്വുന്നു = തറെവ്വുന്നു —ഓഷ്ഠ്യം

തമിഴ് വാക്കുകളുടെ ഒടുവിൽ കേൾക്കുന്ന ഐകാരം മലയാളത്തിൽ അകാരമായിട്ടു മാറും; ഈ മാതിരിയുള്ളവയാണു പ്രായേണ ശബ്ദാന്തത്തിലെ താലവ്യങ്ങൾ. എങ്ങനെയെന്നാൽ:—

തമിഴ്	മലയാളം.
മഴൈ	മഴ
കുടൈ	കുട
തോണൈ	തോണ

21. ഋ ഌ എന്ന സ്വരങ്ങൾ ദ്രാവിഡശബ്ദങ്ങളിൽ ഇല്ലാത്തതിനാലും, ഐകാരം ഓഷ്ഠ്യതാലവ്യങ്ങളിൽ രണ്ടിലും ചേരുന്നതിനാലും ഭാഷയിലെ സ്വരങ്ങളെ സാധാരണയായി ഓഷ്ഠ്യങ്ങളെന്നും, താലവ്യങ്ങളെന്നും രണ്ടു തരങ്ങളായിട്ടു പകുക്കാം.

താലവ്യങ്ങൾ—അ ആ ഇ ഈ എ ഏ ഐ.

ഓഷ്ഠ്യങ്ങൾ—അ ആ ഉ ഊ ഒ ഓ ഔ.

22. അതിഖരമൃദുഘോഷങ്ങളും, ഊഷ്മാക്കളും സംസ്കൃതവർണ്ണങ്ങളാകുന്നു. ദ്രാവിഡകുടുംബത്തിൽ ചേർന്ന മലയാളത്തിലെ ധാതുക്കളിലും, നാമപ്രകൃതികളിലും, അതിനാൽ, ഈ വർണ്ണങ്ങൾ കാണുന്നതല്ല. ഈ വർണ്ണങ്ങൾ ചേർന്ന ശബ്ദങ്ങളെല്ലാം സംസ്കൃതം മുതലായ അന്യഭാഷകളിൽ നിന്നു സ്വീകരിക്കപ്പെട്ടവയാകുന്നു.

അഭ്യാസം ൨.

൧. താഴെ എഴുതിയിരിക്കുന്ന ജോടികളിൽ വർണ്ണഭേദം അനുസരിച്ചു അർത്ഥഭേദമെന്തെന്നു കാണിക്കുക.

(൧) { തോട / തോട്ട് } (൨) { പാട / പാട്ട് } (൩) { ഇല / ഇല്ല് } (൪) { ചെമ്പ / ചെമ്പ് }

൨. അവ്യയീഭാവസമാസത്തിൽ ഉപയോഗിക്കുന്ന വാക്കുകൾക്കു് ഉദാഹരണങ്ങൾ എഴുതുക.

൩. കർത്തൃപ്രയോഗവും, കർമ്മപ്രയോഗവും, ഭാവപ്രയോഗവും, അവ്യയീഭാവസമാസികവും, പൂർവ്വാപരവിധിയും എന്തു്?

൪. പാഠപുസ്തകത്തിലെ ഒരു വാക്യം എടുത്തു് അതിൽ അടങ്ങിയുള്ള വാക്യപ്രസ്ഥാനങ്ങളെ തിരിക്കേണ്ടതുക.

൫. താഴെ കാണിക്കുന്ന വാക്യങ്ങളിൽ ഉച്ചാരണസൌകര്യത്തിനു വേണ്ടി വരുത്തിയിട്ടുള്ള ഭേദങ്ങളെ ചൂണ്ടിക്കാണിക്കുക.

(൧) കാലുതെറ്റി വീണു. വിറകുകൊണ്ടുവന്നു.

(൨) എന്നാൽ അതു സാധിക്കയില്ല.

(൩) രാമസ്വാമി ബുദ്ധിമാനാണു്; എന്നാൽ അവനു പഠിത്തത്തിൽ ശ്രദ്ധ കുറവുണ്ടു്.

(൪) മിന്നുന്നതെല്ലാം പൊന്നല്ല.

(൫) വെയിലത്തു കടപിടിക്കുന്നു.

ശബ്ദവിഭാഗം.

23. 'നല്ല കുട്ടികൾ എളുപ്പം പഠിക്കുന്നു' എന്ന വാക്യത്തിൽ നാലു പദങ്ങൾ ഉൾപ്പെട്ടിട്ടുണ്ടു്. ഇവയിൽ ഓരോന്നും ഓരോ ജാതിയായിരിക്കുന്നു. 'കുട്ടികൾ' എന്നതു് ഒരു വസ്തുവിന്റെ പേരാകുന്നു; 'നല്ല' ആ വസ്തുവിനുള്ള ഗുണത്തെ ചൂണ്ടിക്കാണിക്കുന്നു; 'പഠിക്കുന്നു' ആ വസ്തു ചെയ്യുന്ന ക്രിയയെ കുറിക്കുന്നു, 'എളുപ്പം' ആ ക്രിയയുടെ സ്വഭാവത്തെ പറയുന്നു, അല്ലെങ്കിൽ അതിനെ വിശേഷിപ്പിക്കുന്നു. കുട്ടികൾ എന്നപോലെ *ഒരു വസ്തുവിന്റെ പേരായ ശബ്ദം 'നാമം'* ആകുന്നു. നല്ല എന്നപോലെ *ഒരു വസ്തുവിൽ ഇരിക്കുന്ന ഗുണങ്ങളെ കുറിക്കുന്ന ശബ്ദത്തിനു 'ഭേദകം'* എന്നു പേർ. പഠിക്കുന്നു എന്നതുപോലെയുള്ള *ഒരു ക്രിയ അർത്ഥമായിട്ടുള്ള ശബ്ദം ക്രിയ* ആകുന്നു. എളുപ്പം എന്നപോലെ *ക്രിയകളെ വിശേഷിപ്പിക്കുന്ന ശബ്ദങ്ങൾക്കു 'അവ്യയം'* എന്നു പേർ. ഇതിനു പുറമേ *അയ്യോ, ഓഹോ,* എന്നും മററും പോലെ വിസ്മയാദി വികാരങ്ങളെ കുറിക്കുന്നതും മററുമായി ചില ശബ്ദങ്ങൾ ഉണ്ടു്. അവയ്ക്കു നിപാതം എന്നു പേർ. *നാമം, ക്രിയ, ഭേദകം, നിപാതം, അവ്യയം,* എന്നു ഇപ്രകാരം ശബ്ദങ്ങൾ അഞ്ചു വകയുണ്ടു്. ഇവയുടെ ലക്ഷണങ്ങളും ഉൾപ്പിരിവുകളും മുറയ്ക്കു താഴെ കാണിക്കുന്നു.

24. *ദ്രവ്യത്തിന്റെയോ, ഗുണത്തിന്റെയോ, ക്രിയയുടെയോ പേരായ ശബ്ദം "നാമം."*

ആന, കുതിര, രാമൻ, കൃഷ്ണൻ മുതലായവ ഓരോ ദ്രവ്യങ്ങളുടെ പേരാകയാലും; അഴക, നന്മ, മിടുക്ക, ധിസ്ഥിത്വം മുതലായവ ഓരോ ഗുണങ്ങളുടെ പേരാകയാലും; പഠിപ്പ്, കളി, വരവ്, ഉറക്കം മുതലായവ ഓരോ ക്രിയകളുടെ പേരാകയാലും നാമങ്ങൾക്ക് ഉദാഹരണങ്ങൾ ആകുന്നു. ദ്രവ്യത്തിന്റെ പേരായ നാമത്തിനു *ദ്രവ്യനാമം* എന്നും ഗുണത്തിന്റെ പേരായ നാമത്തിനു *ഗുണനാമം* എന്നും, ക്രിയയുടെ പേരായ നാമത്തിനു *ക്രിയാനാമം* എന്നും സംജ്ഞകൾ ചെയ്യപ്പെട്ടിരിക്കുന്നു.

അഭ്യാസം ൩.

താഴെ കാണിക്കുന്ന വാക്യങ്ങളിൽ നാമപദങ്ങൾ എല്ലാററിനേയും എടുത്തു കുറിക്കുക:—

ക്രൂരത മിക്കപ്പോഴും കോപശീലന്മാരിൽ ഒന്നായി തീരുന്നുണ്ട്. ബുദ്ധിഹീനന്മാർ വേഗത്തിൽ കോപമുണ്ടാക്കുന്നു. മതിയായ കാരണങ്ങളുള്ള സംഗതിയിൽ ബുദ്ധിമാനു കോപമുണ്ടായിരുന്നാലും എങ്കിലും അവൻ തന്റെ വിവേകം വിട്ടു അതിനെ പ്രകാശിപ്പിക്കുന്നില്ല. വേഗത്തിൽ കോപം വരാതിരിക്കയെന്നുള്ളത് അദ്ധ്യാപകന്മാർക്കു മറ്റും ഉണ്ടായിരിക്കേണ്ട മുഖ്യ ഗുണങ്ങളിൽ ഒന്നാകുന്നു. രാമന്റെ കോപം വേഗത്തിൽ അറിയപ്പെടുന്നു. അപ്പോൾ അവനിൽ കണ്ണും ഉരുട്ടി ചുണ്ടു കടിച്ചു അവന്റെ രോഷത്തെ പ്രകാശിപ്പിക്കുന്നു.

25. ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം എന്ന നാമങ്ങളെ മൂന്നായി തരംതിരിച്ചതിൽ ദ്രവ്യനാമങ്ങൾക്കു നാലു അവാന്തരവിഭാഗങ്ങൾ ഉണ്ട്. *സംജ്ഞാനാമം, സാമാന്യനാമം, മേയനാമം, സർവ്വനാമം* എന്ന്.

രാമസ്വാമി, കൃഷ്ണൻ, ഗോവിന്ദൻ, രാമു, നാണു, ഉണ്ണിക്കോരൻ എന്നും മററും നാം ഓരോരുത്തനെ വിളിക്കുന്നു; മനുഷ്യൻ എന്ന ഒററപ്പേർ ഇവർക്കെല്ലാപേർക്കും ഒരുപോലെ ചേരും. അപ്രകാരം തന്നെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മദ്രാസ്, ബൊംബായി മുതലായ പേരുകൾ ഓരോ വസ്തുവിന്റെ പ്രത്യേക സംജ്ഞകളാകുന്നു; ഇവ ഒക്കെയും പട്ടണം എന്ന ഒരു പേരിൽ ഉൾപ്പെടുന്നു. ഇക്കാണിച്ച ഉദാഹരണങ്ങളിലെപ്പോലെ *പൊതുവെ പല എണ്ണങ്ങൾക്കു ചേരുന്ന ഒററയായ*

പദാർത്ഥം. 1 'ജാതി' ആ ജാതിയിൽ ഉൾപ്പെടുന്ന ഓരോ വസ്തുവും 2 'വ്യക്തി' അതിനാൽ മനുഷ്യനും, പട്ടണവും ജാതി; രാമസ്വാമി മുതൽപേരും, തിരുവനന്തപുരം മുതലായതും മുറയ്ക്ക് അതിലെ വ്യക്തികൾ.

ഇനി ഈ ജാതി വ്യക്തിഭേദം കല്പിക്കുന്നതിനു സൗകര്യമില്ലാത്ത ചില പദാർത്ഥങ്ങളുണ്ട്. വെള്ളം, മണ്ണ്, സ്വർണ്ണം, ആകാശം, വായു മുതലായവ ഈ മാതിരിയാകുന്നു. ഇവയ്ക്ക് ഒരു പരിച്ഛിന്നം (ഇത്രയെന്ന് അളവുള്ള) ആയ ആകൃതിനിയമമില്ലാത്തതിനാൽ വ്യക്തിയെ കല്പിച്ചാൽ അതിനു വ്യവസ്ഥയില്ലാതെ പോകുന്നു. സ്വർണ്ണത്തിന്റെ ഒരു കഷണം ഒരു കട്ടിയോളം ഇരിക്കാം; മറ്റൊന്നു ഒരു മലയോളവും ഇരുന്നു എന്നും വരാം. ഇതിന്നും ഒരു തുള്ളി വെള്ളവും സമുദ്രത്തിലെ വെള്ളം എല്ലാം കൂടിയതും ഒരുപോലെ വ്യക്തിയെന്നു പറയേണ്ടിവരും. അതിനാൽ ഈ മാതിരി വസ്തുക്കൾ രാശി (സമൂഹ) രൂപങ്ങളാകുന്നു; ഇവയിൽ വ്യക്തിഭേദമില്ല.

26. ഒരു വ്യക്തിയുടെ പേരായുള്ളതു സംജ്ഞാനാമം.

ഉദാ.—തിരുവനന്തപുരം, പെരിയാറ്, ഏഴുമൺമല, മലയാളമനോരമ, കൊല്ലവർഷം, തിങ്കളാഴ്ച, പൂരാടി, തിരുനീലകണ്ഠൻ, ഭാഷാപോഷിണി.

27. ഒരു ജാതിയെ കുറിക്കുന്നതു സാമാന്യനാമം.

ഉദാ:—പട്ടണം, നദി, മല, വർത്തമാനക്കടലാസ്, മാസം, ആഴ്ച, പക്ഷി, ആന, നായ.

28. വ്യക്തിഭേദം ഇല്ലാത്തതു ദ്രവ്യനാമം.

ഉദാ.—പൊൻ, വെള്ളി, വെള്ളം, ആകാശം, മഴ, മണ്ണ്, വെയിൽ, വെളിച്ചം, ഇരുട്ട്, ചോറ്.

29. സർവ്വനാമം എന്നതു് ഒരു അന്യാശ്രയമായ വിഭാഗമാകുന്നു. *സർവത്തിന്റേയും നാമമാകുന്നതു സർവനാമം.* നാം ഒരു വസ്തുവിനെപ്പറ്റി സംസാരിക്കുമ്പോൾ അതിന്റെ പേർ പിന്നെയും പിന്നെയും ആവർത്തിക്കാതിരിപ്പാൻ വേണ്ടി ഭാഷയിൽ സർവ്വനാമങ്ങളെ പ്രയോഗിക്കുന്നു. *സർവനാമം മറ്റൊന്നു പറഞ്ഞതിന്നു സമാനമായിരിക്കും.*

---

1 ജാതി=A class

2 വ്യക്തി=An individual

ഉദാ. "രാമസ്വാമി നല്ല ബുദ്ധിമാനാകുന്നു,
അവൻ ക്ലാസ്സിൽ ഒന്നാമനാണ്;
പഠിത്തത്തിൽ അവനു വളരെ ശ്രദ്ധയുണ്ട്."

ഈ വാക്യത്തിൽ 'അവൻ', 'അവനു' എന്ന പദങ്ങൾ അടുത്തിരിക്കുന്ന 'രാമസ്വാമി' പകരമായ് നിൽക്കയാൽ ആ പദത്തെ ആവൎത്തിക്കാതെ ഇരിപ്പാൻ ഉപയോഗപ്പെടുന്നു. സൎവ്വനാമങ്ങൾ എണ്ണത്തിൽ ചുരുങ്ങുന്നതിനാൽ അവയെല്ലാം ഒരു പട്ടിക താഴെ ചേൎത്തിരിക്കുന്നു.

൧.	എൻ	ഉത്തമസൎവ്വനാമം
൨.	നിൻ	മദ്ധ്യമ ,,
൩.	അ	ചുട്ടെഴുത്തു അല്ലെങ്കിൽ വിവേചകസൎവ്വനാമം
൪.	ഇ	
൫.	(ഉ)	
൬.	ഒരു്	
൭.	എ	വ്യപേക്ഷകം
൮.	യാ	
൯.	ഏ	ചോദ്യസൎവ്വനാമം
൧൦.	ആര്	
൧൧.	എന്തു	
൧൨.	ചില	നാനാസൎവ്വനാമം
൧൩.	പല	
൧൪.	ഇന്ന	നിൎദ്ദിഷ്ടവാചി
൧൫.	എല്ലാ	സൎവ്വവാചി
൧൬.	ഒക്ക	
൧൭.	തൻ	സ്വവാചി
൧൮.	മിക്ക	അംശവാചി
൧൯.	മറ്റു	അന്യാൎത്ഥകം
൨൦.	വല്ല	അനാസ്ഥാവാചി

അഭ്യാസം ൪

താഴെ കാണിക്കുന്ന വാക്യങ്ങളിൽ സൎവ്വനാമങ്ങളെ തിരിച്ചെടുത്തു് അവ ഏതു നാമങ്ങളെ പകരമായിരിക്കുന്നുവെന്നു പറക.

൧. രാമനും കൃഷ്ണനും ചങ്ങാതിമാരായിരുന്നു. ഒരു ദിവസം രാമൻ കൃഷ്ണന്റെ പുസ്തകം എടുത്തു് ഒളിച്ചുവച്ചിരുന്നു. അതു അറിഞ്ഞിട്ടു് അവനോടു കൃഷ്ണൻ

ഇങ്ങനെ പറഞ്ഞു: "നീ എന്റെ [illegible] എടുത്തു് ഒളിപ്പിച്ചിരിക്കുന്നു, അതു് എന്നെ ഏല്പിക്ക; അല്ലെന്നാകിൽ ഞാൻ വാദ്ധ്യാരോടു പറയും. [illegible] അതു് [illegible]."

൨. എന്നാശ്ശ്രയൻ [illegible]
പിന്നെ [illegible]?
[illegible]
എന്നാൽ [illegible] ([illegible])

൩. [illegible] പിടിച്ചു [illegible];
[illegible]
[illegible] . . . [illegible]
[illegible]

[illegible] . . . .
[illegible].

൪. [illegible]

൫. [illegible] വിവരിക്കുന്നു.

൬. [illegible]
[illegible],
[illegible]
[illegible]

൭. [illegible].
"[illegible]?"

൮. [illegible] —

"[illegible]? [illegible]! [illegible] — [illegible] ഞാൻ [illegible]? [illegible]. [illegible] എന്തെന്നാൽ [illegible]? [illegible]! [illegible]. [illegible]. അവൻ [illegible] [illegible]."

നാമവിഭാഗപ്പട്ടിക

൧. ദ്രവ്യനാമം
- ൧) സംജ്ഞാനാമം
- ൨) സാമാന്യനാമം
- ൩) മേയനാമം
- ൪) സർവ്വനാമം

൨. ഗുണനാമം

൩. ക്രിയാനാമം

30. *ഒന്നു ഒരു വിധമിരിക്കുന്നുവെന്നോ ഒരു പ്രവൃത്തി ചെയ്യുന്നുവെന്നോ ഉള്ള ഒരു ക്രിയയെ കുറിക്കുന്നതു് 'കൃതി'*.

കിടക്കുക, ഉറങ്ങുക, നിൽക്കുക, ചാകുക മുതലായവ ഒരവസ്ഥ ഇന്നവിധത്തിൽ ഇരിക്കുന്നുവെന്നു കാണിക്കുന്നു; അതിനാൽ അവ കൃതികളാകുന്നു. ഉണ്ണുക, കടിക്കുക, അടിക്കുക, പിടിക്കുക മുതലായവ ഒരു വസ്തുവിന്റെ പ്രവൃത്തികളെ കുറിക്കുന്നു; അതിനാൽ അവയും കൃതികൾ തന്നെ. കൃതികൾക്കു "ക്രിയാപദ" മെന്നും പേർ പറയാം.

31. കൃതികൾക്കു പലമാതിരി ഉൾപിരിവുകൾ ഉണ്ടു്. അവയെ താഴെ വിവരിക്കുന്നു.

(൧) ഒന്നു ഒരു സ്ഥിതിയിലിരിക്കുന്നുവെന്നുള്ള ക്രിയക്കു കർമ്മമില്ലാത്തതിനാൽ ആ വക ക്രിയകളെക്കുറിക്കുന്ന കൃതികൾ *അകർമ്മകങ്ങൾ*. അതിനാൽ ഉറങ്ങുക, കിടക്കുക, നില്ക്കുക മുതലായവ അകർമ്മകങ്ങൾ. ഒന്നു ഒരു പ്രവൃത്തിയെ ചെയ്യുന്നുവെന്നുള്ള ക്രിയയ്ക്കു കർമ്മമുള്ളതിനാൽ ആ വക ക്രിയയെ കുറിക്കുന്ന കൃതികൾ *സകർമ്മകങ്ങൾ*. അതിനാൽ ഉണ്ണുക, കടിക്കുക, അടിക്കുക, മുതലായവ സകർമ്മകകൃതികളാകുന്നു. ഇങ്ങനെ അർത്ഥം പ്രമാണിച്ചു സകർമ്മകം അല്ലെങ്കിൽ അകർമ്മകം എന്നൊരു വക വിഭാഗം.

(൨) ഓടുക, ഓടിക്കുക; നിൽക്കുക, നിറുത്തുക; കാണുക, കാണിക്കുക; തിന്നുക, തീറ്റുക എന്നു മറ്റും എല്ലാ കൃതികൾക്കും രണ്ടുമാതിരി രൂപങ്ങൾ കാണുന്നുണ്ടു്. അതിൽ പരപ്രേരണ കൂടാതെ കർത്താവു തനിയെ ക്രിയ ചെയ്യുന്ന ഇടങ്ങളിൽ ആദ്യത്തെ മാതിരി രൂപങ്ങളെ ഉപയോഗിക്കുന്നു. കർത്താവു മറ്റൊരുവന്റെ നിർബ്ബന്ധപ്രകാരം ക്രിയ ചെയ്യുന്നിടത്തു രണ്ടാമത്തെ മാതിരി രൂപങ്ങൾ വരുന്നു. അതിൽ ഓടുക, നിൽക്കുക, മുതലായ കേവലം കൃ

തികൾ *കേവലപ്രകൃതികൾ*; ഓടിക്ക, നിറുത്തുക മുതലായ പ്രേരണാർത്ഥം കൂടിയുള്ളവ *പ്രയോജകപ്രകൃതികൾ*. ഇങ്ങനെ പ്രകൃതി പ്രമാണിച്ചു കേവലം അല്ലെങ്കിൽ പ്രയോജകം എന്നു രണ്ടാമത്തെ വിഭാഗം.

(൩) ഇനി ചില ക്രിയകൾ അർത്ഥം നോക്കുന്നതായാൽ കേവലപ്രകൃതി തന്നെ എന്നും രൂപം നോക്കുന്നതായാൽ പ്രയോജകപ്രകൃതി എന്നും തോന്നാവുന്നവയായിട്ടുണ്ട്. പ്രയോജകപ്രകൃതിയാക്കുമ്പോൾ ചില ക്രിയകൾക്കു 'ക്ക' എന്ന പ്രത്യയം ചേർക്കണമെന്നു മുന്നമുദാഹരണങ്ങളെക്കൊണ്ടു സ്പഷ്ടമാണല്ലോ. ഇങ്ങനെ അർത്ഥമൊന്നും കുറിക്കാതെ 'ക്ക' എന്ന പ്രത്യയത്തെ ചേർക്കുന്ന കേവലപ്രകൃതിയിലെ ക്രിയകൾക്കു *കാരിതം* എന്നു പേർ. ഈ വിശേഷവിധി ഇല്ലാത്തവ *അകാരിതങ്ങൾ*.

ഉദാ:— കാരിതം	അകാരിതം	പ്രയോജകം
കേൾക്കുന്നു	അലയുന്നു	അറപ്പിക്കുന്നു
ഭരിക്കുന്നു	ഓടുന്നു	ചാടിപ്പിക്കുന്നു
പിടിക്കുന്നു	പറിയുന്നു	പിരിക്കുന്നു
പറക്കുന്നു	മറിയുന്നു	ഓടിക്കുന്നു.

ഇവയിൽ കാരിതങ്ങളിലും പ്രയോജകങ്ങളിലും 'ക്ക' എന്ന പ്രത്യയം ഒന്നുപോലെ ചേർന്നുകാണുന്നുണ്ട്. എന്നാൽ കാരിതങ്ങൾക്ക്, പ്രയോജകങ്ങൾക്കുള്ളതുപോലെ, പരപ്രേരണയാൽ ചെയ്യു എന്നുള്ള വിശേഷാർത്ഥമില്ല. ഇതു സ്വഭാവം പ്രമാണിച്ചുള്ള വിഭാഗമാകുന്നു.

(൪) നാലാമത്തെ പ്രാധാന്യം പ്രമാണിച്ചുള്ള വിഭാഗം. നമ്മുടെ ശരീരത്തിൽ ഉടൽ പ്രധാനവും ശേഷമുള്ള കൈകാൽ മുതലായവ അതിന്റെ അംഗങ്ങളും ആകുന്നു എന്നു നിങ്ങൾ പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ടല്ലോ. അതുപോലെ വാക്യങ്ങളിലും ചില പദങ്ങൾ പ്രധാനങ്ങളും മറ്റു ചില പദങ്ങൾ അപ്രധാനങ്ങളും ആകുന്നുവെന്നു വൈയാകരണന്മാർ പറയുന്നു. അന്വയിക്കുമ്പോൾ മറ്റു പദങ്ങൾക്കു ഒന്നിനും കീഴടങ്ങാത്ത പദം പ്രധാനം. മറ്റൊന്നിനു കീഴടങ്ങുന്നതു് അപ്രധാനം. ഈ വിധം പ്രാധാന്യമുള്ള ക്രിയക്കു *പ്രധാനക്രിയ* അല്ലെങ്കിൽ * *മുറ്റുവിന* എന്നു പേർ. അപ്രധാനക്രിയക്കു *അംഗക്രിയ* അല്ലെങ്കിൽ ‡ *പറ്റുവിന* എന്നു പേർ.

---

* വിന എന്നു ക്രിയ എന്നതിനു ദ്രാവിഡപേരാകുന്നു.
† മുറ്റുവിന = മുറ്റിയ (പൂർണ്ണമായ) വിന ക്രിയ.
‡ പറ്റുവിന = പറ്റിയ (മറ്റൊന്നിനെ ആശ്രയിച്ചുനിൽക്കുന്ന) വിന.

ഉദാ:—	മുറവിന	പറവിന
	ചെയ്യുന്നു	ചെയ്യുന്ന
	ഉണ്ടു	ഉള്ള
	പോകുന്നു	പോകുന്ന
	പോകുമാറാവുന്നു	പോകുമാറാവുന്ന
	പോകണം	പോകേണ്ടും

'രാമൻ തിരുവനന്തപുരത്തേക്കു പോകുന്നു,' എന്ന വാക്യത്തിൽ പോകുന്നു എന്ന ക്രിയ മറെറാരു പദത്തിലും കീഴടങ്ങാതെ പ്രധാനമായി നിൽക്കുന്നു. അതിനാൽ അതു മുറവിനയാകുന്നു. 'തിരുവനന്തപുരത്തേക്കു പോകുന്ന വള്ളം.' എന്നു പറയുമ്പോൾ പോകുന്ന എന്ന ക്രിയ വള്ളത്തിനു വിശേഷണമായി കീഴടങ്ങുന്നതിനാൽ പറവിനയാകുന്നു. ഇതു പോലെ പ്രാധാന്യവും അപ്രാധാന്യവും കാണുക.

ഇവയ്ക്കു് വേറെയും അവാന്തരവിഭാഗങ്ങളുണ്ടു്. അവയെല്ലാം ഇവിടെത്തന്നെ പ്രസ്താവിക്കുന്നില്ല. എങ്കിലും പറവിനയ്ക്കു മാത്രമെങ്കിലും രണ്ടു അവാന്തരഭേദങ്ങളെ പറയേണ്ടിയിരിക്കുന്നു. ക്രിയക്കു കീഴടങ്ങുന്ന പറവിന *വിനയെച്ചം*.*

ഉദാ:— പറഞ്ഞുകേട്ടു, തച്ചുകളിച്ചു.

ഇവിടെ 'പറഞ്ഞു' എന്നതു് 'കേട്ടു' എന്ന മറെറാരു ക്രിയക്കു, 'തച്ചു' എന്നതു 'കളിച്ചു' എന്ന മറെറാരു ക്രിയക്കും കീഴടങ്ങുന്നതിനാൽ വിനയെച്ചങ്ങളാകുന്നു.

ഒരു *നാമത്തിനു* കീഴടങ്ങുന്ന ക്രിയ *പേരെച്ചം*.†

ഉദാ:— പറഞ്ഞകാര്യം, കൊടുത്ത വസ്തു.

ഇവയിൽ പറഞ്ഞ, കൊടുത്ത എന്ന ക്രിയകൾ മുറയ്ക്കു കാര്യം, വസ്തു എന്ന നാമങ്ങൾക്കു കീഴടങ്ങുന്നുവെന്നറിക.

അഭ്യാസം ൭.

താഴെ കാണിക്കുന്ന വാക്യങ്ങളിൽ ക്രിയകളെ തിരഞ്ഞെടുത്തു് അവ ഏതേതു വിഭാഗങ്ങളിൽ ഉൾപ്പെട്ടവയാണെന്നു പറക.

൧. അയാൾ തന്നത്താൻ ഉപവസിച്ചു മരിച്ചു.

---

* വിനയെച്ചം=വിനയുടെ(ക്രിയയുടെ) എച്ചം(അംശം)

† പേരെച്ചം=പേരിന്റെ(നാമത്തിന്റെ) എച്ചം(അംശം)

൧. ഷോളി എഴുതിയ പുസ്തകങ്ങളെ മലയാളികളുടെ സഹായത്താൽ അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

൨. ഉറപ്പായന്മാർക്കാർ ഗണപതിയെ ശത്രുവായി അഭ്യസിച്ചു.

൩. ജീവകാരുണ്യമില്ലാത്ത കേവലം സ്വാതന്ത്ര്യമില്ലായ്മ
ഭവിക്കുന്ന പുരാൻ ഓരം ദുർവിചാരക്കാരൻ ശിക്ഷ്യനാകും.

൪. കരയാടിക്കുന്ന ചെല്ലമ്മയോട്
കപ്പാൻ മടിക്കുന്ന തരം പറഞ്ഞാൽ.

൫. തമ്പുരാട്ടിയുടെ കയ്യാലാൽ എന്ന പരാക്രമി ഗ്രന്ഥം മനസ്സിൽ മലയാള രാജ്യത്തിന്റെ വടക്കേ ഭാഗം ആക്രമിച്ചു കീഴടക്കി.

൬. ഈ കിഴക്കേമൂലയിൽനിന്നാൽ വിളിച്ചാൽ ഞാൻ കേൾക്കും.

൭. പെട്ടിയിന്റെ താക്കോൽ കെട്ടി ചാടിച്ചുകളഞ്ഞ
പൊട്ടൻ ഉദയം മുതൽ ഉറങ്ങി.

൮. നമ്മുടെ സ്ഥിതിക്കു ഇന്നു യോഗ്യന്മാരും ഇന്നു അയോഗ്യന്മാരും ആയിട്ടു വ്യത്യാസം വരുത്തി എത്രയും ഉപയോഗമായും ഒരു വെളുത്ത വിദ്യ ശീലിക്കുന്നതിനു ഒരു ശക്തിയുള്ളതായ ഒരു ആവശ്യക ഉണ്ടാകുന്ന വിധമാകം.

൯. സമ്പത്തിയായ പാവങ്ങളുടെ ഭേദങ്ങൾ അനേകം.

൧൦. വൈദികർ സാധാരണകൾ അടങ്ങിയ കഥകളെ വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു.

൧൧. പുത്രിയെ ഉണർത്തി ശാസിക്കുന്നതിനായി കാര്യസ്ഥന്മാരെ അറപ്പുര മുറ്റത്തിൽ കടന്നു.

൧൨. പ്രേതങ്ങളെ എല്ലാം ചേർത്തു എടുത്തു ദഹിപ്പിക്കാൻ ചട്ടംകെട്ടി.

൧൩. തമ്പിയുടെ മുഖം കറുത്തു. പാവങ്ങളുടെ തമ്പിയുടെ മുഖം കറപ്പിച്ചു.

൧൪. ഒരു ഉറയാളന്റെ കൂട്ടിയിൽ ജലം നിറച്ചു ഇരുകൈകൊണ്ടു അതിനെ പിടിക്കുമ്പോൾ മേലോ ഒരു വിരൽ മൂക്കിന്മേൽ ആ ഉറയാളന്റെ കൂട്ടിയുടെ ഒട്ടു വഴിയായി ഈ രണ്ടു വക ഓരം അതാതിന്റെ സമ്മാനം വിട്ടു, എന്നും കോണ വീതം പൊതുവുള്ള വീതവും എന്നുള്ള വിധ വേറെ കോണ വീതിവും കയറുവതും.

കൃതിവിഭാഗപ്പട്ടിക

൧. സകർമ്മകം, അകർമ്മകം

൨. കേവലം, പ്രയോജകം

൩. കാരിതം, അകാരിതം

൪. { കർത്തരി, മുറവിന, } { കവൽ, പറവിന }

32. നാമ പദങ്ങളുടെ അർത്ഥത്തെ തെളിയിക്കുന്നതു 'ഭേദകം'

പശു എന്നു പറഞ്ഞാൽ ആ ജാതിയിലുള്ള ഓരോ ജന്തുവിനെയും ഗ്രഹിക്കാം. വെളുത്ത പശു എന്ന ഒരു ഭേദകം കൂടി ചേർക്കുമ്പോൾ കറുത്ത പശുവും ചുവന്ന പശുവും മറ്റും ആ വകയിൽ ഉൾപ്പെടാത്തതിനാൽ അതിന്റെ വ്യാപ്തി ചുരുങ്ങിപ്പോകുന്നു. അതിനാൽ 'വെളുത്ത' എന്ന ശബ്ദം 'പശു' എന്ന നാമത്തോടു ചേർന്ന് അതിന്റെ അർത്ഥത്തെ തെളിപ്പിക്കുന്നതുപോലെ സ്പഷ്ടമായി. ഈ മാതിരിയിൽ ഒരു ശബ്ദത്തിന്റെ അർത്ഥത്തെ തെളിപ്പിക്കുക എന്നുള്ള പ്രവൃത്തിക്കു "വിശേഷിപ്പിക്കുക" എന്നു വൈയാകരണന്മാർ പേരിട്ടിരിക്കുന്നു. അതുകൊണ്ടു ഭേദകത്തിനു വിശേഷണം എന്നും പേർ പറയാം. അപ്പോൾ നാമത്തെ വിശേഷിപ്പിക്കുന്ന ശബ്ദത്തിനു നാമവിശേഷണമെന്നും ക്രിയയെ വിശേഷിപ്പിക്കുന്നതിനു ക്രിയാവിശേഷണമല്ലെങ്കിൽ കൃതിവിശേഷണമെന്നും, മറ്റൊരു ഭേദകത്തെത്തന്നെ വിശേഷിപ്പിക്കുന്നതിനു ഭേദകവിശേഷണമെന്നും, ഇവയ്ക്കു എല്ലാത്തിനും പൊതുവെ ഭേദകമെന്നും സംജ്ഞകൾ ചെയ്യപ്പെട്ടിരിക്കുന്നു. നാമവിശേഷണത്തിനുദാഹരണം കാണിച്ചു കഴിഞ്ഞു. ശേഷത്തിനു—

ഉദാഹരണം — ഏറെ പെരുക വിയർത്തു.

ഇവിടെ 'പെരുക', 'വിയർത്ത' എന്ന ക്രിയയെ വിശേഷിപ്പിക്കുന്നതിനാൽ ക്രിയാവിശേഷണം.

ഉടൻ വന്നു സംഗതി.

ഇതിൽ, 'ഉടൻ' എന്നതു 'വന്നു' എന്ന ക്രിയയുടെ വിശേഷണം.

ഏറ്റവും കറുത്ത പശു.
അല്പം വെളുത്ത വടി.

ഇവയിൽ 'ഏറ്റവും' എന്നതു 'കറുത്ത' എന്ന ഭേദകത്തിന്റെയും, 'അല്പം' എന്നതു 'വെളുത്ത' എന്ന ഭേദകത്തിന്റെയും വിശേഷണങ്ങളാകയാൽ ഭേദകവിശേഷണങ്ങൾ ആകുന്നു.

33. ഭേദകങ്ങളുടെ ഉൾപിരിവുകളെ പറയുന്നു—

(ക) ശുദ്ധം. ഇതു * വികാരമൊന്നുമില്ലാതെ നിൽക്കുന്ന ശബ്ദസ്വരൂപംതന്നെ. ഇതിനെ പ്രായേണ നാമത്തോടു സമാസമായി ചേർത്താണു പ്രയോഗിക്ക പതിവ്.

---

* വികാരങ്ങളൊന്നും

ഉദാ--	നൽ	നന്മുത്ത്
	തിരു	തിരുമുഖം.
	ചെം	ചെന്താമര.
	വൻ	വൻമകൻ.
	ചെറു	ചെറുപയറ്.

ഖ) **സാർവനാമികം*.* ഇതു ഭേദകമായിട്ടുപയോഗിക്കുന്ന സർവനാമംതന്നെ. ഇവയിൽ വ്യക്തികളെ വേർതിരിച്ചുകാണിക്കുന്നതിനുപയോഗപ്പെടുന്ന 'അ' 'ഇ' 'എ' എന്ന മൂന്നു കുറികൾക്ക് *ചുട്ടെഴുത്ത്* എന്നൊരു വിശേഷപ്പേരുണ്ട്. (ചൂണ്ടുന്ന എഴുത്ത് ചുട്ടെഴുത്ത് എന്നർത്ഥം. 'അങ്ങപ്പുറനാട്' എന്നതു് അനുനാസികം ലോപിച്ച് 'അക്കപ്പുറനാട്' എന്നാകുന്നതുപോലെ 'ചൂണ്ടെഴുത്ത്' എന്നതു് 'ചുട്ടെഴുത്ത്' എന്നായി.)

ഉദാ--	അ	അവിടം; അയാൾ
	ഇ	ഇവിടം; ഇയാൾ
	ആ	ആ മനുഷ്യൻ
	ഈ	ഈ മനുഷ്യൻ
	എല്ലാ	എല്ലാ കാര്യം
	ഏതു	ഏതു ദിക്ക്.

ഗ) *സാംഖ്യം.* ഇതു സംഖ്യാരൂപമായ ഭേദകംതന്നെ.

ഉദാ--	ഒരു	ഒരു പശു
	ഇരു, ഈർ	ഇരുപതു്; ഈരേഴ്
	മു, മൂന്ന്	മുക്കണ്ണൻ; മൂന്നുലോകം
	നാൽ	നാന്മുഖൻ
	ഐ	ഐവരന്മാർ.

ഘ) *വിഭാവകം.* ഇതു് ഒരു വസ്തുവിന്റെ സ്വഭാവത്തെ വർണ്ണിക്കുന്ന ഭേദകമാകുന്നു.

ഉദാ--	സമർത്ഥ	സമർത്ഥനായ	പുരുഷൻ
	ഥ	സമർത്ഥയായ	സ്ത്രീ
	മിടുക്ക	മിടുക്കനായ	പുരുഷൻ
	ടി	മിടുക്കിയായ	സ്ത്രീ
	തടിയ	തടിയൻ	തടിച്ചി
	ഭോഷ	ഭോഷൻ	ഭോഷി
	പൊട്ട	പൊട്ടൻ	പൊട്ടി

ഈ വക നാമവിശേഷണങ്ങൾക്കു മാത്രം ലിംഗഭേദമുണ്ട്. ഇവ നാമത്തോടു നേരെ ചേരുന്നില്ല. തങ്ങളിൽ സംബന്ധിപ്പിക്കുന്നതിനു മദ്ധ്യേ 'ആയ' എന്ന അവ്യയത്തെ കൂടി ഉപയോഗിക്കേണ്ടതുണ്ട്. ഉദാഹരണത്തിൽ ഈ വിശേഷം കാണിച്ചിരിക്കുന്നതു നോക്കുക.

---

* സർവനാമസംബന്ധിയായതു് സാർവനാമികം.

ഝ) *പാരിമാണികം.* ഇതു 'പരിമാണം' എന്നു പറയുന്ന അളവിനെക്കുറിക്കുന്ന ഭേദകമാകുന്നു.

ഉദാ— നാഴിയരി	രണ്ടു കുടം വെള്ളം
ഇത്രനേരം	ഒരുപിടി എള്ള്
എത്ര നെല്ല്	കുറെ (റയ) വെള്ളം

ഞ) 1. *നാമാംശകം.* ഇതു പേരെച്ചത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്നതാകുന്നു.

ഉദാ— കെട്ടിയ പൊൻ (കെട്ടുക എന്ന കൃതിയുടെ പേരെച്ചം)
പെറ്റമ്മ (പെറുകയുടെ ടി)
* വെളുത്ത പശു (വെളുക്കുകയുടെ ടി)
* കറുത്ത നായ് (കറുക്കുകയുടെ ടി)

ട) *ക്രിയാംശകം.* ഇതു വിനയെച്ചത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്നതാകുന്നു. ഇതു മാത്രം ക്രിയയിൽ അന്വയിക്കുന്നതാകയാൽ ക്രിയാവിശേഷണമായിട്ടേ വരൂ.

ഉദാ— ഉറക്കെ പറയുന്നു (ഉറക്കുകയുടെ വിനയെച്ചം)
ഓടി അടുക്കുന്നു (ഓടുകയുടെ ടി)
വീണു ഉടഞ്ഞു (വീഴുകയുടെ ടി)
കൂടെ പോകുന്നു (കൂടുകയുടെ ടി)

34. *നാമം, കൃതി, ഭേദകം* എന്ന മൂന്നുവിധം ശബ്ദങ്ങളെ വിവരിച്ചുവല്ലോ. ഇവ എല്ലാം ഒരംശത്തിൽ യോജിക്കുന്നു. ഇവയ്ക്കു വാച്യമായ ഒരർത്ഥമുണ്ടു്. നാമങ്ങൾ ദ്രവ്യങ്ങളുടെ പേരാണു്; കൃതികൾക്കു ക്രിയ അർത്ഥമാകുന്നു; ഭേദകം ഗുണത്തിന്റെ വാചകമാണു്. *നിപാതം, അവ്യയം* എന്ന ശേഷം രണ്ടു വക ശബ്ദങ്ങളുള്ളവയ്ക്കു് ഈ മാതിരിയിൽ ഒരു വാച്യാർത്ഥമില്ല. അവ ശബ്ദങ്ങൾക്കൊ വാചകങ്ങൾക്കൊ തങ്ങളിലുള്ള സംബന്ധത്തെ ആണു കാണിക്കുന്നതു്. 'രാമനും കൃഷ്ണനും മിടുക്കന്മാരാകുന്നു' എന്ന വാക്യത്തിൽ 'രാമൻ' 'കൃഷ്ണൻ' 'മിടുക്കൻ' 'ആകുന്നു' ഈ പദങ്ങളെല്ലാം മുറയ്ക്കു രണ്ടു ദ്രവ്യങ്ങൾ; ഒരു ഗുണം, ഒരു ക്രിയ ഇവയുടെ വാചകങ്ങളാകുന്നു. അതിനെല്ലാം 'ഉം' എന്ന ശബ്ദം ഒരു വസ്തുവിനേയും കുറിക്കുന്നില്ല; അതിന്റെ പ്രവൃത്തി രാമകൃഷ്ണന്മാർ 'മിടുക്കരാവുക' എന്ന ക്രിയയിൽ യോജിക്കുന്നുവെന്നു കാണിക്കുകമാത്രമാകുന്നു. അതുകൊണ്ടു് 'ഉം' ഒരു

---

1 നാമാംശകം = നാമാംശത്തിൽ [പേരെച്ചത്തിൽ] നിന്നു ജനിച്ചതു or പേരെച്ചസ്വരൂപമായുള്ളതു്.

* വെളുത്ത, കറുത്ത ഇവ രണ്ടും പരമാർത്ഥത്തിൽ വെളുക്കുക, കറുക്കുക എന്ന കൃതികളിൽ നിന്നുണ്ടായവയാകയാൽ പേരെച്ചങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നു.

വാചകശബ്ദമല്ല. ഈ മാതിരി വാചകമല്ലാത്ത ശബ്ദത്തിന് *ദ്യോതകം* എന്നു പേർ. അതിനാൽ ശബ്ദങ്ങൾക്ക് ആദ്യമായ വിഭാഗം * *വാചകം*, *ദ്യോതകം* എന്നു രണ്ടു വകയായിട്ടാകുന്നു. *നാമകൃതിഭേദകങ്ങൾ വാചകങ്ങൾ; നിപാതാവ്യയങ്ങൾ ദ്യോതകങ്ങൾ.*

35. *ദ്യോതകം സംബന്ധങ്ങളെ കുറിക്കുന്നു.*

മുൻ കാണിച്ച 'രാമനും കൃഷ്ണനും മിടുക്കന്മാരാകുന്നു' എന്ന ഉദാഹരണത്തിൽ 'ഉം' ദ്യോതകമാകുന്നു. ഇതു 'രാമൻ മിടുക്കനാകുന്നു' 'കൃഷ്ണൻ മിടുക്കനാകുന്നു' എന്ന രണ്ടു വാക്യങ്ങളെ കൂട്ടിച്ചേർത്തു ഒന്നാക്കുന്നു. 'മഴ പെയ്തു; എങ്കിലും ഉഷ്ണം പോയില്ല' എന്ന വാക്യത്തിൽ 'എങ്കിലും' എന്നതു് 'മഴപെയ്തു' എന്നും 'ഉഷ്ണംപോയില്ല' എന്നുമുള്ള രണ്ടു അവാന്തരവാക്യങ്ങൾക്കു തമ്മിലുള്ള സംബന്ധത്തെ കുറിക്കുന്നതിനാൽ ദ്യോതകമാകുന്നു. 'മാളികയിൽ നിന്നു നോക്കുന്നു' ഇതിൽ നിന്നു, എന്നതു 'മാളികയിൽ' 'നോക്കുന്നു' എന്ന രണ്ടു ശബ്ദങ്ങളെ തമ്മിൽ ചേർക്കുന്നതിനാൽ ദ്യോതകമാകുന്നു.

ഈ ഉദാഹരണങ്ങളിൽ നിന്നു ദ്യോതകം രണ്ടു വിധത്തിൽ വരാമെന്നു തെളിയുന്നു. കേവലശബ്ദങ്ങളെ ചേർക്കുന്ന വക ഒന്നു്; വാക്യങ്ങളെ ചേർക്കുന്നതു മറ്റേതു്. ഇവയിൽ ഒന്നാം വകയ്ക്കു *ഗതി* എന്നും രണ്ടാം വകയ്ക്കു *ഘടകം* എന്നും പേരുകൾ. അതിനാൽ,

36. *നാമത്തിൽ ചേർന്നുകൊണ്ടു് അതിനെ മറ്റു ശബ്ദങ്ങളോടു സംബന്ധിക്കുന്ന ദ്യോതകശബ്ദം ഗതി.*

ഉദാ:— മാളികയിൽ നിന്നു നോക്കുന്നു.
വടി കൊണ്ടു അടിക്കുന്നു.
പുത്രനോടു കൂടി വരുന്നു.
രാജ്യത്തിനു വേണ്ടി യുദ്ധം ചെയ്യുന്നു.
ഉപ്പുതൊട്ടു കർപ്പൂരം വരെ

ഈ ഉദാഹരണങ്ങളിലെല്ലാം വലിയക്ഷരത്തിൽ കാണിച്ചിരിക്കുന്ന ഗതികൾ മുമ്പിൽ നിൽക്കുന്ന *നാമത്തെ* ശബ്ദാന്തരങ്ങളോടു സംബന്ധിപ്പിക്കുന്നു.

സാധാരണ ഉപയോഗമുള്ള ഗതികളെ താഴെ ചേർത്തിരിക്കുന്നു.

---

* വാചകം = അർത്ഥത്തെ വചിക്കുന്നതു്.
ദ്യോതകം = സംബന്ധത്തെ ദ്യോതിപ്പിക്കുക (കാണിക്കുക) മാത്രം ചെയ്യുന്നതു്.

(൧) നിർദ്ദേശികയിൽ ചേരുന്നവ.

ഗതി	ഉദാ:—
1. തൊട്ടു്	ഇപ്പോൾതൊട്ടുകിഴക്കുവരെ
2. വരെ	
3. മുതൽ	അടിമുതൽ മുടിയോളം
4. ഓളം	

5. തുടങ്ങി — ഇന്നുതുടങ്ങിയഞ്ചുദിവസത്തേക്കു്
6. തോറും — ദിവസംതോറും പഠിക്കണം.
7. ആയി — ദിവസം രണ്ടുനേരമായിപ്പഠിക്കുന്നു.

(൨) പ്രതിഗ്രാഹികയിൽ ചേരുന്നവ.

1. കൊണ്ടു — വടികൊണ്ടടിക്കുന്നു.
2. കുറിച്ചു് — എന്നെക്കുറിച്ചു അറിവില്ല.
3. പററി — ആ സംഗതിയെപ്പററി എനിക്കറിവില്ല.
4. ചൊല്ലി — തിന്നതിനെച്ചൊല്ലിയല്ല കിളിയിറച്ചിയെച്ചൊല്ലിയത്രെ,
5. കടന്നു് — തോടുകടന്നു.
6. [illegible]

7. { കാൾ — / കായിൽ — ആരോഗ്യം ഐശ്വര്യത്തെക്കാൾ വിലപിടിച്ചതാകുന്നു / കാട്ടിൽ — }
8. പോലെ — മുഖം പനിനീർപ്പൂപോലെ വിളങ്ങുന്നു.

(൩) സംയോജികയിൽ ചേരുന്നവ.

1. { കൂടി — / കൂടെ — പിതാവു പുത്രനോടു കൂടി വന്നു / കൂട — }
2. ഒരുമിച്ചു് — എന്നോടൊരുമിച്ചു് പോന്നുകൊൾക
3. ഒപ്പം — ,, ഒപ്പം ,,

(൪) ഉദ്ദേശികയിൽ ചേരുന്നവ.

1. { ആയി — / ആയിട്ടു — എനിക്കായിട്ടു തന്ന പുസ്തകം. / ആയിക്കൊണ്ടു് — }
2. വേണ്ടി — നിങ്ങൾക്കുവേണ്ടിയാണു് ഞാൻ കഷ്ടപ്പെടുന്നതു്.

(൫) പ്രയോജികയിൽ ഒരു ഗതിയും ചേരുന്നില്ല.

(൬) സംബന്ധികയിൽ ചേരുന്നവ.

1. പക്കൽ — പുസ്തകം ശിഷ്യന്റെ പക്കൽ കൊടുത്തു.
2. മേൽ — എന്റെ മേൽ കുററം ചുമത്തരുതു്.
3. നേരെ — നീ ആരുടെ നേരെ കോപിക്കുന്നു.

(൩) ആധാരികയിൽ ചേരുന്നവ.

1. ഉടെ—വാതിലൂടെ ഇറങ്ങുന്നു.
2. വെച്ച്—പ്രാണികളിൽവെച്ച് മനുഷ്യൻ ഉത്തമൻ.
3. നിന്ന്—മരത്തിൽ നിന്ന് ഇല വീഴുന്നു.

ഈ ഗതികളിൽ മിക്കവാറും കൃതികളിൽ നിന്ന് ഉണ്ടായിട്ടുള്ളവയാകുന്നു.

37. വാക്യങ്ങളുടെ മദ്ധ്യേ നിന്നുകൊണ്ട് അവയെ സംബന്ധിപ്പിക്കുന്ന ശബ്ദങ്ങളെല്ലാം ഘടകം.

ഉദാ—രാമനും കൃഷ്ണനും വന്നു.
രാമനോ കൃഷ്ണനോ പോയതു്?
ഞാനപേക്ഷിച്ചു, എന്നിട്ടും കൃഷ്ണൻ ശമിച്ചില്ല.
കൃഷ്ണൻ നാളെ വരും എന്നു രാമൻ പറഞ്ഞു.

ഒന്നാമത്തെ ഉദാഹരണത്തിലെ 'ഉം' 'രാമൻ വന്നു' 'കൃഷ്ണൻ വന്നു' എന്നീ വാക്യങ്ങളെ സംബന്ധിക്കുന്നു. രണ്ടാമത്തേതിലെ 'ഓ' രാമൻ പോയോ? കൃഷ്ണൻ പോയോ? എന്നീ വാക്യങ്ങളെ സംബന്ധിപ്പിച്ചു ചേർത്തിരിക്കുന്നു. ശേഷം മറ്റും പ്രത്യക്ഷം.

ഉം, ഓ, എന്നു, എന്നാൽ, എങ്കിൽ, എന്നു്, എന്നിട്ട്, പിന്നെ, പിന്നീട്, അനന്തരം, അപ്പോൾ, മുതലായവയാകുന്നു സാധാരണ ഉപയോഗിച്ചുവരുന്ന ഘടകങ്ങൾ.

38. മററു പദങ്ങളോടു സംബന്ധിക്കാതെ ഒററവാക്യം പോലെ നില്ക്കുന്ന ശബ്ദങ്ങളെല്ലാം വ്യാക്ഷേപകം.

ഉദാ—വാദ്ധ്യാർ-രാമാ! നീ പാഠം പഠിച്ചോ?
രാമൻ-ഉവ്വ്, ഞാൻ രാത്രിമുഴുവൻ പഠിക്ക ആയിരുന്നു.
വാദ്ധ്യാർ-ആ്ഹാ കള്ളം പറയുന്നോ? നിന്നെ ഞാൻ ഉറക്കംതൂങ്ങിയായി കണ്ടല്ലോ.
രാമൻ-അയ്യോ! ഇന്നലെ ഞാൻ ഉറങ്ങാനേ പോയതേ ഇല്ല.

ഈ ഉദാഹരണത്തിൽ 'ഉവ്വ്' 'ആ്ഹാ' 'അയ്യോ' എന്ന ശബ്ദങ്ങൾ മററൊന്നിനോടും സംബന്ധിക്കാതെ സ്വയം ഒററവാക്യം പോലെ നില്ക്കുന്നവയെന്നു സ്പഷ്ടമാകുന്നു. വേറെ ഉള്ള വ്യാക്ഷേപകങ്ങൾ.

അയ്യ	കഷ്ടാ	പോട്ടെ	ഉയ്യാവോ
എന്തോ	പോ	ആവോ	ശിവശിവ
നോക്ക	ആകട്ടെ	വല്ലോ	നാരായണ
എല്ലേ	വരട്ടെ	ഇല്ല	തന്നെ
കൊള്ളാം	നന്നു	ഛെച്ഛെ	ഹരിഹരി

ഇത്യാദി.

ഗതി, ഘടകം, വ്യാക്ഷേപകം എന്ന ഈ മൂന്ന ഇനങ്ങളിലും ഉൾപ്പെടാതെ അപൂൎവ്വം ചില ദ്യോതകശബ്ദങ്ങളുണ്ട്. അവക്കു *കേവലനിപാതങ്ങൾ* എന്നു പേർ.

ഉദാ — താൻ വന്നുവൊ (വന്നോ)?
രാമനെ അയച്ചിരുന്നതല്ലൊ.

ഇതിൽ 'ഒ' * വികല്പാൎത്ഥത്തെയും 'ഏ' അവധാരണാൎത്ഥത്തെയും കുറിക്കുന്നു. അതിനാൽ 'ഒ'വിനു *വികല്പനിപാതം* എന്നും, 'ഏ'ക്കു *അവധാരണനിപാതം* എന്നും പേരിടാം. കേവലനിപാതങ്ങളെല്ലാം സൂക്ഷ്മത്തിൽ ഘടകങ്ങളിലൊ വ്യാക്ഷേപകങ്ങളിലൊ ഉൾപ്പെട്ടതെങ്കിലും സൌകൎയ്യത്തിനുവേണ്ടി ഇവയെ വേറെ ഒരിനമാക്കിയിരിക്കുന്നു.

33. ഇനി അഞ്ചാമതായി പറഞ്ഞ അവ്യയം എന്ന വിഭാഗമുണ്ട്. ഇതിനെ മുൻപറഞ്ഞ, ശേഷം നാലുവിഭാഗങ്ങളും ഒപ്പമായി വിചാരിക്കേണ്ട. ഇതു സ്വതന്ത്രമായ ഒരു വിഭാഗമേ അല്ല. വാചകങ്ങളായ നാമകൃതിഭേദകങ്ങൾ കാലക്രമേണ തങ്ങളുടെ വാച്യമായ അൎത്ഥത്തെ വെടിഞ്ഞു നിപാതംപോലെ സംബന്ധദ്യോതകങ്ങളായി തീൎന്നിട്ടുണ്ട്; അവയെ ആണ് അവ്യയങ്ങൾ എന്നു പറയുന്നതു. അതിനാൽ *'വാചകമായ ശബ്ദം ക്ഷയിച്ചു ദ്യോതകമായിത്തീൎന്നതു അവ്യയമാകുന്നു'* എന്ന് ഇവക്കു ലക്ഷണം പറയാം. അവ്യയം നാമകൃതിഭേദകനിപാതങ്ങളിൽ ഉൾപ്പെടാത്ത ഒരു പുതിയ വക ഭേദമല്ലെന്നു നല്ലവണ്ണം ധരിക്കണം. ശബ്ദങ്ങളെ തൎക്കശാസ്ത്രവിധിപ്രകാരം വിഭജിക്കയാണെങ്കിൽ നാമകൃതിഭേദകനിപാതങ്ങൾ എന്ന നാലു വകയേ ഉള്ളൂ. *അവ്യയം* എന്ന അഞ്ചാമിനം ശബ്ദത്തിന്റെ രൂപം പ്രമാണിച്ചു ചെയ്യുന്നതായാൽ * വിഭാഗോപാധി ഭേദിച്ചുപോയി എന്നു താൎക്കികന്മാർ ദോഷം പറയും.

ഉദാ- രാവണൻ എന്ന രാക്ഷസൻ; മൂഢനായ മനുഷ്യൻ.

ഇവയിൽ 'എന്ന' 'ആയ' എന്നവ മുറയ്ക്കു 'എൻ' 'ആവുക' ഈ കൃതികളുടെ പേരെച്ചരൂപങ്ങളാകുന്നു; എന്നാൽ ചെയ്ത, കണ്ട, കേട്ട, പറഞ്ഞ എന്ന മുതലായ സാധാരണ പേരെച്ചങ്ങളെപ്പോലെ ഇവ ഒരു ക്രിയയെ കാണിക്കുന്നില്ല. *'എന്ന'* എന്നതു രാവണനും രാക്ഷസനും ഒന്നുതന്നെ എന്ന അഭേദസംബന്ധത്തെ

* വികല്പം=doubt; * അവധാരണം=positiveness.
* The principle of classification.

യും ഏവ എന്നതു കൊലസ്വതപവും ഉൾസ്വതപവും ഒരേ വസ്തുവിൽത്തന്നെ ഇരിക്കുന്നുവെന്ന സമാനാധികരണ്യസംബന്ധത്തെയും അതു ദ്യോതിപ്പിക്കുന്നതു്.

ഗതികളെല്ലാംതന്നെ കൃതികൾ ഉഷിച്ചുണ്ടായവ ആകയാൽ അവ്യയങ്ങളിൽ ഉൾപ്പെട്ടു; ഘടകങ്ങളിലും മിക്കതും അങ്ങനെ തന്നെ. കൊണ്ടു്, കുറിച്ചു്, നിന്നു്, പററി, മുതലായ ഗതികളെയും എന്നു്, എങ്കിൽ, എന്നാൽ മുതലായ ഘടകങ്ങളെയും നോക്കുക. ഹരിഹരി, എൻറീശ്വര, പശ്ചെട്ടു മുതലായ വ്യാക്ഷേപകങ്ങളും നാമകൃതികൾ ഉഷിച്ചുണ്ടായവയാകയാൽ അവ്യയങ്ങളാകുന്നു. *മറെറാരു ശബ്ദം ഉഷിച്ചുണ്ടായ ദ്യോതകശബ്ദം അവ്യയം, സ്വയമേയുള്ള ദ്യോതകശബ്ദം നിപാതം* എന്നു വന്നു കൂടുന്നു. ഇതിൽ അവ്യയങ്ങളാണെണ്ണത്തിലധികമുള്ളതു്.

ആദികാലത്തിൽ നാമം, കൃതി, ഭേദകം എന്ന മൂന്നു വാചകശബ്ദങ്ങളും നിപാതമെന്നൊരു ദ്യോതകശബ്ദവും മാത്രമേ ഭാഷക്കുണ്ടായിരുന്നുള്ളു. പിന്നീടു പല പുതിയ സംബന്ധവിശേഷങ്ങളെയും കാണിക്കേണ്ടിവന്നപ്പോൾ നാമകൃതിരൂപങ്ങളിൽ ചിലതിനെത്തന്നെ ദ്യോതകമായിട്ടുപയോഗിച്ചുതുടങ്ങി. ഇങ്ങനെയാണു് അവ്യയങ്ങളുണ്ടായിത്തീന്നതു്. അതിനാൽ ചില നാമരൂപങ്ങളും കൃതിരൂപങ്ങളും ചിലപ്പോൾ രണ്ടു വിധത്തിലും ഉപയോഗിച്ചുകാണാം. 'വിവരം കുറിച്ചുവെക്കുന്നു' എന്നിടത്തു 'കുറിച്ചു്' എന്നതു 'കുറിക്കുക' എന്ന കൃതിയുടെ മുൻവിനയെച്ചരൂപമായിരിക്കെ 'ആ സംഗതിയെക്കുറിച്ചു എനിക്കറിവില്ല' എന്ന വാക്യത്തിൽ 'കുറിച്ചു്' ദ്യോതകമാകയാൽ അവ്യയമായിച്ചമഞ്ഞിരിക്കുന്നു. അവ്യയത്തിനും നിപാതത്തിനും പ്രവൃത്തി ഒന്നാകയാൽ അവയ്ക്കുള്ള വിഭാഗങ്ങളും ഒന്നുതന്നെ. നിപാതമായാലും അവ്യയമായാലും രണ്ടിനെയും ഗതി, ഘടകം, വ്യാക്ഷേപകം, കേവലം എന്നു വിഭജിക്കാം. അതിനാലാണു ഗതിഘടകാദികൾക്കു ലക്ഷണം പറഞ്ഞിടത്തെല്ലാം നിപാതം എന്നോ അവ്യയമെന്നോ കുറിപ്പെടുത്താതെ 'ദ്യോതകശബ്ദം' എന്നു പ്രയോഗിച്ചതു്.

അഭ്യാസം ൩.

താഴെ എഴുതിയിരിക്കുന്ന വാക്യങ്ങളിലെ ദ്യോതകശബ്ദങ്ങളെ എടുത്തു അവ ഗതിഘടകവ്യാക്ഷേപകങ്ങളിലേതാണെന്നും നിപാതമോ അവ്യയമോ എന്നും പറക.

൧. ഐസ്ലറിയിലെ രാജ്ഞിയായ കാസ്സിയിലെ ഇസബെല്ലാ ജാൺ ഓപ് ഗോണ്ട് എന്ന രാജാവിന്റെ പുത്രിയായിരുന്നു.

൧ ഹനുമാൻ സീതയെ തലോടി കരംകൊണ്ടുർധ്വമോദത്തോടനുഗ്രഹിച്ചു

൨ അടിമുതൽ മുടിവരെ ചാർത്തണിഞ്ഞു.

൩ 'ക്ഷീരമൊഴുകുന്നപ്പോന്നിട്ടു
മാറിടത്തെ വാഴ്ത്തിടുന്ന മഹിമയം.'

൪ ഈ വാക്യങ്ങളിലെ അനുകരണങ്ങളുടെ പ്രയോജനം?

൫ 'ടിട്ടിഭമെന്നതല്ലായ പക്ഷിയുമവനെ
കെട്ടിയെപ്പുറ്റുകൂടി സംഗരതന്ത്രത്തിൽ'

൬ 'നിന്നുകൾക്കൊണ്ടു മോൻ കയർക്കുമ്പോൾ
ഞാൻ കാന്തയെ ചിന്തിച്ചോ?'
'അമ്മേ, ഹന്ത പറഞ്ഞീടൽ......'

൭ കാഴ്ചക്കാരും ആശ്ചര്യപ്പെടുന്നു.

൮ തിരുവല്ലായമ്പലം പോയി.

൯ അതുമിതുമായി എന്തൊരു ഭേദം?

൧൦ 'ഇതുവരെ ഒവിയം ഗ്രാമമായി തരുന്ന കാറ്റു'

൧൧ 'മന്നവൻ കൊണ്ടുകൊടുത്തകരംകൊണ്ടു-
ന്നതങ്ങമെല്ലാപ്പിടിച്ചു തള്ളയെ,'

൧൨ 'ദുർഭാഷണങ്ങൾ കപടമിതെല്ലാ-
മെല്ലാം ശിവ ശിവ ഭയാധിപ്പാളും'

൧൩ 'കസ്തൂരിതൊടുന്നതാമകം ചാർത്തി-
മിളയിരമ്പുന്ന പുരമിരുന്നവം'

൧൪ വാതിലിലൂടെ കടിച്ചുപോയി.

൧൫ അതിൽനിന്ന് ഈ രഹസ്യം പുറത്തുപോകരുത്.

൧൬ ആ സംഘത്തിൽവെച്ചു ഞാൻ മൂഢനായി.

൧൭ 'ശസ്ത്രവും ശാസ്ത്രവും പാർത്താലറിയാതെങ്കിലും
വാർദ്ധക്യ ഹാസ്യമാകുന്നും ശാസ്ത്രമെന്നും വിളങ്ങിടും'

൧൮ 'ഉന്നിദ്രിതസ്വനകപാലത്തെ-
ച്ചായുമെ ചിന്തും കിരണങ്ങളാലെ'

൧൯ 'കാലാന്തരാഷിതന്തിൽ കനകമഴപൊഴിക്കുന്നസംഭോഗമിന്നി-
ന്നാലം ഭരതനാകിയിട്ടവതിരുടിരകലിവിപ്പുന്നഹസ്യം;
ഇവൾപോലനുപാതമുള്ളാഹിയമിക്ക സന്മുഖംക്കുമങ്ങൾ
മൂലം മൃണാളിലുരി ഭാരതയോദ്ധസമയം പൂർവപുണ്യതീർത്ഥകം'

൨൦ 'നെറ്റിയിലുരുകും കണ്ണുപോയാൻ മുതിർക്കാം
നേരിലിരു തെക്കിപ്പി നിന്നാരുമെ'

൨൧ 'ബലമില്ലാത്തോ ധനവുമില്ലാത്തോ
വിദ്യയില്ലാത്തോ വിത്തമില്ലാത്തോ
ലക്ഷ്മിയമിന്റെ കാൽപിടിച്ചീടുന്ന'

൨൨ 'ഹരമിനാഴകഴിച്ചുമറ്റിട്ടാൽ
കളകളാരവം കടകങ്ങളും വിളയും
ചിലപൊഴിഞ്ഞു മറിഞ്ഞുവീഴപ്പെട്ടാൽ
ചിലവർമിച്ചുവലങ്ങളുംപൊഴിക്കും'

൨൩ 'ഹാഹന്ത! കുട്ടും മമ മന്ത്രമോതാ
ഗേഹത്തിൽനിന്നല്ലോ മുടമേതരോ?'

൨൫ അക്കാലത്തെഴുത്തുകാരാം
ഞങ്ങളെക്കയിട്ടുൾക്കൊണ്ടായവരൊടെ

൨൬ മന്ത്രിമാരെന്നതിൻറെ ദൃഷ്ടകടാക്ഷംകൊണ്ടു
ധാത്രീതലങ്ങളിൽ ധർമ്മവും കർമ്മവും
മാഷ്ടാരുമാരുമല്ല നല്ല പെണ്ണുങ്ങളും
ശിഷ്യജനങ്ങളും മാല്യം ധനങ്ങളും
തുഷ്ടിയും പുഷ്ടിയും ദൃഷ്ടിയും സൃഷ്ടിയും
പുഷ്ടിയും കഷ്ടിയും ശുദ്ധമായ് വന്നിട്ടു

൨൭ 'പഠിക്കൽ പാരപ്പൊന്നെങ്കിൽ
പാതിതൈവരക്കുന്നപോലെ'

൨൮ പുതിയതലമുറയിലെ നല്ല ചിത്രമുള്ള ധരിപ്പുകളും
ചോദ്യങ്ങളെങ്കിലും നല്ല കറികൊണ്ടു കണക്കിലും

൨൯ അതെല്ലാം കഴിഞ്ഞിട്ടും വന്നു മന്ത്രണത്തിൻറെ
കയ്യിൽ വാളില്ലാതെ തൃപ്രയാറില്ലാതെ

൩൦ 'അയിതാത! അണഞ്ചുരുളായ്'
ജയമാനന്ദമുകന്ദമേ ജി നീ
പ്രിയമെന്നെനിയെന്നുമെ
അന്നുമിത്ര വെടിമരവു വീണപോയ്'

൩൧ 'ഗുതിക്കായ്' മനോരമ ചൊല്ലീട്ടും
പ്രയാസം 'മരണം' 'മതം'

൩൨ 'എല്ലാം പാതാളത്തിലാണിങ്ങനെയെന്നിയാൻ
വന്നിട്ടോ പാർക്കാനാൻ?'

൩൩ ഛീ! പോയ്ക്കളഞ്ഞോ ഇയാം?

൩൪ ഓ! ആ കുട്ടി ജീവിച്ചിരിക്കുന്നുണ്ടായിരിക്കാം

൩൫ അയ്യോ പാവം! നാരായണ നാരായണ!
ഇവൻ ചത്തില്ലാ

൩൬ ഞാൻ പോകട്ടയോ! വരട്ടെ വരട്ടെ പിന്നെപ്പോവാം

൩൭ 'വല്ല വരട്ടെ സഹിപ്പാൻ'

൩൮ ഇല്ല ഇല്ല, യിതെങ്ങിനെകൊള്ളും കൂട്ടാ

൩൯ കണ്ണോട പുലി പിടിയന്നു കണ്ണോടാ

൪൦ ഫന്നാത്ത്യം പരാഗതയാലന്തഃകരണ പന്നാൽ

ശബ്ദവിഭാഗപ്പട്ടിക.

- വാചകം
  - ൧. നാമം
    - ൧) ദ്രവ്യനാമം
      - a) സംജ്ഞാനാമം
      - b) സാമാന്യനാമം
      - c) സർവ്വനാമം
      - d) മേയനാമം
    - ൨) ഗുണനാമം
    - ൩) ക്രിയാനാമം
  - ൨. കൃതി
    - ൧) സകർമ്മകം, അകർമ്മകം
    - ൨) കേവലം, പ്രയോജകം
    - ൩) കാരിതം, അകാരിതം
    - ൪) കരോതി, കവ്വുള്ളമുറ്റുവിന, പറ്റുവിന
  - ൩. ഭേദകം
    - ൧) നാമവിശേഷണം
      - ൧. ശുദ്ധം
      - ൨. സാർവ്വനാമികം
      - ൩. സാംഖ്യം
      - ൪. വിഭാവകം
      - ൫. പാരിമാണികം
      - ൬. നാമാംഗജം
      - ൭. ക്രിയാംഗജം
    - ൨) കൃതിവിശേഷണം
    - ൩) ഭേദകവിശേഷണം
- ദ്യോതകം
  - ൧. നിപാതം
    - ൧) ഗതി
    - ൨) ഘടകം
    - ൩) വ്യാക്ഷേപകം
  - ൨. അവ്യയം
    - ൪) കേവലം

പരിഭാഷ.

10. എല്ലാ ശാസ്ത്രങ്ങൾക്കും ചില സങ്കേതങ്ങളും ഉണ്ട്; അവയെ അതാതു ശാസ്ത്രത്തിന്റെ പരിഭാഷ എന്നു പറയുന്നു. വ്യാകരണത്തിൽ അറിഞ്ഞിരിക്കേണ്ടുന്ന ചില പരിഭാഷകളെ ഇവിടെ വിവരിക്കാം. ഹരിയെ, ഹരിയാൽ, ഹരിയോടു, ഹരിയുടെ എന്ന് ഒരു പദത്തിനു തന്നെ പല രൂപങ്ങളും ഭാഷയിൽ കാണാറുണ്ട്. ഈ രൂപങ്ങളിലൊക്കെയും തുല്യമായ 'ഹരി' എന്നു

ന്ന അംശത്തെ പ്രകൃതി എന്നും, ഏ, ആൽ, ഓട്, ഉടെ എന്നു് ഒടുവിൽ ചേൎന്ന അക്ഷരങ്ങളെ പ്രത്യയം എന്നും വൈയാകരണന്മാർ പറയുന്നു. ഇങ്ങനെ പ്രകൃതികളിൽ പ്രത്യയം ചേൎന്നാണു ശബ്ദങ്ങൾക്കു രൂപഭേദമുണ്ടാകുന്നതു്. പ്രത്യയം ചേൎക്കുമ്പോൾ ചില പ്രകൃതികളിൽ ചില വിശേഷവിധികൾ കൂടി ചെയ്യേണ്ടതായി കാണും. എങ്ങനെയെന്നാൽ—'ഹരി' എന്നതിനു 'ഹരിയുടെ' എന്ന രൂപം വന്ന സ്ഥാനത്തു രാമ ശബ്ദത്തിനു രാമന്റെ എന്നാകുന്നു. അതിനാൽ 'ഉടെ' എന്ന പ്രത്യയം രാമശബ്ദത്തിൽ ചേൎക്കുമ്പോൾ (ഉടെ—ന്റെ) എന്നു ഉകാരം കൂടാത്ത വിധത്തിൽ വേണമെന്നു വരുന്നു. ഈ മാതിരിയിൽ, പ്രത്യയം ചേൎക്കുമ്പോൾ ചെയ്യേണ്ടുന്ന വിശേഷവിധികൾക്കു *പ്രക്രിയ* എന്നു പേർ. പ്രക്രിയ, (൧) ലോപം (൨) ആദേശം (൩) ആഗമം (൪) ദ്വിത്വം എന്നു നാലു വിധം ഉണ്ടു.

ഒരു വൎണ്ണം നശിച്ചുപോകുന്നതു ലോപം.

ഉദാ:—രാമൻ+ഉടെ=രാമൻടെ (=രാമന്റെ)

ഒന്നിനു പകരം മറ്റൊന്നു വരുന്നതു് ആദേശം.

ഉദാ:—കളി+ഇ=കളിച്ചു.

വിശേഷാൽ ഒരു വൎണ്ണം വന്നുചേരുന്നതു ആഗമം.

ഉദാ:—കളി+ഉന്നു=കളിക്കുന്നു.

ഒരു വൎണ്ണം ഇരട്ടിക്കുന്നതു ദ്വിത്വം.

ഉദാ:—നാട്+ഇൽ=നാട്ടിൽ.

ഈ ആഗമാദേശാദികളെ *വ്യാകരണകാൎയ്യങ്ങൾ* എന്നും പറയാറുണ്ടു്.

വ്യാകരണകാൎയ്യമെല്ലാം ചെയ്യേണ്ടതു് (൧) നിത്യം, (൨) വികല്പം, (൩) വിഭാഷ, (൪) ബാഹുലം എന്നു നാലു വിധത്തിലാകുന്നു.

(൧) എല്ലാ ഉദാഹരണങ്ങളിലും എപ്പോഴും ചെയ്യേണ്ടുന്നതു് *നിത്യം*.

ഉദാ:—കളി + ഉന്നു=കളിക്കുന്നു.
കേൾ + ഉന്നു=കേൾക്കുന്നു.
ഏൽ + ഉന്നു=ഏല്ക്കുന്നു.
} ഇവിടെ ആഗമം *നിത്യം*

(൨) ഒരു ഉദാഹരണത്തിൽ തന്നെ ചെയ്യുകയും ചെയ്യാതെയും ഇരിക്കാവുന്നതു *വികല്പം*.

ഉദാ:—രാമൻ ഉ+=രാമനു്
രാമന്നു
} ഇതിൽ ദ്വിത്വത്തിനു വികല്പം.

(ങ) ഏതാനും ഉദാഹരണങ്ങളിൽ ചെയ്തിട്ടും ഏതാനും ഉദാഹരണങ്ങളിൽ ചെയ്യാതെയും ഇരിക്കുന്നതു വികല്പം.

ഉദാ—മലർ പൊടി = മലർപ്പൊടി } ഇവിടെ സമാസത്തിൽ ദ്വിത്വത്തിനു
അലർ ശരൻ = അലർശ്ശരൻ } വികല്പം.

(ച) ഒരു വ്യവസ്ഥയും കൂടാതെ ചിലെടത്തു മാത്രം കാണപ്പെടുന്നതു ബാഹുലകം. ഇതിന്റെ സ്വഭാവം ഒരുദാഹരണം കൊണ്ടു സ്പഷ്ടമാകുന്നതല്ല. വിശേഷിച്ചും ബാഹുലകത്തിനു തമിഴുള്ള ഭേദം സ്വല്പ പരിചയംകൊണ്ടേ സിദ്ധിക്കൂ.

സന്ധിപ്രകരണം

സന്ധി എന്നാൽ കൂടിച്ചേരുക എന്നർത്ഥം. രണ്ടു വർണ്ണങ്ങൾ തങ്ങളിൽ ചേരുമ്പോൾ അതിലൊന്നിനോ രണ്ടിനുമോ ഉണ്ടാകുന്ന മാറ്റത്തെ ആണു വ്യാകരണത്തിൽ സന്ധി എന്നു പറയുന്നതു്. മാറ്റങ്ങൾ അടുത്തു മുൻ വിവരിച്ച ലോപം, ആദേശം, ആഗമം, ദ്വിത്വം ഇവകൾ തന്നെ ആകുന്നു. സന്ധിയെ സംബന്ധിച്ചു വരുന്ന ഈ ലോപാദികൾ സന്ധികാര്യങ്ങളാകുന്നു. സന്ധികാര്യം എന്ന അർത്ഥത്തിലാണു സന്ധി എന്ന പദം പ്രായേണ ഉപയോഗിക്കുന്നതു്.

സന്ധിക്കു പല മാതിരി വിഭാഗങ്ങൾ ചെയ്യാം. (ക) പ്രകൃതിയിൽ പ്രത്യയം ചേർക്കുമ്പോൾ ചെയ്യേണ്ടുന്ന ഭേദഗതികൾ പദമധ്യസന്ധി; രണ്ടു പദങ്ങൾ തങ്ങളിൽ ചേരുമ്പോൾ ഉള്ളവ പദാന്തസന്ധി; മധ്യത്തിലും അന്തത്തിലും ഒന്നുപോലെ വരുന്നവ ഉഭയസന്ധി. (ഖ) സ്വരങ്ങൾ തങ്ങളിൽ ചേരുമ്പോൾ ഉള്ളതു് സ്വരസന്ധി; സ്വരം വ്യഞ്ജനത്തോടു ചേരുമ്പോൾ ഉള്ളതു് സ്വരവ്യഞ്ജനസന്ധി; വ്യഞ്ജനം സ്വരത്തോടു ചേരുമ്പോൾ ഉള്ളതു് വ്യഞ്ജനസ്വരസന്ധി; വ്യഞ്ജനങ്ങൾ തങ്ങളിൽ ചേരുമ്പോൾ ഉള്ളതു വ്യഞ്ജനസന്ധി. (ഗ) വർണ്ണങ്ങൾ ചേരുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ പ്രമാണിച്ചു ലോപസന്ധി, ആദേശസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി എന്നു നാലു വക വിഭാഗവും ആവാം. ഈ ഒടുവിൽ പറഞ്ഞ വിഭാഗത്തെ ആസ്പദമാക്കിയാണു് ഇവിടെ സന്ധികളെ വിവരിച്ചിരിക്കുന്നതു്.

൫ ലോപസന്ധി

41. ഒരു സ്വരം പിൻപിൽ വന്നാൽ താഴെ പറയുന്നവ എല്ലാം ലോപിക്കും.

(I) സംവൃത ഉകാരം.

ഉദാ—തണുപ്പ് + ഉണ്ട് = തണുപ്പുണ്ട് } ആദ്യപദത്തിലെ സംവൃത ഉകാരം ലോപിക്കുന്നു.
കാറ്റ് + അടിക്കുന്നു = കാറ്റടിക്കുന്നു. }

(II) മുറവിനയുടെ ഒടുവിലുള്ള അകാരവും ഉകാരവും.

ഉദാ—കണ്ടു + ഇല്ല = കണ്ടില്ല. } മുറവിനകളായ ആദ്യപദങ്ങളിലെ ഉകാരവും അകാരവും ലോപിച്ചുപോകുന്നു.
പോകുന്നു + ഇതാ = പോകുന്നിതാ.
ഇല്ല + എന്നും = ഇല്ലെന്നും.
വേണ്ടാ + എന്നും = വേണ്ടെന്നും.

(A) * പരമായുള്ളത് ഒരു ദ്യോതകശബ്ദമാണെങ്കിൽ വികല്പേനയേ ലോപിക്കൂ.

ഉദാ—ചെയ്തു + എങ്കിൽ = { ചെയ്തുവെങ്കിൽ / ചെയ്തെങ്കിൽ
കേട്ടു + എന്നു = { കേട്ടുവെന്ന് / കേട്ടെന്ന്
കേട്ടു + ഓ = { കേട്ടുവോ / കേട്ടോ

(III) ഒരു പ്രത്യയത്തിന്റെ ഒടുവിലുള്ള എകാരം വികല്പേന. അതായത്—

അനുജ്ഞായകപ്രത്യയമായ 'അട്ടെ'
മറവിനയെച്ചമായ 'ആതെ'
സംബന്ധികാപ്രത്യയമായ 'ഉടെ'
ഗതിയായ 'ഊടെ'

ഉദാ പോകട്ടെ + അവൻ = { പോകട്ടവൻ / പോകട്ടെയവൻ
വരാതെ + ഇരിക്കുന്നു = { വരാതിരിക്കുന്നു / വരാതെയിരിക്കുന്നു
ഗോപിയുടെ + അച്ഛൻ = { ഗോപിയുടച്ഛൻ / ഗോപിയുടെയച്ഛൻ
വാതിലിലൂടെ + ഇറങ്ങുന്നു = { വാതിലിലൂടിറങ്ങുന്നു. / വാതിലിലൂടെയിറങ്ങുന്നു

* പിൻപിൽ വരുന്നത്.

(IV) പേരെച്ചത്തിന്റെ അകാരം (വൈകല്പികമായിട്ട്)

ഉദാ—പോയ + അവ = പോയവ
കഴിഞ്ഞ + അന്ന് = കഴിഞ്ഞന്ന്; കഴിഞ്ഞയന്ന്
വന്ന + അവർ = വന്നവർ

വൈകല്പികമാകയാൽ രണ്ടാം ഉദാഹരണത്തിൽ ലോപമില്ല.

---

൨. ആദേശസന്ധി

---

43 (I) ത വർഗ്ഗം ച വർഗ്ഗത്തോടു ചേർന്നാൽ (a) ച വർഗ്ഗമായും, ട വർഗ്ഗത്തോടു ചേർന്നാൽ (b) ട വർഗ്ഗമായും ആയി മാറും.

ഉദാ—തൻ + ചോറും = തഞ്ചോറും [ൻ, ഞ് ആയി]
എൺ + നു = എണ്ണു. [ന, ണ ആയി]
വിൺ + തലം = വിണ്ടലം. [ത, ട ആയി]
തൺ + താർ = തണ്ടാർ. [ത, ട ആയി]
വരണ് + തു = വരണ്ടു (വരട്ടു) [ത, ട ആയി]

ആദേശം ചെയ്യുന്നതെല്ലാം പൊരുത്തമുള്ളതാകി വേണ്ടതാകുന്നു. ഖരത്തിനു ഖരം, അനുനാസികത്തിന് അനുനാസികം, ഇത്യാദി പൊരുത്തം കാണ്ക.

(II) ലകാരളകാരങ്ങൾക്ക പ്രത്യയതകാരത്തിനു മുമ്പ് (a) ഖരം (b) അനുനാസികത്തിനു മുമ്പ് അനുനാസികവുമാദേശം.

ലകാരത്തിനു പൊരുത്തപ്രകാരം വരേണ്ടുന്ന ഖരം റകാരം; അനുനാസികം നകാരം. ളകാരത്തിനു ഖരം ടകാരം; അനുനാസികം ണകാരം.

ഉദാ—അകല് + ന്ന് = അകന്നു } [ല്, റ് ആയി]
വില് + തു = വിറ്റു (വിററു) }
വേൾ + തു = വേട്ടു } [ൾ, ട് ആയി]
കേൾ + തു = കേട്ടു }
ചൊല് + നൽ = ചൊന്നൽ } [ല്, ന് ആയി]
നെല് + മണി = നെന്മണി }
ഉൾ + മ = ഉണ്മ } [ൾ, ണ് ആയി]
വെൾ + മ = വെണ്മ }
തൊൾ + നൂറു = തൊൺനൂറു = [I (b) പ്രകാരം പിന്നീട് ന = ണ]. തൊണ്ണൂറു.

(III) 'കൾ'—പ്രത്യയത്തിനും കായ് എന്ന ശബ്ദത്തിനും മുമ്പു നകാരത്തിനു ങകാരം.

ഉദാ—പന്തിൻ + കൾ = പന്തിങ്കൾ (പിന്നീട് അനു. (IV) വകുപ്പിനാൽ [illegible])
താൻ + കൾ = താങ്കൾ
കണ്ണൻ + കൾ = കണ്ണങ്കൾ [കണ്ണങ്ങൾ (IV)
മാ(മി)ൻ + കാ = മാങ്കാ [മാങ്ങാ ടി]

(IV) ഒരു പ്രത്യയത്തിന്റെ ആദിയിലിരിക്കുന്ന ഖരത്തിനു പൂർവ്വവർണ്ണമനുനാസികമെങ്കിൽ അതു (അനുനാസികം) തന്നെ ആദേശം.

ഉദാ—പറഞ്ഞ് + ചു = പറഞ്ഞു [ചു, ഭൂതപ്രത്യയം]
തിൻ + തു = തിന്നു [തു, ടി]
കണ്ണൻ + കൾ = കണ്ണങ്ങൾ കൾ ബഹുവചനപ്രത്യയം

നിഷേധം—ധാതു ഌകാരമോ 'കൽ' പ്രത്യയമോ ആയാൽ ഈ ആദേശം ഇല്ല.

ഉദാ—താൻ + കൽ = താൻകൽ (താങ്ങൽ അല്ല)
മാൻ + കൽ = മാൻകൽ (മാങ്ങൽ അല്ല)
കൺ + ടു = കണ്ടു (കണ്ണു അല്ല)
ഉൺ + ടു = ഉണ്ടു (ഉണ്ണു അല്ല)

V ക്രിയാരൂപങ്ങളിൽ സന്ധിവകാരത്തിനു കകാരം ബഹുലം.

ഉദാ—പോ + ഉന്നു = പോവുന്നു; പോകുന്നു
തട + ആൻ = തടവാൻ; തടകാൻ
തൊഴ് + ഇൻ = തൊഴിവിൻ, തൊഴുകിൻ
} മേൽ ३३-(B)യിൽ പറയുന്ന വികല്പം.

(VI) അനുനാസികാന്തത്തിനു—

(a) സ്വരത്തിനു മുമ്പു മകാരമാദേശം.

ഉദാ—മരത്തിലും + ഇല്ല = മരത്തിലുമില്ല.
പോകും + എന്നു = പോകുമെന്നു.
മരം + ഉണ്ടു = മരമുണ്ടു.

(b) വർഗ്ഗാക്ഷരത്തിനു മുമ്പു അനുനാസികം വികല്പേന.

ഉദാ—വരും + കാലം = വരുങ്കാലം; വരുംകാലം.
വരും + ചന്തി = വരുഞ്ചന്തി; വരുംചന്തി.
പോകും + തോറും = പോകുന്തോറും, പോകുംതോറും.
പെരും + പറ = പെരുമ്പറ; പെരുംപറ.
മരം + കൾ = മരങ്കൾ [മേൽ (IV) പ്രകാരം; = മരങ്ങൾ]

ബഹുവചനപ്രത്യയമെങ്കിൽ ഇതു നിത്യം തന്നെ.

(c) സമുച്ചയനിപാതമായ 'ഉം' എന്നതിനു മുമ്പു വകാരം.

ഉദാ—ഭയം + ഉം = ഭയവും.
കുലം + ഉം = കുലവും.
എല്ലാം + ഉം = എല്ലാവും.

(d) പ്രത്യയത്തിനു മുമ്പു ഭാവി പ്രത്യയമായ 'ഉം' എന്നതിനും വകാരം.

ഉദാ: — വട്ടം + അൻ = വട്ടവൻ
വട്ടം + അർ = വട്ടവർ
വട്ടം + എൻ = വട്ടവെൻ
വട്ടം + ഇൻ = വട്ടവിൻ
വട്ടം + ആൻ = വട്ടവാൻ

(ഗ) ലിംഗവിഭക്തി സ്വരത്തിനു മുമ്പു ത്തകാരം.

ഉദാ: — ധനം + എ = ധനത്തെ
ധനം + ഓട് = ധനത്തോട്
ധനം + ഇന്റെ = ധനത്തിന്റെ
സിംഹം + ആൻ = സിംഹത്താൻ

(ക) സംയോജികാവിഭക്തിയാൽ ഇതു വികല്പേനയേയുള്ളൂ.

ഉദാ: — ധനം + ഒട് = ധനത്തൊട്; ധനമൊട്
ഹിതം + ഒട് = ഹിതത്തൊട്; ഹിതമൊട്
[illegible] + ഒട് = [illegible]

൨. ആഗമസന്ധി

43. (I) സ്വരത്തിനു മുമ്പു (a) താലവ്യസ്വരങ്ങൾക്കു യകാരവും (b) ഓഷ്ഠ്യസ്വരങ്ങൾക്കു വകാരവും ആഗമം ചേരും.

ഉദാ: —
കര + ഇല = കരയില
അര + ഉന്നു = അരയുന്നു
തെ + ഉന്നു = തെളുവുന്നു
പോരാ + ഇരു = പോരായിരു
ചാ + ഉന്നു = ചാവുന്നു
വിധി + ആകുന്നു = വിധിയാകുന്നു
തീ + ആട്ടു = തീയാട്ടു
തിരു + ഓണം = തിരുവോണം
പൂ + അവൻ = പൂവവൻ
തന്നെ + എന്നു = തന്നെയെന്നു
തിക + അക്ഷരം = തികയക്ഷരം
പോ + ഉന്നു = [illegible]

നിഷേധം — ഈ യവാഗമങ്ങൾ ദ്യോതകശബ്ദങ്ങളിൽ ചേരുന്നില്ല.

ഉദാ: — എന്തോ + ഏതോ = എന്തോ ഏതോ (ഓ വിതർക്കനിപാതം)
കണ്ടതേ + ഇല്ല = കണ്ടതേ ഇല്ല (ഏ അവധാരണനിപാതം)
അയ്യോ + ആരോ = അയ്യോ ആരോ (അയ്യോ വ്യസനദ്യോതകനിപാതം)
എടാ + അനിയാ = എടാ അനിയാ (എടാ സംബോധനനിപാതം)

(II) ദീർഘങ്ങളായ ഓഷ്ഠ്യതാലവ്യങ്ങളിലും അവസാനമായാൽ ബഹുലമായി വകാരയകാരങ്ങൾ ചേരും.

ഉദാ:—	കാ	—	കായ്*
	ഞാ	—	ഞാവ്
	താ	—	താവ്, തായ്
	തീ	—	തീയ്
	പൂ	—	പൂവ്
	മാറു	—	മാറുവ്
	തെക്ക	—	തെക്കയ്

(III) ഇരട്ടിച്ച പ്രത്യയകകാരത്തിനുമുമ്പ് താലവ്യസ്വരത്തിന് യകാരം.

ഉദാ:—	തല	+ കൽ	= തലയ്ക്കൽ	
	തല	+ ക്ക്	= തലയ്ക്ക്	
	വല	+ ക്കുന്നു	= വലയ്ക്കുന്നു	
	ഹരി	+ ക്ക്	= ഹരിയ്ക്ക്	
പ്രത്യു	ചാടി	+ കടന്നു	= ചാടിക്കടന്നു	} ഇവകളിൽ പ്രത്യയ
	തടി	+ കഷണം	= തടിക്കഷണം	} കകാരം അല്ല
	തടി	+ കൾ	= തടികൾ - കകാരം ഇരട്ടിച്ചിട്ടില്ല	

(IV) ശബ്ദാന്തത്തിലുള്ള വ്യഞ്ജനങ്ങളിൽ സംവൃതം ചേരും; ആ അന്ത്യവ്യഞ്ജനം ദ്വിത്വമായിരട്ടിക്കയും ചെയ്യും.

ഉദാ:—	വയസ്	= വയസ്സ്
	കാറ്	= കാറ്റ്
	വാക്	= വാക്ക്
	ഇലക്	= ഇലക്ക

പ്രത്യു—(ശബ്ദാന്തമല്ലായ്കയാൽ) ലക്ഷ്മി ലക്ക്ഷ്മി എന്നില്ല

(A) ശബ്ദാന്തത്തിലെ വ്യഞ്ജനം ചില്ലുകളിലൊന്നാണെങ്കിൽ (സംവൃതം) വികല്പേനയേ വരൂ.

ഉദാ:—	കൾ	= കൾ, കള്ള്
	തേൻ	= തേൻ, തേന്
	നീർ	= നീർ, നീര്
	പാൽ	= പാൽ, പാല്
	തോൾ	= തോൾ, തോള്
	കീൾ	= കീൾ, കീഴ്

ദ്വിത്വസന്ധി

44. (1) സമാസത്തിൽ ഉത്തരപദത്തിന്റെ ആദിവർണ്ണമായ ദൃഢം ഇരട്ടിക്കും.

* 'കായ്' 'തിയ്യ്' 'കയ്യ്' എന്നും ചില ദിക്കുകളിൽ പറയാറുണ്ട്. ആ ദിക്കുകാർക്ക് ഇതു യുക്തമെന്നു വിധിച്ചു

[സമാസത്തിൽ ആദ്യത്തെ പദം പൂർവ്വപദം; രണ്ടാമത്തെ പദം ഉത്തരപദം എന്നറിക. ഖരാതിഖരമൃദുഘോഷങ്ങളും ഊഷ്മാക്കളും ദൃഢങ്ങൾ, അനുനാസികങ്ങളും മദ്ധ്യമങ്ങളും ശിഥിലങ്ങൾ എന്നു മുൻ പറഞ്ഞിട്ടുണ്ടല്ലോ.]

ഉദാ:—	താമര	+ കുളം	= താമരക്കുളം
	തേങ്ങാ	+ [illegible]	= [illegible]
	പണി	+ പുര	= പണിപ്പുര
	തീ	+ കനൽ	= തീക്കനൽ
	പൂ	+ [illegible]	= [illegible]
	പൂ	+ പട	= പൂപ്പട
	ഇ	+ കെട്ട	= ഇക്കെട്ട
	കൂടെ	+ കൂടെ	= കൂടെക്കൂടെ
	കൈ	+ തൊഴിൽ	= കൈത്തൊഴിൽ
	[illegible]	+ [illegible]	= [illegible]
	[illegible]	+ [illegible]	= [illegible]
	മടി	+ ശീല	= മടിശ്ശീല
	മയിൽ	+ കുട്ടി	= മയിൽക്കുട്ടി
	കവിൾ	+ തടം	= കവിൾത്തടം

പ്രത്യു— (ഉത്തരവർണ്ണം ശിഥിലമായാൽ)

പുല്ല	+ മാല	= പുല്ലുമാല	[illegible]
തല	+ വേദന	= തലവേദന	മറ്റും വരിക
മുകിൽ	+ വർണ്ണൻ	= മുകിൽവർണ്ണൻ	യില്ല

A. * രേഫചില്ലിനു പിമ്പിൽ വന്നാൽ ഇരട്ടിക്കുന്നതു വിഭാഷയാകുന്നു.

ഉദാ.—	[illegible]	+ [illegible]	= [illegible]
	മലർ	+ പൊടി	= മലർപ്പൊടി

B. പ്രത്യയാംഗമായ ളകാരചില്ലിനു പിമ്പായാൽ ഇരട്ടിക്കയില്ല.

ഉദാ.—	[illegible]കൾ	+ ചരണങ്ങൾ	= [illegible]കൾചരണങ്ങൾ
	ആനകൾ	+ ബലം	= ആനകൾബലം
പ്രത്യു—	കവിൾ	+ തടം	= കവിൾത്തടം

(ഇവിടെ 'ൾ' പ്രത്യയാംഗമല്ല)

C. ദ്വന്ദ്വസമാസത്തിലും ‡ ധാതുപൂർവ്വപദതൽപുരുഷനിലും ഇരട്ടിക്കയില്ല.

---

* രേഫചില്ല് = രേഫത്തിന്റെ ചില്ല് = ർ.

‡ ധാതുപൂർവ്വപദതൽപുരുഷൻ = പൂർവ്വപദം ഒരു ധാതുവായുള്ള തൽപുരുഷ സമാസം

ഉദാ.— തെക്ക + കാലുകൾ = തെക്കേക്കാലുകൾ
കട + തഴ + ചാമരങ്ങൾ = കടത്തഴച്ചാമരങ്ങൾ
അര + കല്ല് = അരക്കല്ല്
ചിറ + കടം = ചിറക്കടം

പ്രത്യു — (തൽപുരുഷൻ വാക്യപൂർവ്വപദമല്ലെങ്കിൽ)
അര (= പാതി) + കല്ല് = അരകല്ല്

II. സമാസമില്ലാത്തിടത്ത്, (a) വിഭക്തി പ്രത്യയത്തിന്റെ ചില്ല് (b) ആധാരികാസമാസമായോ, പ്രതിഗ്രാഹികാവിഭക്തിയായോ ഉള്ള 'എ' (c) മുൻവിനയെച്ചം (d) തൻവിനയെച്ചം (e) പാക്ഷികവിനയെച്ചം ഇവയ്ക്കു പിമ്പു വരുന്ന ദൃഢം ഇരട്ടിക്കും.

ഉദാ.— മതിൽ + തന്നെ = മതിൽത്തന്നെ (ആധാരികാവിഭക്തി)
കയ്യാൽ + പിടിക്കുന്നു = കയ്യാൽപ്പിടിക്കുന്നു ടി.
നെറ്റിയാൽ + കൊടുത്തു = നെറ്റിയാൽക്കൊടുത്തു (പ്രയോജികാ, ടി.)
കാട്ടിലെ + പോലെ = കാട്ടിലെപ്പോലെ (ആധാരികാസമാസം)
അവരെ + കൊണ്ട് = അവരെക്കൊണ്ട് (പ്രതിഗ്രാഹിക)
ചാടി + കടന്നു = ചാടിക്കടന്നു (മുൻവിനയെച്ചം)
മുറുക + പിടിക്കുന്നു = മുറുകപ്പിടിക്കുന്നു (തൻവിനയെച്ചം)
'ശ്യാമയമിതിനെ കരവാളതിൽ' = ശ്യാമയമിതിനെക്കരവാളതിൽ (തൻവിനയെച്ചം)
കാണുകിൽ + പറയാം = കാണുകിൽപ്പറയാം (പാക്ഷികവിനയെച്ചം)

III. സാർവ്വനാമികങ്ങളായ ചുട്ടെഴുത്തുകൾക്കു പിമ്പ് എല്ലാ വ്യഞ്ജനവും ഇരട്ടിക്കും; ഇരട്ടിക്കേണ്ടുന്ന വർണ്ണം ശിഥിലമായാൽ അതു തന്നെ ദീർഘിച്ചാലും മതി.

ഉദാ.— അ + കാലത്തു = അക്കാലത്തു
ഇ + കണ്ടതു = ഇക്കണ്ടതു
എ + ദിക്ക = എദ്ദിക്ക
ഇ + രാത്രി = ഇര്രാത്രി; ഈ രാത്രി
അ + മട്ട് = അമ്മട്ട്, ആ മട്ട്

IV. ഏകമാത്രകമായ ശബ്ദത്തിന്റെ ഒടുവിൽ വരുന്ന അനുനാസികങ്ങളും യ — ല — ള ഇവയും ഇരട്ടിക്കും.

[ഏകമാത്രകമെന്നാൽ ഒറ്റയായ ഹ്രസ്വസ്വരം മാത്രമുള്ള ശബ്ദം.]

ഉദാ:— പെൺ + ഇ = പെണ്ണി
എൻ + എ = എന്നെ

പൊൻ + ഇൻറെ = പൊന്നിൻറെ
ചെയ്‌ + ഉന്നു = ചെയ്യുന്നു
നാൽ + ഇനു = നാല്ലിനു
എൾ + ഇൽ = എള്ളിൽ

A. ഉദ്ദേശിക പ്രത്യയത്തിനു മുമ്പു നകാരം വികല്പേന ഇരട്ടിക്കും.

ഉദാ:— താൻ + ഉ് = താനു്; താന്നു്
അതിൻ + ഉ് = അതിനു്, അതിന്നു്

V. പദമധ്യത്തിലെ കൂട്ടക്ഷരത്തിൻറെ ആദ്യവ്യഞ്ജനമിരട്ടിച്ചു ചൊല്ലണം. (ഇതു സാധാരണ എഴുതിക്കാണിക്കുക പതിവില്ല.)

ഉദാ:— ലക്‌ഷ്മി = ലക്ക്‌ഷ്മി
ഭസ്‌മം = ഭസ്സ്മം
പ്രത്യ — (പദാദിയിലായാൽ)
പറഞ്ഞു + പ്രകാരം = പറഞ്ഞുപ്പ്രകാരം
ഒത്തു + പ്രസവിച്ചു = ഒത്തുപ്പ്രസവിച്ചു
ഏതു + ക്ഷീണം = ഏതുക്ക്ഷീണം

വിശേഷം.— സംവൃതത്തിനു പിമ്പു വരുന്ന ഒരു വർണ്ണവും ഇരട്ടിക്കയില്ല.

ഉദാ:— വയസ്സ് + കാലം = വയസ്സുകാലം [൪൪ (1)]
ഓട്ട് + പാത്രം = ഓട്ടുപാത്രം [ടി (1)]
ചെപ്പു + കൊട്ടുകാരൻ = ചെപ്പുകൊട്ടുകാരൻ [ടി (2)]
ഒരു + പത്തു = ഒരു പത്തു [ടി (3)]

ഉപദേശം.— ഇപ്പറഞ്ഞ സന്ധികളിൽ ഒരു പ്രത്യയത്തിനു മുമ്പു ഒന്നു വരും എന്നു പറഞ്ഞിട്ടുള്ളതെല്ലാം പദമധ്യസന്ധിയാണെന്നും; ശബ്ദാന്തവ്യഞ്ജനത്തിൽ സംവൃതം ചേരും. ഇത്യാദികം പദാന്തസന്ധികളാണെന്നും, ശേഷമുള്ളതെല്ലാം ഉഭയസന്ധികളാണെന്നും സ്പഷ്ടമാകുന്നു. ഇതിൽ പ്രകൃതിക്കും പ്രത്യയത്തിനും തമ്മിലുള്ളതായ പദാന്തമധ്യസന്ധി ഉപയോഗിക്കാതിരുന്നാൽ അതു് ഒരു തെറ്റാകും. പദസന്ധിസമാസത്തിലും പദ്യത്തിലും നിർബാധമായുപയോഗിക്കണം. ഗദ്യത്തിലും സംസാരിക്കുന്ന വാമൊഴിയിലും പദാന്തസന്ധി ഇഷ്ടംപോലെ ഉപേക്ഷിക്കാം. പണ്ടു വ്യഞ്ജനസന്ധി ഉപയോഗിച്ചിരുന്നതുപോലെ ഇക്കാലത്തു ഉപയോഗിക്കാറില്ല. തൺ + താർ = തണ്ടാർ എന്നു സന്ധി ചെയ്യുന്നപോലെ വെൺ + താമര = വെണ്ടാമര എന്നു സന്ധിചെയ്തു പറയാറ

ല്ല. അതിനാൽ വ്യഞ്ജനാന്തസന്ധി ഇപ്പോൾ പ്രായേണ പദമധ്യത്തിലേ പ്രയോഗിച്ചുകാണുകയുള്ളു. പണ്ട് ശുദ്ധമായിരുന്ന പല അകാരവും ഇപ്പോൾ താലവ്യമായി ചമഞ്ഞിട്ടുണ്ട്. അതിനാൽ പഴയകാലത്തു വകാരാഗമം ചെയ്തിരുന്ന സ്ഥലങ്ങളിൽ ഇക്കാലത്തു നാം യകാരാഗമം ഉപയോഗിച്ചുവരുന്നു. പല+ഉരു= പലവുരു മുതലായ ചില സന്ധികൾ പഴയ സമ്പ്രദായത്തിന്റെ അവശേഷമായിട്ട് ഇന്നും പദ്യങ്ങളിൽ കാണുന്നുണ്ട്. ഗദ്യത്തിലും പലയുരു എന്ന പുതിയ സൂത്രപ്രകാരം ഉപയോഗിക്കാറില്ല; പല ഉരു എന്നു സന്ധി ഒന്നും കൂടാതെയേ പ്രയോഗിക്കാറുള്ളു. 'ആയിരത്താണ്ടു,' 'കാപ്പികലത്തപ്പൻ' മുതലായ രൂപങ്ങൾ സമാസത്തിൽ ഉത്തരപദത്തെ പ്രത്യയംപോലെ ഗണിച്ചിട്ടുണ്ടാക്കിയ പഴയ രൂപങ്ങളാകുന്നു.

സന്ധിസൂത്രങ്ങളെ ഓർമ്മിപ്പാൻ സൗകര്യത്തിനുവേണ്ടി ആര്യാവൃത്തത്തിലാക്കിത്താഴെ ചേർക്കുന്നു.

സന്ധിസൂത്രകാരികകൾ

(ക) ലോപം.

(1) സംവൃതം, (2) മുറ്റുവിനയന്ത്യാകാരമുകാരവും
(പദമദ്ധ്യാത്മകമാണങ്ങളൊഴിച്ചിട്ടു പിന്നിവ കളയാം)
(3) ഏകാരം പ്രത്യയാന്ത്യംവാ; (4) അപരക്കും ബാഹുലകമായ;
സ്വരത്തിന്മുമ്പിലെപ്പിഴ തിരുത്തുന്നതുകളേക്കയും ।

(ഖ) ആഗമം.

(1) അവ്വും പദമദ്ധ്യേ ചേർന്നാലുകൾക്കതുന്നാലാം;
(2) താലവ്യാദ്യപ്രത്യയത്തിൻമുൻ ലളങ്ങൾക്കതു ടങ്ങളുമാം;
അനുനാസികപട്ടങ്ങൾ പിൻവന്നാലതു ണനങ്ങളുമാം
(3) പ്രത്യയാദിയകാരത്തിന്നു ഛൃത്യന്താനുനാസികം; ൪
(ചതം ഉകാരാന്തങ്ങളിലിട്ടു വേണമെന്നോർക്കണം)
(4) കൾ പ്രത്യയത്തിനും കാര്യം മുൻനകാരം ങകാരമാം; ൫
(5) ലകാരത്തിന കാരണം തുടർന്നുപോവികളുമായ്
(6) സ്വരത്തിന്മുമ്പു (a) മാത്രമേ സമാസത്തിലെയകാരവും; ൬
(b) ദ്വിത്വത്തിന്മുൻപരമാം (c) ഉകാരിന്മുമ്പു വകാരവും;
(7) താലവ്യത്തിനും പ്രത്യയം പരമാവുകിൽ; ൭
(8) ദ്വിത്വത്തിനും വികല്പം ഉതിർത്തന്നകാരമാം;
സംബന്ധികാവിഭക്തിക്ക മുന്നിൽമാത്രം വികല്പമായ് ൮

൬. ആഗമം.

(1) താലവ്യാച്ച് സ്വരങ്ങൾക്കു സ്വരത്തിന്മേൽ യകാരമാം;
ഏചതും വാചകത്ത്യുജിത, ഇത്യാദികളിലില്ലിതു ൩൧
ദീർഘങ്ങളാമുകളിലൊന്നോതാ പരത്തിലും
വാഗമം മറ്റുള്ളവയ്ക്ക് താലവ്യയാഗമം ൩൨

ഇരട്ടിച്ച കകാരാദി പ്രത്യയത്തിന്റെ മുമ്പിലും
(2) ശബ്ദാന്തമാം വ്യഞ്ജനത്തിൽ സംവൃതം ചേർത്തു ചൊല്ലണം ൩൩
ശബ്ദാന്തം ചില്ലിലൊന്നെങ്കിൽ വികല്പം സംവൃതാഗമം

൭. ദ്വിത്വം.

(1) ഉത്തരാദ്യമിരട്ടിക്കും കേവലത്രപാദിയിൽ ൩൪
(a) ധാതുപൂർവ്വപദം പോരാൻ ദ്വിത്വം വേണ്ടുകളിലും
(b) പ്രത്യയാദേശ ചില്ലിൻ പിന്നില്ല; (c) ഭേദകമാകയായ് ൩൫
(2) വിഭക്തി പ്രത്യയത്തിന്റെ ‘ചില്ല’ എന്നുള്ള പ്രത്യയം

മുൻപരൻ പാഠികളൊന്നുള്ള വികരണത്തിലും തഥാ ൩൬
ഭാവിച്ചു പിന്നിരട്ടിക്കും സമാസത്തിലും ഉദ്ദം

(3) ഖരമല്ലാതിരട്ടിക്കും മുൻചില്ലിനാൽ സ്വരാദികം; ൩൭
ഒരു ദീർഘത്തിലും പോരും വസ്തും ശിഥിലമാകിലോ

(4) ഹ്രകാരത്വസ്ഥിതേ യകാരം ചകാരങ്ങളും ൩൮
ഇരട്ടിപ്പൂ; (വികല്പിക്കാം തവർഗ്ഗത്തോടിരട്ടിപ്പുകൾ)

(5) ഖരങ്ങളിരട്ടിപ്പൂ ശബ്ദമധ്യത്തിലൊക്കെയും ൩൯
വസ്തുക്കളൊന്നുമിരട്ടിക്കാ സംവൃതത്തിനു പിമ്പുകൾ.

അഭ്യാസം ൧.

താഴെ എഴുതിയുള്ള വാക്യങ്ങളിലെ സന്ധികളെല്ലാം പ്രമാണസഹിതം പറക

൧	‘തിങ്കൾക്കിടാവേറ്റു കണങ്ങൾ		ഭാ.കു.സ.
൨	ഉടനിരുവരെ കാകന്മാരേഷിച്ചാൻ	—	ടി
൩	അതിപ്പോളറിയേണ്ടോ ഭവാൻതാപേക്ഷതയാതെ		ടി
൪	ഏഴിലംപാലകൃതമിനുള്ള തൊടികളുടെ തെണ്ണൂറ്റാലാ	—	സ്വാ.
൫	അസ്സമയത്ത് ചരിഞ്ഞനേരത്തിനാൽ	—	മയൂ.
൬	അവലംബമാലയാനാൻ	— —	[illegible]
൭	ജനങ്ങൾക്കായവരെയുദ്യപ്രകരാൻ	—	കുസ്തുഭരം
൮	എണ്ണിലെയിപ്പുള്ള ചരിമിതിലെയെടുത്തു		ടി
൯	പിന്നെ ചാന്ദ പകസ്ത്രങ്ങൾകൊണ്ടു		ടി

൮൦	വിശ്വാമിത്രൻ തപസ്സൊട്ടു തീർന്നൊരളവിഹ വന്നിതു	കണ്ണശ്ശ രാമ.
൮൧	പരാതി വരാതിരിപ്പാൻ — —	
൮൨	എന്നുപറഞ്ഞൊരു ഗൗതമപുത്രൻ മുന്നിലിരുന്നു പറഞ്ഞിതുഹംസവും	ദമ-കിളി
൮൩	[illegible]	
൮൪	വെളുത്തപൂഞ്ചേല ധരിച്ചുകന്യകാ —	കി-സം.
൮൫	അങ്ങേൽക്കാൻ വിരഹത്തീയെ —	ടി.
൮൬	എന്തിനിപ്പോയില്ലയാതിഹ —	—
൮൭	പൊന്മണിയുടെ പടിയിലിട- ചെന്തണലിൽ കാന്തിയുണ്ടായമാതൾ	ഉ-രാമ.
൮൮	തൊഴുതടക്കുന്നോരു വിരഹവിധുരമാക്കാനിന്നേൻ	മയൂര.
൮൯	മടമഥവർത്തുള്ളമാനത ചിന്തിതം —	ഉ-രാമ.
൯൦	കപൂരിതാന്തി കൈയ്യുയർത്തൽക്കവ അൽക്കണ്ണാടിപോൽ	ന്യായ.
൯൧	ഒരേനാൾ മംഗലത്തിലെ — —	അദ്ധ്യാത്മ-രാ.
൯൨	ഖരാക്ഷസ്രഷ്ടൂരമായ് — — —	ടി.
൯൩	ദൂരപ്പൂന്തോട്ടമെന്നൊരു ചെറ്റുവരമൻ —	ടി.
൯൪	താഴുമാൻ പ്രിയൊനൊക്കൽ — —	ടി.
൯൫	പൊരുളുമൊർക്കാതിരുന്നതും കളിച്ചുവിളങ്ങിയേ	ടി.
൯൬	നിന്തിരുമലരടി ചൊവാഴ്ത്തീടുപ്പാടിയില്ലാൻ —	ടി.
൯൭	പില്ലാട്ടുനെരമാരമേയസ്തീർത്തിലൊരു —	ടി.
൯൮	മംഗലമൊരവാതിലങ്കരമാക്കു —	ടി.
൯൯	തണ്ടാർമ്മം വെയിലണഞ്ഞു വിരിഞ്ഞപോലെ	കി-സം.
൱	'കാട്ടിലകിടക്കുന്നായിരുന്നു കൊണ്ടുന്നാലു'	ഉ-രാ-വൃത്തം

പരിനിഷ്ഠാകാണ്ഡം

വർണ്ണങ്ങളുടെ സ്വഭാവവും, അവ ചേർന്നുണ്ടാകുന്ന ശബ്ദങ്ങളുടെ വകഭേദങ്ങളും, വർണ്ണങ്ങൾ തങ്ങളിൽ ചേരുമ്പോൾ വരുന്ന മാറ്റങ്ങളും വിവരിച്ചുതോട്ടുകൂടി ശിക്ഷാകാണ്ഡം അവസാനിച്ചു. ഇനി ശബ്ദങ്ങൾക്ക അർത്ഥഭേദങ്ങളെ കുറിക്കുന്നതിനായി രൂപഭേദങ്ങൾ വരുത്തുന്നതിന്റെ സ്വഭാവം കാണിക്കുന്ന പരിനിഷ്ഠാകാണ്ഡത്തെ ആരംഭിക്കുന്നു. അതിൽ ഒന്നാമതായി നാമങ്ങൾക്ക വരുന്ന രൂപഭേദങ്ങളെ വിവരിക്കുന്നു.

നാമാധികാരം

നാമങ്ങൾക്കു (1) ലിംഗം (2) വചനം (3) വിഭക്തി എന്നു മൂന്നു പ്രകാരത്തിൽ രൂപഭേദം വരും. ഇവയെ മുറയ്ക്കു വിവരിക്കുന്നു.

ലിംഗപ്രകരണം

45. പുരുഷൻ, സ്ത്രീ, നപുംസകമെന്നു ലോകത്തിലുള്ള വിഭാഗംതന്നെ വ്യാകരണത്തിൽ ലിംഗമെന്നു പറയപ്പെടുന്നു. പുരുഷനെ പറയുന്ന ശബ്ദം പുല്ലിംഗം, സ്ത്രീയെ പറയുന്നതു് സ്ത്രീലിംഗം, ഇവ രണ്ടുമല്ലാത്തതു നപുംസകലിംഗം.

ലിംഗഭേദത്തെക്കുറിക്കുന്നതിനായി ശബ്ദത്തിന്റെ രൂപത്തിൽ ഭേദം ചെയ്യുന്നതു പ്രായേണ അകാരാന്തശബ്ദങ്ങളിൽ മാത്രമേ പതിവുള്ളു. മറ്റു ശബ്ദങ്ങളെല്ലാം ലിംഗങ്ങളിലും ഒന്നുപോലെതന്നെ നിൽക്കും.

46. അകാരാന്തങ്ങളായ നാമങ്ങൾക്കും വിശേഷകങ്ങൾക്കും 'അൻ' 'ഇ' 'അം' എന്നു പ്രത്യയങ്ങൾ. [പ്രത്യയം ചേർക്കുമ്പോൾ ശബ്ദാന്തമായ അകാരം ലോപിച്ചുപോകും] കേമ+അൻ=കേമ്+അൻ=കേമൻ.

ഉദാ:—

ശബ്ദം.	പും.	സ്ത്രീ.	നപും.
കേമ	കേമൻ	കേമി	കേമം
പൊണ്ണ	പൊണ്ണൻ	പൊണ്ണി	—
കള്ള	കള്ളൻ	കള്ളി	കള്ളം
കുട്ട	കുട്ടൻ	കുട്ടി	—
കുമാര	കുമാരൻ	കുമാരി	—

നിഷേധം—അകാരം അലോപ്യമായാൽ ഈ പ്രത്യയങ്ങളില്ല.

ഉദാ:—

പും.	സ്ത്രീ.	നപും.
തന്ത	തള്ള	[illegible]
പിള്ള	അമ്മ	[illegible]
മൂപ്പ	—	—

47. സമാസത്തിലും ബഹുവചനത്തിലും വ്യഞ്ജനാന്തങ്ങൾക്കും ലിംഗപ്രത്യയങ്ങൾ ചേർക്കാറുണ്ട്.

ഉദാ:— താമരക്കൺ - താമരക്കണ്ണൻ - താമരക്കണ്ണി } സമാസം
കാർകുഴൽ — — കാർകുഴലി }
തിരുമുല്പാട് — — തിരുമുല്പാടന്മാർ } ബഹുവചനം
പെരുമാൾ — — പെരുമാളന്മാർ }

48. ജാതിമുതലായതു പറയുമ്പോൾ സ്ത്രീലിംഗത്തിനു പ്രത്യയം ത്തി, ച്ചി, ട്ടി, എന്നു തരംപോലെ ചേർക്കപ്പെടുന്നു.

ഉദാ:— അനുജൻ	—അനുജത്തി	(ജ്യേഷ്ഠാനുജാദിസംബന്ധം)
തയ്യൽക്കാരൻ	—തയ്യൽക്കാരത്തി	(തൊഴിൽ)
ചെട്ടി	—ചെട്ടിച്ചി	(ജാതി)
കൊങ്ങിണി	—കൊങ്ങിണിച്ചി	(ടി)
തമ്പുരാൻ	—തമ്പുരാട്ടി	(ടി)

49. പുല്ലിംഗം 'യൻ' എന്നിരുന്നാൽ സ്ത്രീലിംഗം 'ച്ചി' എന്നാകും.

ഉദാ:— മടിയൻ — മടിച്ചി. പറയൻ — പറച്ചി.

50. സർവ്വനാമത്തിനു നാമമാകി പ്രയോഗിക്കപ്പെടുന്ന ചുട്ടെഴുത്തിന്റെ പ്രത്യയങ്ങൾ 'വൻ' 'വൾ' 'തു'* എന്നാകുന്നു.

ഉദാ:—	അ	—അവൻ	അവൾ	അതു
	ഇ	—ഇവൻ	ഇവൾ	ഇതു
	എ	—എവൻ	എവൾ	എതു
	യാ	—യാവൻ	യാവൾ	യാതു
	ഒരു	—ഒരുവൻ	ഒരുവൾ	(ഒരുതു) ഒന്നു
	ചെയ്ത	—ചെയ്തവൻ	ചെയ്തവൾ	ചെയ്തതു
	പോകുന്ന	—പോകുന്നവൻ	പോകുന്നവൾ	പോകുന്നതു

51. പൂജയിലും ആരോപത്തിലും പുല്ലിംഗത്തിൽ 'ആൻ' എന്നു പ്രത്യയം; സ്ത്രീലിംഗത്തിൽ അപ്രകാരം 'ആത്തി' പൂജയിൽ

പൂജ എന്നാൽ ബഹുമാനിച്ചു പറക. ജീവനില്ലാത്ത നപുംസക വസ്തുക്കളെ സ്ത്രീപുരുഷന്മാരാക്കി കല്പിക്കുക ആരോപം.

---

* പ്രത്യയം വാസ്തവത്തിൽ 'അൻ' 'അൾ' എന്നേ ഉള്ളൂ. വകാരം സന്ധിയിൽ വരുന്നതാണ്. പഴയഭാഷയിൽ താലവ്യങ്ങൾക്കും സന്ധിയിൽ വകാരാഗമം തന്നെ ആയിരുന്നു. കണ്ണശ്ശപ്പണിക്കരുടെ രാമായണത്തിലും മറ്റും ഇപ്പോൾ നാം യകാരാഗമം ചെയ്യുന്ന പദങ്ങളിലും വകാരാഗമംതന്നെ കാണും. ഈ സന്ധികാര്യമായ വകാരാഗമത്തെ പ്രത്യയത്തിൽ ചേർത്തു 'വൻ' 'വൾ' എന്നാക്കിയതു പ്രക്രിയാലാഘവത്തെക്കരുതിയാകുന്നു. അല്ലാത്തപക്ഷം ഇവിടെ 'അൻ' 'അൾ' എന്നു പ്രത്യയം പറഞ്ഞേച്ചിട്ട് സന്ധിപ്രകരണത്തിൽ 'ലിംഗപ്രത്യയത്തിനു മുമ്പ് സർവ്വനാമത്തിനു ചേരുന്ന ചുട്ടെഴുത്തിനു വകാരാഗമംതന്നെ' എന്നൊരു സൂത്രം ചെയ്യേണ്ടിവരും.

ജീവനുള്ള വസ്തുക്കളിൽ തന്നെയും മനുഷ്യരിൽ മാത്രമേ സ്ത്രീപുരുഷവിഭാഗം ഗണിക്കാറുള്ളു. മനുഷ്യരൊഴികെയുള്ള തിര്യക്കുകൾ എന്നു പറയപ്പെടുന്ന പ്രാണികൾ എല്ലാം സാധാരണയിൽ നപുംസകങ്ങളെന്നാണു് വിചാരിക്കപ്പെട്ടിരിക്കുന്നതു്.

ഉദാ:— ആന — ആനയാൻ
* സിംഹം — സിംഹത്താൻ

52. കർത്തൃവാചനത്തിലുള്ള കൃത്തദ്ധിതപ്രത്യയാന്തശബ്ദങ്ങൾക്കു നപുംസകത്തിലും 'അൻ' തന്നെ പ്രത്യയം.

ഉദാ. — ഊതുന്നതു — ഊതൻ
ഉരുളുന്നതു — ഉരുളൻ
തലയുള്ളതു — തലയൻ (മത്സ്യം)
കൂടൊരുക്കുന്നതു — കൊട്ടാരൻ (പക്ഷി)

53. ലിംഗഭേദം കുറിക്കുന്നതു പ്രത്യയം ചേർത്തിട്ടു മാത്രമല്ല; പുംസ്ത്രീലിംഗങ്ങൾക്കു വെവ്വേറെ പദങ്ങളും പുംസ്ത്രീവാചകശബ്ദങ്ങളോടു സമാസവും ഉണ്ടു.

ഉദാ:—	പും.	സ്ത്രീ.	
	അപ്പൻ	അമ്മ	മറുപദം.
	ആൺ	പെൺ	
	കാള	പശു	
	കൊമ്പനാന	പിടിയാന	സമാസം.
	കണ്ടൻപൂച്ച	ചക്കിപ്പൂച്ച	
	അനുജൻ	[illegible] അനുജൻ അനുജത്തി	

* 'സിംഹ' എന്ന ശബ്ദത്തിനു നപുംസകപ്രത്യയം 'അം' ചേർത്തു് സിംഹം എന്ന രൂപത്തിന്റെ ശേഷമാണു് ആരോപത്തിൽ 'ആൻ' ചേർത്തു് സിംഹത്താൻ എന്നാകുന്നതു്. അതിനാൽ ഈ മാതിരി ശബ്ദങ്ങളിൽ രണ്ടു ലിംഗപ്രത്യയം ഉണ്ടെന്നാകുന്നു. സിംഹം + ആൻ = സിംഹത്താൻ എന്നു 42 (IV) (e) കൊണ്ടു അനുസ്വാരത്തിനു തകാരാദേശം വന്നിരിക്കുന്നു.

ആരോപം = Personification.

വചനപ്രകരണം

64. വചനം സംഖ്യയെ കുറിക്കുന്നു. നാമത്തിന്റെ അൎത്ഥമായ വസ്തു ഒന്നോ അതിലധികമോ എന്നു കാണിക്കുകയാണു വചനത്തിന്റെ പ്രയോജനം. ഒന്നിനെ കുറിക്കുന്നതു ഏകവചനം; ഒന്നിലധികമെണ്ണങ്ങളെ കുറിക്കുന്നതു ബഹുവചനം.

ശബ്ദരൂപം തന്നെ ഏകവചനമാകുന്നു. ശബ്ദം ഇരിക്കുന്നതുപോലെ തന്നെ പ്രയോഗിച്ചാൽ അതു ഏകവചനമായി. ഏകവചനമാണെന്നു കാണിക്കാൻ പ്രത്യയവും മറ്റും വേണ്ടുന്നതില്ല.

ഉദാ:- മകൻ   സീത   കാടു

55. ബഹുവചനം, മൂന്നു മാതിരിയുണ്ടു്. സ്ത്രീപുരുഷനപുംസകങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ മാത്രം ബഹുത്വത്തെ കാണിക്കുന്ന സലിംഗബഹുവചനം ഒന്നാമത്തേതു; സ്ത്രീപുരുഷന്മാർ ചേൎന്നുള്ള ബഹുത്വത്തെ കാണിക്കുന്ന അലിംഗബഹുവചനം രണ്ടാമത്തേതു; ഒന്നിനെ തന്നെ ബഹുമാനത്തിനായി ചെയ്യുന്ന പൂജകബഹുവചനം മൂന്നാമത്തേതു; 'അർ', 'ആർ', 'മാർ', 'കൾ' എന്നു വചനത്തെ കുറിക്കുന്നതിനു നാലു പ്രത്യയങ്ങളുണ്ടു്. ഇവയിൽ 'ആർ', പ്രായേണ അലിംഗവും; 'മാർ', 'കൾ', രണ്ടും സലിംഗവുമാകുന്നു. ഇവ നാലിൽ ഒന്നോ, രണ്ടോ, മൂന്നോ ചേൎത്തു പൂജകമായിട്ടു പ്രയോഗിക്കപ്പെടുന്നു.

56. (1) പുംസ്ത്രീലിംഗങ്ങൾക്കു 'മാർ' സലിംഗബഹുവചനം.

ഉദാ:—	ഏക	ബഹു
	മകൻ	മകന്മാർ
	തള്ള	തള്ളമാർ
	തമ്പുരി	തമ്പുരിമാർ

(2) നപുംസകത്തിനു 'കൾ' (സലിംഗം)

ഉദാ:—	ഏക	ബഹു
	മല	മലകൾ
	ആന	ആനകൾ
	മരം	മരക്കൾ—ങ്ങൾ

[4°(III)]

A. ആദരവില്ലാതെ പറയുമ്പോൾ 'അൻ' എന്നു പുല്ലിംഗം ഒഴിച്ചുള്ള പുംസ്ത്രീകൾക്കു 'കൾ' പ്രത്യയം ഉപയോഗിക്കാറുണ്ടു്.

ഉദാ:—	ഭാര്യ	-ഭാര്യകൾ
	യുവതി	-യുവതികൾ
	തള്ള	-തള്ളകൾ

57. അലിംഗബഹുവചനം ആർ.

ഉദാ:— ഏക.	സലിംഗം.	അലിംഗം.
മിടുക്കൻ	മിടുക്കന്മാർ, മിടുക്കികൾ	മിടുക്കർ
ശൂദ്രൻ	ശൂദ്രന്മാർ, ശൂദ്രത്തികൾ	ശൂദ്രർ

58. പൂജകബഹുവചനത്തിന് ഒന്നോ അധികമോ പ്രത്യയം ചേർത്തുപോരുക ചെയ്യാം.

ഉദാ:— മൂത്തൻ	-മൂത്തർ	= രണ്ടാമതൊരുപ്രത്യ		മൂത്തൻ
ഋഷി	-ഋഷികൾ	=	ടി.	ഋഷി
വാദ്ധ്യാൻ	-വാദ്ധ്യർ	=	ടി.	വാദ്ധ്യാൻ
അവൻ	-അവർകൾ (ഇരട്ടപ്രത്യയം)		ടി.	അവൻ

ഉപദേശം:—(1) കൾ മാർ രണ്ടും ചേർത്ത് പ്രയോഗിക്കുമ്പോൾ സന്ധിയിൽ 'കന്മാർ' എന്നാകും.

(2) താലവ്യമല്ലാത്ത സ്വരത്തിനു പിമ്പ് 'കൾ' പ്രത്യയത്തിന്റെ കകാരം ഇരട്ടിക്കും.

ഉദാ:— ഏക	സലിംഗം	പൂജകം.
രാജാ	-രാജാക്കൾ	-രാജാക്കന്മാർ
തമ്പുരാൻ	-തമ്പുരാക്കൾ	-തമ്പുരാക്കന്മാർ
ഗുരു	-ഗുരുക്കൾ	-ഗുരുക്കന്മാർ

ഭേദം—(താലവ്യസ്വരമായാൽ ദ്വിത്വമില്ല)

പിള്ള	-പിള്ളകൾ
കുട്ടി	-കുട്ടികൾ
സ്ത്രീ	-സ്ത്രീകൾ
കൈ	-കൈകൾ; കയ്യ്കൾ [ബഹുലമായ ആഗമം 43 (III)]
തൈ	-തൈകൾ

59. സർവ്വനാമങ്ങളിൽ ചിലതിന് വിശേഷരൂപങ്ങളുണ്ട്. അവയെ താഴെ വിവരിക്കുന്നു:—

ശബ്ദം.	ഏകവചനം	ബഹുവചനം
ഏൻ	ഏൻ	ഏങ്ങൾ, ഞങ്ങൾ, നമ്മൾ, നമ്മ, നാം, നോം,

നാമം	ഏകവചനം	ബഹുവചനം
നിൻ	നിൻ	നിങ്ങൾ.
തൻ	തൻ	തങ്ങൾ, താങ്കൾ, തമ്മൾ; തമ്മു.
അ (നപുംസകം)	അതു	അവ, അവററ, അവററകൾ, അവററു, അതുകൾ.
ഇ (നപുംസകം)	ഇതു	ഇവ, ഇവററ, ഇവററകൾ, ഇവററു, ഇതുകൾ.
എ (നപുംസകം)	ഏതു	ഏവ, ഏവററ, ഏവററകൾ, ഏവററു, ഏതുകൾ.
ഏ	ഏതു	ടി.
യ	യാതു	യാവ, യാവററ, യാവററകൾ, യാവററു, യാതൊന്നുകൾ.

Δ ഉദ്ദേശികാവിഭക്തിയുടെ ഏകവചനത്തിൽ എൻ, നിൻ, തൻ ഇവയ്ക്കു എനി, നിന, തനി എന്ന മൂന്നും ആദേശങ്ങൾ വരും.

ഉദാ:—എനിക്കു, നിനക്കു, തനിക്കു

നിർദ്ദേശികൈകവചനത്തിൽ *ഞാൻ, നീ, താൻ* എന്ന രൂപങ്ങൾ.

60. വേറെയും ചില വ്യത്യാസങ്ങളുണ്ട്.

നാമം.	സലിംഗബഹു	പൂജകബഹു	പുനർബഹു.
പെൺ	പെണ്ണുങ്ങൾ	പെണ്ടർ (സ്വസ്ഥ)	പെണ്ടന്മാർ
ആൺ	ആണുങ്ങൾ	ആണ്ടള (ദാസ)	ആണ്ടളമാർ
തെപ്പൻ	{ തെപ്പന്മാർ തെപ്പത്തികൾ		
കുഞ്ഞ്	കുഞ്ഞുങ്ങൾ		
കൊച്ചു്	കൊച്ചുങ്ങൾ		
മക	മകൻ മകൾ	മകന്മാർ മകളർ } മക്കൾ	

കിടാവ്, കിടാങ്ങൾ (മനുഷ്യരുടെ) കിടാക്കൾ (അല്ലാത്തവരുടെ), ദേവകൾ; നാഥകൾ, ശിഷ്യകൾ ഇത്യാദികൾ, ദേവർകൾ, അസുരർകൾ, ശിഷ്യർകൾ ഇത്യാദികളിൽനിന്നു വൈകല്പികമായ രൂപങ്ങളാകുന്നു.

61. സാംഖ്യബോധകം വിശേഷണമായുള്ള നപുംസകനാമങ്ങൾക്ക ബഹുത്വമുണ്ടെങ്കിലും ഏകവചനം മതി.

ഉദാ:— ആയിരം ഭാഷാ
പത്തു പത്രു
എട്ടു ദിക്ക

പ്രത്യു — (പുംസ്ത്രീകളായതു്)
നാലു ബ്രാഹ്മണർ
എട്ടു ദിക്പാലന്മാർ
മൂന്നു രാജ്ഞിമാർ

അഭ്യാസം ൫.

ഈ വാക്യങ്ങളിലെ നാമങ്ങൾക്കു ലിംഗവചനങ്ങളെ പറക.

൧ 'അന്യൂനപക്ഷമാർമേദിയിൽ വസിപ്പൂ—
ധന്യന്മാരായിട്ടുള്ളവരെന്നും' ൧൨൫

൨ 'ഇന്നത്തിഥികൾ നടക്കേണമെന്നു
എന്നാലുമിയാപി ശ്രയാ പി ചൊല്ലും
വരമാഷിനീതം കൽപ്പിച്ചുകൊണ്ടീർ
പ്രത്യുതയോ ശ്രീരാമ രാമാ' ൫൦ വാക്യം

൩ 'ശ്രീരാമൻ ജയകാമനായ് പലങ്ങുർജലന്യപുധൻ തമ-
സ്സ്വലഭൂമാനന്ദതിസ്സ്വതന്തൻ മായയും മന്ത്രാണ്യതം
ഇന്ദ്രാണിക്കവനുദ്ദിപദമുള്ള വാക്കി കാമൻതതി-
കിന്നപ്പൂർകോടിയോകമ്പരഞ്ഞുഞ്ഞിരുന്നുമസ്സമ്മോഹ്യമാന്'
ശ്രീ വിദ്യാവിലാസം

൪ മൃത്യുകിന്നകാന്ത ഭൃഗുകൻ കരങ്ങിന്റെ
ശാന്തിവരുത്തും കത്തുതിപ്പാണവൻ
പൊരുതുവീരൻ കളവാണ്ടിതില്ല
കഷ്ടമീരിയെല്ലപ്പെട്ടിരിക്കാമ.

൫ ദേവേന്ദ്രിതൻറാമാതന്നിൽ ദേവന്മാരം ചന്ദ്ര ജയന്ത്രൻ
രാജശ്രീരാമവാന്ദ്രാഭിമാനിച്ചാൻ വിരാന്തരം.

൬ 'കിങ്കരർകാലമേറ്റു പാരാ—
തെക്കുകൊണ്ടു ദ്രഷ്ടം ചമച്ചാർ
അതിൽകിടന്നാരെ ചൊല്ലുപറയാ—
തിരവക്ഷം ധന പാണ്ഡവന്മാർ'

൭ 'ഭാനന്നാളുള്ളാണെങ്കിലാളുവിന്റെപ്പൻതാകുവല്ലപ്പിന്നാൽ
പള്ളരുമ്മാനസിക്കേരത്തു സ്ഥലിലും കരിച്ചു ചങ്ങത്തിയെ

ക്രീഡിപ്പാൻ ജലയന്ത്രമൊന്നിഹ കിടക്കുന്നോ ? ഗുളികിക-
ളച്ചപ്പിള്ളകളെക്കളത്താറിടിയോടൊക്കെ കൊടുത്തില്ലെന്നോ പോൻ ?

൧൫ അണ്ടാകൃതം തൊണ്ണ കൂമ്പിയൊരുന്ന കണങ്ങളെയും
വണ്ണം അണ്ണം വടിവൊടുകലിക്കുന്നക ച്ഛന്ദങ്ങളെയും
തണ്ണുംകെട്ടിത്തണമൊട്ടുചക്കുന്ന വള്ളങ്ങളെയും
കണ്ണുംകൊണ്ടങ്ങെച്ചുറ്റുപുഴകൾതൻതീരമേറ്റുന്നപോക.

൧൬ ഉരച്ചുവിളി ഭിക്ഷാചരൻതന്നോടു യുദ്ധം ചെയ്വാൻ
൧൭ തമ്മിലെ സ്നേഹിതയോഗ്യന്മാരായ തറികെന്നായിരുന്നി മുദിയോടെ.

—കളിമിത്ര.

൧൮ കാലകാലൻ ഭഗവാന്റെ പരിതപ്പെടുത്തുച്ചപ്പാൻ
ആളുകൊണ്ടന്നൊരു ഭാഗ്യമിടിയുന്നിന്നുതുതാനും —

൧൯ പത്തുമുഖങ്ങളിൽ പത്തുകളും-
മത്യുന്നതഗിരിസന്നിഭാകിയ
രാക്ഷസവൃക്ഷത്തിൽനിന്നു പതു-
മേരുവുമിക്കടലുമുദ്രായികം.

൨൦ കസ്തൂരിവൃക്ഷപടലികൾപോലും
തങ്ങളിലൊരാറ്റാൻമതിയാകില്ല.

൨൧ ചില സ്വർണ്ണരത്നകാഞ്ചിയൊടും
ചിലസ്വർണ്ണരത്നകിരീടങ്ങളും
ചലൽപരം മേഖലാലസിതം-
തലങ്ങളിൽ മുട്ടുന്ന പാദാംഗം

ശ്രീകൃഷ്ണചരിതം

വിഭക്തിപ്രകരണം

63. മറ്റു പദങ്ങളോടുള്ള സംബന്ധത്തെ കുറിക്കുന്നതിനുവേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാകുന്നു *വിഭക്തി* എന്നു പേർ. വിഭക്തി ഏഴെണ്ണമുണ്ടു്. അവയുടെ പേരുകളും അവയ്ക്കുള്ള പ്രത്യയങ്ങളും ഉദാഹരണത്തോടുകൂടി താഴെ ഒരു പട്ടികയായി ചേർക്കപ്പെട്ടിരിക്കുന്നു.*

* ഇവിടെ പ്രഥമ, ദ്വിതീയ മുതലായ സംസ്കൃതത്തിലുള്ള പേരുകളെ അല്ല ഗ്രഹിച്ചിരിക്കുന്നതു്. അന്വർത്ഥങ്ങളായ പുതിയ പേരുകളെ കല്പിച്ചിരിക്കുന്നു. 'മടിയിൽനിന്നു' എന്നും മറ്റുമതിലെ 'മടിയിൽ' എന്നതു് ആധാരികയും, 'നിന്നു' എന്നതു് ഗതിയും ആകുന്നു. അതുകൊണ്ടാണു് സംസ്കൃതത്തിലെ പഞ്ചമീവിഭക്തിയായി ഒരു പേർ ഇവിടെ കാണാത്തതു്.

ഉദാ—പേർ.	പ്രത്യയം.	ഏക.	ബഹു.
1. നിർദ്ദേശിക	നാമരൂപം തന്നെ	ഹരി	ഹരികൾ.
2. പ്രതിഗ്രാഹിക	എ, ഏ.	ഹരിയെ	ഹരികളെ
3. സംയോജിക	ഒടു, ഓടു	ഹരിയോടു	ഹരികളോടു
4. ഉദ്ദേശിക	ക്കു്	ഹരിക്കു്	ഹരികൾക്കു
5. പ്രയോജിക	ആൽ	ഹരിയാൽ	ഹരികളാൽ
6. സംബന്ധിക	ഉടെ, ഉടേ	ഹരിയുടെ	ഹരികളുടെ
7. ആധാരിക	ഇൽ	ഹരിയിൽ	ഹരികളിൽ.

63. സംബോധന അർത്ഥത്തിൽ വരുന്ന നിർദ്ദേശികയ്ക്കു *സംബോധിക* എന്നു പേർ. അതിൽ ശബ്ദത്തിന് (1) 'ഏ' എന്ന നിപാതം ചേർക്കയോ (2) സ്വരാന്തമെങ്കിൽ ആ സ്വരത്തെ നീട്ടുകയോ (3) 'അൻ' എന്നവസാനിക്കുന്നെങ്കിൽ അതിലെ 'ൻ' ലോപിച്ചു് 'അ' നീട്ടുകയോ വേണം.

ഉദാ—ദേവിയേ!	ശംഭുവേ!	രാമനേ!	
മകളേ!	മനസ്സേ!	അരചനേ!	1
ദേവീ!,	ശംഭൂ!		2
രാമാ!	അരചാ!		3

64. ആധാരികയുടെ ഏകവചനത്തിന് 'കൽ' എന്ന പ്രത്യയമുണ്ട്. ഇതിന്നു സ്വല്പം അർത്ഥഭേദവുമുണ്ട്.

ഉദാ—രാമൻകൽ.

62-ാം വകുപ്പിൽ പറഞ്ഞ വിഭക്തിപ്രത്യയങ്ങളെ നേരെ ചേർത്താൽ ഉദാഹരണത്തിനെടുത്ത ഹരിശബ്ദത്തിന് വന്നതു പോലെ എല്ലാ ശബ്ദത്തിനും ശരിയായ വിഭക്തിരൂപം സിദ്ധിക്കുന്നതല്ല. പ്രത്യയം ചേർക്കുമ്പോൾ ഏതാനും ശബ്ദങ്ങൾക്കു ചില അക്ഷരമാറ്റങ്ങൾകൂടെ ചെയ്യേണ്ടതുണ്ട്. ഈ മാതിരി അക്ഷരമാറ്റങ്ങൾക്കു് വൈയാകരണന്മാർ *പ്രക്രിയ* എന്നു പേർ ചെയ്തിരിക്കുന്നു എന്നു് പരിഭാഷയിൽ വിവരിച്ചിട്ടുള്ളതു നോക്കുക. വിഭക്തിപ്രത്യയം സംബന്ധിച്ചു വരുന്ന പ്രക്രിയകളെ താഴെ വിവരിക്കുന്നു.

65. നകാരത്തിനു പിമ്പു് (1) ഉദ്ദേശികയുടെ (ക്കു്-പ്രത്യയത്തിന്റെ) കകാരം നിത്യമായും (2) സംബന്ധികയുടെ (ഉടെ പ്രത്യയത്തിന്റെ) ഉകാരം വികല്പേനയും ലോപിക്കും.

ഉദാ—രാമൻ+എ് = രാമനെ [44 iv ൩ പ്രകാരം താഴെ ചേർത്ത രൂപം
ധനത്തിൻ + എ = ധനത്തിനെ (ധനത്തിനെ) കാണുക]
രാമൻ+ഉടെ = *രാമൻടെ = രാമന്റെ, രാമനുടെ.
ധനത്തിൻ + ഉടെ = ധനത്തിന്റെ, ധനത്തിനുടെ.

65. 'ഇൻ' എന്ന ആഗമം ചതുർത്ഥിയൊഴികെയുള്ള വിഭക്തികളിൽ വ്യഞ്ജനാന്തങ്ങളായ ശബ്ദങ്ങൾക്കിടയിൽ 'ഇൻ' എന്നു വികല്പേന ചേർക്കാറുണ്ട്. ഈ ആഗമത്തെ വിഭക്തിയുടെ അംശമായിട്ടു ഗണിക്കായാൽ വിഭക്തി പരമാകുമ്പോൾ ഉള്ള സന്ധികാര്യമെല്ലാം ഇതിനെന്നും വരും.

ഉദാ—

വാക്ക്	വാക്കിനെ / വാക്കെ	വാക്കിനാൽ / വാക്കാൽ
വയസ്സ്	വയസ്സിനെ / വയസ്സെ	വയസ്സിനാൽ / വയസ്സാൽ
പൊൻ	പൊന്നിനെ / പൊന്നെ	പൊന്നിനാൽ / പൊന്നാൽ
* ധനം	ധനത്തിനെ / ധനത്തെ	ധനത്തിനാൽ / ധനത്താൽ

സപ്ത—വാക്കിൽ, വയസ്സിൽ, പൊന്നിൽ, ധനത്തിൽ.

I. ശബ്ദാന്തവ്യഞ്ജനം ഒരു ലിംഗപ്രത്യയത്തിന്റെയോ വചനപ്രത്യയത്തിന്റെയോ അംശമാണെങ്കിൽ ഈ ഇന്നാഗമമില്ല.

ഉദാ—മകൾ—മകളുടെ (ലിംഗപ്രത്യയം)
അവൻ—അവനെ ടി
ഒരുവൻ—ഒരുവനാൽ (വചനം) ടി
കുട്ടി—കുട്ടികളോടു ടി

II. ഉദ്ദേശികാസംബോധികകളിലും 'കൽ' പ്രത്യയത്തിലും ഇന്നാഗമം നിത്യമാകുന്നു.

ഉദാ—പൊൻ—പൊന്നിനു—പൊന്നിന്റെ—പൊന്നിൻകൽ
വയസ്സ്—വയസ്സിനു—വയസ്സിന്റെ—വയസ്സിൻകൽ
ധനം—ധനത്തിനു*—ധനത്തിന്റെ—ധനത്തിൻകൽ

'ൻട' എന്നതിനെ എഴുതുന്നതു 'ന്റ' എന്നാകുന്നു. ഉച്ചരിക്കുന്നതു ട, റ, എന്ന രണ്ടിന്റേയും മദ്ധ്യേയുള്ള ഒരുമാതിരി വർണ്ണം കൊണ്ടാകുന്നു.

* അനുസ്വാരത്തേയും ഇവിടെ വ്യഞ്ജനമായിട്ടു ഗ്രഹിച്ചിരിക്കുന്നു. ധനം+എ=ധനത്തെ എന്നു വരുന്നതു 44 VI ൫ കൊണ്ടെന്നോർക്ക. വ്യഞ്ജനാന്തമായി ഗണിക്കയാൽതന്നെ ഇന്നാഗമവും വരുന്നു. അനുസ്വാരം മകാരത്തിന്റെ ചുരുക്കെഴുത്തു മാത്രമേ ഉള്ളൂ.

'ഉൻ' ആഗമമില്ലാത്തിടത്തു കൽ-പ്രത്യയത്തിന്റെ കകാരം ഇരട്ടിക്കാം.

ഉദാ—തല+കൾ=തലക്കൾ (=തലകൾ)

67. വികാരസ്വരത്തിനു മുമ്പും സമാസത്തിലും ടകാര റകാരങ്ങൾ ബഹുലമായി ഇരട്ടിക്കും.

ഉദാ.—ചേറു ചേറ്റിൽ, ചേററിൽ.
ആറു ആററിൽ, ആറിൽ.
നാടു—നാട്ടിൽ.
ചൂടു—ചൂട്ടോടെ.
കാടു+ആന=കാട്ടാന }
നൂറു+ആണ്ടു=നൂററാണ്ടു } സമാസം

68. നപുംസകത്തിൽ പ്രതിഗ്രാഹികയെ പ്രായേണ പ്രയോഗിക്കാറില്ല.

ഉദാ.—രാമൻ പുസ്തകം വായിക്കുന്നു [പുസ്തകത്തെ എന്നില്ല]
രാമൻ ഊണു കഴിക്കുന്നു [ഊണിനെ എന്നില്ല]
വടികൊണ്ടടിക്കുന്നു. [വടിയെ എന്നില്ല]

പക്ഷേ—(പുംസ്ത്രീലിംഗങ്ങളിലായാൽ)
രാമൻ കൃഷ്ണനെ അടിച്ചു, ലക്ഷ്മിയെ സല്ക്കരിച്ചു.

അഭ്യാസം ൯.

താഴെ കാണിച്ചിട്ടുള്ള വാക്യങ്ങളിലെ നാമങ്ങളുടെ വിഭക്തിരൂപങ്ങളെ പ്രത്യയസഹിതം പറക.

൧. ഗ്രീസ് ദേശത്തിലെ മാസിഡോണിയായിലെ രാജാവായ അലക്സാണ്ടർ മഹാൻ, ഫിലിപ്പ് എന്ന രാജാവിന്റെയും എപ്പിറസിലെ രാജാവായ നിയോപ്ടോലെമസ്സിന്റെ പുത്രിയായ ഒളിമ്പിയസ്സിന്റെയും പുത്രനായിരുന്നു.

൨. ഗ്രീക്കുകളുടെ രാജ്ഞിയായ ഹേലിയുടെ ചരിത്രം മഹാകവികൾക്കു വിഷയമായിരുന്നു.

൩. പ്രാസങ്ങൾ പക്ഷിപ്പാട്ടോടുകൂടി പരിഷ്കരിച്ചിട്ടുള്ളതിനെ പ്രസിദ്ധിപ്പിക്കാൻ വേണ്ടി പ്രാചീനന്മാരുടെ ഗ്രന്ഥങ്ങളെന്നു ഗണിക്കപ്പെടുന്ന മററു ചിലതുംകൂടി ഇതിൽ ഉപയോഗിച്ചിട്ടുണ്ടു.

൪. ആദ്യമായി കവികൾ പ്രകൃതിയെ ആശ്രയിച്ചിരുന്നു എന്നു ഭാഷയുടെ ചരിത്രത്താൽ തെളിയാം.

൭ ആവൃത്തികൊണ്ടു സിദ്ധമാകുന്ന ... ...
൮. 'ജനാർദ്ദനപാദസ്പൃഷ്ട ശിലികൊണ്ടു തന്റെ സന്താപം'
൯. "കന്നങ്ങളുരുൾമിഴിയാളെ പാദങ്ങൾ നിരന്തരിപ്പുക"
൧൦. 'ചെന്താമര കണ്ണിന്റെ കണ്ണാടിയിൽ തെളിച്ചതു.'
൧൧. 'എന്റെ പ്രിയസഹോദരിയായ ഭിക്ഷുക്കളോടു ഞാനുമൊന്നു ചോദിക്കട്ടെ'
൧൨. 'ഉദ്യാനത്തിൽ വസിച്ചിട്ടും അങ്ങി-
നടക്കയും രമണീയമെന്നുവന്നാൽ'

അഭ്യാസം ൧൨.

ഈ ശബ്ദങ്ങളുടെ * സിദ്ധരൂപം ചൊല്ലുക—

അതു	എല്ലാം	ആൻ
അദ്ദേഹൻ	തോട്ട്	ജനാർദ്ദനൻ
മകൻ	തീവ	ആന

വിഭക്ത്യാഭാസപ്രകരണം

ഇനി, എല്ലാ നാമങ്ങളിലും ചേരാത്തതിനാൽ വിഭക്തികളുടെ കൂട്ടത്തിൽ ചേർക്കുന്നതിനു യോഗ്യത ഇല്ലാത്തവയായും എന്നാൽ അർത്ഥംകൊണ്ടു വിഭക്തികളുടെ സ്വഭാവമുള്ള ചില പ്രത്യയങ്ങളുണ്ട്. അവയെ ആണ് *വിഭക്ത്യാഭാസങ്ങൾ* എന്നു പറയുന്നതു്.

69 വ്യഞ്ജനാന്തങ്ങൾക്ക് 'അതുകൊണ്ടുള്ള' 'അതുള്ളപ്പോൾ' എന്ന അർത്ഥങ്ങളിൽ 'ഉ്' പ്രത്യയം ബഹുലമായ് വരും; അതിനുപ്പുറം 'ആം' എന്ന വിശേഷണപ്രത്യയവും ചേർക്കണം.

ഉദാ.—കാറു് —† കാറത്തു്=കാറുകൊണ്ടുള്ളതു് (കാറുള്ളപ്പോൾ)
വെയിൽ—വെയിലത്തു ദി.
ഇരുട്ട് —ഇരുട്ടത്തു് ദി.
മഞ്ഞ് —മഞ്ഞത്തു് ദി.

---

* 'സിദ്ധരൂപം' എന്നുവച്ചാൽ (പ്രത്യയങ്ങളെ ചേർന്നതുകൊണ്ടു) സിദ്ധമായ (സിദ്ധിച്ചിട്ടുള്ള) രൂപം എന്നർത്ഥം.

† കാറു = കാറം + ഉ = കാറത്തു് അനുസ്വാരത്തിനു 13 VI (൩, കൊണ്ടു് നോക്കുക.

A. 'ആ സ്ഥലത്തു്' 'ആ കാലത്തു്' എന്ന സ്ഥലകാലവാചികൾക്കു 'ഉ്' പ്രത്യയം. ഇതിൽ വ്യഞ്ജനാന്തങ്ങൾക്കു ലിംഗപ്രത്യയം ചേൎക്കണം.

ഉദാ.— കൊല്ലം — കൊല്ലത്തു്.
കോഴിക്കോടു് — കോഴിക്കോട്ടു്
ഇടം — ഇടത്തു്.
സ്ഥലം — സ്ഥലത്തു്.

ഉപദേശം— ഇതും ബഹുലമായാൽ കാലവിശേഷവാചികൾക്കു വരികയില്ല. അതിനാൽ 'രാത്രത്തു്' 'ദിവസത്തു്' ഇത്യാദികൾ നടപ്പില്ല. ഈ പ്രത്യയം ആധാരികയ്ക്കു തുല്യമാകയാൽ ഇതിനു *ആധാരികാഭാസം* എന്നു പേരിടാം.

70. ആധാരികാന്തത്തിനും ആധാരികാഭാസത്തിനും ആധിക്യം (അതിരേക) അൎത്ഥത്തിൽ 'എയ്ക്കു' എന്ന പ്രത്യയം വരും. ഇതു് ഉദ്ദേശികയ്ക്കു തുല്യമാകയാൽ *ഉദ്ദേശികാഭാസം* എന്നു വിളിക്കപ്പെടുന്നു.

ഉദാ.— വെള്ളം — വെള്ളത്തിലേയ്ക്കു
കാടു — കാട്ടിലേയ്ക്കു
കൊല്ലം — കൊല്ലത്തേയ്ക്കു
കോഴിക്കോടു — കോഴിക്കോട്ടേയ്ക്കു

71. ആധാരികാന്തത്തിനും ആധാരികാഭാസത്തിനും അതിലുള്ള, എന്നൎത്ഥത്തിൽ 'എ' പ്രത്യയം.

ഉദാ.— കാടു — കാട്ടിലെ = കാട്ടിലുള്ള
ശിരസ്സ് — ശിരസ്സിലെ = ശിരസ്സിലുള്ള
കൊല്ലം — കൊല്ലത്തെ = കൊല്ലത്തുള്ള
വിഷ്ണു — വിഷ്ണുവിൻകലെ = വിഷ്ണുവിങ്കലുള്ള

A. ചൂൎണ്ണികയിൽ വ്യഞ്ജനാന്തങ്ങൾക്കു 'അം' എന്ന ലിംഗപ്രത്യയംകൂടി ചേൎക്കണം.

ഉദാ.— ഇന്നു — ഇന്നത്തെ. [ഇന്നു + അം + എ]
നാൾ — നാളത്തെ. [നാൾ + അം + എ]
മിനിഞ്ഞാന്നു — മിനിഞ്ഞാന്നത്തെ. [മിനിഞ്ഞാന്നു + അം + എ]

72. 'അ' 'ഇ' 'തൻ' എന്ന സൎവ്വനാമങ്ങളുടെ രൂപങ്ങളെ വിഭക്തിപ്രത്യയത്തിനു പകരം ചേൎക്കാം.

ഉദാ.— 'പ്രണയിനിയാകിയ ദേവിയാണിതാം'
'അടവിതന്നിലെഴുന്നള്ളി'
'മുരാരിതന്നോടുമേവാൽ'
'ജനപതിതിലകനാകിയ'

അഭ്യാസം ൧൧.

അടിയിലുള്ള വിഭക്ത്യാഭാസങ്ങളെ ചൂണ്ടിക്കാണിക്ക.

൧. [illegible] വെള്ളിച്ചങ്ങലകളാൽ
ആരുതാൻ [illegible]?

൨. കൊല്ലത്തും കോട്ടയത്തും [illegible],

൩. ശത്രുരാജ്യത്തുള്ള [illegible]
[illegible],

൪. '[illegible]
[illegible]'

൫. '[illegible]
[illegible]'

൬. [illegible] പട [illegible] കിടങ്ങിൽ [illegible],

൭. '[illegible]'

൮. 'ഇതിൽ ചിലരുടെ പേരുകളെ ഉറപ്പു പഠിക്കണം,

൯. '[illegible],

൧൦. [illegible] തങ്ങളുടെ പണികളായി,

൧൧. 'കോപമേ [illegible]
[illegible],

൧൨. '[illegible]
സാധിക്കാഞ്ഞ [illegible],
'മധുപകരമേ! നിൻമെയ്'
[illegible],

൧൩. '[illegible] പണിപതം
[illegible],

൧൪. [illegible]
[illegible].

൧൫. '[illegible]
[illegible]

൧൬. 'ജലത്തിലെപ്പോളകളെന്നപോലെ,

൧൭. യൂറോപ്പിലെ രാജ്യങ്ങളിൽവച്ച് ഏതാ വലുതു്?

൧൮. ശിവാജി [illegible] ഇവിടെ ഉണ്ടായിരിക്കയില്ല.

കൃത്യധികാരം

കൃതികളുടെ വേരായ ശബ്ദരൂപത്തിനു ധാതു എന്നൊരു പേരുണ്ട്. കാണുന്നു, ചെയ്തു, പറഞ്ഞു, എന്ന ഈ കൃതി ശബ്ദങ്ങളുടെ വേരുകൾ മുറയ്ക്കു കാൺ, ചെയ്, പറ എന്നവയാകുന്നു.

അവ ധാതുക്കൾ എന്നു പറയപ്പെടുന്നു. ക്രിയകൾക്കു (1) കാലം, (2) പ്രകാരം, (3) പ്രയോഗം, (4) ലിംഗം, (5) പുരുഷൻ, (6) വചനം എന്ന ഈ ആറു ഉപാധികളെക്കുറിക്കുന്നതിനായി രൂപഭേദങ്ങൾ വരും. അവയെ മുറയ്ക്കു വിവരിക്കുന്നു.

൧ കാലപ്രകരണം

73. കാലം ഒരു ക്രിയ നടക്കുന്ന സമയത്തെക്കുറിക്കുന്നു. കഴിഞ്ഞതു *ഭൂതം*; നടക്കുന്നതു *വർത്തമാനം*; വരാനുള്ളതു *ഭാവി* എന്നു മൂന്നു കാലങ്ങൾ.

74. വർത്തമാനത്തിൽ ധാതുവിനു 'ഉന്നു' എന്നു പ്രത്യയം.

ഉദാ—പാ	പാ	+ ഉന്നു = പായുന്നു	(യാഗമസന്ധി)
ചെയ്	ചെയ്	+ ഉന്നു = ചെയ്യുന്നു	(ദ്വിത്വസന്ധി)
വര്	വര്	+ ഉന്നു = വരുന്നു	
പോ	പോ	+ ഉന്നു = പോവുന്നു, പോകുന്നു.	

(സന്ധികളിൽ [43 (I) (b)] വാഗമത്തിനു വികല്പേന [42 (V)] കാഗമം.

75. ഭൂതത്തിൽ (A) സ്വരാന്തങ്ങൾക്കും ചില്ലന്തങ്ങൾക്കും 'തു' എന്നും (B) വ്യഞ്ജനാന്തങ്ങൾക്കും, ററന്തങ്ങൾക്കും 'ഇ' എന്നും പ്രത്യയങ്ങൾ.

ഉദാ—തൊഴ്	തൊഴ്	+	തു = തൊഴുതു	
കൺ	കൺ	+	തു = കണ്ടു	[42. I]
തിൻ	തിൻ	+	തു = തിന്നു	[42. IV]
തട്	തട്ട്	+	ഇ = തട്ടി	[44. IV]
ചാട്	ചാട്	+	ഇ = ചാടി	
പേറ്	പേറ്	+	ഇ = പേറി	
ആറ്	ആററ്	+	ഇ = ആററി.	

വിശേഷവിധി—ചില്ലന്തങ്ങളിലും സ്വരാന്തങ്ങളിലും അപൂർവ്വം ചിലതിനു 'ഇ' പ്രത്യയംതന്നെ ഉണ്ട്. അവ 'അരുൾ' മുതലായ ധാതുക്കളാകുന്നു. അതിനാൽ അവയെ 'അരുളാദി' എന്നൊരു ഗണമാക്കി ചേർത്തിരിക്കുന്നു.

അരുളാദിഗണം

അരുൾ. അറു. കേറ്. ചൊൽ } വികല്പേന.
പൂൾ. പോ, ഉഴ്. വെൽ
മൂൾ വാഴ്

ഉദാ—അരുളി, പൂളി, ആയി. പോയി ചൊല്ലി അല്ലെങ്കിൽ ചൊന്നു, വെല്ലി, അല്ലെങ്കിൽ, വെന്നു.

76 ഭാവിയിൽ 'ഉം' എന്ന പ്രത്യയം.

ഉദാ—പറ = പറയും
ചെയ് = ചെയ്യും. [44. IV]
വര് = വരും
പോ = പോവും പോകും. [42. V]

ഇവയിൽ സന്ധികാൎയ്യം എല്ലാം വൎത്തമാനകാലത്തിനു കാണിച്ചവ തന്നെ എന്നോൎക്ക.

A. അപവാദം (1) അവധാരണാൎത്ഥത്തിലുള്ള 'ഏ' എന്ന നിപാതത്തിന്റെ യോഗത്തിലും (2) അലങ്കാരത്തിനുവേണ്ടി ചോദ്യരൂപത്തിലെഴുതുന്ന വാക്യത്തിലും (3) ഉപദേശവിധികളെ ബലപ്പെടുത്താതെ പറയുന്നിടത്തും ഭാവിക്കു 'ഉ' എന്നു വേണം പ്രത്യയം.

(1) { രാമനേ രാവണനെക്കൊല്ലൂ
ധൎമ്മപുത്രർ സത്യമേ പറയൂ
കൃഷ്ണൻ പാൎത്ഥനെ ഉപേക്ഷിക്കയേ ചെയ്യൂ

(2) { 'എങ്ങനെ കൊടുപ്പൂ ഞാൻ'
'എന്തെന്താരെന്നുരചെയ്വൂ'

(3) { 'മമ സങ്കടമറിയിപ്പൂ—വിധി'
'ക്ലേശം കളവൂ പിന്നെ.—'

ഇനി ധാതുക്കളുടെ രൂപസിദ്ധിയിൽ ആവശ്യപ്പെട്ട ചില പ്രക്രിയകൾ ഉള്ളവയെ കാണിക്കുന്നു. നാമത്തിനു പറഞ്ഞതു പോലെ ധാതുക്കൾക്കും എഴുതാൻ ചില അക്ഷരമാററങ്ങൾ കൂടാതെ എല്ലാത്തിനും ശരിയായ രൂപം സിദ്ധിക്കുന്നതല്ല.

ശബ്ദവിഭാഗത്തിൽ ക്രിയകൾക്ക കാരിതം അകാരിതം എന്നൊരു വിഭാഗം പറഞ്ഞിട്ടുണ്ടല്ലൊ. അവയ്ക്കുതമ്മിൽ എല്ലാ രൂപങ്ങളിലും ഭേദങ്ങൾ ഉണ്ട്. ഒരു ധാതു കാരിതമൊ അകാരിതമൊ എന്നറിയുന്നതു നിഘണ്ടുവിൽനിന്നോ പരിചയം കൊണ്ടോ വേണ്ടതാകുന്നു.

77. കാരിതങ്ങൾക്കു സ്വരത്തിന്മുമ്പു 'ക്ക' എന്ന അന്താഗമം വേണം.

ഉദാ. കട — കടക്കുന്നു — കടക്കും — കടക്കാൻ — കടക്കുക
പിടി — പിടിക്കുന്നു — പിടിക്കും — പിടിക്കാൻ — പിടിക്കുക
പാർ — പാർക്കുന്നു — പാർക്കും — പാർക്കാൻ — പാർക്കുക
കേൾ — കേൾക്കുന്നു — കേൾക്കും — കേൾക്കാൻ — കേൾക്കുക

78. A. ഉ പ്രത്യയത്തിനു (1) ഓഷ്ഠ്യാകാരാന്തങ്ങളിലും, (2) ഉകാരാന്തമൊഴികെയുള്ള അകാരിതങ്ങളിലും നകാരം ആദ്യാഗമം വരും.

ഉദാ—

(1) കട — കട+ഉ = കട+ന്നു = കടന്നു. [42. IV.]
നട — നട+ഉ = നട+ന്നു = നടന്നു. ടി.

(2) പകർ — പകർ+ഉ = പകർന്നു = പകർന്നു.
ഉരുൾ — ഉരുൾ+ഉ = ഉരുൾ+ന്നു
= ഉരുൾ+ന്നു [42. II (b)]
= ഉരുൾ+ണ്ണു [42. I (b)]
= ഉരുൺ+ണ്ടു [42. I (b)]
= ഉരുണ്ടു, [ണകാരം ദ്വിത്വത്തിൽ ഒന്നു ഉച്ചാരണത്തിൽ വിശേഷമില്ലായ്കയാൽ ഉപേക്ഷിക്കപ്പെടുന്നു.]

പക്ഷേ — (ഉകാരാന്തമായ അകാരിതങ്ങളായാൽ)
തൊഴു — തൊഴുതു.
പിഴു — പിഴുതു.

B. കാരിതങ്ങളിൽ ഉ പ്രത്യയത്തിനു ദ്വിത്വം.

ഉദാ. — കൊടു — കൊടുത്തു.
പിടി — പിടിത്തു (= പിടിച്ചു) [79. a.]
എടു — എടുത്തു.
പാർ — പാർത്തു.

79. A. ഉ പ്രത്യയത്തിനു താലവ്യസ്വരങ്ങൾക്കു പിമ്പ് 'ച്ചു' 'ഞ്ഞു' എന്ന താലവ്യാദേശം.

തകാരത്തിനു താലവ്യം ചകാരവും; നകാരത്തിനു താലവ്യം ഞകാരവും ആകയാൽ പിന്നീട് 2. (1) a കൊണ്ടു മാറ്റങ്ങളെവും വന്ന 'ത്തു' 'ച്ചു' വും 'ന്നു' 'ഞ്ഞു'വും ആകുമെന്നറിക.

ഉദാ. — വല — വലഉ = വലന്നു [78 a] = വലഞ്ഞു [79 a] = വലഞ്ഞു [42 IV]
തേ — തേഉ = തേന്നു [78 (A)] = തേഞ്ഞു = തേഞ്ഞു [42 IV]
ഇരി — ഇരിഉ = ഇരിത്തു [78 (B)] = ഇരിച്ചു.
വൈ — വൈഉ = വൈത്തു (ടി) = വൈച്ചു (വച്ചു)

B. സംവൃതാന്തങ്ങൾക്കും ഇ പ്രത്യയം തന്നെ; അതിന് അന്ത്യവ്യഞ്ജനത്തോടു സംശ്ലേഷവും വരും. ഇ പ്രത്യയത്തിന്റെ തകാരവും ധാതുവിന്റെ അന്ത്യവ്യഞ്ജനവും ചേർന്ന് ഒന്നാകുമെന്നർത്ഥം.

ഉദാ.—പെറ്—പെറ്ത്തു=പെറ്റു.
അറ് - അറ്ത്തു =അറ്റു.
പുക് - പുക്ത്തു =പുക്കു.
മിക് - മികത്തു മിക്കു.

C. ഴ്ത്ത, ണ്ണ കാരമാകും

ഉദാ.—വീഴ്—വീഴ്ത്തു=വീണു.
കേഴ്—കേഴ്ത്തു=കേണു.

80. ഉണ്ടാദികൾ വരുത്തങ്ങളാകുന്നു.

ഉദാ—ഉൾ-ഉണ്ട്-(വർത്തമാനത്തിൽ ഇ പ്രത്യയം, ഉകാരത്തിനു സംവൃതം)
കാൺ-കണ്ടു-കാണു (ദീർഘം)
വര് -വന്നു - (അക്ഷരലോപം)
ആ -ആയി - (ധാതുവിനുപകരം യകാരം)
പോ-പോയി - (ടി)
ച -ചത്തു - (ഹ്രസ്വം)

അഭ്യാസം ൧൨

താഴെ എഴുതിയിരിക്കുന്ന ധാതുക്കളുടെ ഭൂതവർത്തമാനരൂപങ്ങളെ പ്രത്യയസഹിതം പറക.

കാരിതം	അകാരിതം
൧ അറ	൧ അടി
൨ തള	൨ എരി
൩ കിട	൩ തുമി
൪ കേറ	൪ ഇട
൫ വിത	൫ ചി
൬ വിറ	൬ ഉഴ്
൭ പിട	൭ ഞെ
൮ തിള	൮ പോ

൨. പ്രകാരം

81. പ്രകാരമെന്നതു ധാതുവിൽ കാലാദ്യർത്ഥത്തിനു പുറമേ നിയോഗം, വിധി മുതലായ വിശേഷാർത്ഥങ്ങളെ ചേർക്കുന്നു. (1) നിർദ്ദേശകം (2) നിയോജകം (3) വിധായകം (4) അനുജ്ഞായകം എന്നു നാലു പ്രകാരങ്ങളുണ്ടു്.

82. നിർദ്ദേശകം, ധാത്വർത്ഥത്തെ കേവലമായ പ്രകാരത്തിൽ കാണിക്കുന്നു. ഇതിനു വിശേഷിച്ചു ഒരു പ്രത്യയവും ഇല്ല.

ഉദാ.— ബാലന്മാർ കളിക്കുന്നു.
രാമൻ രാവണനെ കൊന്നു.
കല്ക്കി അവതരിക്കും.

ഇവയിൽ ധാത്വർത്ഥത്തിൽ കാലം മാത്രമല്ലാതെ വിശേഷാർത്ഥമൊന്നും ചേർന്നിട്ടില്ല.

83. നിയോജകം, നിയോഗം (ആജ്ഞ, വരുത്തിക്കൊടുക്കുക) എന്ന വിശേഷാർത്ഥത്തെ കുറിക്കുന്നു. ഈ നിയോജകപ്രകാരത്തിൽ മാത്രം മേല്പറയാൻപോകുന്ന പുരുഷവചനഭേദമുണ്ടു്. ഇതിനു പ്രഥമോത്തമപുരുഷന്മാരിൽ ഒരു രൂപവും മദ്ധ്യമപുരുഷന്റെ രണ്ടു വചനങ്ങളിലും വേറെ വേറെ രൂപങ്ങളുമാകുന്നു.

84. നിയോജകത്തിനു മദ്ധ്യമപുരുഷന്റെ ഏകവചനം ശുദ്ധരൂപം തന്നെ; അതിനു ബഹുവചനത്തിൽ 'ഇൻ' എന്ന പ്രത്യയം; ശേഷം പുരുഷന്മാരുടെ എല്ലാ വചനങ്ങൾക്കും 'അട്ടെ' എന്ന പ്രത്യയം.

ഉദാ:—

ധാതു.	പ്രഥമ — ഉത്തമ ഏക — ബഹു	മദ്ധ്യമ ഏക	ബഹു
പോ	പോവട്ടെ	പോ	പോവിൻ.
ചെയ്	ചെയ്യട്ടെ	ചെയ്യ്	ചെയ്യിൻ.
വിൽ	വില്ക്കട്ടെ	വിൽ, വില്ക്ക്	വില്ക്കിൻ.
അണ	അണയട്ടെ	അണ	അണയിൻ.

മദ്ധ്യമപുരുഷൈകവചനത്തിൽ പ്രത്യയമില്ലാത്തതിനാൽ 'വിൽ' എന്നതിനു സന്ധിയിൽപറഞ്ഞ സംവൃതാഗമം വരുമ്പോൾ അതു സ്വരമാകയാൽ കാരിതത്തിന്റെ ക്കു് ആഗമം വ

ന്നു 'നില്ക്ക്' എന്നു രൂപം വരുന്നു. ചില്ലിനു സംവൃതാഗമം വികല്പമാകയാൽ 'നിൽ' എന്നും 'നില്ക്ക്' എന്നും രണ്ടു രൂപമായി.

85. മദ്ധ്യമബഹുവചനത്തിന്റെ 'ഇൻ' പ്രത്യയം ഭാവിരൂപത്തിൽനിന്നും വരാം.

ഉദാ:— പറ,	പറയും	+ ഇൻ = പറയുവിൻ.	[4 (6) (d) പറയിൻ]
കേൾ	കേൾക്കും	+ ഇൻ = കേൾക്കുവിൻ.	[ടി] കേൾക്കിൻ
വരു്,	വരും	+ ഇൻ = വരുവിൻ	[ടി] വരിൻ

86. (1) മദ്ധ്യമബഹുവചനമായ 'ഇൻ' (2) ആധാരകഭാവിയായ 'ഉം' (3) പിൻവിനയെച്ചമായ 'ആൻ' ഇവയ്ക്കു മുമ്പു കാരിതങ്ങളുടെ 'ക്ക്'—ആഗമം 'പ്പു' എന്നുമാകാം.

ഉദാ:—

നട	നടപ്പിൻ	നടപ്പൂ	നടപ്പാൻ.
	നടക്കിൻ	നടക്കും	നടക്കാൻ.
വലി	വലിപ്പിൻ	വലിപ്പൂ	വലിപ്പാൻ.
	വലിക്കിൻ	വലിക്കും	വലിക്കാൻ
പാർ	പാർപ്പിൻ	പാർപ്പൂ	പാർപ്പാൻ.
	പാർക്കിൻ	പാർക്കും	പാർക്കാൻ.

ഇതിനാൽ കാരിതങ്ങൾക്കു നിയോജകമദ്ധ്യമബഹുവചനത്തിൽ നില്ക്കിൻ, നില്പിൻ, നില്ക്കുവിൻ എന്നാപോലെ വികല്പങ്ങളെക്കൊണ്ടു മൂന്നുരൂപം വരാമെന്നറിക.

87. ധാതു ണകാരാന്തമോ നകാരാന്തമോ ആയാൽ മുൻവകുപ്പിൽ ചൊന്ന നിമിത്തങ്ങളിലെല്ലാം അതിൽ വികല്പേന മകാരം അന്താഗമം ചേരും.

കാൺ	കാണ്മിൻ	കാണ്മൂ	കാണ്മാൻ.
	കാണിൻ	കാണും	കാണാൻ.
തിൻ	തിന്മിൻ	തിന്മൂ	തിന്മാൻ.
	തിന്നിൻ	തിന്നും	തിന്നാൻ.
ഉൺ	ഉണ്മിൻ	ഉണ്മൂ	ഉണ്മാൻ.
	ഉണ്ണിൻ	ഉണ്ണും	ഉണ്ണാൻ.

ഈ ണ്മ-ന്മ-കളെ സാധാരണയിൽ മ്മ എന്നു എഴുതാറുണ്ടു. 'ഉമ്മാനില്ലാഞ്ഞൊരുനാളൊരുപിടിയവിലും കൊണ്ടു ചെന്നാൻ കുചേലൻ' ഇത്യാദി പ്രയോഗം നോക്കുക. എന്നാൽ 'കാണ്മാൻ' എന്നതിനെ കാമ്മാൻ എന്നു ആരും എഴുതാറില്ലതാനും

88. ആലും, എന്നു ചേർത്ത ഭൂതകാലരൂപവും നിയോജകമദ്ധ്യമത്തിന്റെ ഫലം ചെയ്യും. ഇതിനെ പൂജിച്ചു പറയുന്നിടത്തു ഉപയോഗിച്ചുവരുന്നു.

ഉദാ:—'കേട്ടാലുമിതായയണിമയേകരയന്നവാതോർ'
'മധുരമൊഴിശാരികേ വന്നാലും നീ'

89. വിധായകം വിധി, കൃത്യം, ശീലം എന്ന അർത്ഥങ്ങളെ കാണിക്കുന്നു.

90. 'ഏണം' അല്ലെങ്കിൽ 'എണം' എന്ന പ്രത്യയം വിധായകത്തെ കുറിക്കുന്നു.

ഉദാ:—പറ —പറയേണം, പറയണം.
പോ —പോവേണം, പോർകണം പോകണം.
ചെയ് —ചെയ്യേണം, ചെയ്യണം.

'പറയേണം' 'ചെയ്യേണം' എന്നു എഴുതേണ്ടതിന്നു ആളുകൾ തെറ്റിദ്ധരിച്ചു 'പറയണം,' 'ചെയ്യണം' എന്നു എഴുതുക പതിവായിത്തീർന്നിരിക്കുന്നു. 'ജനം' 'മയ' എന്നവയെ 'ജെനം' 'മെയ' എന്നു എഴുതിയാലെന്നപോലെ വായിക്കാറുണ്ട്. അതുപോലെ 'പറയണം' എന്നെഴുതിയാലും 'പറയെണം' എന്നു വായിക്കാമല്ലോ എന്നാണു അവരുടെ യുക്തി എന്നു തോന്നുന്നു. എന്നാൽ ജനങ്ങൾ ചില ശബ്ദങ്ങളിൽ സംസ്കൃതത്തിലെ ശുദ്ധ അകാരം ഭാഷയിൽ താലവ്യമാക്കി ഉച്ചരിക്കയാകുന്നു. 'പറയേണം' ഇത്യാദികളിൽ യകാരത്തിന്റെ മേലുള്ള സ്വരം അകാരമേ അല്ല; 'ഏണം' എന്ന പ്രത്യയത്തിന്റെ ഹ്രസ്വമായ എ കാരമാകുന്നു എന്നു ഓർമ്മിക്കണം.

91. വിധായകത്തിനു വിധി, ശീലം, കൃത്യം എന്നു മൂന്നർത്ഥം പറഞ്ഞതിൽ ആദ്യത്തെ രണ്ടർത്ഥത്തിലും കാലഭേദത്തിനു സംബന്ധമില്ല.

ഉദാ:—എല്ലായ്പോഴും സത്യം പറയണം—വിധി.
കോഴികൂവുന്ന സമം ഉണരണം—ശീലം.

ഇവയിൽ കാലഭേദം സംബന്ധിക്കുന്നതേ ഇല്ല. കൃത്യം എന്ന മൂന്നാമർത്ഥത്തിനു മാത്രം കാലഭേദത്തിനു ചേർച്ചയുണ്ട്. കൃത്യമർത്ഥത്തിനു

ചെലവിന്നു സമയമുള്ള രോഗികളാകണം—ആളു (അവരുടെ കൃത്യമാണ്.)

എന്നുദാഹരണം പറയാം. ഒന്നു ഒരുവന്റെ കൃത്യമാകുന്നു എന്നോ ആയി എന്നോ, ആകും എന്നോ, ആവശ്യംപോലെ പറ

യേണ്ടതായി വരും. ഇങ്ങനെ വിധായകപ്രകാരത്തിനു കൃത്യമൎത്ഥത്തിൽ ത്രികാലങ്ങളും ആവശ്യപ്പെടുന്നു. ഈ പ്രകാരത്തിന്റെ പ്രത്യയമായ 'എണം' എന്നതു വാസ്തവത്തിൽ വേൺ-എന്ന ഒരു ധാതുവിന്റെ 'വേണം' എന്നുള്ള ഭാവിരൂപം തന്നെ ലോപിച്ചുണ്ടായതാണ്. അതിനാൽ കാലഭേദത്തിനു ആവശ്യം നേരിട്ടപ്പോൾ ആ ധാതുവിന്റെ ത്രികാലരൂപങ്ങളെ തന്നെ പ്രത്യയം പോലെ ചേൎക്കുന്നു. അതിന്റെ രൂപങ്ങളാവിത്.

വൎത്ത.	ഭൂതം.	ഭാവി.
വേണുന്നു, വേണ്ടുന്നു	വേണ്ടി	വേണ്ടും, വേണ്ട

ഈ രൂപങ്ങളെ തന്നെ ആദിവൎണ്ണമായ വകാരം വിട്ടിട്ടു ധാതുവിൽ ചേൎക്കണം.

	വൎത്ത.	ഭൂതം.	ഭാവി.
ഉദാ—	പറയേണ്ടുന്നു	പറയേണ്ടി,	പറയേണ്ടും, പറയേണ്ട.

൯൨. അനുജ്ഞായകം, അനുജ്ഞ(സമ്മതം)യെ കുറിക്കുന്നു.

൯൩. അനുജ്ഞായകത്തിന് 'ആം' എന്ന പ്രത്യയം.

ഉദാ — പറ — പറയാം (പറക സമ്മതിക്കപ്പെട്ടിരിക്കുന്നു എന്നൎത്ഥം)
ചെയ്യ് — ചെയ്യാം — ചെയ്ക ടി
പോ — പോകാം — പോക ടി
കേൾ — കേൾക്കാം — കേൾക്ക ടി

൯൪. അനുജ്ഞായകത്തിനും അതിന്റെ അൎത്ഥമായ അനുജ്ഞ ഭൂതമോ ഭാവിയോ വൎത്തമാനമോ ആകാവുന്നതിനാൽ ത്രികാലങ്ങളുടെ യോഗത്തിനു വകയുണ്ട്. ഈ പ്രകാരത്തിലുള്ള പ്രത്യയം 'ആവുക' ധാതുവിന്റെ 'ആകും' എന്ന ഭാവിരൂപം സങ്കോചിച്ചുണ്ടായതാകയാൽ ആ ധാതുവിന്റെ ത്രികാലരൂപങ്ങളെ തന്നെ കാലഭേദം കുറിപ്പാൻ ഉപയോഗപ്പെടുത്തുന്നു.

	വൎത്ത.	ഭൂതം.	ഭാവി.
ഉദാ—	പറയാവുന്നു	പറയായി	പറയാം
	കാണാകു(വു)ന്നു	കാണായി	കാണാം

൯൫. വിധായകാനുജ്ഞായകങ്ങളിൽ പ്രത്യയസ്ഥാനം വഹിക്കുന്നതു വേറെ ധാതുക്കളാകയാൽ ആ ധാതുക്കളെ പിരിച്ചും പ്രയോഗിക്കാം. അങ്ങനെ ചെയ്യുമ്പോൾ പ്രധാനധാതുവിന്റെ ന

ട്ടവിനയെച്ചത്തിൽ 'വേൺ' 'ആവുക' കളുടെ ആവശ്യപ്പെട്ട രൂപങ്ങളെ സമാസംപോലെ ചേൎക്കണം.

ഉദാ—പറയണം	ആവശ്യകിൽ	പറകവേണം
പറയുന്നു	ടി	പറയാവുന്നു
പറയും	ടി	പറകയാം

96. ശീലാൎത്ഥത്തിൽ വിധായകവും, അനുജ്ഞ ചെയ്യുന്നവനും കൎത്താവും വേറെയാകുന്നിടത്തു അനുജ്ഞായകവും *നിൎദ്ദിഷ്ടകൎത്തൃക*മാകും.

നിൎദ്ദിഷ്ടകൎത്തൃകമെന്നാൽ കൎത്താവിനെക്കൂടി നിൎദ്ദേശം ചെയ്യു (ഉള്ളടക്കംചെയ്യു) ക്രിയ എന്നൎത്ഥം. പ്രധാനധാതുവിന്റെ നടുവിനയെച്ചം പ്രത്യയസ്ഥാനത്തു നില്ക്കുന്ന ധാതുവിന്റെ കൎത്താവായി വരുന്നതിനാൽ ക്രിയയിൽതന്നേ കൎത്താവുംകൂടി അടങ്ങിപ്പോകുന്നു; അതിനാൽ വേറെ ഒരു കൎത്താവു ഈ ക്രിയകൾക്കു ആവശ്യമില്ല. ഒറ്റപ്പദമായിട്ടു തന്നെ ഇരുന്നാലും നിൎദ്ദിഷ്ടാൎത്ഥങ്ങളിൽ (മുൻകാണിക്കപ്പെട്ട അൎത്ഥങ്ങളിൽ) പിരിച്ചു പ്രയോഗിക്കുന്നതുപോലെ വിചാരിപ്പാനുള്ളതു് എന്നു വന്നുകൂടുന്നു.

ഉദാ—കാക്കക്കുട്ടിനു് ഇറങ്ങണം (=ഇറങ്ങുകവേണം)
എഴിഞ്ഞ വീട്ടിൽ പോകണം (=പോകവേണം)
നാരകത്തിൽ കളിപ്പാൻപോകാം (=പോകാവു)

97. മേൽ വിവരിച്ച നാലു പ്രകാരങ്ങൾക്കു പുറമേ *പ്രാൎത്ഥകം, ആശംസകം* എന്നു രണ്ടു പ്രകാരങ്ങൾ കൂടി ഉണ്ടെന്നു പറയാം. എന്നാൽ അവ മുൻ പറയപ്പെട്ട നാലെണ്ണങ്ങളിൽ ഒന്നിൽ നിന്നു ഉത്ഭവിക്കുന്നവ തന്നെ ആകുന്നു. അതിനാൽ രൂപസിദ്ധി നോക്കുമ്പോൾ അവയെ സ്വതന്ത്രങ്ങളായി ഗണിക്കേണ്ടതില്ല. *പ്രാൎത്ഥകം* പ്രാൎത്ഥനയെയും *ആശംസകം* ആശംസയെയും കാണിക്കുന്നു. (ആശംസയെന്നാൽ ഒരു വസ്തു തനിക്കു കിട്ടിയാൽ കൊള്ളായിരുന്നു എന്നു കാമനയുള്ള ആശ.)

98. വിധായകത്തിൽ 'ഏ' എന്ന നിപാതം ചേൎത്താൽ അതു പ്രാൎത്ഥകമാകും.

ഉദാ—ഈശ്വരാ ഒരു പുത്രനെ തരേണമേ!
പിഴപ്പിക്കരുതേ!

സാധാരണ വാക്കുകളിൽ (സംസാരിക്കുന്ന ഭാഷയിൽ), 'ഉണ്ടാകണേ' 'തരണേ' എന്നു സബോധിപ്പിച്ചുള്ളതാണ്, ഇതിനെ പ്രയോഗിക്ക പതിവ്.

99. നിർദ്ദേശകഭൂതകാലത്തിൽ 'ആവു' എന്നോ 'ഉതാവു' എന്നോ ചേർത്താൽ അതു ആശംസകമാവും.

ഉദാ—'ഭവതാഭവനിർവ്വാണനാനന്ദ പൂരതാവു' ഇ. ൧൦.
'ചേവടി തുണയെനിക്കേലിയിൽ ചേർന്നതാവു'
'ഭൂമണ്ഡലമണച്ചുവു'

അഭ്യാസം ൧൨

താഴെ കാണുന്ന വാക്യങ്ങളിൽ ധാതുക്കളുടെ കാലപ്രകാരങ്ങളെ വ്യുൽപ്പത്തിസഹിതം പറയുക.

൧. 'ദില്ലുവിം! മയ! നിന്റെ കൌശലത്തിനെയാനും പോലെ
നില്പായിരുന്ന ചാല സമ്മാനമാനം കഴുക്കുവും,
൨. 'കാണിമണങ്ങും കിരപ്പിടിക്കാരും പാദോം നീ വസിക്ക
തോണികരയിലെ പകയും തെറിട്ടെന്നാക്കിയിരിപ്പത്,
൩. 'കുരുമായിപ്പണിണങ്ങൾ ചേർന്ന തണലിൽ കിടന്നയവിറക്കയാം.'
൪. 'കമലവിലോചനേ! കമനീയാംഗി! നീയാം-
തൊഴമെ തപാല്ലിട്ടയിൻ കഴിതാവമെന്നാലും '
൫. '. . . . അവർ വില്ലിതോരാലിയാൽ വില്ലുറവഴിയിലേ.'
൬. 'മൃഗികളെയിവിടെ വരത്തുവിനെന്ന് ചൊഴിന്നാനുടനേ'
൭. 'ആവിക വഴികരചരകൾ നീയിയ ഭമരകളുടയവർഗ്ഗമുടനേ
സുരലോകം പുരോഭാഗത്തെന്നതെ സുകൃതമിതിന്റെസാദ്ധ്യമെന്നേ,
൮. 'കോപിയാം ഞാൻ വധിച്ചീട്ടുമീവാളിനാൽ
വാവാ ഏഴുനേറു നിൽക്കട സതചം'
൯. 'ജീ മതിക്കാളുടയടി പാദപ്പൂക്കോണമായുമിരപ്പൻ'
൧൦. 'ഹീ ഭേരൾ നിന്നുള്ളൂണ്ടുപാദയുക്തം
യുകന്നസ്സുതമാനപയസ് ഭൂവാണമേ'
൧൧. 'പൂർണ്ണനാരനക് ഭൂതിലക! ഒരു കരാതൃകായനായ്ഭവാം.'
൧൨. 'ശ്രീഭൂമിക്ഷോണിപാലൻ ചിരമവനിലമിച്ചീടണേ പന്മനാഭ!'
൧൩. 'ധർമ്മായാത്രപാരമാം തിരുമലമേ
ഞങ്ങൾ വസുന്ധര മനിച്ചു വസിച്ചിടട്ടേ.'

൮ പ്രയോഗം

100. അഴകു്, മിടുക്കു്, പൊക്കം, നീളം മുതലായ ഗുണങ്ങൾ എന്നപോലെ ഉണ്ണുക, ഉറങ്ങുക, ഓടുക, അടിക്കുക മുതലായ ക്രിയകളും ദ്രവ്യങ്ങളെ ആശ്രയിച്ചേ നിൽക്കുകയുള്ളു. ഒരു വസ്തുവിന്റെ പൊക്കമോ നീളമോ അതിൽ നിന്നു പിരിഞ്ഞു നിൽക്കുകയില്ല. അതിന്മണ്ണം ക്രിയകൾക്കും അവയെ നടത്തുന്ന ദ്രവ്യങ്ങളെ ആശ്രയിച്ചല്ലാതെ തനിയെ നിൽക്കാവുന്നതല്ല. എന്നാൽ ഇത്രയും ഭേദമുണ്ടു്. ഗുണങ്ങൾക്കു് ആശ്രയമായിട്ടു് ഒരു ദ്രവ്യം മതി; ക്രിയകൾക്കാകട്ടെ മിക്ക ഉദാഹരണങ്ങളിലും പല ദ്രവ്യങ്ങളുടെ ആശ്രയം വേണ്ടിയിരിക്കുന്നു. 'രാമൻ കൃഷ്ണനെ വടികൊണ്ടടിച്ചു' എന്ന വാക്യത്തിൽ 'അടിക്കുക' എന്ന ക്രിയ രാമൻ, കൃഷ്ണൻ, വടി എന്ന മൂന്നു ദ്രവ്യങ്ങളെ ആശ്രയിച്ചാണു നിൽക്കുന്നതു്; ഇവയിൽ ഒന്നെങ്കിലും ഇല്ലായിരുന്നെങ്കിൽ ആ ക്രിയ സാധിക്കയില്ല. എന്നാൽ ഈ മൂന്നു എണ്ണങ്ങൾക്കും പ്രാധാന്യത്തിൽ ഭേദമുണ്ടു്. അടിക്ക എന്ന ക്രിയ പ്രവർത്തിക്കുന്നവൻ രാമനാകയാൽ അവൻ മറ്റുള്ളവയെക്കാൾ പ്രധാനിയാകുന്നു; കൃഷ്ണൻ രാമന്റെ പ്രവൃത്തിയെ ഉദാസീനനായി നിന്നു സഹിക്കുന്നതേ ഉള്ളു; വടിയാകട്ടെ രാമനു് ആ പ്രവൃത്തി ചെയ്യുന്നതിൽ ഒരു സാധകമായി നിൽക്കുന്നു എന്നു മാത്രമേ ഉള്ളു. വടി കിട്ടിയില്ലെങ്കിൽ വേറെ വല്ലതും കൊണ്ടും അവൻ ഈ പ്രവൃത്തി നടത്തുമായിരുന്നു. ഇങ്ങനെ ഒരു ക്രിയ നടത്തുന്ന ദ്രവ്യങ്ങൾക്കു വൈയാകരണന്മാർ *കാരകം* എന്നു പേർ കൊടുത്തിരിക്കുന്നു. അതിൽ രാമനെപ്പോലെ പ്രധാനിയായി നിന്നു പ്രവൃത്തിചെയ്യുന്നവൻ *കർത്താ*; കൃഷ്ണനെപ്പോലെ ആ പ്രവൃത്തികൊണ്ടു് സാക്ഷാൽ ഉണ്ടാകുന്ന ഫലത്തെ ഉദാസീനനായി നിന്നു സഹിക്കുന്നവൻ *കർമ്മം*; വടിപോലെ സാധകമായി നിൽക്കുന്നതു *കരണം*. ഇതുപോലെ വേറെയും കാരകങ്ങളുണ്ടു്. ഇപ്പറഞ്ഞ പ്രകാരം ക്രിയകളെല്ലാം കാരകങ്ങളെ ആശ്രയിച്ചേ നിൽക്കു എന്നു സ്പഷ്ടമായി. അപ്പോൾ ഒരു ക്രിയയെപ്പറയുമ്പോൾ അതിനെ നടത്തുന്ന കാരകങ്ങളെക്കൂടി പ്രസ്താവിച്ചേ തീരൂ; ഇവയിൽ എല്ലാറ്റിനും പ്രാധാന്യം ഒന്നുപോലെയും അല്ലതാനും. കാരകങ്ങളിൽ ഏതിനു വക്താവു പ്രാധാന്യം വിവക്ഷിക്കുന്നുവോ ആ കാരകത്തിൽ ആ ക്രിയയ്ക്കു *പ്രയോഗം* എന്നാണു വ്യാകരണത്തിലെ ഏർപ്പാടു്. കാരകങ്ങളെ

ളിൽ വച്ചു പ്രധാനം കർത്താവാകയാൽ ഒന്നാമത്തേതു കർത്തരിപ്രയോഗം തന്നെ. കർത്താവു കഴിഞ്ഞാൽ അടുത്ത പ്രാധാന്യം കർമ്മത്തിനാകയാൽ രണ്ടാമത്തേതു കർമ്മണിപ്രയോഗം. ശേഷം കാരകങ്ങൾക്കു പ്രാധാന്യം വിവക്ഷിക്കുമ്പോൾ അവയിൽ പ്രയോഗം വരുമെങ്കിലും അവ രൂപഭേദത്തിനു കാരണമാകാത്തതിനാൽ പ്രയോഗങ്ങളെന്നു ഗണിക്കപ്പെടുന്നില്ല. 'കാളിദാസൻ ശാകുന്തളത്തെ നിർമ്മിച്ചു' എന്ന വാക്യത്തിൽ 'നിർമ്മിക്ക' എന്ന ക്രിയയെ നടത്തുന്ന കർത്തൃകർമ്മകാരകങ്ങളിൽ വച്ചു കർത്താവായ കാളിദാസനു വ്യാകരണദൃഷ്ട്യാ പ്രാധാന്യമുണ്ടു്. മറിച്ചു 'ശാകുന്തളം കാളിദാസനാൽ നിർമ്മിക്കപ്പെട്ടു' എന്നാണു വാക്യമെങ്കിൽ അവിടെ നിർമ്മാണക്രിയയുടെ ആശ്രയങ്ങളായ കാരകങ്ങളിൽ കർമ്മമായ ശാകുന്തളത്തിനാണു വ്യാകരണദൃഷ്ട്യാ അധികം പ്രാധാന്യം. ഇവയിൽ ഒന്നാം മാതിരി കർത്തരിപ്രയോഗവും രണ്ടാമത്തേതു കർമ്മണി പ്രയോഗവും ആകുന്നു. ഒന്നാമത്തേതു നിർമ്മിച്ചവൻ ആരാണെന്നുള്ള ഭാഗത്തെയും, രണ്ടാമത്തേതു് എന്തിനെ നിർമ്മിച്ചു എന്നുള്ള ഭാഗത്തെയുമാണു പ്രധാനമാക്കി കാണിക്കുന്നതു്.

101. കർമ്മണിപ്രയോഗം ഉണ്ടാക്കുന്നതിനു 'അ' എന്ന നടുവിനയെച്ചരൂപത്തിൽ 'പെടു' എന്ന ധാതുവിനെ ചേർക്കണം.

ഉദാ— പറ — പറയപ്പെടുക.
കേൾ — കേൾക്കപ്പെടുക.
അറി — അറിയപ്പെടുക.
ചെയ് — ചെയ്യപ്പെടുക.

കർമ്മമില്ലാത്ത ക്രിയകൾക്കു കർത്തരിപ്രയോഗമല്ലാതെ കർമ്മണിപ്രയോഗം സാധിക്കയില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ല.

102. എല്ലാ ക്രിയകളും കാരകങ്ങളെ ആശ്രയിച്ചേ നില്ക്കൂ എന്നു സാധിച്ചുവെങ്കിലും അപൂർവ്വം ചില ഉദാഹരണങ്ങളിൽ ഒരു കാരകത്തിനും പ്രാധാന്യം തോന്നാതെ ശുദ്ധമായ ക്രിയതന്നെ പ്രധാനമായി കാണുന്നുണ്ടു്. എങ്ങനെ—

എനിക്കു വിശക്കുന്നു, ദാഹിക്കുന്നു.
കാലം തണുക്കുന്നു.
കുട്ടികൾക്കു് ഉറങ്ങണം.

ഇവയെല്ലാം അകർമ്മകക്രിയകളാകയാൽ ഇവയ്ക്കു കർത്തരിപ്രയോഗമേ വരാനിടയുള്ളൂ. എന്നാൽ 'കുതിര ഓടുന്നു' എന്നും മറ്റുമുള്ള സാധാരണ കർത്തരിപ്രയോഗംപോലെ ഇവയിൽ കർത്താവു മുമ്പിൽ നിന്നു കാണപ്പെടുന്നില്ല. വിശപ്പു മുതലായവ അനുഭവരൂപങ്ങളാകയാൽ അവയെ ഒരുവൻ ചെയ്യുന്നതായി നമുക്കു തോന്നുകില്ല. അതുകൊണ്ട് ഈ മാതിരി സ്ഥലങ്ങളിൽ ക്രിയയ്ക്കുതന്നെ ആണു പ്രാധാന്യം. ഈ വക ധാതുക്കൾക്കാണു മുമ്പു നിഷ്കർത്തൃകങ്ങളെന്നു പേർ പറഞ്ഞതു്. ഈ മാതിരി പ്രയോഗത്തെ അകാരകപ്രയോഗം എന്നു പറയണം. അതിനാൽ നിഷ്കർത്തൃകങ്ങളുടെ പ്രയോഗം അകാരകപ്രയോഗമാകുന്നു. ഇങ്ങനെ ക്രിയകൾക്കു പ്രയോഗം (1) കർത്തരിപ്രയോഗം. (2) കർമ്മണിപ്രയോഗം. (3) അകാരകപ്രയോഗം എന്നു മൂന്നുവിധം.

അഭ്യാസം ൨൪.

താഴെ കാണുന്ന വാക്യങ്ങളുടെ പ്രയോഗങ്ങളെ പറക.

൧. ഈ കോഴി മുട്ടയിട്ടിട്ടുള്ളതായി വല്ലവരും പറക കിടുന്നില്ല.

൨. ആ പുസ്തകം ഇന്നലെ കോടതിയിൽ ചേർക്കപ്പെട്ടതിനാൽതന്നെ എല്ലാവരും അഭിപ്രായപ്പെട്ടു.

൩. ഇന്നലെ വാങ്ങിയ കലം പൊട്ടിപ്പോ കണ്ടായം വല്ലോ.

൪. നിങ്ങൾക്കു ഏതെങ്കിലും വസ്തു കിട്ടിയാൽ അതിന്റെ ഗുണദോഷങ്ങളെ ചിന്തിക്കണം.

൫. നിന്റെ കപ്പൽ ഉടഞ്ഞുപോയതിൽ പോകട്ടെ. നീ തന്നവനെ പണം ഇപ്പോൾതന്നെ ഏല്പിക്ക കിട്ടണം.

(ഴ) ലിംഗ (ള) പുരുഷ (റ) വചനങ്ങൾ.

103. സംസാരിക്കുന്നവൻ (ഞാൻ) ഉത്തമപുരുഷൻ, ആരോടു സംസാരിക്കുന്നു അയാൾ (നീ) മദ്ധ്യമപുരുഷൻ, ആരെക്കുറിച്ചു സംസാരിക്കുന്നു (അവൻ, അവൾ, അതു്) അയാൾ പ്രഥമപുരുഷൻ എന്നു പുരുഷൻ മൂന്നു്. ലിംഗവചനങ്ങൾ നാമത്തിനു ചൊന്നവതന്നെ. കർത്താവു പുരുഷനായാൽ ക്രിയയും പുല്ലിംഗം, സ്ത്രീയായാൽ സ്ത്രീലിംഗം, നപുംസകമായാൽ നപുംസകലിംഗമെന്നു് അറിക. ഇതുപോലെതന്നെ വചനവും കർത്താ

വിനയുമുതനൊക്രിയയ്ക്കു്. ദ്രാവിഡഭാഷകളിലൊക്കെയും ക്രിയയ്ക്കു ലിംഗപുരുഷവചനങ്ങളുണ്ടു്. എന്നാൽ മലയാളത്തിൽ അവ ഇപ്പോൾ തീരെ ക്ഷയിച്ചുപോയി. കവികൾ ഏതാനും ചിലതിനെ അപൂർവം ഉപയോഗിച്ചുവരുന്നു. ഗദ്യത്തിൽ ആരുംതന്നെ ലിംഗപുരുഷവചനങ്ങളെ ഉപയോഗിക്കാറില്ല. അവയ്ക്കുള്ള പ്രത്യയങ്ങളെ പട്ടികയായി താഴെ ചേർത്തിരിക്കുന്നു.

പ്രഥമപുരുഷൻ.

ഏകവചനം	ബഹുവചനം
പും - ആൻ സ്ത്രീ ആൾ നപും (ഉ, തു) }	ആർ

മധ്യമപുരുഷൻ.

ആയ്	ഈർ

ഉത്തമപുരുഷൻ.

ഏൻ ⁻ എൻ	ഓം.

ഉദാ:—'മധുരശീലമവൻ പരിചിന്തിനാൻ'— പും. പ്ര. ഏക.
'പ്രമദമോടതി വിലപമേകേ'
'ചിരമൊടു ചെന്നു വന്ദിച്ചിതു ചൊന്നാൾ'— സ്ത്രീ. പ്ര. ഏക.
'കോരാമോ കനിവോടു പുരുഷമേറി'— നപും. മ. ഏക.
'അടിയിണ പണിവതിനായടിയൻ'— പും. ഉ. ഏക.
'മുനിവരചരിതം സ്തുതിച്ചു ചൊന്നാർ' പും. സ്ത്രീ. പ്ര. ബഹു.
'ചൊല്ലീരോ'— പും. സ്ത്രീ. മ. ബഹു.
'ഇന്നു ജനങ്ങളിൽ വിന്നമയന്നോം'— പും. സ്ത്രീ. ഉ. ബഹു.

ഉപദേശം—1 ലിംഗഭേദം പ്രഥമപുരുഷൈകവചനത്തിൽ മാത്രമേ ഉള്ളൂ. പ്രഥമപുരുഷനപുംസകൈകവചനത്തെ സാധാരണലിംഗമാക്കിയാണ് കവികൾ പ്രയോഗിക്കാറുള്ളതു്. 2 ഭാവികാലത്തിൽ 'ആൻ' 'ആൾ' എന്നിവയെക്കൂടി 'അൻ' 'അൾ' എന്നാക്കണം. 3 ലിംഗപുരുഷവചനപ്രത്യയങ്ങളെ ചേർക്കുമ്പോൾ A 'ഉന്നു' 'ഉ' എന്നുള്ള കാലപ്രത്യയങ്ങളുടെ ഒടുവിലത്തെ സ്വരം ലോപിപ്പിക്കണം. എങ്ങിനെ എന്നാൽ—ചെയ്തു+ആൻ=ചെയ്താൻ, ചൊന്നു+എൻ=ചൊന്നേൻ. B 'ഇ' എന്ന ഭൂതപ്രത്യയത്തിൽ യകാരമോ നകാരമോ ആഗമം ചേർക്കണം. എങ്ങനെ എന്നാൽ—ചൊല്ലി+ആൻ=ചൊല്ലിയാൻ, ചൊല്ലിനാൻ; ചൊല്ലി+എൻ=ചൊല്ലിയേൻ, ചൊല്ലിനേൻ.

പ്രയോജകപ്രകൃതി

104. കൃതികൾക്കു രൂപഭേദം വരുന്നതിനു നിമിത്തങ്ങളായ കാലം, പ്രകാരം, പ്രയോഗം, ലിംഗം, പുരുഷൻ, വചനം എന്ന ഉപാധികളെ മുറയ്ക്കു വിവരിച്ചു കഴിഞ്ഞു. എന്നാൽ കൃതികൾ കേവലപ്രകൃതി, പ്രയോജകപ്രകൃതി എന്നു പ്രകൃതിഭേദംകൊണ്ടു രണ്ടു വകയായിട്ടുണ്ടെന്ന ആരംഭത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ രണ്ടുവക കൃതികൾക്കും ഈ കാലാദ്യുപാധികളാൽ രൂപഭേദം വരുന്നതാണ്. ഇതേവരെ കാണിച്ചതെല്ലാം കേവലപ്രകൃതിക്കുള്ള രൂപങ്ങളാകുന്നു. ഇനി പ്രയോജകപ്രകൃതിക്കുള്ളവയെ എടുക്കണം. എന്നാൽ രണ്ടുവക കൃതികൾക്കും കാലപ്രകാരാദികളെക്കുറിക്കുന്നതിനായി ചെയ്യുന്ന രൂപങ്ങളെല്ലാം ഒരുപോലെ തന്നെ ആകയാൽ കേവലപ്രകൃതിയെ പ്രയോജകപ്രകൃതി ആക്കുവാനുള്ള മാറ്റം മാത്രമേ കാണിക്കേണ്ടതുള്ളു.

കൃതിയുടെ അർത്ഥം ക്രിയയാകുന്നു. ആ ക്രിയയെ കർത്താവു സ്വയമേ ചെയ്യുന്നിടത്തു കൃതി, കേവലപ്രകൃതി; പരപ്രേരണയാലാണെങ്കിൽ അതിനെ പ്രയോജക പ്രകൃതി. 'പഠിക്കുന്നു' എന്നതു കേവലം; 'പഠിപ്പിക്കുന്നു' എന്നതു പ്രയോജകം. പ്രയോജകപ്രകൃതിയുടെ സ്വഭാവം ഈ വിധമാകയാൽ അതിൽ ക്രിയയ്ക്കു രണ്ടു കർത്താവു വരും. സാക്ഷാൽ ക്രിയ ചെയ്യുന്നവൻ *പ്രയോജ്യകർത്താ*; ക്രിയ ചെയ്യാൻ പ്രേരിപ്പിക്കുന്നവൻ *പ്രയോജകകർത്താ*; രാമൻ കൃഷ്ണനെ പഠിപ്പിക്കുന്നു, എന്ന ഉദാഹരണത്തിൽ രാമൻ പ്രയോജകകർത്താവും കൃഷ്ണൻ പ്രയോജ്യകർത്താവുമാകും.

പ്രയോജകപ്രകൃതികളിൽ പ്രയോജ്യകർത്താ സചേതനൻ (വിശേഷബുദ്ധിയുള്ളവൻ) ആയിട്ടും, അചേതനൻ (വിശേഷബുദ്ധിയില്ലാത്തവൻ) ആയിട്ടും വരാം. 'രാമൻ കൃഷ്ണനെ പഠിപ്പിക്കുന്നു' എന്ന മുന്നേത്തെ ഉദാഹരണത്തിൽ പ്രയോജ്യകർത്താവായ കൃഷ്ണൻ സചേതനനാണ്. ബാലൻ പാത്രം ഉടച്ചു എന്നു പറയുന്നിടത്ത് ഉടയുന്നതു പാത്രമാകയാൽ പ്രയോജ്യകർത്താവചേതനമാകുന്നു. പ്രയോജ്യകർത്താ സചേതനമായിട്ടുള്ള കൃതി *സചേതനകർത്തൃകം*; അചേതനമായിട്ടുള്ളത് *അചേതനകർത്തൃകം* എന്നു പറയപ്പെടുന്നു. പ്രയോജ്യകർത്താ സ്വന്തമനസ്സുകൂടാതെയോ ഉദാസീനമായിട്ടോ പ്രയോജകകർത്താവിന്റെ നിർബ്ബന്ധപ്ര-

കാരം ക്രിയ ചെയ്യുയാണെങ്കിൽ അങ്ങനെയുള്ള പ്രയോജ്യകർത്താ അചേതനനെപ്പോലെ ആയിപ്പോകുന്നതിനാൽ ആ മാതിരി കൃതികളും ഇവിടെ അചേതനകർത്തൃകങ്ങളുടെ കൂട്ടത്തിൽതന്നെ ഗണിക്കപ്പെട്ടു. അകാരിതധാതുക്കളിൽ അചേതനകർത്തൃകങ്ങൾക്കു രൂപത്തിൽ വിശേഷമുണ്ട്.

105. കേവലപ്രകൃതിയെ പ്രയോജകപ്രകൃതി ആക്കുന്നതിനു—

(1) സ്വരചില്ലന്തങ്ങളിൽ (a) അകാരിതങ്ങളെ 'ഇ' എന്ന പ്രത്യയം ചേർത്തു കാരിതങ്ങളാക്കുക. (b) കാരിതങ്ങൾക്കു 'പ്പി' എന്ന പ്രത്യയം മാത്രം ചേർക്കുക.

(2) വ്യഞ്ജനാന്തങ്ങളിൽ അന്ത്യവ്യഞ്ജനം (a) അനുനാസികമെങ്കിൽ അതിനു ദ്വിത്വാദേശം ചെയ്യും (b) ഖരമെങ്കിൽ അതിനെത്തന്നെയും ഇരട്ടിക്കുക. (c) മറ്റൊന്നെങ്കിൽ 'ഇ' പ്രത്യയം ചേർത്തു കാരിതമാക്കുകതന്നെ.

ഉദാ:—	കേവലം.	പ്രയോജകം.	രൂപങ്ങൾ.	
(1) (a)	കള	— കളയി	— കളയിക്കുന്നു,	കളയിച്ചു ... ...
	പണി	— പണിയി	— പണിയിക്കുന്നു.	... .
(b)	കളി	— കളിപ്പി	— കളിപ്പിക്കുന്നു,	കളിപ്പിച്ചു ... ...
	ഉടു	— ഉടുപ്പി	— ഉടുപ്പിക്കുന്നു,	ഉടുപ്പിച്ചു ... ...
	പാർ	— പാർപ്പി	— പാർപ്പിക്കുന്നു,	പാർപ്പിച്ചു ... ...
	കേൾ	— കേൾപ്പി	— കേൾപ്പിക്കുന്നു,	കേൾപ്പിച്ചു ... ...
(2) (a)	പൊങ്ങ്	— പൊക്ക്	— പൊക്കുന്നു	പൊക്കി ... ...
	കോൺ	— കോട്ട്	— കോട്ടുന്നു,	കോട്ടി ... ...
(2) (b)	ഉലക്	— ഉലക്ക്	— ഉലക്കുന്നു,	ഉലക്കി ... ...
	ആട്	— ആട്ട്	— ആട്ടുന്നു,	ആട്ടി ... ...
	മാറ്	— മാറ്റ്	— മാറ്റുന്നു,	മാറ്റി ... ...
(2) (c)	വേവ്	— വേവി	— വേവിക്കുന്നു,	വേവിച്ചു ... ...
	ചെയ്യ്	— ചെയ്യി	— ചെയ്യിക്കുന്നു,	ചെയ്യിച്ചു ... ...
	അലസ്	— അലസി	— അലസിക്കുന്നു,	അലസിച്ചു ... ...
	പൂശ്	— പൂശി	— പൂശിക്കുന്നു,	പൂശിച്ചു ... ...

അപവാദം (1) ഴ ള ലാന്തങ്ങൾക്കും പരക്കുക മുതലായ ചില ധാതുക്കൾക്കും 'ത്ത' എന്നാകുന്നു പ്രത്യയം.

ഉദാ:—ഉവര്-ഉവർത്ത്-ഉവർത്തുന്നു-ഉവർത്തി

പകര്-പകർത്ത്-പകർത്തുന്നു-പകർത്തി.

വിടിര്-വിടിര്ത്ത്-വിടിര്ത്തുന്നു-വിടിര്ത്തി.
താഴ്-താഴ്ത്ത്-താഴ്ത്തുന്നു-താഴ്ത്തി.
വീഴ്-വീഴ്ത്ത്-വീഴ്ത്തുന്നു-വീഴ്ത്തി.
പര-പരത്ത്-പരത്തുന്നു-പരത്തി.
നട-നടത്ത്-നടത്തുന്നു-നടത്തി.
അകല്-അകത്ത്-അകത്തുന്നു(റ്റുന്നു)-അകത്തി.
ചെറു്-ചെറുത്ത്-ചെറുത്തുന്നു-ചെറുത്തി.
തിരു്-തിരുത്ത്-തിരുത്തുന്നു-തിരുത്തി.
അമര്-അമര്ത്ത്-അമര്ത്തുന്നു-അമര്ത്തി.

അപവാദം (൨) അചേതനകര്ത്തൃകങ്ങളായ അകാരിതങ്ങൾക്കു 'ഇ' എന്ന പ്രത്യയം ചേര്ക്കേണ്ട; കാരിതമാക്കിയാൽ മാത്രം മതി.

ഉദാ:—അകാരിതം. കാരിതം

ഉട	ഉട	ഉടയ്ക്കുന്നു	ഉടച്ചു.
പൊടി	പൊടി	പൊടിയ്ക്കുന്നു	പൊടിച്ചു.
തേ	തേ	തേയ്ക്കുന്നു	തേച്ചു.

അപവാദം (൩) സംവൃതാന്തങ്ങളിൽ സംവൃതത്തെ വിവൃതമാക്കീട്ട് 'ഇ' പ്രത്യയം ചേര്ക്കയും കാരിതമാക്കയും ചെയ്യണം.

ഉദാ:—പെട്-പെടുവി-പെടുവിക്കുന്നു-പെടുവിച്ചു.
നട്-നടുവി-നടുവിക്കുന്നു-നടുവിച്ചു.
പെറു-പെറുവി-പെറുവിക്കുന്നു-പെറുവിച്ചു.

ഇവയെ ചുരുക്കി പെടീക്കുന്നു, നടീക്കുന്നു, പെറീക്കുന്നു എന്നും മററുമേ സാധാരണ സംസാരിക്കാറുള്ളൂ.

നാമധാതുക്കൾ

---

൧൦൩. സ്വതേയുള്ള ധാതുക്കൾ (പ്രകൃതികൾ) കൂടാതെ മററു ശബ്ദങ്ങളേയും ചിലപ്പോൾ ധാതുക്കളാക്കാറുണ്ട്. ഈ വക ധാതുക്കളിൽ മിക്കവയും നാമത്തിൽ നിന്നുണ്ടാകുന്നവയാകയാൽ ഇവയ്ക്കു നാമധാതുക്കളെന്നു പേർ.

ഉദാ:—കല്ലുപോലെയാകുന്നു=കല്ലിക്കുന്നു, കല്ലിച്ചു.
തുരുതുരു എന്നു തോന്നിക്കുന്നു=തുരുതുരുക്കുന്നു, തുരുതുരുത്തു.

നാമധാതുക്കൾക്ക് അർത്ഥം പ്രായേണ ആ നാമത്തെ 'ചെയ്യു' അല്ലു 'ആവുക' എന്നോ മറ്റുമായിരിക്കും.

107. നാമധാതുക്കളെ ഉണ്ടാക്കുന്നതിനു പ്രയോജകപ്രകൃതിയിൽ പറഞ്ഞതുപോലെ 'ഇ' എന്ന പ്രത്യയം ചേർത്തു കാരിതത്തിനുള്ള രൂപം ചെയ്യണം.

ഉദാ—നാമം	ധാതു	
വമ്പ്	വമ്പി	വമ്പിക്കുന്നു
കണ്	കണി	കണിക്കുന്നു
കുഴമ്പ്	കുഴമ്പി	കുഴമ്പിക്കുന്നു.

അപവാദം—നാമം സ്വരാന്തമെങ്കിൽ ആ സ്വരമോ 'ഇ' എന്ന പ്രത്യയമോ വൈകല്പികമായി ലോപിച്ചു പോകും.

ഉദാ—നാമം	ധാതു	രൂപം	
അടി—	അടി—	അടിക്കുന്നു	} പ്രത്യയലോപം.
മണ—	മണ—	മണക്കുന്നു	
ചുമ—	ചുമ—	ചുമക്കുന്നു	
മധുര—	മധുരി—	മധുരിക്കുന്നു	സ്വരലോപം

വൈകല്പികമാകയാൽ 'ചലം' എന്നതിനു 'ചലവിക്കുന്നു' എന്നു ലിംഗപ്രത്യയലോപം കൂടാതെയും, 'പുക' എന്നതിനു 'പുകയുന്നു' എന്നു കാരിതരൂപമില്ലാതെയും രൂപം വരുന്നു.

ഉപദേശം—സംസ്കൃതത്തിൽ നിന്നെടുക്കുന്ന ധാതുക്കളെല്ലാം നാമധാതുവിനെപ്പോലെ രൂപം ചെയ്യണം.

സംസ്കൃതം	മലയാളം	രൂപം
ഉദാ—ഭജ്	—ഭജി	—ഭജിക്കുന്നു
ശാസ്	—ശാസി	—ശാസിക്കുന്നു
ചിന്ത്	—ചിന്തി	—ചിന്തിക്കുന്നു
ഹൃ	—ഹരി	—ഹരിക്കുന്നു
ഭൂ	—ഭവി	—ഭവിക്കുന്നു
വിദ്	—വേദി	—വേദിക്കുന്നു.

ഖിലധാതുക്കൾ

---

108. എല്ലാക്കാലങ്ങളിലും എല്ലാ പ്രകാരങ്ങളിലും മറ്റും പ്രയോഗമില്ലാതെ (ജനനം മുതല്ക്കോ ജരയാലോ അംഗവൈകല്യംവന്ന ആളുകളെപ്പോലെ) ഭാഷയിൽ കാണുന്ന രൂപവൈക

പൂൎണ്ണമല്ലാത്ത ധാതുക്കൾക്കു ഖിലധാതുക്കൾ എന്നുപേർ. ഏതാനും ഖിലധാതുക്കളെയും അവയ്ക്കു് ഇപ്പോൾ നടപ്പുള്ള രൂപങ്ങളെയും താഴെ പട്ടികയായി കാണിച്ചിരിക്കുന്നു—

അനുപ്രയോഗധാതുക്കൾ

109. മറ്റൊരു ധാതുവിനെ സഹായിക്കാനായി അതിനടുത്തു പരമായി പ്രയോഗിക്കുന്ന ധാതുക്കളാകുന്നു അനുപ്രയോഗങ്ങൾ. അനുപ്രയോഗം (1) ഭേദകാനുപ്രയോഗം (2) കാലാനുപ്രയോഗം (3) പൂരണാനുപ്രയോഗം, എന്നു മൂന്നു മാതിരിയുണ്ടു്.

ഏതു ധാതുവിനെ സഹായിപ്പാൻ അനുപ്രയോഗത്തെ ഉപയോഗിക്കുന്നുവോ ആ ധാതുവിനു *പ്രാക്പ്രയോഗം* എന്നുപേർ. അനുപ്രയോഗങ്ങളെ മുറയ്ക്കു വിവരിക്കുന്നു.

110. ഭേദകാനുപ്രയോഗം പ്രാക്പ്രയോഗധാതുവിന്റെ അൎത്ഥത്തിൽ ചില വിശേഷങ്ങളെ ചേൎക്കുന്നു.

ഉദാ—വിവരം തിരുമനസ്സറിയിച്ചുകൊള്ളുന്നു.
അവൻ സത്യം പറഞ്ഞുപോയി.
അവൻ ശത്രുക്കളെ തോല്പിച്ചുകളഞ്ഞു.

ഇവയിൽ 'കൊള്ളുന്നു' എന്നതു വിനയത്തെയും, 'പോയി' എന്നതു ഓൎക്കാതെ വന്നതു എന്ന അൎത്ഥത്തെയും, 'കളഞ്ഞു' എന്നതു ലാഘവത്തെയും അതതിന്റെ പ്രാക്പ്രയോഗധാതുക്കളിൽ ചേൎക്കുന്നു. താഴെ കാണിച്ചിട്ടുള്ള ധാതുക്കൾ പ്രായേണ അനുപ്രയോഗങ്ങളായി നടക്കുന്നു.

	ധാതു	അൎത്ഥം
൧	കൊള്ളുക	സ്വാൎത്ഥം, പ്രവൃത്തി, വിനയം ഇത്യാദി.
൨	ഇടുക, ഈടുക	സ്വാൎത്ഥം, കവികൾ മാത്രം ഉപയോഗിക്കുന്നതു്.
൩	വെയ്ക്കുക (വയ്ക്കുക)	ഭാവിയം, സാകൃത്യകരണം ഇത്യാദി.
൪	വിടുക	(ഉടുക) ത്വര, ക്ഷണികത ഇത്യാദി.
൫	കളക	നിശ്ശേഷത, സാഹസം, അനാദരം ഇത്യാദി.
൬-൭	കൊടുക്ക, തരിക	പരാൎത്ഥപ്രവൃത്തി.
൮	അരുളുക	ബഹുമാനം.

വികലധാതുക്കളുടെ രൂപങ്ങൾ (൨൦—൨൭)

ധാതു	മുറ്റുവിന: വർത്തമാനം	ഭൂതം	ഭാവി: സാധാരണം	ഭാവി: അവധാരകം	പറ്റുവിന: പേരെച്ചം: വർത്തമാനം	ഭൂതം	ഭാവി	വിനയെച്ചം: മുൻ	പിൻ	നടു	പാക്ഷിക	തൻ	ക്രിയാനാമം / കൃതികൃത്തു
ഉള്	,,	ഉണ്ട് (വർത്തമാനാർത്ഥം)	,,	ഉള്ളൂ	ഉള്ള	,,	,,	,,	,,	,,	,,	,,	,,
എൻ	,,	എന്നു { എന്നവർ, എന്നാൽ, എന്നാൻ }	എന്നും (എന്നാൻ)	,,	,,	എന്ന	,,	എന്ന്	എന്നാൽ, എന്മാൻ	എൻക	എൻകിൽ	,,	,,
ഇൽ (ല്)	,,	,,	ഇല്ല, ഇല്ലാ	,,	,,	,,	,,	,,	,,	,,	,,	,,	,,
അൽ (ല്)	,,	,,	അല്ല	,,	,,	,,	,,	,,	,,	,,	,,	,,	,,
ഒൽ (ല്)	,,	,,	ഒല്ല	,,	,,	,,	,,	,,	,,	,,	,,	,,	,,
മാട്	,,	മാട്ടു	,,	,,	,,	,,	,,	,,	,,	,,	,,	,,	,,
വേൺ്	{ വേണ്ടിന്നു, വേണുന്നു }	(അവ്യക്തം)	വേണം	വേണ്ടു	{ വേണ്ടിന്ന, വേണുന്ന }	വേണ്ടിയ	വേണ്ടു	,,	,,	{ വേണ്ടുക, വേണുക }	{ വേണ്ടുകിൽ, വേണുകിൽ }	,,	,,
തക്	,,	,,	തകും	തകൂ	തകുന്ന	തക്ക	തകും	,,	,,	,,	,,	,,	,,
മിക്	,,	,,	മികും	മികൂ	മികുന്ന	മിക	മികും	,,	,,	,,	,,	,,	,,
പോരൽ (ര്)	,,	,,	,,	,,	,,	,,	പോരും	,,	,,	,,	,,	പോരെ	,,
പുക്	,,	പുക്ക് (പുക്കാൻ, ശ. ഭ.)	,,	,,	,,	,,	,,	,,	,,	,,	,,	,,	,,
ഉറ്	,,	,,	,,	,,	,,	ഉറ്റ	,,	ഉറ്റു	,,	,,	,,	,,	,,
കൺ	,,	,,	,,	,,	,,	,,	,,	,,	,,	,,	,,	..	കാണൽ

൯ പോക—പരിണാമം, അവസാനം ഇത്യാദി.

൧൰ വരിക—നിത്യത, ശ്രമണസിദ്ധി ടി

൧൧ പോരിക—പതിവ്.

൧൨ കൂടുക—ക്രിയാസമാപ്തി, ശക്തി, സമ്മതം ഇത്യാദി.

൧൩-൧൪ കഴിക, തീരുക—ക്രിയാവസാനം.

൧൫ ചമയുക—അവധി.

൧൬ ഇരിക്ക—അൽഭുതം.

ഇവയ്ക്കുദാഹരണങ്ങൾ

൧ എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം.
൨ വിരച്ചിലേറെ മുനിയാതയാണെന്ന നീ.
൩ വിസ്താരം തിരുത്തിവെച്ചു, ഞാൻ വരുന്നേരം.
൪ അമാത്യൻ ഉണർന്നിട്ടു. കള്ളൻ അടിച്ചെടുത്തു പോയ്പ്പോയി.
൫ കള്ളൻ ചാടിക്കളഞ്ഞു.
൬ അവനു ഞാൻ ഉപകാരം ചെയ്തുകൊള്ളും.
൭ എന്നിട്ട അവൻ ഉപകാരം ചെയ്തുതന്നില്ല.
൮ ഇളംതിരാനാക തിരുമനസ്സാകെ ചെയ്തരുളിയ സമാധാനം.
൯ അസത്യം പറഞ്ഞുപോകരുത്.
൧൰ ഷഷ്ഠീവ്രതം ഞാൻ അനുഷ്ഠിച്ചുവരുന്നു.
൧൧ ഈ പാലയിൽ ഒരു യക്ഷിയുണ്ടെന്ന പറഞ്ഞുപോരുന്നു.
൧൨ നാട്ടുകാരെല്ലാം വന്നുകൂടി.
൧൩-൧൪ കുട്ടികൾ പാഠം പഠിച്ചുകഴിഞ്ഞു, പഠിച്ചുതീർന്നു.
൧൫ പലവടിവും വന്നു ചമഞ്ഞു.
൧൬ നല്ല കാലം വന്നിരിക്കുന്നു.

111. കാലാനുപ്രയോഗം ഭൂതാദി കാലത്രയത്തിൽ ചില താരതമ്യങ്ങളെക്കുറിക്കുന്നു.

അനാദ്യന്തമായ കാലത്തിൽ ഇന്നലെ നടന്നതും പണ്ട കൃതയുഗത്തിൽ നടന്നതും ഭൂതമാകും. അതിന്മണ്ണം നാളത്തേതും കൽക്കിയുടെ കാലത്തു വരാൻ പോകുന്നതും ഭാവി തന്നെ. ഈ വിധം ഒരു അതിരില്ലാത്ത ഭൂതഭാവികൾക്ക *അപരിച്ഛിന്നഭൂതം* എന്നും *അപരിച്ഛിന്നഭാവി* എന്നും പേർ. കാലപ്രത്യയം കുറിക്കുന്ന കാലം ഈ മാതിരി അപരിച്ഛിന്നമായിട്ടുള്ളതാകുന്നു. കാലാനുപ്രയോഗങ്ങൾ ഈ അപരിച്ഛിന്നകാലത്തെ ഒരു വിധം പരിച്ഛേദിക്കും.

112. കാലം താഴെക്കാണിച്ചപ്രകാരം വിഭജിക്കപ്പെട്ടിരിക്കുന്നു.

കാലം

അനുപ്രയോഗം
രൂപങ്ങൾ

1. അപരിച്ഛിന്നം

2. പരിച്ഛിന്നം
- (൧) സമാപ്തം
  - a) ആവേദകം. ഇട്ടു്.
  - b) നിവേദകം. ഇരിക്കുന്നു.
- (൨) അസമാപ്തം
  - a) പ്രചലത്തു്. കൊണ്ടിരിക്കുന്നു.
  - b) അനുബന്ധി. ഉന്നു്.

1. അപരിച്ഛിന്നഭൂതം—ഭൂതകാലത്തിൽ എപ്പോഴെങ്കിലും ഒരു ക്ഷണത്തിൽ നടന്നതു്.

ഉദാ—അവൻ പോയി.

2 a) ആവേദകഭൂതം—ഒരു നിർദ്ദിഷ്ടഭൂതകാലത്തിൽ പൂർത്തിയായിരുന്നതും ശ്രോതാവിന്നു ജിജ്ഞാസിതവുമായ ക്രിയ.

ഉദാ—അവൻ പോയിട്ടുണ്ടായിരുന്നു.

b) നിവേദകഭൂതം—ഒരു നിർദ്ദിഷ്ടഭൂതകാലത്തിൽ പൂർത്തിയായിരുന്നതും ശ്രോതാവിന്നു് ഉദാസീനവുമായ ക്രിയ.

ഉദാ—അവൻ പോയിരുന്നു.

a) പ്രചലദ്ഭൂതം—ഒരു നിർദ്ദിഷ്ടഭൂതകാലത്തിൽ പൂർത്തിയായിട്ടില്ലാത്ത ക്രിയ.

ഉദാ—അവൻ പൊയ്ക്കൊണ്ടിരുന്നു.

b) അനുബന്ധിഭൂതം—ഒരു നിർദ്ദിഷ്ടഭൂതകാലത്തിൽ പൂർത്തിയായിട്ടില്ലാത്തതും അക്കാലംവരെ ഫലാനുബന്ധം (ഫലത്തിന്റെ തുടർച്ച) ഉള്ളതുമായ ക്രിയ.

ഉദാ—അവൻ പോകുന്നുണ്ടായിരുന്നു.

ഭാവിവർത്തമാനങ്ങൾക്കും ഇതുപോലെ വിഭാഗവും ലക്ഷണവും ഉദാഹരണവും ഊഹിച്ചുകൊൾക. ഇവയിൽ അനുബന്ധിയിൽ മാത്രം പ്രാക്പ്രയോഗമുള്ള വർത്തമാനകാലത്തിലാകുന്നു; ശേഷം മൂന്നിനും മുൻവിനയെച്ചമെന്നറിക. ഉൾധാതു ക്ലിഷ്ടമാകയാൽ അതിനു ഭൂതഭാവികളിൽ പൂരണാനുപ്രയോഗം ചേർന്നു് 'ഉണ്ടായിരുന്നു' 'ഉണ്ടായിരിക്കും' എന്ന രൂപങ്ങൾ വരുന്നു.

ഭാവിവർത്തമാനങ്ങൾക്കുദാഹരണങ്ങൾ

കാലപരിച്ഛേദം.	വർത്ത	ഭൂതം	ഭാവി.
ആവേദകം	പോയിട്ടുണ്ട്	പോയിട്ടുണ്ടായിരുന്നു	പോയിട്ടുണ്ടാകും.
[illegible]	പോയിരിക്കുന്നു	പോയിരുന്നു	പോയിരിക്കും.
[illegible]	പൊയ്ക്കൊണ്ടിരിക്കുന്നു.	പൊയ്ക്കൊണ്ടിരുന്നു.	പൊയ്ക്കൊണ്ടിരിക്കും.
[illegible]	പോകുന്നുണ്ട്	പോകുന്നുണ്ടായിരുന്നു	പോകുന്നുണ്ടാകും.

113. മൂന്നു കാലങ്ങളിലും എല്ലാ പ്രകാരങ്ങളിലും 'ആയിരിക്കും' എന്നു അനുപ്രയോഗിച്ചാൽ ഊഹം അർത്ഥം തോന്നും.

ഉദാ:—പോകുന്നായിരിക്കും —വർത്തമാനം.
പോയതായിരിക്കും —ഭൂതം.
പോകുമായിരിക്കും —ഭാവി.
പോകേണമായിരിക്കും —വിധായകം.
പോകാമായിരിക്കും —അനുജ്ഞായകം.

114. ഭാവ്യനുജ്ഞായകവിധായകങ്ങളിൽ 'ആയിരുന്നു' എന്നു ഭൂതാനുപ്രയോഗിച്ചാൽ ക്രിയ നടന്നിട്ടില്ലെന്നു കാണിക്കും.

ഉദാ:— ബാലി രാവണനെ കൊല്ലുമായിരുന്നു (പക്ഷേ കൊന്നില്ല എന്നർത്ഥം)
മഴ പെയ്തെങ്കിൽ വിളയുമായിരുന്നു (മഴ പെയ്തുമില്ല, വിളഞ്ഞുമില്ല എന്നർത്ഥം.)
കള്ളനെ ഞാൻ പിടിക്കേണമായിരുന്നു (പിടിക്ക ഉണ്ടായില്ല എന്നർത്ഥം)

115. പൂർണ്ണാനുപ്രയോഗം ചില ധാതുക്കൾക്കു രൂപങ്ങളില്ലാത്തിടത്തു അവയെ ഉണ്ടാക്കിക്കൊടുക്കുന്നു.

	വർത്ത	ഭൂതം	ഭാവി	വിധായകം.
ഉദാ:—	ഉണ്ട്	ഉണ്ടായി	ഉണ്ടാകും	ഉണ്ടാകണം

ഇവിടെ ഉൾധാതുവിനു ഭൂതാദികളിൽ തനിയെ രൂപമില്ലാത്തതിനാൽ 'ആയി' 'ആകും' ഇത്യാദി ആവുകയുടെ രൂപങ്ങൾ അനുപ്രയോഗമായി ചേർത്തിരിക്കുന്നു. പൂർണ്ണാനുപ്രയോഗങ്ങൾ എണ്ണത്തിൽ ചുരുക്കം.

116. മൂന്നു മാതിരി അനുപ്രയോഗങ്ങൾ പറഞ്ഞതിൽ ഓരോന്നിനെയും ചേർച്ചപോലെ ഒന്നിന്മേൽ ഒന്നായിട്ടു പ്രയോഗിക്കാം.

ഉദാ:—പണിഞ്ഞുതീർന്നിട്ടുണ്ടാകും

ഇതിൽ 'പണിഞ്ഞു' എന്ന പ്രാക്പ്രയോഗത്തിന്മേൽ 'തീർന്നു' എന്ന ഭേദകാനുപ്രയോഗം, അതിന്മേൽ 'ഇട്ടുണ്ട്' എന്ന കാലാനുപ്രയോഗം, അതിന്മേൽ 'ആകും' എന്ന പൂർണ്ണാനുപ്രയോഗം.

117. പ്രാക്പ്രയോഗത്തിന്നടുത്തു തന്നെ അനുപ്രയോഗത്തെ പ്രയോഗിക്കണം; എന്നാൽ കവികൾ പിരിച്ചു ദൂരത്താക്കിയും പ്രയോഗിക്കാറുണ്ട്.

ഉദാ — കണ്ടാലിരക്കുന്ന ഭിക്ഷുക്കളോടു
കൂപ്പാൻമടിക്കുന്ന ഭൂപാലരേപോൽ,

ഇതിൽ ക്രിയ 'മടിക്കുന്നോരെ' എന്ന്.

പക്ഷിജാലങ്ങളെല്ലാ ഉറങ്ങിക്കുന്നു,

ഇതിൽ 'കരേറിരിക്കുന്നു' എന്ന ക്രിയ.

മുമ്പു വിധായകം അനുജ്ഞായകം എന്ന പ്രകാരങ്ങളുടെ കൂട്ടത്തിൽ പറഞ്ഞ രണ്ടെണ്ണവും മുറക്ക 'വേണ്' 'ആവുക' എന്ന ധാതുക്കളുടെ രൂപങ്ങൾ ചേർന്നുണ്ടാകുന്നവ ആകയാൽ അവകളെയും അനുപ്രയോഗങ്ങളുടെ കൂട്ടത്തിൽ ചേർക്കേണ്ടതാണ്. അതിനു മുന്നെ തന്നെ അടുത്തു പറയുന്ന നിഷേധരൂപവും ചില ധാതുക്കളെ ചേർത്തുണ്ടാക്കുന്നതാകയാൽ അതും ഒരനുപ്രയോഗത്തിന്റെ വകഭേദമെന്നു പറയാം. ആ സ്ഥിതിക്ക് ഇവകളെ മുറയ്ക്കു പ്രകാരാനുപ്രയോഗം എന്നും നിഷേധാനുപ്രയോഗം എന്നും പേരിട്ട് അനുപ്രയോഗം അഞ്ചുവിധം എന്നാക്കരുതോ? ശരിതന്നെ, ആകാമായിരുന്നു; പക്ഷേ നിഷേധത്തിലും പ്രകാരത്തിലും ഉപയോഗിക്കുന്ന അനുപ്രയോഗധാതു സാധാരണ അനുപ്രയോഗധാതുവിന്റെ നില കവിഞ്ഞ് ഒരു പടി കൂടി അധികം കടന്ന് പ്രത്യയത്തിന്റെ നില അവലംബിച്ചിരിക്കുന്നു. കേൾ + അണം = കേൾക്കണം; കേൾ + ആം = കേൾക്കാം; കേൾ + ആഞ്ഞു = കേൾക്കാഞ്ഞു ഇത്യാദികളിലെല്ലാം മുറയ്ക്ക് അനുപ്രയോഗങ്ങളായ വേണ് ആവുക, ആയുക എന്ന ധാതുക്കളുടെ രൂപങ്ങൾ പ്രത്യയമായിച്ചമഞ്ഞതിനാലല്ലയോ കാരിതത്തിനുള്ള ക്ക് എന്ന ആഗമം വരുന്നതു്? അതിനാൽ വിധായകാനുജ്ഞായകപ്രകാരങ്ങളെയും നിഷേധത്തെയും അനുപ്രയോഗങ്ങളുടെ ഗണത്തിൽ ചേർക്കുന്നതു ശരിയാവുകയില്ല.

നിഷേധം

118 വാക്യങ്ങൾ വിധി എന്നും നിഷേധം എന്നും രണ്ടു വിധമാകുന്നു. ഒരു സംഗതിയുണ്ടെന്നു പറയുന്നതു *വിധി*; ഒരു സംഗതി ഇല്ലെന്നു പറയുന്നതു *നിഷേധം*. വിധി വാക്യത്തിലെ ക്രിയാപദത്തിൽ 'അ' 'ഇൽ' 'അൽ' 'ഒൽ' 'ആക' 'വഹി' എന്ന ഈ ആറു ധാതുക്കളുടെ ചില രൂപങ്ങളെ അനുപ്രയോഗിച്ചു നിഷേധവാക്യത്തെ ഉണ്ടാക്കുന്നു.

ഉദാ— വിധി	നിഷേധം
രാമൻ വരുന്നു	രാമൻ വരുന്നില്ല
രാമൻ പോകും	രാമൻ പോകാ

'അ' 'ഇൽ' ഇത്യാദി ആറു നിഷേധാർത്ഥധാതുക്കളെ പറഞ്ഞതിൽ 'അ' തനിയെയും 'ഒലാ' 'വഹിയാ' എന്നും മററും പോലെ മററുള്ളതിൽ കൂടിച്ചേർന്നും വരും. 'അല്ല' 'ഇല്ല' 'അരുതു്' 'ഒലാ' 'വഹിയാ' എന്ന ഇവയുടെ മാറിരൂപങ്ങൾ നിപാതങ്ങളായി തീർന്നിട്ടുണ്ടു്.

119. വിധിയെ നിഷേധമാക്കുന്നതിനു മലയാളത്തിൽ രണ്ടു മാർഗ്ഗങ്ങൾ ഉണ്ടു്.

ഒന്നാമതു മേൽകാണിച്ച നിപാതങ്ങളെ ചേർക്ക. എങ്ങനെ എന്നാൽ—

നിർദ്ദേശകപ്രകാരത്തിനു 'അല്ല' 'ഇല്ല' എന്നു്.

ഉദാ— രാമൻ വന്നില്ല.
രാമൻ മടയനല്ല.

നിയോജകവിധായകങ്ങൾക്കു 'ഒലാ' 'അരുതു്',

ഉദാ— പോകരുതു, പോകൊലാ

അനുജ്ഞായകത്തിനു 'വഹിയാ'

ഉദാ— പറക വഹിയാ

രണ്ടാമതു 'അ' എന്ന ധാതുവിനെ പ്രത്യയംപോലെ ചേർക്ക.

ഉദാ—പോകുന്നില്ലക്രിയ വർത്തമാനം
പോകാഞ്ഞു— ,, ഭൂതം.
പോകാ — ,, ഭാവി

12൦. 'ആ' എന്ന നിഷേധധാതുവിനു ചില വിശേഷങ്ങളുണ്ട്; അവയെ താഴെ കാട്ടുന്നു.

വർത്ത. ഭൂതം. ഭാവി.

മുററുവിന — ആയുന്നു, ആതുന്നു; ആത്തു; ആയും, ആയാവൂ, ആ, നിയോജകമധ്യമബഹുവചനം ആയ്വിൻ.

പേരെച്ചം — ആതുന്ന ആത്ത ആ

വിനയെച്ചം { നടുവിനയെച്ചം — ആയ്ക, ആഴിക.
പിൻവിനയെച്ചം — ആയ്വാൻ.
പാക്ഷിക " — ആയ്കിൽ. }

ഉദാ—	വിധി	നിഷേധം
വർത്ത	—പറയുന്നു	പറയായുന്നു പറയാതുന്നു
ഭൂതം	—പറഞ്ഞു	പറയാത്തു
ഭാവി	—പറയും പറയൂ	പറയാ, പറയായ്വൂ, പറയായും
നിയോ, മധ്യമ, ബഹു	—പറയിൻ	പറയായ്വിൻ
മുൻവിനയെച്ചം	—പറഞ്ഞു	പറയാതെ, പറയാഞ്ഞ്
നടു "	—പറക	പറയായ്ക, പറയാഴിക
പിൻ "	—പറയുവാൻ	പറയായ്വാൻ
സംഭാവക	—പറകിൽ	പറയായ്കിൽ
വർത്ത. പേരെച്ചം	—പറയുന്ന	പറയാതുന്ന
ഭൂതം "	—പറഞ്ഞ	പറയാത്ത
ഭാവി "	—പറയും	പറയാ
ക്രിയാകൃത്തു "	—പറച്ചൽ	പറയായ്ത്തം

ഇവയിൽ തടിച്ച അക്ഷരമേ പ്രായേണ നടക്കുന്നുള്ളൂ.

പ്രയോഗത്തിൽനിന്നും ഉദാഹരണങ്ങൾ—

'പറയായുന്നു, ചൊല്ലായുന്നു' ര– ഭാ–
'കൂടായുമ്പോൾ' ഭാ– സ–
'എളുതും കളയായ്‌വൂ' കി–
'പൊറുക്കായ്വൻ ഞാനിതു'
ഖിന്നതയെ സഹിയാഞ്ഞ്, പാഠം–
വല്ലായ്ത്തം, ഇല്ലായ്ത്തം
വാടാവല്ലിക്കുടിലുകൾ മയൂര–
വാടാവിളക്ക്, കൊല്ലാക്കല, മിണ്ടാപ്പൂച്ച,
തൊടാത്തവർ, ചോദിയാതെയവർ, മാരാപ്പൻ,

ഉപദേശം—'അ' 'ഒല്ലാ' 'അരുതു' ഇവയെ പ്രത്യയംപോലെയും; 'വഹിയാ' എന്നതിനെ അനുപ്രയോഗം പോലെയും;

‘അല്ല ഇല്ല’—കളെ നിപാതംപോലെയും ആകുന്ന ചേർക്കണ്ടു്. പ്രത്യയംപോലെ ആകുമ്പോൾ കാരിതങ്ങൾക്കു ‘ക’ ആഗമം മുതലായ പ്രക്രിയകൾ വരും. എന്നാൽ ‘ആ’ എന്നതു ചേർക്കുമ്പോൾ മാത്രമേ ഈ ആഗമമുള്ളൂ; അതിനെന്നും കവികൾ വികല്പേനയേ ചെയ്യാറുള്ളൂ. അതിനാൽ ‘കേൾക്കാ’ എന്നും ‘കേളാ’ എന്നും രൂപമാകാം. ‘വഹിയാ’ അനുപ്രയോഗംപോലെ ആകയാൽ പ്രാക്പ്രയോഗത്തിനു നടുവിനയെച്ചരൂപം വേണം. ‘അല്ല-ഇല്ല’കൾ നിപാതംപോലെ ആകയാൽ ആഖ്യാതത്തിന്റെ ഒടുവിലുള്ള അകാര ഉകാരങ്ങൾ ലോപിക്കുന്നു. ഇത്യാദി സൂക്ഷിച്ചുകൊൾക.

സമുച്ചയവികല്പങ്ങൾ

സമുച്ചയമെന്നാൽ കൂട്ടിച്ചേർക്ക ഒരേജാതിയിലുള്ള പദങ്ങളെ കൂട്ടിച്ചേർപ്പുതന്നെ. ‘ഉം’ എന്ന ഘടകനിപാതമാണു സമുച്ചയത്തിനുപയോഗിക്കുന്നതു്, അതുകൊണ്ടു് ‘ഉം’ എന്നതിനു സമുച്ചയനിപാതം എന്ന പേർ ഇതിനു മുമ്പും ഉപയോഗിച്ചിട്ടുണ്ടു്.

ഉദാ—രാമനും കൃഷ്ണനും —നാമങ്ങളുടെ സമുച്ചയം
സുന്ദരനും വിദ്വാനും ആയ മകൻ —ഭേദകങ്ങളുടെ ടി
അറിഞ്ഞും അറിയാതെയും ചെയ്ത തെറ്റു—ക്രിയകളുടെ ടി

സംസ്കൃതം ഇംഗ്ലീഷ് മുതലായ അന്യഭാഷകളിൽ സമുച്ചയനിപാതത്തെ ഒരിക്കൽ (ഒടുവിലത്തെ പദത്തിൽ) ഉപയോഗിച്ചാൽ മതി. ഭാഷയിൽ സമുച്ചയിക്കേണ്ടുന്ന ഓരോ പദത്തിലും ‘ഉം’ ചേർക്കണം. ‘അതും ഇതും മറ്റേതും മറിച്ചേതും’ ഇത്യാദി. കവികൾ ചിലപ്പോൾ അന്യഭാഷകളെ അനുകരിച്ചു സമുച്ചയനിപാതത്തെ ഒരിക്കൽമാത്രമായുപയോഗിക്കാറുണ്ടു്.

ഉദാ—വിധി ഹരിശങ്കരരും ഇണങ്ങുമാറേണം.
ഭക്തപ്രിയൻ ശോഭനൻ ഗോപാലൻ മുകുന്ദൻ,

ക്രിയാസമുച്ചയത്തിൽ മാത്രം അല്പം വിശേഷമുണ്ടു്. ‘അറിഞ്ഞും അറിയാതെയും’ എന്ന മുൻ കാണിച്ച ഉദാഹരണംപോലെ എല്ലാ ഇടത്തിലും സാധിക്കയില്ല. സമുച്ചയിക്കേണ്ടുന്ന ക്രിയ

കളെ എല്ലാം നടുവിനയെച്ചരൂപത്തിലാക്കി ഓരോന്നിലും 'ഉം' ചേൎത്തു് ഒടുവിൽ ചെയ്യുകയെ ആവശ്യപ്പെട്ട കാലപ്രകാരാദ്യുപാധികൾ ചേൎത്തു പ്രയോഗിക്കണം.

ഉദാ—ഒറ്റവാക്യങ്ങൾ.   സമുച്ചയം.

ഒറ്റവാക്യങ്ങൾ	സമുച്ചയം
രാമൻ രാജ്യമുപേക്ഷിച്ചു	രാമൻ രാജ്യമുപേക്ഷിക്കയും
കാട്ടിൽ ൧൪ വൎഷം വസിച്ചു	കാട്ടിൽ ൧൪ വൎഷം വസിക്കയും
രാവണനെ നിഗ്രഹിച്ചു	രാവണനെ നിഗ്രഹിക്കയും ചെയ്തു.

അനുപ്രയോഗം സഹായമേ ഉള്ളിടത്തു 'ചെയ്യു'കയെ ഉപയോഗിക്കാതെ കഴിക്കാം. എങ്ങനെ എന്നാൽ—

കളിക്കണം ഉണ്ണണം ഉറങ്ങണം	കളിക്കയും ഉണ്ണുകയും ഉറങ്ങുകയും വേണം.
കളിക്കാം ഉണ്ണാം ഉറങ്ങാം	കളിക്കയും ഉണ്ണുകയും ഉറങ്ങുകയും ആം.
കണ്ടിട്ടുണ്ടു് കേട്ടിട്ടുണ്ടു്	കണ്ടിട്ടും കേട്ടിട്ടും ഉണ്ടു്.
നില്ക്കരുതു് ഇരിക്കരുതു് കിടക്കരുതു്	നില്ക്കയും ഇരിക്കയും കിടക്കയും അരുതു്.

വികല്പത്തിലും സമുച്ചയത്തിനു പറഞ്ഞ വിധികൾ തന്നെ. വികല്പമെന്നാൽ അതോ ഇതോ എന്നു രണ്ടാലൊന്നിനെ എടുക്കുക.

ഉദാ—രാമനോ കൃഷ്ണനോ വരട്ടു്
സമ്മതമോ വിരോധമോ ആയ ഭാവം
അറിഞ്ഞോ അറിയാതെയോ ചെയ്ത തെറ്റു്
മനുഷ്യൻ ധൎമ്മം അനുഷ്ഠിക്കയോ ധനം സമ്പാദിക്കയോ കാമസുഖം
അനുഭവിക്കയോ മോക്ഷത്തിനു ശ്രമിക്കയോ വേണം
ഉണ്ണുകയോ ഉറങ്ങുകയോ കളിക്കയോ ആം
കണ്ടിട്ടോ കേട്ടിട്ടോ ഇല്ല.

വികല്പത്തിനു ചിലേടത്തു സമുച്ചയതുല്യമായിട്ടും അൎത്ഥം കാണും.

ഉദാ—അസത്യം പറകയോ ജന്തുക്കളെ ഹിംസിക്കയോ അരുതു്.

ഇവിടെ രണ്ടിലൊന്നു എന്നല്ല അൎത്ഥം, അസത്യം പറകയുമരുതു ജന്തുക്കളെ ഹിംസിക്കയുമരുതു എന്നത്രെയാണു്.

'ആകട്ടെ' എന്ന നിപാതവും സമുച്ചയാർത്ഥകം തന്നെ; ഓരോന്നായിട്ടെടുത്തു പൃഥക്കരിക്കുന്നുവെന്നു മാത്രം ഇതിനു 'ഉം' ഇനൊടുള്ള ഭേദം.

പററുവിന

---

121. ഇതേവരെ പ്രസ്താവിച്ചതെല്ലാം കൃതികളുടെ പ്രധാനക്രിയയെ കുറിക്കുന്ന രൂപങ്ങളെപ്പററി ആയിരുന്നു. ഇനി അപ്രധാനക്രിയയെ കുറിക്കുന്നവയെ വിവരിക്കേണ്ടതുണ്ടു്. കൃതിയുടെ അർത്ഥം ക്രിയ ആകുന്നു; അതു പ്രധാനമായും അപ്രധാനമായും വരാം. എങ്ങനെയെന്നാൽ, 'ബ്രഹ്മാവു കംസനു വരം കൊടുത്തു' എന്നു പറയുന്നിടത്തു 'കൊടുത്തു' എന്ന ക്രിയ മറെറാന്നിനേയും ആശ്രയിക്കാതെ നില്ക്കുന്നതിനാൽ പ്രധാനമാകുന്നു. 'ബ്രഹ്മാവു കംസനു കൊടുത്ത വരം' എന്നാണു പറയുന്നതെങ്കിൽ അവിടെ 'കൊടുത്ത' എന്ന ക്രിയ വരം എന്ന നാമത്തിനു കീഴടങ്ങുന്നു. 'കൊടുത്ത' എന്നതിനു ഏതെങ്കിലും ഒരു നാമത്തെ വിശേഷിപ്പിച്ചാലേ അർത്ഥത്തിനു പൂർത്തിവരുന്നുള്ളു. അതിനാൽ ഇതു ഒരു നാമത്തിനു അംഗമായിപ്പോകുന്നു. ഇതുപോലെതന്നെ 'രാമൻ പള്ളിക്കൂടത്തിൽപോയി പഠിക്കുന്നു' എന്നിടത്തു 'പോയി' എന്ന ക്രിയ 'പഠിക്കുന്നു' എന്ന മറെറാരു ക്രിയയ്ക്കു കീഴടങ്ങുന്നു. അതിനാൽ 'പോയി' എന്നതു 'പഠിക്കുന്നു' എന്നതിന്റെ അംഗമായിട്ടു നില്ക്കുന്നു. ഇങ്ങനെ മറെറാന്നിനു അംഗമായിവരുന്ന ക്രിയ അംഗക്രിയ; പ്രധാനമായ ക്രിയ അംഗിക്രിയ. കോടിക്കഴുക്കോലിൽ പററികൾ ചെന്നു പററുംപോലെ അംഗക്രിയകൾ അംഗിക്രിയയിൽ ചെന്നു പററുന്നതിനാൽ അവയ്ക്കു *'പററുവിന'* എന്നും അംഗിക്രിയയ്ക്കു *'മുററുവിന'* എന്നും തമിഴർ പേരിട്ടിരിക്കുന്നു. അംഗക്രിയ അംഗമാകുന്നതു ഒരു നാമത്തിനോ മറെറാരുക്രിയയ്ക്കോ ആകാമെന്നു മുമ്പിൽ കാണിച്ചുവല്ലോ. നാമത്തിനു അംഗമാകുന്നതു *'നാമാംഗം'* അല്ലെങ്കിൽ *'പേരെച്ചം'*, ക്രിയയ്ക്കംഗമാകുന്നതു *'ക്രിയാംഗം'* അല്ലെങ്കിൽ *'വിനയെച്ചം'*. ഗാർത്തുവെറു് സായ്പ് പേരെച്ചത്തിനു *'ശബ്ദന്യൂനം'* എന്നും വിനയെച്ചത്തിനു *'ക്രിയാന്യൂനം'* എന്നും പേരിട്ടിരിക്കുന്നു.

പേരെച്ചം

123. മുററുവിനയിൽ 'അ' 'ഒരു' എന്ന ചുട്ടെഴുത്തുകളിൽ ഒന്നിനെ ചേർത്താൽ അതു പേരെച്ചമായ് ചമയും.

ഉദാ—മുററുവിന	പേരെച്ചം		
പറയുന്നു	പറയുന്ന, പറയുന്നൊരു	വർത്തമാനം	നിർദ്ദേശകം
പറഞ്ഞു	പറഞ്ഞ, പറഞ്ഞൊരു	ഭൂതം	
പറയും	പറയും, പറയുമൊരു	ഭാവി	
(പറയാവുന്നു)	പറയാവുന്ന, -ന്നൊരു	വർത്ത	അനുജ്ഞായകം
പറയായി	പറയായ, -യൊരു	ഭൂതം	
പറയാം	(പറയാമ) -	ഭാവി	
(പറയേണ്ടുന്നു)	പറയേണ്ടുന്ന, -ന്നൊരു	വർത്ത	വിധായകം
(പറയേണ്ടി)	പറയേണ്ടിയ, -യൊരു	ഭൂതം	
പറയേണം	പറയേണ്ടും, -ണ്ടുമൊരു	ഭാവി	
പറയാത്തു	പറയാത്ത, -ത്തൊരു	വർത്ത	നിഷേധക നിർദ്ദേശകം
പറയാഞ്ഞു	പറയാഞ്ഞ, -ഞ്ഞൊരു	ഭൂതം	
പറയാ	പറയാ -	ഭാവി	
പറയേണ്ടാത്തു	പറയേണ്ടാത്ത -ത്തൊരു	വർത്ത	നിഷേധ വിധായകം
പറയേണ്ടാഞ്ഞു	പറയേണ്ടാഞ്ഞ -ഞ്ഞൊരു	ഭൂതം	
പറയേണ്ടാ	പറയേണ്ടാ -	ഭാവി	
പറയുന്നില്ല	പറയുന്നില്ലാത്ത, -ത്തൊരു—വർത്ത		നിഷേധനിർ.
പറയരുതു	പറയരുതാത്ത, -ത്തൊരു—		നിഷേധവിധാ.
പറയവഹിയാ	പറയവഹിയാത്ത, -ത്തൊരു—		നിഷേധാനു.
പറയൊലാ	പറയൊലാത്ത, -ത്തൊരു—		നിഷേധ വിധാ.

വിധായകാനുജ്ഞായക പ്രകാരങ്ങൾക്കു മുററുവിനയിൽ ഭാവിരൂപമേ നടപ്പുള്ളുവെങ്കിലും പററുവിനയായ പേരെച്ചത്തിൽ അവയ്ക്കു ത്രികാലരൂപങ്ങളുമുണ്ട്. അതിനാൽ ആ രണ്ടു പ്രകാരങ്ങൾക്കും മുററുവിനയിലുള്ള രൂപങ്ങളെ വലയത്തിനകത്തു കാണിച്ചിരിക്കുന്നു. ഈ രണ്ടു പ്രകാരങ്ങളും 'വേണ്' 'ആ-(വുക')' എന്ന ധാതുക്കളുടെ അനുപ്രയോഗത്താൽ ഉണ്ടാകുന്നവയാകയാൽ ആ ധാതുക്കളുടെ പേരെച്ചരൂപം തന്നെ ഈ പ്രകാരങ്ങൾക്കും പേരെച്ചമായി തീരുന്നു. നിയോജകപ്രകാരത്തിനു മാത്രം പേരെച്ചരൂപമില്ല.

ഉപദേശം — (1) ലിംഗപുരുഷവചനപ്രത്യയങ്ങളെ ചേൎക്കുമ്പോൾ പറഞ്ഞതുപോലെ പേരെച്ചപ്രത്യയം ചേൎക്കുമ്പോഴും കാലപ്രത്യയത്തിന്റെ അന്ത്യമായ ഉകാരം ലോപിക്കയും 'ഇ' എന്ന ഭൂതപ്രത്യയത്തിനു യകാരമോ നകാരമോ ആഗമം വരികയും ചെയ്യുന്നു. അതിനാൽ

പറയുന്നു	+ അ	= പറയുന്ന
പറഞ്ഞു	+ അ	= പറഞ്ഞ
വിലസി	+ അ	= വിലസിയ, വിലസിന

എന്ന രൂപങ്ങൾ വരുന്നുവെന്നറിക.

ഉപദേശം —(2) ഭാവിയിൽ മുററുവിനതന്നെ പേരെച്ചമായിട്ടു നടക്കയും ചെയ്യും. 'അ' 'ഒരു' എന്ന പ്രത്യയങ്ങൾ ചേൎന്നതു വികല്പേന മതി. അതിനാൽ

വരും കാലം, വരുമക്കാലം
പോകും പോൾ, പോകുമപ്പോൾ

എന്നു രണ്ടു വിധവും പ്രയോഗിക്കാം.

123. പേരെച്ചങ്ങളിൽ ചിലതു വെറും നാമവിശേഷണ (ഭേദക)—ങ്ങളായി തീൎന്നിട്ടുണ്ടു്.

ഉദാ—എന്റെ കെട്ടിയ പെൺ
അവന്റെ പെററ തള്ള
വെളുത്ത പശു
കറുത്ത പട്ടി.

പേരെച്ചങ്ങളിൽ ലിംഗപ്രത്യയം ചേൎത്താൽ അവ നാമങ്ങളായി ചമയും.

ഉദാ—

അറിയുന്നവൻ,	അറിയുന്നോൻ	പും	നിൎദ്ദേശക വൎത്തമാനം
അറിയുന്നവൾ,	-ന്നോൾ-	സ്ത്രീ	
അറിയുന്നതു,		നപും	
അറിഞ്ഞവൻ,	-ഞ്ഞോൻ-	പും	ടി. ഭൂതം
അറിഞ്ഞവൾ,	-ഞ്ഞോൾ-	സ്ത്രീ	
അറിഞ്ഞതു,		നപും	
അറിയുവവൻ,	-വോൻ; അറിവവൻ, -വോൻ-	പും	ടി. ഭാവി
അറിയുവവൾ,	-വോൾ; അറിവവൾ, -വോൾ-	സ്ത്രീ	
അറിയുവതു,	അറിവതു	നപും	

അറിയാവുന്നവൻ,	-ന്നോൻ-	പും	അനുജ്ഞായക വൎത്തമാനം
അറിയാവുന്നവൾ,	-ന്നോൾ-	സ്ത്രീ	
അറിയാവുന്നതു,		നപും	
അറിയായവൻ,	-യായോൻ-	പും	ടി. ഭൂതം
അറിയായവൾ,	-യായോൾ-	സ്ത്രീ	
അറിയായതു,		നപും	
അറിയാം (?)		പും, സ്ത്രീ, നപും.	ടി ഭാവി
അറിയേണ്ടുന്നവൻ,	-ന്നോൻ-	പും	വിധായക വൎത്തമാനം
അറിയേണ്ടുന്നവൾ,	-ന്നോൾ-	സ്ത്രീ	
അറിയേണ്ടുന്നതു,		നപും	
അറിയേണ്ടിയവൻ,	-ണ്ടിയോൻ-	പും	ടി. ഭൂതം
അറിയേണ്ടിയവൾ,	-ണ്ടിയോൾ-	സ്ത്രീ	
അറിയേണ്ടിയതു,		നപും	
അറിയേണ്ടവൻ,		പും	ടി. ഭാവി
അറിയേണ്ടവൾ,		സ്ത്രീ	
അറിയേണ്ടതു,		നപും	
അറിയാത്തവൻ,	-വൾ, -തു-	വൎത്ത	നിഷേധകം
അറിയാഞ്ഞവൻ,	-വൾ, -തു-	ഭൂതം	

'അവൻ' 'അവൾ' എന്നവയെ ചുരുക്കി സാധാരണയായി 'ഓൻ' 'ഓൾ' എന്നാക്കാറുണ്ടു; ആ രൂപങ്ങളെ ആണു് രണ്ടാമതായി കാണിച്ചിരിക്കുന്നതു്.

വിനയെച്ചം

---

124. (1) മുൻവിനയെച്ചം (2) പിൻവിനയെച്ചം (3) നടുവിനയെച്ചം (4) പാക്ഷികവിനയെച്ചം (5) തൻവിനയെച്ചം എന്നു വിനയെച്ചം അഞ്ചുവിധമാകുന്നു.

(1) ഭൂതകാലത്തിലുള്ളതു മുൻവിനയെച്ചം.

ഉദാ:—അവൻ വന്നു കളിച്ചു് ഊണു കഴിച്ചു.

ഇതിൽ വരുകയും കളിക്കയും ഊണു കഴിക്കുന്നതിനു മുമ്പു നടന്നതാകയാൽ 'വന്നു' 'കളിച്ചു്' എന്നവ മുൻവിനയെച്ചങ്ങൾ.

(2) ഭാവികാലത്തിലുള്ളതു പിൻവിനയെച്ചം

ഉദാ—രാമൻ ഉണ്ണാൻ പോകുന്നു.

ഇതിൽ ഉണ്ണുക പോയതിന്റെ ശേഷം നടക്കുന്ന ക്രിയ ആകയാൽ 'ഉണ്ണാൻ' എന്നതു പിൻവിനയെച്ചം.

(3) കാലാദി വിശേഷങ്ങളൊന്നുമില്ലാത്ത കേവലക്രിയ നടുവിനയെച്ചം.

ഉദാ:—കള്ളം പറക ശരിയല്ല.

ഇതിൽ 'പറക' എന്നതു നടുവിനയെച്ചം. ഇതു വാക്യത്തിന്റെ കർത്താവായിട്ടു തന്നെ നിൽക്കുന്നു. നടുവിനയെച്ചത്തിനു മറ്റു വിനയെച്ചങ്ങളെക്കാൾ അർത്ഥത്തിലും പ്രയോഗത്തിലും വളരെ ഭേദമുണ്ട്. ഇതു കാലാദ്യുപാധികളിൽ ഒന്നിന്റേയും സ്പർശമില്ലാത്തതാകയാൽ വാസ്തവത്തിൽ അംശമെന്നും അംശിയെന്നും പറയപ്പെടാവുന്നതല്ല. ഇതു പരബ്രഹ്മം പോലെ അപരിച്ഛിന്നമാകുന്നു. ഇതു മറ്റൊരു ക്രിയക്കു കീഴടങ്ങുന്നതും തനിയെ നിൽക്കാൻ ശേഷിയില്ലാത്തതുകൊണ്ടു മാത്രമാകുന്നു. എന്നാൽ നിയോഗം, ആജ്ഞ, മുതലായ അർത്ഥങ്ങളെല്ലാം തോന്നിക്കുന്നതിനു മനസ്സില്ലാത്തിടത്തു ഇതിനെ പ്രധാന ക്രിയ ആയിട്ടു തന്നെ ഉപയോഗിക്കാറുമുണ്ട്. ഉദാ:—'അമ്മേ! വേഷം ധരിച്ചു കഴിഞ്ഞെങ്കിൽ ഇങ്ങോട്ടു വരികതന്നെ.' ഇവിടെ 'ഇങ്ങോട്ടുവാ' എന്നായാൽ ആജ്ഞയേയും, 'വരൂ' എന്നായാൽ വിധിയേയും 'വരണം' എന്നായാൽ അനുജ്ഞയേയും തോന്നിയെന്നു വരാം. ഈ മാതിരി ഉപചാരത്തോടുകൂടി പറയുന്ന സ്ഥലങ്ങളിൽ നിയോജകപ്രകാരത്തിന്റെ മധ്യമപുരുഷന്റെ സ്ഥാനത്തു ഇതിനെ പ്രയോഗിക്കാറുണ്ട്. 'കള്ളം പറകയാൽ ശിക്ഷകിട്ടി' ഇത്യാദികളിലെപ്പോലെ ഇതിനെ നാമംപോലെയും ഉപയോഗിക്കാം.

(4) പാക്ഷിക വിനയെച്ചം ഒന്നു ഒരുപ്രകാരം വരുന്ന പക്ഷം എന്നുള്ള അർത്ഥത്തെക്കുറിക്കുന്നു.

ഉദാ—'ഉന്നതനയം കഴിച്ചീടുകിലിവിടെ ജയിച്ചീടിനോൻ'

'കഴിക്കുന്നപക്ഷം' എന്നർത്ഥം.

(5) തൻവിനയെച്ചം 'ഒന്നു ഒരുവിധം ഇരിക്കുമ്പോൾ' എന്നർത്ഥത്തെ കുറിക്കും.

ഉദാ—ജ്യേഷ്ഠനിരിക്കെ കുരുവംശത്തിൽ
ശ്രേഷ്ഠൻ ഞാനെന്നാവതു പാപം

ജ്യേഷ്ഠനിരിക്കുമ്പോൾ എന്നർത്ഥം.

125. ഭൂതാഖ്യാതം (ഭൂതകാലത്തിലെ മുറ്റുവിന) തന്നെ മുൻവിനയെച്ചമാകുന്നു; അതിൽ 'ഉ' പ്രത്യയത്തിന്റെ ഉകാരത്തെ സംവൃതമാക്കുകയും, 'ഇ' പ്രത്യയത്തിന്റെ അപ്പുറം വരുന്ന ദ്യകാരത്തെ ഇരട്ടിക്കയും മാത്രം ഭേദം വേണം.

ഉദാ—ഭൂതാഖ്യാതം. മുൻവിനയെച്ചം.

വന്നു	വന്ന്
കണ്ടു	കണ്ട്
കേട്ടു	കേട്ട്
ഓടി	ഓടി (ച്ചെന്നു)
ഇളകി	(പ്പോയി)

പാന്ഥരെച്ചെന്നു കവരിക്കുകിൽ;
കൂട്ടിൽ കരേറിപ്പിടിക്കുടിയെല്ലു.

126. ഭാവിരൂപത്തിലോ ധാതുവിൽ തന്നെയോ 'ആൻ' എന്ന പ്രത്യയം ചേർത്താൽ പിൻവിനയെച്ചം ഉളവാകും.

ഉദാ—ധാതു. ഭാവി. പിൻവിനയെച്ചം.

വര്	വരും	വരുവാൻ, വരാൻ
പോ	പോകും	പോകുവാൻ, പോവാൻ

അനുസ്വാരത്തിനു സന്ധിയിൽ പറഞ്ഞിട്ടുള്ള വകാരാദേശം വന്ന് 'വരു + ആൻ' എന്നതു 'വരുവാൻ' എന്നായിത്തീരുന്നുവെന്നറിക. കാരിതങ്ങളിൽ 'ക്ക്' ആഗമത്തിന്റെ സ്ഥാനത്തു വികല്പേന 'പ്പ്' കൂടി ആഗമം വരുന്നതിനാൽ മൂന്നു വിധം രൂപം വരും. എങ്ങിനെയെന്നാൽ—

ധാതു.	പിൻവിനയെച്ചം.		
കേൾ	—കേൾക്കുവാൻ,	കേൾക്കാൻ,	കേൾപ്പാൻ.
പിടി	—പിടിക്കുവാൻ,	പിടിക്കാൻ,	പിടിപ്പാൻ.
ചേര്	—ചേർക്കുവാൻ,	ചേർക്കാൻ,	ചേർപ്പാൻ.

ണകാര-നകാരാന്തങ്ങൾക്കും മകാരാഗമവികല്പത്താൽ മൂന്നു രൂപം വരും. എങ്ങിനെയെന്നാൽ—

കാണ്	—	കാണുവാൻ,	കാണ്മാൻ,	കാണാൻ.
തിന്ന്	—	തിന്നുവാൻ,	തിന്നാൻ,	തിന്മാൻ.

127. ധാതുവിൽ 'ഉക' എന്ന പ്രത്യയം ചേർത്താൽ അതു നടുവിനയെച്ചമാകും.

ഉദാ — ധാതു.	നടുവിനയെച്ചം.
ഇളക്	ഇളക്കുക.
കേൾ	കേൾക്കുക.
ഓടു	ഓടുക.

വിശേഷവിധി (1) ധാതു സ്വരാന്തമോ ചില്ലന്തമോ ആയിരുന്നാൽ അതിനു പ്രത്യയം 'ക' എന്നു മാത്രമായാലും മതി; എന്നാൽ ഈ 'ക' പ്രത്യയത്തെ കാരിതങ്ങളിൽ ഇരട്ടിച്ചു 'ക്ക' എന്നാക്കണം.

ഉദാ — ധാതു.	നടുവിനയെച്ചം.	
പറ	പറക,	പറയുക.
കേൾ	കേൾക,	കേൾക്കുക.
നിൽ	നിൽക,	നിൽക്കുക.
പിടി	പിടിക,	പിടിക്കുക.
പൊടി	പൊടിക,	പൊടിയുക.

വിശേഷവിധി (2) പ്രാക്ക് പ്രയോഗമായി നിൽക്കുന്ന ഒരു വ്യഞ്ജനാന്ത ധാതുവിനു നടുവിനയെച്ചം ഉണ്ടാക്കുമ്പോൾ പ്രത്യയം 'അ' എന്നു മാത്രം മതിയാകും.

ഉദാ: —		
വര്	—	വരവേണ്ടും.
ചെയ്	—	ചെയ്യവേണ്ടും.
കൊണ്ടാട്	—	കൊണ്ടാടത്തക്കരൂപം തിരിയേപോയതും.

128. ധാതുവിലോ നടുവിനയെച്ചത്തിലോ 'ൽ' പ്രത്യയം ചേർത്താൽ പാക്ഷികവിനയെച്ചമാകും. നടുവിനയെച്ചത്തിൽ ചേർക്കുമ്പോൾ ക (=ക് + അ) എന്നുള്ള അതിന്റെ ഒടുവിലുള്ള അകാരത്തെ ലോപിപ്പിക്കയും വേണം.

ഉദാ:— ധാതു.	പാക്ഷികവിനയെച്ചം.	
വരു	— വരിൽ,	വരുകിൽ.
കേൾ	— കേൾക്കിൽ,	കേൾക്കുകിൽ.
പോ	— പോകിൽ,	പോകുകിൽ
പതിഞ്ഞിട്	— പതിഞ്ഞിടിൽ,	പതിഞ്ഞിടുകിൽ

129. ധാതുവിൽ 'എ' എന്നോ 'അവെ' എന്നോ പ്രത്യയം ചേർത്താൽ തൻവിനയെച്ചമുണ്ടാകും.

ഉദാ:— ധാതു	തൻവിനയെച്ചം.	
പറ	പറയെ,	പറകവെ,
നിൽ	നിൽക്കെ,	നിൽക്കവെ,
ചെയ്	ചെയ്യെ,	ചെയ്യവെ,

കൃൽപ്രകരണം

130. നാമത്തിന്നു കൃതിക്കും ഉണ്ടാകുന്ന രൂപഭേദങ്ങളെ എല്ലാം വിവരിച്ചുകഴിഞ്ഞു. ഇനി നാമത്തിൽ നിന്നു ജനിക്കുന്ന കൃതികളെ 'നാമധാതു' എന്നൊരു ഭിന്നമായി വിവരിച്ചതുപോലെ കൃതികളിൽ നിന്നുണ്ടാകുന്ന നാമങ്ങളേയും നാമങ്ങളിൽ നിന്നു ജനിക്കുന്ന മറ്റു നാമങ്ങളേയും പറ്റി പറവാനുണ്ടു്. കൃതികളിൽ നിന്നുണ്ടാകുന്ന നാമങ്ങൾക്കു '*കൃത്തുകൾ*' എന്നും നാമങ്ങളിൽ നിന്നുണ്ടാകുന്ന മറ്റു നാമങ്ങൾക്കു '*തദ്ധിതങ്ങൾ*' എന്നും സംസ്കൃതവ്യാകരണാനുസാരേണ പേരുകൾ ചെയ്തിരിക്കുന്നു.

131. കൃതികൃത്തു് എന്നും കാരകകൃത്തു് എന്നും കൃത്തുകൾ രണ്ടുവിധം. ഒന്നാമത്തേതു കേവലമായ ക്രിയാസ്വരൂപത്തെ കുറിക്കുന്നു. ഇതിന്നു 'ക്രിയാനാമ'മെന്നും ചിലർ പേർ കൊടുത്തിട്ടുണ്ടു്. രണ്ടാമത്തേതിൽ ക്രിയയെ നടത്തുന്ന കർത്തൃകർമ്മാദികാരകങ്ങളിൽ ഒന്നു പ്രത്യയത്തിന്റെ വാച്യമായി നിൽക്കുന്നു.

ഉദാ:—ധാതു.	കൃതികൃത്തു്.*	കാരകകൃത്തു്.
വള	വളവു്	വളവൻ
ഉതള്	ഉതളിച്ച	ഉതളൻ.

ഇതിൽ 'വളവു്' 'ഉതളിച്ച' രണ്ടും ആ ക്രിയകളുടെ പേരുകളാകുന്നു. വളയുന്നതു (വളയുക എന്ന ക്രിയയുടെ കർത്താവു്) വളവൻ; ഉതളുന്നതു് (ഉതളുക എന്ന ക്രിയയുടെ കർത്താവു്) ഉതളൻ എന്നു അർത്ഥമാകുന്നു.

132. കൃതികൃത്തുകളെ കുറിക്കുന്നതിന്നു്.

1.	അൽ	4.	വു്	7.	ത്തു്	10.	മ
2.	തൽ	5.	ച	8.	ത്തം	11.	വി
3.	പ്പു്	6.	തി	9.	അം	12.	മാനം

എന്നു 12 പ്രത്യയങ്ങളുണ്ടു്. ഇവയെ ചേർക്കുമ്പോൾ താലവ്യാദേശം, ഉപാന്ത്യസ്വരത്തിന്നു ദീർഘം മുതലായ ചില പ്രക്രിയകളും ചെയ്യേണ്ടിവരും.

ഉദാ:—	ധാതു	കൃതി.	ധാതു	കൃതി
1 അൽ—	തൊഴു	തൊഴുകൽ	കോൺ	കോണൽ
	തേകു്	തേകൽ	കറു്	കറൽ
	എണ്ണു്	എണ്ണൽ	കാ	കാവൽ
	കൂടു്	കൂടൽ	കുവു്	കുവൽ

---

* കൃതികൃത്തിന്നു ചിലർ ഭാവരൂപം എന്നു പേർ ചെയ്തിട്ടുണ്ടു്. അതും ശരി കാര്യം തന്നെ. വ്യാകരണത്തിൽ ഐകരൂപ്യത്തിന്നു വേണ്ടി ചെയ്ത പേരാണു് കൃതികൃത്തു് എന്നതു്.

2. തൽ—കെട്ട് കെട്ടൽ.
3. പ്പ്—തോ-തോപ്പ്; കിട-കിടപ്പ്; പാർ-പാർപ്പ്.
4. വ്—അറി-അറിവ്; തോ-തോവ്; മിന-മിനവ്; അള-അളവ്.
5. ച്ച*—ചേർ-ചേർച്ച; വീഴ്-വീഴ്ച; അകൽ-അകൽച്ച; അയര്-അയർച്ച.
6. തി—അറു-അറുതി; പൊറു-പൊറുതി.
7. ത്ത്—നെയ്-നെയ്ത്ത്; കൊയ്-കൊയ്ത്ത്; ഉരുള്-ഉരുട്ട്; കേള്-കേട്ട്; പുക്-പുക്ക് (താലവ്യഭേദം) പാട്-പാട്ട്-(സന്ധികാര്യം) കൂട്-കൂട്ട്; മൽ-മറ്റ്.
8. ത്തം—നട-നടത്തം; പിടി-പിടിത്തം; വെളു-വെളിച്ചം; വാട്ടം; കൊള്-കോട്ടം. ഏറ്-ഏറ്റം.
9. അം—വീൾ-വീളം; എൺ-എണ്ണം; ആഴ്-ആഴം; കൾ-കള്ളം.
10. മ—ഓർ-ഓർമ്മ; കൂർ-കൂർമ്മ; തെളി-തെളിമ.
11. വി—കേൾ-കേൾവി, കേളി; മറ-മറവി; വേൾ-വേൾവി, വേളി.
12. മാനം—തീര്-തീര്മാനം; ചെല്-ചെല്മാനം; വര്-വരുമാനം.

ഉപദേശം.—ഇതുവരെ 12 പ്രത്യയങ്ങളിൽ

(1) 'അൽ' മിക്ക ധാതുവിലും ചേരും.

ഉദാ:—ചെയ് ചെയ്യൽ.

(2) 'പ്പ്' കാരിതങ്ങൾക്കു കൊള്ളും.

ഉദാ:—നില്പ്, നിരപ്പ്, തരിപ്പ്.

(3) 'അം' ഒ കാരാന്തങ്ങൾക്ക്; ഒ കാരത്തെ ഉരാദേശം ചെയ്തു കകാരവുമാഗമിക്കണം.

ഉദാ:—ഉണക്കം, അടക്കം, ചുരുക്കം.

(4) 'ച', ര ല ള ഴാന്തങ്ങൾക്കും.

ഉദാ:—തളർച്ച ഉണർച്ച, വളർച്ച.
അകൽച്ച മികൽച്ച, അയൽച്ച
ഉയർ(ി)ച്ച, വിര(ി)ച്ച
താഴ്ച, വീഴ്ച, കാഴ്ച.

(5) 'തൽ' 'വ്' താലവ്യസ്വരാന്തങ്ങൾക്കു; താലവ്യത്തിൽ ചേരുമ്പോൾ 'തൽ' എന്നതിനെ താലവ്യാദേശംകൊണ്ടു 'ചൽ' എന്നുമാക്കണം.

* ചിലതിൽ ഉച്ചാരണസൗകര്യത്തിനു വേണ്ടി പ്രത്യയത്തെ 'ഇച്ച' എന്നു മാറ്റുണ്ട്. ഉയരിച്ച, വിരളിച്ച ഇത്യാദി.

ഉദാ:—കരച്ചൽ, പിഴിച്ചൽ, മറിച്ചൽ.
അറവ്, ഒഴുവ്, തെളിവ്

133. ധാതുരൂപം തന്നെ ചിലടത്തു കൃതികൃത്തായിട്ടു കാണും.

ഉദാ:—കളി, കുളി, കടി, വിത, പൊളി, പണി.

ചിലടത്തു ഉപാന്ത്യസ്വരത്തെ നീട്ടുകമാത്രം ചെയ്യണം.

ഉദാ:—പട്—പാട്	ഉൺ—ഊൺ	കെട്ട്—കേട്ട്
തിൻ—തീൻ	ചുട്—ചൂട്	പൊര്—പോര്

134. കാരകകൃത്തുകളെ ഉണ്ടാക്കുന്നതിന് 'അ' എന്നും 'ഇ' എന്നും രണ്ടു പ്രത്യയങ്ങളുണ്ട്. ഇവയിൽ ഇന്ന പ്രത്യയം ഇന്ന ധാതുവിന് എന്നു വേർതിരിക്കുന്നതു പ്രയാസം; പ്രത്യയം ചേർക്കുമ്പോൾ ചിലടത്തു വിശേഷപ്രക്രിയകളും വേണ്ടി വരും.

ധാതു.	കാരകകൃത്തിന്റെ രൂപം	പുല്ലിംഗം,	സ്ത്രീ
ഉദാ—മൊണ്ണ	മൊണ്ണയ	മൊണ്ണയൻ	മൊണ്ണച്ചി
ചതി	ചതിയ	ചതിയൻ (വൻ)	ചതിച്ചി
കോട	കോട	കോടൻ	(പുന്നപുംസകതുല്യം)
ഉരുൾ	ഉരുള	ഉരുളൻ	ളി
തെണ്ട്	തെണ്ടി	തെണ്ടി	(ലിംഗഭേദമില്ല)
മൊണ്ട്	മൊണ്ടി	മൊണ്ടി	ടി

'ഇ' എന്ന പ്രത്യയം നാമങ്ങളോടു സമാസിച്ചിട്ടാണ് അധികം നടപ്പ്. എങ്ങനെ എന്നാൽ—

മരംചാടി	മരത്തിൽ ചാടുന്നവൻ	—ത,—ഇ.
കാടോടി	കാട്ടിലോടുന്നവൻ,	—ത,—ഇ.
മീൻകൊല്ലി	മീനിനെ കൊല്ലുന്നവൻ,	—ത,—ഇ.
കാറ്റാടി	കാറ്റിലാടുന്നവൻ,	—ത,—ഇ.
വായാടി	വായകൊണ്ടാടുന്നവൻ,	—ത,—ഇ.

കൃതികൃത്തിൽ പറഞ്ഞതുപോലെ ധാതുരൂപം തന്നെ കാരകകൃത്തായി നടക്കുന്നതും ഉണ്ട്. എങ്ങനെ എന്നാൽ—

ധാതു.	അർത്ഥം	കാരകകൃത്ത്.
വഴു	വഴുവുന്നതു	വഴു.
പിടി	പിടിക്കപ്പെടുന്നതു	പിടി
ഉരുക്	ഉരുകുന്നതു	ഉരുക്.
പുതക്	പുതകുന്നതു	പുതക്.

കൃതികൃത്തിനെത്തന്നെ ചിലപ്പോൾ കാരകകൃത്തിന്റെ അർത്ഥത്തിൽ ഉപയോഗിച്ചുകാണും.

ധാതു.	കൃതികൃത്തു.	അർത്ഥം.
ഉദാ—വേൾ	വേളി	വേൾക്കപ്പെട്ടവൾ
പകര്	പകർപ്പു്	പകരപ്പെട്ടതു
മറ്	മറ	മറയ്ക്കപ്പെട്ടതു
മട്	മട	മടങ്ങുന്ന ഇടം

തദ്ധിതപ്രകരണം

135. തദ്ധിതങ്ങളിൽ പ്രധാനമായിട്ടു (1) തന്മാത്രം (2) തദ്വത്തു് (3) പൂരണി എന്ന മൂന്നുവക പ്രത്യയങ്ങളുണ്ടു്. സൗന്ദര്യം, സാമർത്ഥ്യം മുതലായ ഗുണങ്ങൾ ധർമ്മങ്ങൾ; ആ ഗുണങ്ങളുള്ള സുന്ദരൻ, സമർത്ഥൻ മുതലായ ദ്രവ്യങ്ങൾ ധർമ്മികൾ. ഒരു ധർമ്മത്തെ കുറിക്കുന്നതു തന്മാത്രം; ഒരു ധർമ്മിയെ കുറിക്കുന്നതു തദ്വത്തു. ഇത്രാമത്തേതു എന്നു ഒരു സംഖ്യയെ പൂരിപ്പിക്കുന്നതു പൂരണി.

ഉദാ—	പുതു	-പുതുമ		തന്മാത്രം
	നൽ	-നന്മ		
	വെൾ	-വെണ്മ		
കര	-കരയൻ	-കരയുള്ള	എന്നർത്ഥം	തദ്വത്തു്
മൂപ്പു	-മൂപ്പൻ	-മൂപ്പുള്ള	ടി	
മിടുക്ക	-മിടുക്കൻ	-മിടുക്കുള്ള	ടി	
	ഒന്നു്	-ഒന്നാമൻ		പൂരണി
	രണ്ടു്	-രണ്ടാമൻ		
	പത്തു്	-പത്താമൻ		

136. A. ഗുണവിശേഷണങ്ങൾക്കും ആകാരാന്തനിഷേധകങ്ങൾക്കും, കോയിലാദിഗണത്തിൽ ചേർന്നിട്ടുള്ള ശബ്ദങ്ങൾക്കും 'മ' എന്ന തന്മാത്രപ്രത്യയം വരും.

ഭേദകം.	തന്മാത്രം.	ശബ്ദം	തന്മാത്രം
ഉദാ—പുതു	-പുതുമ	കോയിൽ	-കോയ്മ
പഴ	-പഴമ	അടി	-അടിമ
വെൾ	-വെണ്മ	ആൺ	-ആണ്മ
വരാ	-വരായ്മ	ചേരാ	-ചേരായ്മ

കോയിലാദിഗണമാവിതു—കോയിൽ, ആരം, അടി, തോഴ, ആൺ, പെൺ (രണ്ടും വികല്പേന) ഇത്യാദി.

B. ശേഷം ശബ്ദങ്ങൾക്കൊക്കെയും 'ത്തം' എന്ന തന്മാത്ര പ്രത്യയം.

ഉദാ—	മടയ	മടയത്തം
	മണ്ട	മണ്ടത്തം
	ചണ്ടി	ചണ്ടിത്തം
	വിഡ്ഢി	വിഡ്ഢിത്തം

137. 'അ' എന്ന തദ്വൽപ്രത്യയം

	ശബ്ദം.	തദ്വദ്രൂപം.	പും.	സ്ത്രീ.
ഉദാ—	മടി	മടിയ	മടിയൻ	മടിച്ചി
	കര	കരയ	കരയൻ	
	മിടുക്ക്	മിടുക്ക	മിടുക്കൻ	മിടുക്കി
	തടി	തടിയ	തടിയൻ	തടിച്ചി
	ചെറുമ	ചെറുമ	ചെറുമൻ	ചെറുമി

തദ്വൽപ്രത്യയത്തിന 'അവിടെയുള്ള' 'അവിടെ ഉണ്ടാകിയ' ഇത്യാദ്യർത്ഥങ്ങളും കാണും. എങ്ങനെയെന്നാൽ—

തെക്കുള്ളവൻ,-ത്,-ള്ളു = തെക്കൻ
കോട്ടാറ്റുണ്ടാകിയതു = കോട്ടാറൻ
കിഴക്കിനിന്നു വന്നതു = കിഴക്കൻ (കാറു)

138. 'ആം' എന്ന പൂരണിതദ്ധിതം സംഖ്യാവാചി ശബ്ദങ്ങൾക്ക വരും.

	സംഖ്യാ.	പൂരണി.	പും.	നപും.
ഉദാ—	ഒന്ന്	ഒന്നാം	ഒന്നാമൻ	ഒന്നാമതു
	രണ്ട്	രണ്ടാം	രണ്ടാമൻ	രണ്ടാമതു
	പത്ത്	പത്താം	പത്താമൻ	പത്താമതു
	നൂറ്	നൂറാം	നൂറാമൻ	നൂറാമതു

ഇതിൽ 'ഒന്നാമൾ' എന്നോ 'ഒന്നാമി' എന്നോ വരേണ്ടുന്ന സ്ത്രീലിംഗം ഉപയോഗിക്കാറില്ല. അതിലേക്ക പൂരണിതദ്ധിതാന്തങ്ങളുടെ നപുംസകരൂപത്തിൽ 'ഏ' എന്ന വിഭക്ത്യാഭാസം ചേർത്തുണ്ടാക്കുന്ന രൂപത്തിൽ സ്ത്രീലിംഗം ചേർക്കയാണ പതിവ്. അങ്ങനെ ഉണ്ടാകുന്ന രൂപത്തിന മൂന്ന ലിംഗവും വരും. എങ്ങനെ എന്നാൽ—

സംഖ്യ.	വിഭക്ത്യാഭാസം.	പും.	സ്ത്രീ.	നപും.
ഒന്ന	ഒന്നാമത്തെ	ഒന്നാമത്തെവൻ	ഒന്നാമത്തെവൾ	ഒന്നാമത്തേതു

അഭ്യാസം ൧൫.

താഴെ കാണുന്ന വാക്യങ്ങളിലെ ധാതുക്കളുടെ ലിംഗപുരുഷവചനങ്ങളെ പറയുക —

1)	കാമി......കാലപുഷ്പങ്ങളെയോതിടിനാൻ, —	മേഘ-
2)	പാന്ഥാംഗനമാരുടെ മുഖമൊന്നും തെളിഞ്ഞുവരും.	സന്ദേ-
3)	ഇപ്രകാരമുള്ള ഇന്ദ്രസമാനന്റെ ഒ ചന്ദ്രൻ,	ശം
4)	ഏവം ഭഗ്നീകൃതമിലാംഗിയാൾ.	ശ്രീ-കൃ-ച.
5)	ഝിൻഝിതവാടിക ചന്നവ കേൾപ്പതാൻ.	കല്യാണ-
6)	വന്ദിച്ചുൻ ഗണനായകനാകിയ വാരണൻ കോതാട്ട...	കല്യാണസൗ
7)	ഇവിടെ വസിപ്പതിന്നിനിയല്ലോ.	ടി
8)	പാലാഴിപുകഴ...വീണിതാ കേണിടുന്നേൻ	മയൂര-
9)	ഘോരരൂപിണിയായ താടക വീണാളല്ലോ.	അദ്ധ്യാ-രാമാ-
10)	ബന്ധുകാരുണ്യവാന വസ്യന്തിതവർബലാൽ	ടി

അഭ്യാസം ൧൬

താഴെ എഴുതുന്ന വാചകങ്ങളിലെ കൃതികൾ വിധായകങ്ങളോ, നിഷേധങ്ങളോ, മുറ്റുവിനയോ, പറ്റുവിനയോ, പേരെച്ചമോ, വിനയെച്ചമോ എന്നും തരം തിരിച്ചുപറയുക, അവയുടെ പ്രയോഗങ്ങളെയും ചൂണ്ടിക്കാണിക്കുക.

1)	എന്നാൽ കഥ പറഞ്ഞു രസിപ്പിക്കാനല്ല കാളിദാസൻ ഇതിൽ ഉദ്യമിച്ചിരിക്കുന്നത്.	
2)	പേടിച്ചോട്ടംപേടി തലയ്ക്കുതിരിഞ്ഞുപിടിപ്പിച്ചിട്ടേണം	
3)	വണ്ടും ഞണ്ടും വടിവോടു കളിക്കുന്ന കായലുകളെയും	
4)	ഭവാനിരിക്കുമ്പോൾ മല്ലുതമാണിന്നിതു —	ഭാര-
5)	പറഞ്ഞോപ്പുചെല്ലാൻതിരിച്ചിടിയാൻ —	തം.
6)	ഒന്നുമഞ്ഞകോടിത്തുടാ- യതിർകോമതികളാകുന്നകാൽ	ശ്രീ-കൃ-ച
7)	ഞാൻ ഒരു ഗ്രന്ഥമെഴുതിവരുന്നു	
8)	വെള്ളപ്പൊക്കമുള്ളിടത്ത ചെയ്ത പലതിനും- നാരായണകൃഷ്ണ ചിന്തിച്ചാൽ ചിത്രം ചിത്രം	
9)	ശ്രീകൃഷ്ണനോടു വസിച്ചുതുടങ്ങിയതിൽ ലോകരുടെ ചന്ദ്ര,	
10)	കപോലമുള്ളകുളിർവുള്ളവനേ കവിവൃന്ദങ്ങളെ വിസ്മയം.	

ആകാംക്ഷാകാണ്ഡം

കാരകപ്രകരണം

139. ആകാംക്ഷ എന്നാൽ ശബ്ദങ്ങൾക്കു അന്യോന്യമുള്ള ബന്ധമാകുന്നു. ഒരു ക്രിയയ്ക്കു നാമപദങ്ങളോടുള്ള ആകാംക്ഷ കാരകം. എന്തെല്ലാം കൂടി ഒരു ക്രിയയെ നടത്തുന്നുവോ അവയെല്ലാം ആ ക്രിയയുടെ കാരകങ്ങൾ എന്നു പറയപ്പെടുന്നു.

'അച്ഛന്റെ നിയോഗത്താൽ പതിന്നാലുവർഷം രാമൻ കാട്ടിൽ താമസിച്ചു' എന്ന ഉദാഹരണത്തിൽ 'രാമൻ' 'നിയോഗം' 'വർഷം' 'കാട്' ഇതൊക്കെയും ഉണ്ടെങ്കിലേ 'താമസിച്ചു' എന്ന ക്രിയയ്ക്കു പൂർത്തി വരുന്നുള്ളു. അതിനാൽ രാമാദികളെല്ലാം 'താമസിക്ക' എന്ന ക്രിയയ്ക്കു കാരകങ്ങളാം.

140. കർത്താ, കർമ്മം, കരണം, കാരണം, സാക്ഷി, സ്വാമി, അധികരണം എന്നു കാരകങ്ങൾ ഏഴെണ്ണമുണ്ട്. ഇവയിൽ കർത്താവിനെ കർത്തരിപ്രയോഗത്തിൽ നിർദ്ദേശികയും, കർമ്മണിപ്രയോഗത്തിൽ പ്രയോജികയും; കർമ്മത്തെ കർത്തരിപ്രയോഗത്തിൽ പ്രതിഗ്രാഹികയും, കർമ്മണിപ്രയോഗത്തിൽ നിർദ്ദേശികയും; കരണകാരണങ്ങളെ സർവത്ര പ്രയോജികയും; സാക്ഷിയെ സംയോജികയും; സ്വാമിയെ ഉദ്ദേശികയും; അധികരണത്തെ ആധാരികയും കുറിക്കുന്നു. ഈ സംഗതിയെത്തന്നെ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

കാരകം.	വിഭക്തി.	പ്രയോഗം.
കർത്താ	നിർദ്ദേശിക	കർത്തരിപ്രയോഗത്തിൽ
	പ്രയോജിക	കർമ്മണി ,,
കർമ്മം	പ്രതിഗ്രാഹിക	കർത്തരി ,,
	നിർദ്ദേശിക	കർമ്മണി ,,
കരണം, കാരണം	പ്രയോജിക	പ്രയോഗഭേദമില്ല.
സാക്ഷി	സംയോജിക	,,
സ്വാമി	ഉദ്ദേശിക	,,
അധികരണം	ആധാരിക	,,

ഇതിൽനിന്നു്, സംബന്ധിക ഒഴികെയുള്ള വിഭക്തികളെല്ലാം കാരകങ്ങളെ കുറിക്കുന്നവയാണു. കൃതികൃത്തായിട്ടു് നാമമായിപ്പോയ ക്രിയകളുടെ കർത്താവിനെ കാണിക്കുന്നതിന്നു് സംബന്ധിക ഉപയോഗപ്പെടുന്നതിനാൽ ഈ വിഭക്തിയും സർവ്വഥാ കാരകമാകാത്തതെന്നു പറഞ്ഞുകൂടാ. ഇനി കാരകങ്ങൾക്കു മുറയ്ക്കു് ലക്ഷണവും ഉദാഹരണവും—

141. എല്ലാ ക്രിയകളെയും ഫലം, വ്യാപാരം എന്നു രണ്ടംശമായിപ്പിരിക്കാം. നടക്കുക എന്ന ക്രിയയിൽ പാദപ്രക്ഷേപം (കാലുകൾ എടുത്തു മുന്നോട്ടു വയ്ക്കുക) വ്യാപാരവും, അതിനാലുണ്ടാകുന്ന ദേശാന്തരസംസർഗ്ഗം (മറ്റൊരിടത്തു ചെല്ലുക) ഫലവും ആകുന്നു. ഇതിൻവണ്ണം, അടിക്കുക എന്ന ക്രിയയിൽ ഒരു വസ്തുവിനെ മറ്റൊരു വസ്തുവിൽ മുട്ടിപ്പിക്കുക വ്യാപാരം; അതിനാൽ ആ വസ്തുക്കൾക്കു തങ്ങളിൽ ഉണ്ടാകുന്ന സമ്മർദ്ദം ഫലം. ഇങ്ങനെ എല്ലാ ക്രിയകൾക്കും ഫലവ്യാപാരങ്ങൾ പറയാം. ഇതിൽ,

വ്യാപാരത്തിന്നു് ആശ്രയമായ കാരകം 'കർത്താ'
ഫലത്തിന്നു് ആശ്രയമായ കാരകം 'കർമ്മം'

ധാതുവിന്റെ അർത്ഥത്തെ രണ്ടംശമാക്കിയതിൽ പ്രധാനം വ്യാപാരമാകുന്നു. അതു് ഏതു കാരകത്തെ ആശ്രയിച്ചു നില്ക്കുന്നുവോ അതു കർത്താ; ഫലം ഏതിനെ ആശ്രയിച്ചു നില്ക്കണമെന്നു് കർത്താ വിചാരിക്കുന്നുവോ ആ കാരകം കർമ്മം. ഫലവ്യാപാരങ്ങൾ രണ്ടും ഒരു കാരകത്തെ തന്നെ ആശ്രയിച്ചു നിന്നു എന്നും വരാം. അങ്ങനെ ഉള്ള ക്രിയയ്ക്കു് കർമ്മമില്ല; ഈ വക ക്രിയകളാണു് അകർമ്മകങ്ങൾ.

ഉദാ—(൧) രാമൻ നടക്കുന്നു.
(൨) ആശാൻ ശിഷ്യരെ വടികൊണ്ടു് അടിച്ചു.

ഇതിൽ ൧-ൽ നടക്കുകയുടെ വ്യാപാരമായ പാദപ്രക്ഷേപവും ദേശാന്തരസംസർഗ്ഗരൂപമായ ഫലവും രാമനെത്തന്നെ ആശ്രയിച്ചുനില്ക്കുന്നതിനാൽ 'രാമൻ' കർത്താ; കർമ്മമില്ല. ൨-ൽ വടിയെ ശിഷ്യരിൽ മുട്ടിപ്പിക്കുന്നതു് ആശാൻ ആകുന്നു; അതിനാൽ 'ആശാൻ' കർത്താ. കർത്താവായ ആശാന്റെ വിചാരം അടി ക്രിയയുടെ ഫലമായ വേദന എന്നു സാധാരണ നാം പറഞ്ഞുവരുന്ന സമ്മർദ്ദം ശിഷ്യരെ ആശ്രയിച്ചു നില്ക്കണമെന്നാകയാൽ 'ശിഷ്യർ' കർമ്മം. സമ്മർദ്ദം വാസ്തവത്തിൽ ശിഷ്യരിലുണ്ടാകുന്ന

ഇതുപോലെതന്നെ വടിയിലും ഉണ്ടാകും; എന്നാൽ അതു് ആശാന്റെ വിവക്ഷിതമല്ല. അതുകൊണ്ടു് വടി കൎമ്മമാകുന്നില്ല. ഈ മാതിരി സ്ഥലങ്ങളിൽ വടിക്കു കൎമ്മമാകാതെയിരിപ്പാൻവേണ്ടിയാണു് ലക്ഷണത്തിൽ 'കൎത്താ ക്രിയാഫലം ഏതിനെ ആശ്രയിച്ചുനിൽക്കണമെന്നു് വിചാരിക്കുന്നുവോ' എന്നു പറഞ്ഞതു്. ആശാന്റെ നേരെ മറിച്ചു്, വടിയിൽ സമ്മൎദ്ദം ഉണ്ടാകണമെന്നായിരുന്നു വിചാരമെങ്കിൽ 'വടിയെ ശിഷ്യനെക്കൊണ്ടടിച്ചു' എന്നു പറയേണ്ടിവരുമായിരുന്നു. എന്നാൽ ഇതു് അധികം സംഭവിക്കാറില്ല. അപൂൎവമായി സംഭവിക്കുന്നിടത്തു നാം വടിയെ കൎമ്മമാക്കാറുമുണ്ടു്. എങ്ങനെയെന്നാൽ—

വടിയെ തൂണിൽ അടിച്ചു് ഒടിക്കുന്നു.

142. ഒരു ക്രിയയെ നടത്തുന്നതിൽ കൎത്താവിനു് ഉപകരണമായിട്ടു് ഏററം ഉപകാരപ്പെട്ട കാരകം '*കരണം*.'

ഉദാ—ആശാൻ വടിയാൽ (വടികൊണ്ടു്) ശിഷ്യനെ അടിക്കുന്നു.

ഇതിൽ സമ്മൎദ്ദം ശിഷ്യനിൽ ജനിപ്പിക്കുന്നതിനു ഉപകാരപ്പെടുന്നതു് വടിയാകയാൽ അതു കരണം. കരണാൎത്ഥത്തെ കുറിക്കുന്നതിനു് പ്രയോജികാവിഭക്തിയെക്കാൾ നല്ലതു് 'കൊണ്ടു്' എന്ന ഗതിയാകുന്നു. എങ്കിലും കവികൾ പ്രയോജികയെയും ചിലപ്പോൾ ഉപയോഗിക്കാറുണ്ടു്. എങ്ങനെ—'കത്തിയെ നാവിനാൽ നക്കി'—കേരളവൎമ്മ രാമായണം.

143. അൎത്ഥാന്തരപ്രസിദ്ധമായ ഹേതുതന്നെ '*കാരണം*.'

ഉദാ—മഴയാൽ ഉഷ്ണം ശമിക്കുന്നു.

ഇതിൽ ഉഷ്ണശാന്തിക്കു ഹേതു മഴയാകയാൽ മഴ കാരണം.

144. കൎത്താവിനു ക്രിയയെ നടത്തുന്നതിൽ എതിരാളിയായി നിന്നു സഹായിക്കുന്ന കാരകം '*സാക്ഷി*'.

ഉദാ—ശിവൻ ശക്തിയോടു ചേരുന്നു.

ഇവിടെ ചേരുക എന്ന ക്രിയയെ നിൎവഹിക്കുന്നതിൽ കൎത്താവിനു് ഒരെതിരാളിയുടെ സഹായം ആവശ്യപ്പെടുന്നു; ആയതു് 'ശക്തി' ആകയാൽ 'ശക്തി' ഇവിടെ സാക്ഷി. കൎത്താവിനു എതിരാളി ആകയാൽ സാക്ഷിയെ കൎത്താവുതന്നെ ആക്കുകയും ചെയ്യാം. എങ്ങനെയെന്നാൽ—

ശിവൻ ശക്തിയുമായിച്ചേരുന്നു.

ശിവൻതാനും ശക്തിയും ഒരുമിക്കുന്ന വിധത്തിൽ ചേരുന്നുവെന്നൎത്ഥം. 'ആയി' എന്ന അവ്യയം ഈ മാതിരി അന്വയത്തെ ദ്യോതിപ്പിക്കുന്നു.

വേറെ ഉദാഹരണങ്ങൾ—

> കാന്തം നയനമാടിയകൊണ്ടു
> കണ്ണൂതളകൊണ്ടുനന്നു പരികർമ്മമായി
> ഞായരോടു കടക്കു ധരിപ്പിച്ചു
> ഭൂപതി മഹാവലിയെയുമിന്നു
> സൌമിത്രിയോടു വിളിച്ചാൻ.

145. A. കർത്താവു് കർമ്മത്തിന്നു ഉതകണമെന്നു വിചാരിക്കുമ്പോൾ ആ കാരകം 'സ്വാമി'

ഉദാ—ധാർമ്മികൻ ബ്രാഹ്മണനു പശുവിനെ കൊടുക്കുന്നു

ഇതിൽ ധാർമ്മികൻ പശുവിനെ കൊടുക്കുന്നതു ബ്രാഹ്മണനു ഉപകരിക്കണമെന്നുള്ള വിചാരത്തിന്റെ പേരിലാകയാൽ 'ബ്രാഹ്മണൻ' സ്വാമി.

വേറെ ഉദാഹരണങ്ങൾ—

> രോഗി തനിക്കു് എണ്ണ തേയ്ക്കുന്നു
> വേലക്കാരൻ ചെടിക്കു വളമിടുന്നു
> കല്ലൻ ഭിത്തിക്കു വെള്ള തേയ്ക്കുന്നു
> രാമൻ പുത്രനു ധനം നേടുന്നു

B. വ്യധികരണവിധിയിൽ ഉദ്ദേശ്യമായ കാരകവും 'സ്വാമി'തന്നെ.

നാം ഏതിനെപ്പറ്റി സംസാരിക്കുമ്പോൾ അതു ഉദ്ദേശ്യം; അതിന് എന്തുണ്ടാകുന്നു എന്നു പറയുമ്പോൾ അതു വിധേയം. ഇങ്ങനെ വാക്യത്തിൽ ഉദ്ദേശ്യം വിധേയം എന്നു രണ്ടു ഭാഗങ്ങൾ. 'കാക്ക കറുത്തതാകുന്നു' എന്നു പറയുന്നിടത്തു നാം സംസാരിക്കുന്നതു കാക്കയെപ്പറ്റി ആകയാൽ 'കാക്ക' ഉദ്ദേശ്യം; കാക്കയെപ്പറ്റി പറയുന്ന 'കറുത്തതാകുന്നു' എന്നതു വിധേയം. ഇതിൽ ഉദ്ദേശ്യമായ കാക്കയും, വിധേയമായ 'കറുത്തതു' എന്നതും ഒരേ വിഭക്തി (നിർദ്ദേശിക)യിൽ ആകയാൽ ഇതു സമാനാധികരണമായ വിധി. വാക്യം 'കാക്കയ്ക്കു കറുപ്പുണ്ടു്' എന്നാക്കിയാൽ അതു വ്യധികരണവിധി. ഇതിൽ ഉദ്ദേശ്യമായ 'കാക്ക' സ്വാമി.

വേറെ ഉദാഹരണങ്ങൾ—

> രാമനു പുത്രനുണ്ടായി
> പുരത്തിനു തീപിടിക്കുന്നു
> പഴത്തിനു പാകം വന്നു
> കരിമ്പിനു മധുരമുണ്ടു്

146 കർത്താവു ക്രിയയ്ക്കു് ആധാരമായി കല്പിക്കുന്ന കാരകം *അധികരണം.*

ഉദാ — പായിലിരിക്കുന്നു
കഴുത്തിൽ കയറി
ഉരുകയിൽ പൊരിച്ചു.

ഇനി കാരകങ്ങൾക്കു പുറമേയും ചില അർത്ഥങ്ങൾ വിഭക്തികൾക്കുള്ളവയെ ചൊല്ലുന്നു —

147. നിർദ്ദേശമർത്ഥത്തിലും നിർദ്ദേശിക വരും. നിർദ്ദേശമെന്നാൽ ഒരു വസ്തുവിനെ ചൂണ്ടിക്കാണിക്ക.

ഉദാ — **രാവണൻ** എന്ന രാക്ഷസൻ.
സിംഹം ഒരു **മൃഗമാകുന്നു.**
മുഖമാകുന്ന താമര.

ഇവയിൽ തടിച്ച പദങ്ങൾക്കു നിർദ്ദേശമർത്ഥത്തിൽ നിർദ്ദേശിക.

148. അകർമ്മകക്രിയകൾക്കു അവയുടെ കൃതികൃത്തിലെ രൂപം കർമ്മംപോലെ നില്ക്കും.

ഉദാ — ഞാൻ ഒരു ചാട്ടം ചാടി
അവൻ ഒരു ഓട്ടം ഓടി
ഇവൻ ഒരു വീഴ്ച വീണു.

149. തുല്യാർത്ഥപദങ്ങളുടെ യോഗത്തിൽ സംയോജികയും ഉദ്ദേശികയും വരും.

ഉദാ — അവനോടു തുല്യൻ, അവനു തുല്യൻ.

A. ദിക്കു്, ദേശം, കാലം, സംഖ്യ ഇവയ്ക്കു വ്യവസ്ഥ ചെയ്യുമ്പോൾ അവധിയായി നില്ക്കുന്ന പദത്തിനു ഉദ്ദേശിക വരും.

ഉദാ — മലയ്ക്കു മേൽക്കു അസ്തഗിരിക്കു കിഴക്കു — ദിക്കു്
കള്ളനെ കഴുത്തിനു പിടിക്കുന്നു — ദേശം
പത്തു ദിവസത്തിനു മുമ്പു — കാലം
ബ്രഹ്മാവിനു ൩-ാമൻ രാവണൻ — സംഖ്യ

B. കാലാദ്ധ്വാക്കളെ പരിച്ഛേദിക്കുന്നിടത്തു ആധാരമർത്ഥത്തിലും ഉദ്ദേശികവരും.

ഉദാ — പത്തുമണിക്കു കപ്പൽ വരുന്നു — കാലപരിച്ഛേദം
ഓണത്തിനു ചാരെ വരുന്നു — ”
മുണ്ടു മുഴത്തിനു മുറിക്കുന്നു — അദ്ധ്വപരിച്ഛേദം
പായകൻ അടിക്കടിക്കു തിരിഞ്ഞുനോക്കുന്നു — ”

C. * പ്രയോഗിക്കാതെ തന്നെ അൎത്ഥാൽ സിദ്ധിക്കുന്ന പിൻവിനയെച്ചത്തിന്റെ കൎമ്മത്തെ കുറിക്കുന്നതിന്നും ഉദ്ദേശിക വരും.

ഉദാ—പൂവിന്നു പോകുന്നു	—പൂ പറിക്കാൻ എന്നൎത്ഥം.	
ഭിക്ഷയ്ക്കു തെണ്ടിനടന്നു	—ഭിക്ഷ വാങ്ങാൻ	ടി
തപസ്സിന്നാരംഭിച്ചു	—തപസ്സു ചെയ്വാൻ	ടി
പൂഴിക്കു ഇറങ്ങി	—പൂഴിക്കളിപ്പാൻ	ടി

150. നിൎദ്ധാരണാൎത്ഥത്തിലും പ്രയോജികാധാരികകൾ വരും. നിൎദ്ധാരണമെന്നാൽ കൂട്ടത്തിൽ നിന്നു ഒന്നിനെ വേൎതിരിക്കയാകുന്നു.

ഉദാ—

{ ഇവയെക്കൊണ്ടൊന്നു പറിച്ചു.
{ ഇവയിൽ ഒന്നു പറിച്ചു.

{ ബ്രാഹ്മണരെക്കൊണ്ടൊരി
{ ബ്രാഹ്മണരിലൊരി.

{ അവരെക്കൊണ്ടു
{ അവരിലൊന്നു

151. A. താരതമ്യാൎത്ഥത്തിലും ആധാരിക വരും.

ഉദാ—ഇവ തമ്മിൽ സാമ്യമുണ്ട്.
കുരുക്കളിൽ ഭീമസേനൻ ഉത്തമ ബലവാൻ.
എന്നിലും പ്രിയം ഭൂമിയോ വല്ലഭ.

B. ആധാരിക കാലപ്രകാരങ്ങളെയും കുറിക്കും.

ഉദാ—ബലിയുടെ രാജ്യകാലത്തിൽ.
(ബലി രാജ്യം ഭരിച്ചകാലത്തു എന്നൎത്ഥം)
ഉച്ചത്തിൽ പാടുന്നു.
(ഉച്ചപ്രകാരത്തിൽ എന്നൎത്ഥം)

152. നാമങ്ങൾക്കു തമ്മിലുള്ള സംബന്ധത്തെ കുറിക്കുന്നതിന്നു സംബന്ധികാവിഭക്തി വരും.

ഉദാ—രാജാവിന്റെ ആൾ	സ്വസ്വാമിഭാവസംബന്ധം.	
വസിഷ്ഠന്റെ ശിഷ്യൻ	ഗുരുശിഷ്യഭാവ	ടി
രാമന്റെ പുത്രൻ	പിതൃപുത്രഭാവ	ടി
മരത്തിന്റെ കൊമ്പ്	അവയവാവയവിഭാവ	ടി
ഇതിന്റെ കാരണം	കാൎയ്യകാരണഭാവ	ടി

ഇത്യാദി.

---

* പ്രയോഗിക്കാതെ അൎത്ഥാൽ സിദ്ധിക്കുന്നതായി വിട്ടുപോയ പദത്തിന്ന അൎത്ഥസിദ്ധം (Eng. understood) എന്നു പേർ; ഉദാഹരണത്തിൽ പറിക്കാൻ ഇത്യാദികളെ അൎത്ഥസിദ്ധം എന്നു പറയും.

കൃതികൃത്തു കൃതിയുടെ രൂപമാണെങ്കിലും നാമമായിപ്പോകുന്നതിനാൽ അതിന്റെ കർത്താവിനെ കുറിക്കുന്നതിനും സംബന്ധികതന്നെ.

ഉദാഹരണം: ചന്ദ്രന്റെ വരവു — ചന്ദ്രൻ വരുന്നു എന്നു കർത്താ.
കുട്ടികളുടെ കളി — കുട്ടികൾ കളിക്കുന്നു — ടി
അവന്റെ ശോഭ — അവൻ ശോഭിക്കുന്നു — ടി
ഹനുമാന്റെ ചാട്ടം — ഹനുമാൻ ചാടുന്നു — ടി
ഇലകളുടെ ഇളക്കം — ഇലകൾ ഇളകുന്നു — ടി

കൃതികൃത്തുപമായിരിക്കുന്ന കൃതി സകർമ്മകമായാൽ അതിന്റെ കർമ്മത്തെ കുറിക്കുന്നതിനും സംബന്ധികതന്നെ.

ഉദാ—കുട്ടികൾക്കു പഠിപ്പിന്റെ മേൽ ശ്രദ്ധ വേണം. — പഠിപ്പിനെ ഓർക്കുക എന്നു കർമ്മം.
വ്യാകരണത്തിന്റെ അറിവു അത്യാവശ്യമാകുന്നു—വ്യാകരണത്തെ അറിക എന്നു കർമ്മം.
ചോറിന്റെ ഊൺ ചോറിനെ ഉണ്ണുക — ടി

എന്നാൽ മലയാളത്തിലെ കൃതികൃത്തുപങ്ങളുടെ കർമ്മത്തെ കുറിക്കുന്നതിന് ഇങ്ങനെ സംബന്ധിക ഉപയോഗിക്കുന്നതു അപൂർവ്വമാണ്. സംസ്കൃതധാതുക്കളിലാകട്ടെ ധാരാളവുമാണ്. ബാലിയുടെ വധം; ഇന്ദ്രപദത്തിന്റെ സ്മരണ. ശാസ്ത്രത്തിന്റെ ജ്ഞാനം ഇത്യാദി. അതുപ്രകാരം സകർമ്മകകൃതികളുടെ കൃതികൃത്തുപയോഗിക്കുന്നിടത്തു് അതിന്റെ കർത്താവിനെയും കർമ്മത്തെയും സംബന്ധികകൊണ്ടു് കുറിക്കേണ്ടതായിവരുന്നു. അങ്ങനെ വരുന്നിടത്തു കർത്താവിനെ കുറിക്കുന്നതിന് ഉദ്ദേശികയെ ഉപയോഗിച്ചുകൊണ്ടു കർമ്മത്തിനു സംബന്ധിക ഉപയോഗിക്ക എന്നാണേർപ്പാട്. രാമനുള്ള വ്യാകരണത്തിന്റെ അറിവു ഇത്യാദി.

153. ദിക്ക്, ദേശം, കാലം, പ്രകാരം, പരിമാണം ഇവ അർത്ഥമായുള്ള ശബ്ദങ്ങളെ വിഭക്തി ഒന്നും കൂടാതെയും പ്രയോഗിക്കാം.

ഉദാ—തെക്കു, വടക്കു, കീഴ്, മേൽ—ദിക്ക്
ഇന്നിടമെല്ലാം തിരഞ്ഞു കിട്ടി—ദേശം
൧൦൭൨-ാമാണ്ടു മീനമാസം ൩൧-ാം- എഴുതിയതു—കാലം
അപ്രകാരം, അതിനെപ്പോലെ, ആ വിധം—പ്രകാരം
നാഴിയരി, തെങ്ങാഴികവഴി—പരിമാണം

സമാസപ്രകരണം

154. പദങ്ങളെ കൂട്ടിച്ചേർക്കുന്നതാകുന്ന സമാസം. അന്യോന്യസംബന്ധത്തെ കുറിക്കുന്നതിനു വിഭക്തി മുതലായ പ്രത്യയങ്ങളെ ചേർത്തു ഒരു വാചകമെഴുതുന്നതിനു പകരം ആ വാചകത്തിനു വേണ്ടുന്ന ശബ്ദങ്ങളെ ഒന്നായ് കൂട്ടിച്ചേർത്തു പറഞ്ഞാൽ സമാസമായി. ഏതെല്ലാം പദങ്ങൾ കൂടിച്ചേർന്നു ഒരു സമാസമുണ്ടാകുന്നുവോ ആ പദങ്ങളെല്ലാം ആ സമാസത്തിന്റെ 'ഘടകങ്ങൾ' എന്നു പറയുന്നു. രണ്ടു പദം ചേർന്നുണ്ടാകുന്ന സമാസത്തിൽ ഒന്നാം പദം പൂർവപദം; രണ്ടാം പദം ഉത്തരപദം; മൂന്നു പദം ചേർന്ന സമാസത്തിൽ ഒന്നാംപദം പൂർവപദം; രണ്ടാംപദം മദ്ധ്യപദം; മൂന്നാംപദം ഉത്തരപദം. മൂന്നിലധികം പദം ചേർന്ന സമാസത്തിൽ ഒന്നാംപദം രണ്ടാംപദത്തെ അപേക്ഷിച്ച് പൂർവപദം; രണ്ടാംപദം മൂന്നാംപദത്തെ അപേക്ഷിച്ച് പൂർവപദവും, ഒന്നാംപദത്തെ അപേക്ഷിച്ച് ഉത്തരപദവും ആകുന്നു. ഇങ്ങനെ നടുവിലുള്ള പദങ്ങൾ എല്ലാം ചിലപ്പോൾ പൂർവപദവും ചിലപ്പോൾ ഉത്തരപദവും വിവക്ഷപോലെ ആകും. സമാസത്തിന്റെ അർത്ഥത്തെ വിവരിക്കുന്ന വാചകത്തിനു വിഗ്രഹം എന്നു പേർ.

	സമാസം	വിഗ്രഹം.
ഉദാ—	തലവേദന	തലയിലെ വേദന
	താമരക്കണ്ണൻ	താമരപോലുള്ള കണ്ണുള്ളവൻ
	പിടിപെടുക	പിടിയിൽ പെടുക

155. ഘടകപദങ്ങളുടെ ജാതിഭേദം പ്രമാണിച്ചു സമാസങ്ങളെ ആറായി വിഭജിക്കാം.

1. ക്രിയാംഗം ക്രിയയോടു —കണ്ടെത്തുക, കടിച്ചുകൊൾക
2. നാമം ക്രിയയോടു —ഭയപ്പെടുക, നിലവിളിക്കുക
3. നാമാംഗം നാമത്തോടു —പേരാറ്, കെട്ടിയ പെണ്ണ്
4. നാമം നാമാംഗത്തോടു —തേരോട്ടം, മരണി
5. നാമം നാമത്തോടു —പൊൻകുടം, തലവേദന
6. ഭേദകം നാമത്തോടു —വെൺചാമരം, ചെന്താമര.

156. ഘടകപദങ്ങളുടെ പ്രാധാന്യം പ്രമാണിച്ചു സമാസങ്ങളെ താഴെ കാണിക്കുന്നപ്രകാരം വിഭജിച്ചിരിക്കുന്നു—

1. പൂർവപദാർത്ഥപ്രധാനം (അവ്യയീഭാവൻ) ഉപഹരി.
(ഹരിയുടെ സമീപം എന്ന പൂർവപദാർത്ഥം പ്രധാനം)

2. ഉത്തരപദാർത്ഥപ്രധാനം തൽപുരുഷൻ —തലവേദന.
(തലയിലെ വേദന എന്ന ഉത്തരപദാർത്ഥം പ്രധാനം.)

A. ,, കർമ്മധാരയൻ —നീലക്കൽ

(നീലമായ കാർ എന്ന ഉത്തരപദാർത്ഥം പ്രധാനം.)

B. ,, (ദ്വിഗു) —ത്രിലോകി

(മൂന്നുലോകങ്ങൾ എന്ന ഉത്തരപദാർത്ഥം പ്രധാനം.)

3. അന്യപദാർത്ഥപ്രധാനം *ബഹുവ്രീഹി* —താമരക്കണ്ണൻ

(താമരപോലുള്ള കണ്ണുള്ളവൻ എന്ന അന്യപദാർത്ഥം പ്രധാനം.)

4. സർവ്വപദാർത്ഥപ്രധാനം *ദ്വന്ദ്വൻ* — അച്ഛനമ്മമാർ

(അച്ഛനുമമ്മയും എന്ന എല്ലാ പദാർത്ഥവും പ്രധാനം)

ഇവയിൽ അവ്യയീഭാവനും ദ്വിഗുവും സംസ്കൃതത്തിലെ ഉള്ളൂ; അതിനാൽ ആണ് അവയെ വലയത്തിനകത്തിട്ടിരിക്കുന്നതു്. അവയ്ക്കുമാത്രം ഉദാഹരണവും സംസ്കൃതപദമാണെന്ന് ഓർക്കുക. കർമ്മധാരയനും ദ്വിഗുവും തൽപുരുഷന്റെ ഉപപിരിവുകളെ ആകുന്നുള്ളൂ. 'ഷോഢാ സമാസഃ സംക്ഷേപാൽ' എന്ന സമാസചക്രവചനം സ്ഥൂലദൃഷ്ട്യാ ചെയ്തിട്ടുള്ളതാകുന്നു.

157. (1) എല്ലാ വിഭക്തികളുടെയും ഗതികളുടെയും വിഭക്ത്യാഭാസങ്ങളുടെയും അർത്ഥത്തിൽ ഒരു പൂർവ്വപദം ഉത്തരപദത്തോടു സമാസിച്ചു തൽപുരുഷനാകും.

ഉദാ —

അർത്ഥം	സമാസം	വിഗ്രഹം
നിർദ്ദേശിക	മരമാവുക	മരം ആവുക
പ്രതിഗ്രാഹിക	പാക്കുവെട്ടി	പാക്കിനെ വെട്ടുന്നതു
സംയോജിക	പന്തൊക്കു	പന്തിയോടൊക്കുന്നതു
ഉദ്ദേശിക	കൊടിമരം	കൊടിക്കുള്ള മരം
പ്രയോജിക	ഈട്ടിപ്പെട്ടി	ഈട്ടിയാലുള്ള പെട്ടി
സംബന്ധിക	മരപ്പൊടി	മരത്തിന്റെ പൊടി
ആധാരിക	മരങ്കേറാം	മരത്തിൽ കേറുക
വിഭക്ത്യാഭാസം	'ഏ' തലവേദന	തലയിലെ വേദന
ഗതി-'നിന്നു'	നാട്ടുനീങ്ങി	നാട്ടിൽനിന്നു നീങ്ങി

ഇവയ്ക്കു 'നിർദ്ദേശികാതൽപുരുഷൻ' 'പ്രതിഗ്രാഹികാതൽപുരുഷൻ' 'വിഭക്ത്യാഭാസതൽപുരുഷൻ' 'ഗതിതൽപുരുഷൻ' ഇത്യാദി പേരുകൾ.

(2) സമാനാധികരണമായ വിശേഷണം വിശേഷ്യത്തോടു ചേൎന്നുണ്ടാകുന്ന തൽപുരുഷന്നു 'കൎമ്മധാരയൻ' എന്നു പേർ.

സമാസം.	വിഗ്രഹം.
ഉദാ—കൊന്നത്തെങ്ങു്	കൊന്നയായ തെങ്ങു്
പൊണ്ണത്തടിയൻ	പൊണ്ണയായ തടിയൻ
നീലക്കരിമ്പു്	നീലയായ കരിമ്പു്

(3) ഒന്നു മറ്റേതു തന്നെ എന്ന അഭേദം അൎത്ഥത്തിൽ രണ്ടു വിശേഷ്യങ്ങൾ തങ്ങളിൽ സമാസിക്കുന്നതു 'രൂപകതൽപുരുഷൻ'.

സമാസം.	വിഗ്രഹം.
ഉദാ—അടിമലർ	അടിതന്നെയാകുന്ന മലർ
മുഖകന്നു്	മുഖം ,, കന്നു്
മൊഴിമധു	മൊഴി ,, മധു

(4) പ്രയോഗിക്കാതെ തന്നെ അൎത്ഥംകൊണ്ടു സിദ്ധിക്കുന്നതായ മദ്ധ്യമപദം ലോപിച്ചിട്ടുള്ള തൽപുരുഷൻ 'മദ്ധ്യമപദലോപി.'

സമാസം.	വിഗ്രഹം.
ഉദാ—വെണ്ണക്കൃഷ്ണൻ	വെണ്ണപ്രിയനായ കൃഷ്ണൻ
തീവണ്ടി	തീയാലോടിക്കപ്പെടുന്നവണ്ടി
മഞ്ഞുതൊപ്പി	മഞ്ഞിനെ തടുക്കുന്നതൊപ്പി

(5) മുൻവിനയെച്ചവും, ധാതുവും ക്രിയയോടു സമാസിക്കുന്നതു 'ക്രിയാതൽപുരുഷൻ.'

ഉദാ—ചെയ്തുകൊൾക; പറഞ്ഞുപോയി; തേച്ചുകളി.
ഓടിക്കേറു; അരകല്ലു; എറിയൊള.

(6) കാരകം ക്രിയയോടു സമാസിക്കുന്നതു 'കാരകതൽപുരുഷൻ'.

സമാസം.	വിഗ്രഹം.
ഉദാ—തപസ്സിരിക്ക	തപസ്സിൽ ഇരിക്ക
വേളികഴിക്ക	വേളിയെ കഴിക്ക
തേൻചൊരിയും	തേൻ ചൊരിയുന്ന

158. (1) 'അതുള്ളവൻ,-ൾ,-തു' എന്ന അന്യപദാൎത്ഥം പ്രധാനമായിട്ടു വിശേഷണം വിശേഷ്യത്തോടു സമാസിക്കുന്നതു 'സമാനാധികരണബഹുവ്രീഹി.'

സമാസം.	വിഗ്രഹം.
ഉദാ—മധുരമൊഴി	മധുരമായ മൊഴിയുള്ളവൻ-ൾ, തു.
ഭാഗ്യവാൻ	നല്ല ഭാഗ്യമുള്ളവൻ
ഒരുവിധം	ഒരു വിധത്തോടുകൂടിയതു
നെടുങ്കണ്ണി	നെടിയ കണ്ണുള്ളവൾ

(2) ഉപമാവാചകമായ മധ്യമപദമുള്ള ബഹുവ്രീഹി 'ഉപമാഗർഭം'.

ഉദാ —

സമാസം.	വിഗ്രഹം.
കഞ്ജോദരമിഴി	കഞ്ജത്തിന്റെ ഉദരമായ മിഴിയുള്ള
വണ്ടാർതൊഴും കുഴലി	വണ്ടുകൾ തൊഴുന്നതായ കുഴലുള്ളവൾ

(3) ഉപമാവാചകമായ മധ്യമപദം ലോപിച്ചുള്ള 'ഉപമാലുപ്തം'.

ഉദാ —

സമാസം.	വിഗ്രഹം.
മതിമുഖി	മതിയെപ്പോലുള്ള മുഖമുള്ളവൾ
താമരക്കണ്ണൻ	താമരപോലെയുള്ള കണ്ണുള്ളവൻ

(4) ഉപമാനപദം ലോപിച്ചുള്ള 'ഉപമാനലുപ്തം'.

ഉദാ—

സമാസം.	വിഗ്രഹം.
പേടക്കണ്ണി	പേടയുടെ കണ്ണുപോലെ കണ്ണുള്ളവൾ

ഇവിടെ പേടയുടെ കണ്ണ് എന്നുള്ള ഉപമാനം ലോപിച്ചിരിക്കുന്നു.

150. (1) അതും ഇതും എന്ന സമുച്ചയാർത്ഥത്തിൽ സാധാരണ നാമങ്ങൾ സമാസിക്കുന്നതും (2) അതോ ഇതോ എന്ന വികല്പാർത്ഥത്തിൽ സംഖ്യകൾ സമാസിക്കുന്നതും 'ദ്വന്ദ്വൻ'.

ഉദാ—

	സമാസം	വിഗ്രഹം.
൧)	അച്ഛനമ്മമാർ	അച്ഛനും അമ്മയും
	ആന കുതിര തേർ കാലാളുകൾ	ആനയും കുതിരയും തേരും കാലാളുകളും
൨)	രണ്ടു മൂന്ന	രണ്ടോ മൂന്നോ
	പത്തു നൂറ്	പത്തോ നൂറോ

ഗുണാദിഭേദകങ്ങൾ നാമത്തോടു ചേർന്നുള്ള കർമ്മധാരയൻ * നിത്യസമാസമാകുന്നു.

ഉദാ—വെണ്ണിലാവ്, പൂനിലാവ്, കരിനാവ്, ചെങ്കയൽ, തിരുമുഖം, ഇരുവഴി ഇത്യാദി

ഇവയിൽ നൽ മുതലായ ഭേദകങ്ങളെ ഒരിക്കലും പിരിച്ചു പ്രയോഗിക്കാറില്ല.

---

* നിത്യം അനിത്യം എന്ന ഭേദം വിഗ്രഹംകൂടി സമാസത്തിനു ചെയ്യാം. സമാസിച്ചല്ലാതെ വിഗ്രഹിച്ചു പ്രയോഗിച്ചുകൂടാത്തതു നിത്യസമാസം; ഇഷ്ടംപോലെ വിഗ്രഹിച്ചും ഉപയോഗിക്കാവുന്നതു് അനിത്യസമാസം.

160. സമാസങ്ങൾക്കു ഒൻപതുവിധം വിഭാഗം പറഞ്ഞതിനു പുറമെ ഒരുവിധം വിഭാഗം കൂടിയുണ്ട്. സമസ്യമാനങ്ങളായ നാമങ്ങൾക്കുള്ള ലിംഗവചനപ്രത്യയങ്ങൾക്കു ലോപമുള്ളതു് ലുപ്തം; ലോപമില്ലാത്തതു് അലുപ്തം. ശുദ്ധമലയാളപദങ്ങളെക്കൊണ്ടുള്ള സമാസം മിക്കതും അലുപ്തമായിരിക്കും; സംസ്കൃതപദം ചേർന്നുള്ളതു് പ്രായേണ ലുപ്തമാകുന്നു.

ഉദാ—

അലുപ്തം:
- ഉമ്പർകോൻ — വചനത്തിനു ലോപമില്ല.
- നാലുകൾ ദേവൻ ,, ,,
- പെണ്ണിൻതിരുവടി — ലിംഗത്തിനു ,,
- കിളളത്ത ,, ,,

ലുപ്തം:
- മണവാട്ടിയാരം — ലിംഗവചനങ്ങൾക്കു ലോപം.
- കാട്ടാളവീരന — ,, ,,
- അലർശരപരിതാപം ,, ,,

ഇനി സമാസം സംബന്ധിച്ചു ചില പ്രക്രിയകളുള്ളവയെ ചൊല്ലേണ്ടതുണ്ട്.

161. സംബന്ധികാതൽപുരുഷനിൽ പൂർവ്വപദം വ്യഞ്ജനാന്തവും ഉത്തരപദം വ്യഞ്ജനാദിയും ആയിരുന്നാൽ അവറ്റെ മദ്ധ്യേ 'ഇൻ' എന്ന ആഗമം ചേർക്കണം.

ഉദാ— സമാസം	വിഗ്രഹം.
കുന്നിൻമകൾ	കുന്നിന്റെ മകൾ
കാറിൻമകൻ	കാറിന്റെ മകൻ

പ്രത്യു—(ഉത്തരപദം വ്യഞ്ജനാദിയല്ലെങ്കിൽ)

മെയ്യകം	മെയ്യിന്റെ അകം
കാലടി	കാലിന്റെ അടി

(പൂർവ്വപദം വ്യഞ്ജനാന്തമല്ലെങ്കിൽ)

തീക്കനൽ	തീയുടെ കനൽ
കൈവിരൽ	കൈയുടെ വിരൽ

(സംബന്ധികാതൽപുരുഷനല്ലെങ്കിൽ)

കാട്ടുപോത്ത	കാട്ടിലെ പോത്ത
പാറവെട്ടി	പാറയെ വെട്ടുന്നത്.

A. പൂർവ്വപദം ഓഷ്ഠ്യ അകാരാന്തമായിരുന്നാലും ഇൻ ആഗമം വേണം. എന്നാൽ ഇതിൽ ഇകാരം ലോപിപ്പിച്ചു 'ൻ' എന്നു മാത്രമേ സാധാരണ ഉപയോഗിക്കാറുള്ളൂ.

ഉദാ—കായാ(വ്)+പൂ=കായാവിൻപൂ=കായാമ്പൂ.
മാ(വ്)+കാ=മാവിൻകാ=മാങ്കാ=മാങ്ങ.
ചിലാ(വ്)+ഉറ്റ്=ചിലാവിൻറ്റ്=ചിലാമ്പ്റ്റ്.

പ്രത്യ—(അകാരം താലവ്യമെങ്കിൽ)

മാങ്ങ + കറി = മാങ്ങാക്കറി

തിരുവ + മൊഴി = തിരുവായ്മൊഴി.

162. 'തിരു' എന്നതിനു ഖരം പരമായാൽ 'തൃ' എന്നാദേശം.

ഉദാ—തൃപ്പാദം, തൃക്കയ്, തൃശ്ശൂർ.

പ്രത്യ—തിരുവോണം, തിരുമുമ്പ്, തിരുനാൾ.

അഭ്യാസം ൧൭

താഴെ കാണുന്ന വരികളിൽ വിവിധ സന്ധിരൂപങ്ങളെ തിരഞ്ഞെടുത്തു വിഗ്രഹിച്ചു അവ ഏതേതു സന്ധികൾക്കു ഉദാഹരണങ്ങളാണെന്നു പറക—

൧. കോകങ്ങൾ കൊഞ്ചിത്തളിയുതിർന്നുവരുന്നു.

൨. ഉമ്പർക്കോനായ ഗോപാലന്റെ കളിവീട്.

൩. തിരിയിൽപ്പതിപ്പാൻ തുനിയുന്നൊരിരുൾ-

പാറാവുക്കാരുടെ മടവാളപ്പുറം.

൪. ചന്ദ്രോദയംപോലെത്തുടർന്നിതപ്പോതമ.

൫. തെങ്ങോലതുഞ്ചങ്ങളിൽ കാറ്റിൽ വിറക്കും,

൬. ഇലഞ്ഞിയിലെ തളിരിതൾ

മൂവന്തിനിറം കലർന്നൊഴുകി.

൭. ബാണാസുരന്റെ സുതയായൊരുഷാമനോജ്ഞ-

രാജാസുതരിലനുരാഗി കന്യകയെന്നാകിനാൾ.

൮. കണ്ടാൽ കിരാതകുമാരിയെന്നതു ദൈവാനുഗ്ര-

ഹമായ്ക്കണ്ണിലൊഴി പിന്നെയുമെന്നു കേട്ടാൽ.

൯. കാർമുകിൽ വല്ലാതനായകാന്തിക-

ളുലാവെയ്ക്കാരിരുളെന്നപോലെ.

൧൦. ബാഹ്യകടാന്തത്തിൽ കരേറിയോ.

൧൧. ഭക്തന്മാരും വചനങ്ങൾ തീ പാകുമോ തൃപ്പാദപങ്കജത്തിൽ.

൧൨. കൊണ്ടാടുന്നുള്ള രൂപം തിരിപ്പുപാതം.

൧൩. നിറകുളിർവെണ്ണിലാവും

കാകൻ കുലമോക്കം കരിക്കുന്നു.

൧൪. വിളക്കുവെച്ചു തൊഴിതിങ്ങളിങ്ങനെ.

൧൫. പണ്ടൊരുവസന്തരാവിനിൽ വിളക്കൊളിയിൽ പിറന്നവൾ.

൧൬. വരവിൻ പോതക, കേതകീസുമമതിനുള്ളിലുള്ളോരളിതൻ

൧൭. കണ്ണീർത്തുകിന മരുവകിടന്നീട

൧൮. ആനന്ദ രൂപം നേരെ കാട്ടിയാൻ ഭഗവതി-

സന്നിധം ഒന്നാം വിശേഷിച്ചോളൂം.

൧൯. പുൻതെരുവിലൂടെവഴിയോരുത്തിണ്ടിയിൽ കിടന്നിരിക്കിലൊ-

വാടുന്നിടങ്ങളോട്ടുംചെവ്വുകളുള്ളോരനുപോരകളും

൮൦ ഉയർത്തി [illegible]
[illegible]
൮൧ [illegible]
[illegible]

സാമാന്യവിധിപ്രകരണം

103. ആകാംക്ഷയെന്ന വസ്തുവെന്താണെന്നു മുൻ വിവരിച്ചിട്ടുണ്ടല്ലോ. ശബ്ദങ്ങൾക്കു തമ്മിലുള്ള ആകാംക്ഷയ്ക്ക് എല്ലാം പൂർത്തിവരുന്ന വിധത്തിൽ ഒരു സംഗതിയെ വിവരിക്കുന്ന പദങ്ങളുടെ കൂട്ടത്തിനു *വാക്യം* എന്നു പേർ. എല്ലാ വാക്യങ്ങളേയും രണ്ടംശമാക്കി പിരിക്കാം. * *ആഖ്യ* എന്നും *ആഖ്യാത*മെന്നും. നാം ഏതിനെപ്പറ്റി സംസാരിക്കുന്നുവോ ആ വസ്തു *ആഖ്യ*യാകുന്നു, ആ വസ്തുവിനെപ്പറ്റി നാം എന്തു സംസാരിക്കുന്നുവോ ആ സംഗതി *ആഖ്യാതം* ആകുന്നു. ഇവ രണ്ടും ചേർന്നിട്ടത്രേ വാക്യം ഉണ്ടാകുന്നത്.

ഉദാ — (വീട്ടിൽവെച്ചു കളിച്ചുനടക്കയാൽ പാഠംപഠിക്കാത്തവനായ രാമൻ)

{ (പള്ളിക്കൂടത്തിൽ ചെന്നപ്പോൾ വാദ്ധ്യാരുടെ പ്രഹരമേറ്റു) }

ഇവിടെ ഒററവലയത്തിലുള്ള ഭാഗമൊക്കെയും ആഖ്യ, ഇരട്ടവലയത്തിലുള്ള ഭാഗം ആഖ്യാതം.

കർത്താവായി നിൽക്കുന്ന നാമമോ നാമസ്ഥാനത്തെ മറ്റൊന്നോ തന്നെയാണ് ആഖ്യയാകുന്നത്. സർവ്വനാമങ്ങളും, വാക്യ

* സൂത്രം 145 (1) ഇൽ ഉദ്ദേശ്യം എന്നും വിധേയം എന്നും പറഞ്ഞതു തന്നെ ആണ് ഈ ആഖ്യ, ആഖ്യാതങ്ങളുടെ വിഭാഗം. എന്നാൽ സമാനാധികരണവിധിയിലെ ഉദ്ദേശ്യത്തെയേ ആഖ്യയെന്നു പറയാവൂ. വ്യധികരണവിധിയിലെ ഉദ്ദേശ്യത്തെ ആഖ്യയെന്നു പറയാറില്ല. നിർദ്ദേശികാവിഭക്തിയിലേ ആഖ്യ ഇരിക്കയുള്ളു; ഉദ്ദേശ്യം ഉദ്ദേശികാവിഭക്തിയിലും വരാം എന്നു ഭേദമുള്ളൂ. വിധേയപ്രധാനമായ വാക്യത്തിലും ആണ് ഉദ്ദേശ്യം എന്നു പറക; ആഖ്യ ആകട്ടെ വിശേഷണവിശിഷ്ടമായ കർത്തൃപദമാകുന്നു. ആഖ്യ ആഖ്യാതമെന്ന വിഭാഗം വ്യാകരണത്തിനു പ്രത്യേകമായുള്ളതാണ്; ഉദ്ദേശ്യവിധേയവിഭാഗം സർവ്വശാസ്ത്രസാധാരണമാകുന്നു. വിശേഷണാംശം വിട്ടിട്ടുള്ള ആഖ്യ അല്ലെങ്കിൽ ഉദ്ദേശ്യം അല്ലെങ്കിൽ അനുവാദ്യം എന്നു പറയുന്നതു വാക്യത്തിന്റെ കർത്താവു തന്നെ; വിശേഷണാംശം വിട്ടിട്ടുള്ള ആഖ്യാതം അല്ലെങ്കിൽ വിധേയം ക്രിയാപദം തന്നെ. അതുപോലെതന്നെ കർത്താ ക്രിയാപദം എന്ന പേരുകളെ ആണു പ്രയോഗിച്ചിരിക്കുന്നത്. ഉദ്ദേശ്യത്തിനു അനുവാദ്യമെന്നും പേരുണ്ട്.

ങ്ങളും നാമംപോലെ കർത്താവു മുതലായ കാരകങ്ങളായി വരുന്നതിനാലാണ് 'നാമസദൃശമായ ശബ്ദമാണ്' എന്നു പറഞ്ഞതു്.

ഉദാ—പശു പുല്ലുതിന്നുന്നു —നാമം
അവൻ പുസ്തകം വായിക്കുന്നു —സർവ്വനാമം
ഭൂമി ചലിക്കുന്നതു് അത്ഭുതമാണ് —വാക്യം

ഇവിടെ 'പശു' 'അവൻ' 'ഭൂമി ചലിക്കുന്നതു്' എന്നിവ കർത്താക്കളാകുന്നു.

ആഖ്യാതമായി വരുന്നതു് ക്രിയയുടെ മുറ്റുവിനു രൂപമാകുന്നു.

ഉദാ—ഉത്സാഹികൾ സുഖിക്കുന്നു
കുട്ടികൾ കള്ളം പറയരുതു്
ഭഗവാൻ നമ്മെ തുണയ്ക്കട്ടെ —ഇത്യാദി.

ക്രിയകളുടെ നാമവിനയെച്ചരൂപം ആഖ്യയായിട്ടും ആഖ്യാതമായിട്ടും പ്രയോഗിക്കമാറുണ്ടു്.

ഉദാ—ഇങ്ങനെയുള്ള ചെയ്ക ശാസ്ത്രത്തിൽ വിധിയല്ല —ആഖ്യ.
അമ്മേ! വേഷം ധരിച്ചുകഴിഞ്ഞതിനിക ഇതൊരു
ചതിക്കുന്നു —ആഖ്യാതം.

104 ആഖ്യയ്ക്കും ആഖ്യാതത്തിനും മേൽപ്പോലെ പരിഷ്കരണം ചെയ്യാം. പരിഷ്കരണമെന്നാൽ പരിവാരമെന്നർത്ഥമാകുന്നു. മുൻ കാണിച്ച ഉദാഹരണത്തിൽ "വീട്ടിൽ വച്ചു കളിച്ചു നടക്കയാൽ പാഠം പഠിപ്പാൻ ഇടയാകാത്ത" എന്നതു 'രാമൻ' എന്ന ആഖ്യയുടെ പരിഷ്കരണമാകുന്നു. "പള്ളിക്കൂടത്തിൽ ചെന്നപ്പോൾ വാദ്ധ്യാരുടെ പ്രഹരം" എന്നതു 'ഏറ്റു' എന്ന ആഖ്യാതത്തിന്റെ പരിഷ്കരണമാകുന്നു. വാസ്തവത്തിൽ, വിശേഷണപദങ്ങളെല്ലാം ഒന്നിച്ചു കൂട്ടിയതുതന്നെ പരിഷ്കരണമായ്ത്തീരുന്നതു്. പേരെച്ചം നാമത്തെ വിശേഷിപ്പിക്കുന്നു; വിനയെച്ചം ക്രിയയെ വിശേഷിപ്പിക്കുന്നു.

ആഖ്യയായ കർത്താവൊഴികെ ശേഷം കാരകങ്ങളെല്ലാം ക്രിയയുടെ വിശേഷണമാകുന്നു. ഗതിയും അപ്രകാരം തന്നെ. സംബന്ധികയും, 'ഏ' എന്ന വിഭക്ത്യാഭാസവും നാമത്തെ വിശേഷിപ്പിക്കുന്നു.

ഉദാ—രാമന്റെ അച്ഛൻ വന്നു
ജലത്തിലെ പോളകൾ ചലിക്കുന്നു

ഒളകം നാമത്തിന്റേയും ക്രിയയുടേയും വിശേഷണമാകും

ഉദാ—ചെമ്പരിയിലക്ക് — നാമവിശേഷണം

ഒക്കെപ്പറഞ്ഞുവിടു — ക്രിയാ "

165. 'ആവുക' എന്ന അഭാവക്രിയയുടേയും, 'എൻ' എന്ന നിരൂപകക്രിയയുടേയും, പേരെച്ചങ്ങളായ 'ആയ' 'എന്ന്' ഈ രണ്ടും വിശേഷണവിശേഷ്യങ്ങൾക്കു തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നതിനുവേണ്ടി മധ്യേ പ്രയോഗിക്കുന്നു.

ഉദാ—മന്ത്രിയായ രാമൻ

പക്ഷിയായ ഞാൻ

രാവണൻ എന്ന രാക്ഷസൻ

166. അഭാവ-ക്രിയയായ 'ആവുക'-യ്ക്കു രണ്ടു കർത്താവു വേണം. (1) ആദ്യം പ്രയോഗിക്കുന്ന പ്രധാനകർത്താവു്; ഇതിനു *അനുവാദ്യകർത്താവ്* എന്നു പേർ. (2) പുറകെ പ്രയോഗിക്കുന്ന അപ്രധാനകർത്താവു്; ഇതിനു *വിധേയകർത്താവ്* എന്നു പേർ.

ഉദാ—കൃഷ്ണൻ ഇടയച്ചെറുക്കൻ ആകുന്നു

ഇവിടെ കൃഷ്ണൻ അനുവാദ്യകർത്താവ്; ഇടയച്ചെറുക്കൻ വിധേയകർത്താവ്. രണ്ടുപേരും ഒന്നുതന്നെ എന്നത് അത്രേ 'ആകുന്നു'-വിന്റെ അർത്ഥം.

167. 'ഉം' എന്ന നിപാതത്തെ ഉപയോഗിക്കുന്നതു് ഒരേ തരത്തിലും വിഭക്തിയിലുമുള്ള പദങ്ങളെ അല്ലാതെ വിജാതീയങ്ങളെ സമുച്ചയിക്കുന്നതിൽ പാടുള്ളതല്ല. 'ഒ' എന്ന വികല്പാർത്ഥത്തിന്റെ പ്രയോഗത്തിലും ഇതിൻവണ്ണം തന്നെ.

ഉദാ—കണ്ണനും രാമനും കേളുവും വന്നു

സുന്ദരനും ഗുരുവുമായ വാദ്യാർ

കുട്ടികൾ രാവിലെ ഉണരുകയും, ഈശ്വരസ്മരണം ചെയ്യുകയും വേണം.

പ്രത്യുദാ—രാമനും കൃഷ്ണനും ഗോവിന്ദൻ മുതലായവർ ഇന്നു രാവിലെ ഇവിടെ വരികയും, വെള്ളപ്പൊക്കം കാരണം എന്നെ കണ്ടതിൽ ഞാൻ സന്തോഷിക്കുന്നതിന്നു് അവർ തിരികെ പോയിരിക്കുന്നു.

168. വാക്യത്തിൽ മനസ്സുപോലെ കർത്തൃകർമ്മക്രിയാദികളെ ക്രമംതെറ്റി പ്രയോഗിക്കാം.

ഉദാ— ഹനൂമാൻ	സീതയെ	കണ്ടു
ഹനൂമാൻ	കണ്ടു	സീതയെ
സീതയെ	ഹനൂമാൻ	കണ്ടു
സീതയെ	കണ്ടു	ഹനൂമാൻ
കണ്ടു	സീതയെ	ഹനൂമാൻ
കണ്ടു	ഹനൂമാൻ	സീതയെ

എന്നാൽ, പ്രാധാന്യത്തിനുവേണ്ടി കർതൃകർമ്മക്രിയകളിലൊന്നിനെ ആദ്യം പ്രയോഗിക്കാറുണ്ട്.

ഉദാ — കണ്ടിതാദ്യ കരുണാകരം ദേവിയെ— അധ്യാ. രാ.
രാക്ഷസകളെ ഉന്മൂലനമനോരഥം— വ. ഷ.

എങ്കിലും ചില പദങ്ങൾക്കു പൗർവ്വാപര്യനിയമമുണ്ട്. ഗതി എന്ന വിഭക്തിയുടെ അന്ത്യത്തെ * വിളക്കുന്നതുപോലെ ആ വിഭക്തിക്കു പിന്നാലെ തന്നെ പ്രയോഗിക്കണം.

ഉദാ — വടികൊണ്ടടിച്ചു

പ്രാക് പ്രയോഗത്തിനും അനുപ്രയോഗത്തിനും ഉള്ള പൗർവ്വാപര്യം അവയുടെ അർത്ഥത്തെ അനുസരിച്ചാകുന്നു. വിശേഷണം എല്ലാതരത്തിലുമായിരുന്നാലും താൻ വിശേഷിപ്പിക്കുന്ന വിശേഷ്യത്തിന്റെ മുമ്പിൽ നിൽക്കണം എന്നാണ് പതിവ്.

ഉദാ — ഒരു കറുത്ത കാള എഴുന്നേറ്റുപോയി
വേഗം പറഞ്ഞിട്ടുണ്ട്

139\. A. ലിംഗം പുരുഷൻ വചനം എന്ന് ഈ മൂന്നും പ്രയോഗിക്കുന്നേടത്തു കർത്താവിനും ക്രിയയ്ക്കും യോജിപ്പിരിക്കണം.

ഉദാ— ഞാൻ വന്നേൻ	ഞങ്ങൾ വന്നോം
നീ വന്നായ്	നിങ്ങൾ വന്നീർ
അവൻ വന്നാൻ } അവൾ വന്നാൾ }	അവർ വന്നാർ

B. വിശേഷണവും വിശേഷ്യവുമായി നിൽക്കുന്ന നാമങ്ങൾക്കു ലിംഗവചനങ്ങളിൽ പൊരുത്തം വേണം.

ഉദാ — കിഴവൻ രാമൻ
മടിച്ചിയായ സ്ത്രീ
മടിയന്മാരായ പുത്രന്മാർ
മടിയരായ പുത്രർ

C. സർവ്വനാമത്തിനും അതു പരാമർശിക്കുന്ന നാമത്തിനും തമ്മിൽ പൊരുത്തം വേണം.

---

* ഗതി ഒരു വാക്കിനെ കീഴടക്കി അതിന്റെ അന്ത്യത്തിൽ ചേർന്നു ചെയ്യുന്നതിനു 'വിളക്കുക' എന്നു പേർ.

ഉദാ—ഞാൻ എവിടെ? അവരെ വിളിക്കൂ
സീത ജനകന്റെ മകളാകുന്നു; അവരെ ഞാൻ വേട്ടു
എന്റെ പുസ്തകം കളഞ്ഞുപോയി; അതിൽ പല കണക്കുകളും ഞാൻ സൂക്ഷിച്ചിരുന്നു

വചനപ്രാതന്ത്ര്യ വിഷയത്തിൽ സമൂഹവാചികളായ നാമങ്ങളെ വ്യക്തിപ്രമാണിച്ച്, ബഹുവചനമായും, സമൂഹത്തിനുള്ള ഏകത്വം പുരസ്കരിച്ച് ഏകവചനമായും ഗണിക്കാം.

ഉദാ—ഭയപ്പെട്ടുമണ്ടിയാർ പ്രജാജനമൊക്കെയും
നായകൻ പിന്നെയുമവരെ വരുത്തിച്ചു പ്രാഗ്രപൌരന്മാർ
പലവർണ്ണമായുള്ള കൊടിക്കൂറ തന്നെ നാലിലെടുപ്പിച്ചു അവരെല്ലാം ഒരിക്കലും.

സംസ്കൃതശബ്ദങ്ങളെ മലയാളത്തിലെടുത്തു പ്രയോഗിക്കുമ്പോൾ അവയ്ക്കു സംസ്കൃതഭാഷയിലെ ലിംഗനിയമത്തെ ഗൌനിക്കേണ്ടതില്ല. ചിലർ സ്ത്രീലിംഗത്തിൽ മാത്രം ആദരിക്കുന്നു.

ഉദാ:—

സംസ്കൃതം.	മലയാളം.
ഉന്നതോവൃക്ഷഃ	ഉന്നതമായ വൃക്ഷം
മധുരാവാക്	മധുരമായവാക്ക് / മധുരയായ വാക്ക്

നപുംസകവിശേഷണങ്ങളിൽ ബഹുവചനത്തിന് ഏകവചനം പ്രയോഗിച്ചാൽ മതിയാകും.

ഉദാ—യോഗ്യമായ കാരണങ്ങൾ
ഹീനമായ കൃത്യങ്ങൾ

170. രണ്ടു നാമങ്ങൾ അന്യോന്യം അഭേദേന അന്വയിക്കുന്ന സ്ഥലങ്ങളിലും പ്രാധാന്യേന വിവക്ഷിക്കപ്പെട്ട ഒന്നിനു മാത്രം ആവശ്യപ്പെട്ട വിഭക്തി ചേർത്താൽ മതിയാകും.

ഉദാ—തിരുവിതാംകൂർ മഹാരാജാവു ശ്രീമൂലംതിരുനാളുടെ രാജ്യഭാരം.

ഒരു നാമത്തെ സംഖ്യകൊണ്ടോ മറ്റോ വിവരിപ്പാനായി മറ്റൊരു നാമം പ്രയോഗിക്കുന്നിടങ്ങളിൽ ആ നാമത്തിൽ രണ്ടിലും വിഭക്തി വികല്പമായിട്ടു ചേർക്കാം.

ഉദാ—അവരുടെ രണ്ടുപേരുടെയും വരവ്

യോജന അല്ലെങ്കിൽ അന്വയം

111. പല ജാതികളിലുമുള്ള പുഷ്പങ്ങളെ ഒരു ചരടിൽ കോർത്തു ഒരു പൂമാല ചമയ്ക്കുമ്പോലെ പല ഇനങ്ങളിലുമുള്ള പദങ്ങളെ സന്ധിയാൽ ഇടപൂർവ്വം കൂട്ടിച്ചേർത്തു ഒറ്റയായി തോന്നത്തക്ക നിലയിൽ ഒരു ശബ്ദപ്രവാഹത്തെ നാം ഉച്ചരിക്കുന്നുണ്ടു്. ഇങ്ങനെ പ്രവാഹരൂപമായി കേൾക്കുന്ന ശബ്ദപരമ്പരയ്ക്കു സംഹിതയെന്നു പേർ. സംഹിത വൃത്തവ്യവസ്ഥയുള്ള പദ്യങ്ങളിലും പാട്ടുകളിലുമേ അധികം പ്രധാനമായി തെളിച്ചു കാണൂ. ഗദ്യരൂപവാക്യങ്ങളിൽ പ്രായേണ സന്ധി വിവക്ഷിക്കാറില്ലാത്തതിനാൽ സംഹിതയ്ക്കു ശൈഥില്യം കാണാം. അതിനാൽ ഒരു വാക്യം കേട്ടാൽ അതിലെ പദങ്ങളെ സന്ധിബന്ധങ്ങളിൽ നിന്നു വേർപെടുത്തുകയാകുന്നു വൈയാകരണൻ ആദ്യം ചെയ്യേണ്ടുന്ന പ്രവൃത്തി. ഈ ക്രിയയ്ക്കു പദച്ഛേദമെന്നു പേർ.

ഉദാഹരണം:—

സംഹിത.

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം?"

പദച്ഛേദം.

ചെറുപ്പകാലങ്ങളിൽ, ഉള്ള, ശീലം, മറക്കും, ഓ, മാനുഷൻ, ഉള്ള, കാലം.

പദച്ഛേദം ചെയ്താൽ പിന്നീടു പദങ്ങളെ തരംതിരിക്കണം; അതായതു്, നാമമോ ഭേദകമോ ക്രിയയോ നിപാതമോ എന്നു വ്യവസ്ഥപ്പെടുത്തി നാമമെങ്കിൽ അതിന്റെ വിഭക്തി; ക്രിയയെങ്കിൽ അതിന്റെ അംഗാംഗിഭാവകാലപ്രകാരാദി; ഇത്യാദി വിചാരണ ചെയ്യുകയാകുന്നു. ഇതിനു *ജാതിവിഭാഗം* എന്നു പേർ. ഇതിനുശേഷം പദങ്ങളുടെ അന്യോന്യാകാംക്ഷയെ വിവരിച്ചു കാണിക്കണം. ഈ ക്രിയയ്ക്കു *അന്വയം* എന്നു പേർ. അന്വയം അറിയുന്നതോടുകൂടി വാക്യത്തിന്റെ അർത്ഥബോധവും ഉണ്ടാവുന്നു. മുൻകാണിച്ച ഉദാഹരണപാദങ്ങളിലെ ജാതിവിഭാഗവും അന്വയവും:—

ചെറുപ്പകാലങ്ങളിൽ—രൂപകസമാസം: സാമാന്യനാമം: നപുംസകം: ആധാരിക: ബഹു: 'ഉള്ള' എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഉള്ള — അംഗക്രിയ; ഉള്ളിന്റെ പേരെച്ചം; നാമലിംഗം; ശീലത്തിന്റെ അംഗം.

ശീലം — ഗുണനാമം; നപും; പ്രതിഗ്രാഹിക; ഏക; മറക്കും എന്ന ക്രിയയുടെ കർമ്മം.

മറക്കും — അംഗക്രിയ; ഭാവി; അലിംഗവൃത്തിവാചകം; 'മാനുഷൻ' എന്നതിന്റെ ആഖ്യാതം.

ഓ — ചോദ്യനിപാതം; മറക്കും എന്ന ക്രിയയെ ചോദ്യരൂപമാക്കുന്നു.

മാനുഷൻ — സാമാന്യനാമം; പുല്ലിം; നിർദ്ദേശിക; ഏക; 'മറക്കും' എന്നതിന്റെ കർത്താവ്.

ഉള്ള — അംഗക്രിയ; ഉള്ളിന്റെ പേരെച്ചം; നാമലിംഗം; കാലത്തിന്റെ അംഗം.

കാലം — സാമാന്യനാമം; നപും; ആധാരിക; ഏക; 'മറക്കും' എന്ന ക്രിയയിൽ ചേരുന്നു.

മേൽ കാണിച്ചപ്രകാരം ഒരു വാക്യത്തിലെ പദങ്ങൾക്കു ജാതിവിഭാഗവും അന്വയവും കാണിക്കുന്ന സമ്പ്രദായത്തിനു *'വ്യാകരിപ്പ്'* എന്നു ഒരു പേർ പറയാറുണ്ട്. വ്യാകരിപ്പിനു വിശേഷാൽ ഉദാഹരണങ്ങൾ—

വ്യാകരിപ്പ്

൧. ഈ പ്രസ്താവനയിൽ ഇത്രമാത്രമല്ലാതെ എനിക്കു മറ്റൊന്നും പ്രസ്താവിക്കാനുള്ളതായി തോന്നുന്നില്ല.

1) ഈ — സർവനാമം, വിശേഷകം, 'പ്രസ്താവനയിൽ' എന്നതിനെ വിശേഷിപ്പിക്കുന്നു.

2) പ്രസ്താവനയിൽ — A ക്രിയാനാമം B നപുംസകലിംഗം ആധാരികൈകവ:, 'പ്രസ്താവിക്കാൻ' എന്ന ക്രിയയിൽ അന്വയിക്കുന്നു.

3) ഇത്രമാത്രം — പാരിമാണികമായ നാമമായുപയോഗിക്കപ്പെട്ടതു്, 'അല്ലാതെ' എന്ന വിനയെച്ചത്തിന്റെ കർത്താ.

4) അല്ലാതെ — 'അല്ല' എന്ന നിഷേധക്രിയയുടെ മുൻവിനയെച്ചം, തൻ വിനയെച്ചത്തിന്റെ സ്ഥാനത്തിൽ ഉപയോഗിക്കപ്പെട്ടതു്, 'ഇത്രമാത്രം' എന്ന കർത്താവിൽ അന്വയിക്കുന്നു.

5) എനിക്കു — ഉ: സർവനാമം, സംധാരണലിംഗം (ഇവിടെ പുല്ലിംഗം) സംബന്ധികൈകവ: 'തോന്നുന്നില്ല' എന്ന ക്രിയയുടെ സ്വാമി.

6) മറ്റു — സർവനാമം, അന്യാർത്ഥകം (ഇവിടെ സാർവനാമികവിശേഷണമായി പ്രയോഗിക്കപ്പെട്ടിരിക്കുന്നു), 'ഒന്നും' എന്നതിന്റെ വിശേഷണം.

7) ഒന്ന്—സർവ്വനാമം, വിശേഷ്യം 'തോന്നുന്നില്ല' എന്നതിന്റെ കർത്താ.

8) ഉം—സമുച്ചയനിപാതം കേവലമായി പാദപൂരണാർത്ഥം ചേർത്തിരിക്കുന്നു.

9) പ്രസ്താവിച്ചിട്ട്—കൃതി, കേവലം, കാരിതം, സകർമ്മകം, പിൻവിനയെച്ചം, 'ഉള്ള' എന്ന ഒരു വാക്യത്തിന്റെ അംഗം.

10) ഉള്ളത്—നാമം, നപുംസകം, ഏകം, നിർദ്ദേശികയോടുകൂടി 'ആയി' യുടെ വിധേയകത്വം.

11) ആയി—കൃതി, കേവലം അകാരിതം, അകർമ്മകം, മുൻവിനയെച്ചം, 'തോന്നുന്നു' എന്നതിന്റെ ഭാഗം.

12) തോന്നുന്നു—കൃതി, കേവലം, അകാരിതം, അകർമ്മകം, ഭാവി (മുറ്റുവിന) 'ഒന്നും' എന്ന കർത്താവിനോടു യോജിക്കുന്നു.

13) ഇല്ല—കൃതി, നിഷേധകക്രിയ, നാമവിശേഷണം, നിപാതമായി ഉപയോഗിക്കപ്പെടുന്നു; 'തോന്നുന്നു' എന്നതിനെ വിശേഷിപ്പിക്കുന്നു.

൨. അദ്ദേഹത്തിന്റെ (രാമന്റെ) സവിശേഷമായ വിദ്യാഭിരുചി അദ്ദേഹത്തിനു താൻ പഠിച്ച കോളേജിലെ സീനിയർഫെല്ലോ എന്ന സ്ഥാനത്തെ സമ്പാദിച്ചുകൊടുത്തു.

1) അദ്ദേഹത്തിന്റെ—സംജ്ഞാനാമം (സർവ്വനാമംപോലെ പ്രയോഗിച്ചുവരുന്നു), പുല്ലിംഗം, സംബന്ധിക, ഏകവ; 'രുചിയെ' സംബന്ധിക്കുന്നു.

2) സവിശേഷമായ—ഭേദകം, വിശേഷണം, സ്ത്രീലിംഗം, ഏകവ; 'രുചി'യെ വിശേഷിപ്പിക്കുന്നു.

3) ആയ—നിപാതം, 'സവിശേഷം' 'രുചി' എന്നിവയെ സംബന്ധിപ്പിക്കുന്നു.

4) വിദ്യാഭിരുചി—വിശേഷണപൂർവ്വപദസമാസം, സംജ്ഞാനാമം: സ്ത്രീലിംഗം (അന്തത്തിൽ സ്ത്രീലിംഗം), നിർദ്ദേശിക, ഏകവ; 'സമ്പാദിച്ചുകൊടുത്തു' എന്നതിന്റെ കർത്താ.

5) അദ്ദേഹത്തിന്—ഉദ്ദേശികാവിഭക്തി, 'കൊടുത്തു' എന്നതിന്റെ സാക്ഷി.

6) താൻ—സർവ്വനാമം, സ്വാർത്ഥം, പുല്ലിംഗം, നിർദ്ദേശിക, ഏകവ; 'അദ്ദേഹ'ത്തെ പരാമർശിക്കുന്നു; 'പഠിച്ച' എന്നതിന്റെ കർത്താ.

7) പഠിച്ച—കൃതി, കേവലം, കാരിതം, സകർമ്മകം, പേരെച്ചം, 'കോളേജിനെ' വിശേഷിപ്പിക്കുന്നു.

8) കോളേജിലെ—സംജ്ഞാനാമം: നപും, ആധാരികാഭേദം, ഏകവ; 'സീനിയർ ഫെല്ലോ' എന്നതിനെ വിശേഷിപ്പിക്കുന്നു.

9) സീനിയർ ഫെല്ലോ—സംജ്ഞാനാമം: സാധാരണലിംഗം, നിർദ്ദേശിക, ഏകവ; 'സ്ഥാനത്തെ' എന്നതിലെ സ്ഥാനത്തോടു സമാനാധികരണം.

10) എന്ന—അവ്യയം; 'ഫെല്ലോ' 'സ്ഥാനം' ഇവയുടെ അഭേദത്തെ കാണിക്കുന്നു.

11) സ്ഥാനത്തെ—സംജ്ഞാനാമം, നപുംസകം, പ്രതിഗ്രാഹിക, ഏകവചനം, 'കൊടുത്തു' എന്നതിന്റെ കർമ്മം.

(12) സമ്പാദിച്ചു—ക്രിയ, കേവലം, കാരിതം, സകർമ്മകം, ഭൂതവിനയെച്ചം, 'കൊടുത്തു' എന്നതിന്റെ അംഗം

(13) കൊടുത്തു—ക്രിയ, കേവലം, കാരിതം, സകർമ്മകം ഭൂതം കർത്തരിപ്രയോഗം, നിർദ്ദേശകപ്രകാരം, 'ഹസ്തി' എന്ന കർത്താവിൽ ചേരുന്നു.

൩. ഉണ്ടാകും ചെറുകാററം ചിലസമയമഹോ! സത്പ [ഥം നില്പവർക്കും

(1) ഉണ്ടാകും— ക്രിയ, 'ആക' എന്ന പൂർവ്വകാലപ്രയോഗം കേവലം, അകാരിതം, അകർമ്മകം, ശീലഭാവി, കർത്തരി, നിർദ്ദേശകപ്രകാരം, 'കാററം' എന്ന കർത്താവിൽ ചേരുന്നു.

(2) ചെറു— ഭേദകം, പാരിമാണികം, 'കാററം' എന്നതിനെ വിശേഷിപ്പിക്കുന്നു.

(3) കാററം— സാമാന്യനാ: നപുംസകം നിർദ്ദേശിക, ഏകവ: 'ഉണ്ടാകും' എന്നതിന്റെ കർത്താ

4) ചില — സംഖ്യാവാചികഭേദകം, സമയത്തെ വിശേഷിപ്പിക്കുന്നു.

5) സമയം—സാമാന്യ: നപുംസ:, ഏകവ: ആധാരിക, 'ഉണ്ടാകും' എന്നതിനോടന്വയിക്കുന്നു.

6) അഹോ—സംസ്കൃതവ്യാക്ഷേപകനിപാതം ആശ്ചര്യത്തെ ദ്യോതിപ്പിക്കുന്നു.

7) സത്പഥം—കർമ്മധാരയൻ സമാസനാമം, നപുംസ:, ആധാരിക (സംസ്കൃതസപ്തമി) ഏകവ: 'നില്പ' എന്നതിന്റെ അധികരണം.

8) നില്പവർ—പേരെച്ചനാമം, സാധാരണലിംഗം, ഉദ്ദേശിക, ബഹുവ: ഉണ്ടാകും എന്നതിന്റെ സാക്ഷി.

9) ഉം—സമുച്ചയനിപാതം നില്പവർ എന്നതിനെ വിശേഷിപ്പിക്കുന്നു.

൪. താന്താൻനിരന്തരം ചെയ്യുന്നകർമ്മങ്ങളം താന്താനനുഭവിച്ചീടുകെന്നേവരൂ.

1) താന്താൻ—(താൻ താൻ ദ്വിരുക്തിയിൽ അംഗവികാരം) സർവ്വ: സ്വവാചി, സാധാരണലിംഗം, നിർദ്ദേശിക, ഏകവ: 'ചെയ്യുന്ന' എന്നതിന്റെ കർത്താ.

2) നിരന്തരം—സംസ്കൃതാവ്യയം 'ചെയ്യുന്ന' എന്നതിനെ വിശേഷിപ്പിക്കുന്നു.

3) ചെയ്യുന്ന—ക്രിയ, കേവലം, അകാരിതം, സകർമ്മകം, നിർദ്ദേശകപ്രകാരം വർത്തമാനപേരെച്ചം കർമ്മങ്ങൾ എന്നതിനെ വിശേഷിപ്പിക്കുന്നു.

4) കർമ്മങ്ങൾ—സാമാന്യനാ. നപും ബഹു പ്രതിഗ്രാഹിക ബഹുവ. അനുഭവിച്ചീടുക എന്നതിന്റെ കർമ്മം.

5) താന്താൻ—(1) പോലെ അനുഭവിച്ചീടുക എന്നതിന്റെ കർത്താ.

6) **അനുഭവിച്ചീടുക**—ഇതി കേവലം (ഭേദകാനുപ്രയോഗ സഹിതം) സകർമ്മകം പറവുവിന മുറ്റവിനയെച്ചം കർത്തരിപ്രയോഗം ഞാൻതാൻ എന്ന കർത്താവിനോടു യോജിക്കുന്നു.

7) **എന്ന്**—അവ്യയം, ഘടകം, ഞാൻതാൻ അനുഭവിച്ചീടുക വരു എന്നിവയെ ഘടിപ്പിക്കുന്നു.

8) **എ**—അവധാരക നിപാതം.

9) **വരു**—ഇതി, കേവലം, അകർമ്മം, അകർമ്മകം, അവധാരകവാചി, കർത്തരിപ്രയോഗം. വിധേയവിശേഷണം ഞാൻതാൻ അനുഭവിച്ചീടുക എന്ന അംശ (ആമ) വാക്യത്തോടു അന്വയിക്കുന്നു.

അഭ്യാസം ൧൮൨.

താഴെ എഴുതിയ വാക്യങ്ങളെ വ്യാകരിക്കുക.

൧ ഇങ്ങനെയിനിയെത്രനാളിരിപ്പൂ? ഹന്ത! ലോകരിൽ
കണ്ടിട്ടുണ്ടു കടപ്പാടുകളെന്നപോൽ
ഉണ്ണിയെപ്പെറ്റിയ മാതാപിതാക്കളിയാ-
ന്നൊക്കിയാലാരെന്തു ചെയ്യുവാനിതെ.

൨ ഖേദമില്ലിനിയിക്കാര്യത്തിലെന്നതിന്നേതുമാശ്ചര്യമിക്കാലമതിലേ
അതിഘോരമതായികളെല്ലാമികയന്തന്നവ്യമോദമതമായെന്നരിയുമിവച്ചതും
അതുതന്നെയൊട്ടു സമ്പ്രദായപ്രകാരം പലപ്പോഴുമിക്കാലമിതു കൂട്ടി പ്രയോഗങ്ങളിലും

൩ ഇന്നാംപാതം വിളക്കിനവനയോ
അന്നമെന്തിനോ മറ്റൊന്നിൽ കൈതൂക്കം?

൪ തിരുവല്ലഭനമ്പലത്തിൽ ഉപദേശം ഞങ്ങൾ
തപിപ്പിക്കുംപോൽപ്പെട്ടപോയിരുന്നതു.

൫ ചെല്ലുമ്പോൾ വിളക്കു തമ്പാക്കൾ കൊണ്ടുവരാം-
ഉള്ളവനിൻെറ സംഖ്യ പ്രത്യക്ഷമറിയാതെ.

൬ ചെല്ലുമ്പോഴും പ്രതിദിനമവൻ ഹന്ത! നിന്നെപ്പോലെ-
ക്കണ്ടുപോകി സാകല്യത്താൽ വച്ചതിപ്പോളത്തിൽ.

൭ വല്ലഭാപേക്ഷിച്ചുവല്ലാതെ മടങ്ങുമ്പോൾ
വല്ലികിളിപ്പെണ്ണതുമാസങ്ങളിലായ്‌വരും
അല്ലലും ചാതുർക്കളെ തീർത്തിട്ടെന്നെവരും
വല്ലഭനവും കാലംചെല്ലുമ്പോൾ കണ്ടുപോം.

൮ വന്നതിനുശേഷമായിട്ടുവരതിച്ചിരിക്കുന്ന
വല്ലിയെന്നതിയുടെ കൃപയുള്ളിപ്പുറം
വന്നികളായ്‌വന്നാവുന്നതെന്നി ച്ചിതിച്ചുവാഴുംകാലം
വന്നിപ്പോളിതെങ്ങാണതെന്നതിലിതുപോലെ.

൯ ഉണ്ടാകി ഗുണപതിയെ മഹിമയും തളർച്ചയും-
ഉണ്ടാമോ അഖിലമെന്നതിലിത്രയുപ്പുറം.

൧൦ മുന്നാണ്ടിട്ടുകൊടുക്കയില്ലെന്നുറപ്പി-
വലഞ്ഞുകാലികളെണ്ണിക്കൊണ്ടു
വലച്ചുവിട്ടു: കന്നുകാലിക്കൂട്ടം
ഇല്ലാതായൊന്നുമൊന്നുമറിഞ്ഞാൻ.

അഭ്യാസം ൧൯.

താഴെക്കാണുന്ന വാക്യങ്ങളുടെ പരിച്ഛേദം ചെയ്തു പദങ്ങളുടെ സംബന്ധങ്ങളെ കാണിക്ക; അവയിൽ കാരകങ്ങളേയും പറക:—

1) ഫണമതിലാരഞ്ചെന്തിരിപ്പൂ—
ഭരണിയെല്ലാം കയ്യേന്തിയോൻതാൻ
സാമന്തരാജന്മാരിൽനിന്നശേഷം
പാലകരാന്നിരുന്നരുളിപ്പോന്നോൻ,

2) കണ്ണുനീർപ്പിക വിളങ്ങിയതെന്നപോലെ
ശുഭ്രികളായുവന്നിറകിന്നായി.

3) ശക്തിപരികളായ രാജനാരികൾതമ്മ
മന്ത്രണാധാനമപൂരം പ്രാപിപ്പിച്ചു.........

4) ഗോകുലവാസികൾ ഭയത്തെ തിന്നിപ്പുക
ശോകങ്ങൾ തകണ്ണുടങ്ങിച്ചുകൊ.

5) വ്യാകരണം ഒരു ശാസ്ത്രമാകുന്നു.

അപോദ്ധാരം

---

172. അനേകം ഉപവാക്യങ്ങളെ കൂട്ടിക്കെട്ടിച്ചമച്ചിരിക്കുന്ന ഒരു പ്രധാനവാക്യത്തെ അഴിച്ചു തരം തിരിക്കുകയാകുന്നു *അപോദ്ധാരം* എന്ന ക്രിയ. ഒരു നാമത്തിനു തുല്യമായ വാക്യം നാമവാക്യം; ഭേദകത്തിനു തുല്യമായതു ഭേദവാക്യം; ഒരു പ്രധാന വാക്യത്തിന്റെ അംഗമായതു അംഗവാക്യം; പല അംഗങ്ങളുള്ളതായ പ്രധാനവാക്യം അംഗിവാക്യം. ഇത്യാദി വിഭാഗങ്ങൾ ശബ്ദങ്ങൾക്കു പറഞ്ഞതുപോലെ വാക്യങ്ങൾക്കും വരും. അംഗവാക്യങ്ങളില്ലാത്ത ഒറ്റ വാക്യത്തിനു *ചൂർണ്ണിക* എന്നു പേർ.

ഉദാ—1) അവൻ വന്നു
2) അക്രൂരനെയിരയാക്കിച്ചുടനൊട്ടും ഭയമില്ലാതെൻ

173. അംഗവാക്യങ്ങളുടെയും അംഗിവാക്യങ്ങളുടെയും ചേർച്ചകൊണ്ടുളവാകുന്ന വാക്യം *സങ്കീർണ്ണം.*

ഉദാ—1) [ബ്രാഹ്മണന്മാർ പരാക്രമം തുടങ്ങുമ്പോൾ] ജാമദഗ്ന്യൻ ഒഴി
[ആയി ഞാനറിയാതെകണ്ടു ചെയ്തൊ-]
രുപദ്രവം സകലം ക്ഷമിക്കവേണം.

ഇവയിൽ കോഷ്ഠാന്തർഗ്ഗതഭാഗങ്ങൾ അംഗവാക്യങ്ങൾ ആകുന്നു. അംഗക്രിയകളായ പറ്റുവിനകളാൽ ഉണ്ടാകുന്ന വാക്യങ്ങൾ അംഗവാക്യങ്ങളായിട്ടേ വരൂ. എന്നാൽ പറ്റുവിനയ്ക്കും മുറ്റുവിനയ്ക്കും കർത്താവു ഒന്നുതന്നെ ആയിവരുന്ന സ്ഥലങ്ങളിൽ വാക്യഭേദത്തിനു പ്രതീതി ഉണ്ടാകുന്നതല്ല. എങ്ങനെയെന്നാൽ—

ഞാൻ വീട്ടിൽ ചെന്നാൽ ഉടനെ കുളിച്ചു് ഉണ്ടു് പാഠം പഠിപ്പാൻ പോകും

അതിനാൽ ഇവയിൽ അംഗമായി നിൽക്കുന്ന ഭാഗത്തെ ഒരു വാക്യമെന്നു ഗണിക്കേണ്ട ആവശ്യമില്ല. ഈ രീതിയിൽ ഒരു മുറ്റുവിന കൂടാതെ അന്യോന്യാപേക്ഷങ്ങളായി നിൽക്കുന്ന പദങ്ങളുടെ കൂട്ടത്തിനു ഒരു *വാചകം* എന്നു പേർ. വാചകത്തിനു ഒരു മുറ്റുവിനയുടെ ആവശ്യമില്ല. "തിരുവിതാംകൂർ ഗവർമ്മെണ്ടിലെ വിദ്യാഭ്യാസസംബന്ധമായ അപേക്ഷകൾ" ഇത്യാദികളും വാചകങ്ങൾ തന്നെ.

174. സമപ്രധാനങ്ങളായ വാക്യങ്ങളുടെ (ചൂർണ്ണികകളുടെയോ സങ്കീർണ്ണങ്ങളുടെയൊ) യോഗംകൊണ്ടുളവാകുന്നതു ഒരു *മഹാവാക്യം.*

ഉദാ—ക) ഈ പുസ്തകം 'കേരളപാണിനീയ'മെന്ന വ്യാകരണഗ്രന്ഥത്തിന്റെ സംക്ഷേപമാണ്; എന്നാൽ ഇടയ്ക്കിടയ്ക്കു ചില ഭേദഗതികളും ചെയ്തിട്ടുണ്ട്; അതുകൊണ്ടു് ഇതു കുട്ടികൾക്കു ഉപയോഗമുള്ളതാകുന്നു.

ഖ) "[illegible]
[illegible]
[illegible]
[illegible]."

ഗ) "[illegible]
[illegible]
[illegible]
[illegible]."

൭) "സമ്മാനമോപചരിതുപോയ്" ഞാൻ
പെണ്ണെയോരൊഴിയി! നീ ക്ഷമിക്കണം
ഇന്നേർത്തിക്കർത്തവ്യങ്ങൾകൊണ്ടകർ
മിക്കുള്ള കർമ്മത്തിലെക്കുണ്ടു!"

അപോദ്ധാരസമ്പ്രദായം

൧. ചൂർണ്ണികം—

(1) എഡ്വേർഡ് ചക്രവർത്തി ഇന്ത്യാസാമ്രാജ്യത്തെ ഭരിച്ചുവരുന്നു.

കർത്താ—എഡ്വേർഡ് ചക്രവർത്തി

കർമ്മം—ഇന്ത്യാസാമ്രാജ്യത്തെ

ക്രിയാപദം—ഭരിച്ചുവരുന്നു.

(2) പ്രസിദ്ധനായ കല്ലൂകഭട്ടർ മനുസ്മൃതിയുടെ അതി പ്രൗഢമായ ഒരു വ്യാഖ്യാനം ചമച്ചു.

കർത്താ—കല്ലൂകഭട്ടർ കർത്തൃവിശേഷണം—പ്രസിദ്ധനായ

കർമ്മം—വ്യാഖ്യാനം, കർമ്മവിശേഷണം—മനുസ്മൃതിയുടെ അതി-

ക്രിയാപദം—പ്രൗഢമായ, ഒരു ചമച്ചു.

൨. സങ്കീർണ്ണകം—

1) ധനവാന്മാർ പൂർത്തിചെയ്യാകിൽ ഫലം സാദ്ധ്യങ്ങളാന്നിട്ടും.

വാക്യം.	ജാതി.	കർത്താ	കർത്തൃവിശേഷണം.	കർമ്മം.	കർമ്മവിശേഷണം	ക്രിയാപദം	ക്രിയാവിശേഷണം
(൧) ധനവാന്മാർ പൂർത്തി ചെയ്യാകിൽ	അംഗം; ഭേദകം — (൨)ൽ ആന്നിട്ടും എന്നതിനെ വിശേഷിപ്പിക്കുന്നു	ധനവാന്മാർ	,,	പൂർത്തി	,,	ചെയ്യ്	ആകിൽ (൨) ൽ ചേരുന്നു
(൨) ഫലം സാദ്ധ്യങ്ങളാന്നിട്ടും	അംഗി	സാദ്ധ്യങ്ങൾ	,,	ഫലം	,,	ആന്നിട്ടും	,,

2) പരമസംഭാവിതഗുണന്തികച്ചുള്ളവരും പരമലോചനൻ ചിരിച്ചടക്കിച്ചുള്ളു.

വാക്യം	ജാതി	കർത്താ	കർത്തൃവിശേഷണം	കർമ്മം	കർമ്മവിശേഷണം	ക്രിയാപദം	ക്രിയാവിശേഷണം
(a) പരമസംഭാവിതഗുണന്തികച്ചുള്ളവരും	അംഗവാക്യം; ഇതു കം (b) ൽ അടങ്ങിയുള്ള എന്നതിനെ വിശേഷിപ്പിക്കുന്നു	പരമസംഭാവിതൻ	,,	പുരികക്കൊടികൾ ഒന്നിനൊന്നു	,,	തികച്ചു	ഉദ്ദേശ്യ ശബ്ദത്തോടെ (b)-ൽ ചേരുന്നു
(b) പരമലോചനൻ ചിരിച്ചടക്കിച്ചുള്ളു	അംഗി	പരമലോചനൻ	,,	അടിയിൽ പാദുനായ	,,	അടക്കിച്ചുള്ളു	ചിരിച്ചു

3) ശ്രാന്തരായ് തങ്ങൾക്കെത്തുന്നയാസ്സിന്നയാണത്തു പാർക്കുവിടവെ സ്വാന്തങ്ങളൊക്കെക്കൊണ്ടിവരു കിടക്കുന്നതിന്നപാഠവും ശ്രമം.

വാക്യം	ജാതി	കർത്താ	കർത്തൃവിശേഷണം	കർമ്മം	കർമ്മവിശേഷണം	ക്രിയാപദം	ക്രിയാവിശേഷണം
(a) ശ്രാന്തരായ് ..... പാർക്കുമ്പവിടവെ	അംഗവാക്യം (d)ൽ കടക്കുന്ന എന്നതിനെ വിശേഷിപ്പിക്കുന്നു	പാന്ഥർ	,,	,,	,,	മേവിടവെ	ശ്രാന്തരായ്; തങ്ങൾക്കെത്തുന്നയാസ്സിന്നയാണത്തു
(b) സ്വാന്തങ്ങളൊക്കെ .. ശ്രമം	അംഗി	ചിത്തൻ	അവരു	ശ്രമം	പാഠവും	കടക്കുന്ന	സ്വാന്തങ്ങളൊക്കെ കൊണ്ട്; അതിന്നു

ഡ. മഹാവാക്യം:—

1) രാവണൻ സീതയെ കട്ടാൻ; രാമൻ ബോധിച്ചിട്ടില്ലതാനും.

വാക്യം	ജാതി	കർത്താ	കർത്തൃവിശേഷണം	കർമ്മം	കർമ്മവിശേഷണം	ക്രിയാപദം	ക്രിയാവിശേഷണം
(a) രാവണൻ സീതയെ കട്ടാൻ	അംഗി	രാവണൻ	,,	സീതയെ	,,	ബോധിച്ചില്ല	,,
(a) രാമൻ ബോധിച്ചിട്ടില്ലതാനും	അംഗി	രാമൻ	,,	അതിനെ	,,	ക്രിയാപദം	,,

മനുജരെ സോദരിയാകിയ കന്യക മെയ്യന്തിക്ക വിവാഹത്തെ ഉണ്ണു;
കന്മഷവിമോചനയായാളെയിന്നാൾ ഭുവിയിതിലിന്നൊരുപുമാനുമില്ല.

വാക്യം	ജാതി	കർത്താ	കർത്തൃവിശേഷണം	കർമ്മം	കർമ്മവിശേഷണം	ക്രിയാപദം	ക്രിയാവിശേഷണം
[a] മനുജരെ... .... വിവാഹത്തെ ഉണ്ണു	അംഗി	വിവാഹം	,,	,,	,,	ഒടുങ്ങു	മനുജരെ സോദരിയാകിയ മെയ്യന്തിക്ക
[b] കന്മഷവിമോചനയാളെ ......പുമാനുമില്ല	അംഗി	പുമാൻ	ഇന്നൊരു	,,	,,	ഇല്ല	കന്മഷവിമോചനയാളെ യിന്നാൾ ഭുവിയിതിലിന്നു

3 വടക്കേദിക്കിൽ ഉണ്ടാക്കപ്പെടുന്ന പുസ്തകങ്ങളെ തെക്കുള്ള വിദ്വാന്മാരും, ഈ ദിക്കിൽ നിർമ്മിക്കപ്പെടുന്നവയെ വടക്കുള്ളവരും പരിശോധിച്ച് അഭിപ്രായങ്ങളെ അന്യോന്യം ഗ്രഹിപ്പിച്ച് ഉഭയസമ്മതപ്രകാരം ഒരു വ്യവസ്ഥ ഏർപ്പെടുത്തണം.

(1076 മെട്രിക്കുലേഷൻ ചോ.)

വാക്യം	ജാതി	കർത്താ	കർത്തൃവിശേഷണം	കർമ്മം	കർമ്മവിശേഷണം	ക്രിയാപദം	ക്രിയാവിശേഷണം
[a] വടക്കേദിക്കിൽ ഉണ്ടാക്കപ്പെടുന്ന പുസ്തകങ്ങളെ തെക്കുള്ള വിദ്വാന്മാർ പരിശോധിച്ചു .... ഒരു വ്യവസ്ഥ ഏർപ്പെടുത്തണം	അംഗി	വിദ്വാന്മാർ	തെക്കുള്ള	വ്യവസ്ഥ	ഒരു	ഏർപ്പെടുത്തണം	വടക്കേദിക്കിൽ.. പുസ്തകങ്ങളെ പരിശോധിച്ചു അഭിപ്രായങ്ങളെ അന്യോന്യം ഗ്രഹിപ്പിച്ചു ഉഭയസമ്മതപ്രകാരം
[b] ഈ ദിക്കിൽ.......... വടക്കുള്ളവർ .... ഒരു വ്യവസ്ഥ ഏർപ്പെടുത്തണം	അംഗി	1- അതിന്, അവ 2_വടക്കുള്ളവർ	1-ഈദിക്കിൽ വരുന്ന 2_ഈദിക്കിൽ,	വ്യവസ്ഥ	ഒരു	ഏർപ്പെടുത്തണം	(a) പോലെ

അഭ്യാസം ൨൦

1) താഴെ കുറിക്കുന്ന വാക്യങ്ങളിലെ ആഖ്യയും ആഖ്യാതവും വേർതിരിച്ചുകാണിക്കുകയും അവയുടെ സ്വഭാവത്തെ വിവരിക്കയും ചെയ്ക:—

ക. [illegible] — [illegible]

ഖ. [illegible]
[illegible]
[illegible]
[illegible] — [illegible]

ഗ. [illegible] — [illegible]

ഘ. [illegible]
[illegible] — [illegible]

ങ. [illegible]
[illegible] — [illegible]

ച. [illegible]
[illegible]
[illegible]
[illegible] — [illegible]

2) മുൻപറഞ്ഞ ഉദാഹരണങ്ങളിലെ ആഖ്യാ ആഖ്യാതപദങ്ങളെ പ്രത്യേകം എടുത്തുകാണിക്കുക.

3) താഴെ കുറിക്കുന്ന വാക്യങ്ങളിലെ [illegible] വിധേയവിശേഷണങ്ങളും ചൂണ്ടിക്കാണിക്കുക:—

ക. [illegible] — [illegible]

ഖ. [illegible] — [illegible]

ഗ. [illegible] — [illegible]

ഘ. [illegible]
[illegible] — [illegible]

4) താഴെ കൊടുക്കുന്ന ഉദാഹരണങ്ങളിൽ 'ഉം' എന്ന [illegible] ഉപയോഗിച്ചിരിക്കുന്നതു ശരിയോ തെറ്റോ എന്നു സകാരണം പറക:—

ക. [illegible]

ഖ. [illegible]

5) [illegible]:—

൧. [illegible] സ്വീകരിച്ചു.

൨. [illegible] സ്വീകരിച്ചു [illegible]

൩. [illegible] സ്വീകരിച്ചു.

6) [illegible] ഉദാഹരണങ്ങളെ [illegible] എല്ലാം എഴുതുക?

7) താഴെ കാണുന്നവ ശരിയാണോ?

൧. മൂന്ന് പാവിഴി,

൨. പ്രശസ്തമായ ഗുണങ്ങൾ,

൩. [illegible] എല്ലാം [illegible] കല്പകങ്ങൾ,

൪. [illegible] പുസ്തകം.

൫. [illegible]

അദ്ധ്യായം ൨൨

അപോദ്ധരിക്കുക:—

1. [illegible] —[illegible]

2. [illegible]
[illegible] —[illegible]

3. [illegible]
[illegible] — [illegible]

4. [illegible]
[illegible]? — [illegible]

5. ശ്രീരാമദേവന്റെ [illegible] — കം. രാമ

6. [illegible]
[illegible]
[illegible]. —[illegible]

7. [illegible]
[illegible]
[illegible]
[illegible] —[illegible]

8. [illegible]
[illegible]
[illegible]
[illegible] — [illegible]

9. [illegible]
[illegible]

[illegible] ലോകത്തിൽനിന്നു മോചിപ്പിച്ചു. യുക്തി ക്കു ചേർന്നതായ ഒരു മതത്തിന്റെ ഉൽകൃഷ്ടതരങ്ങളായ തത്വങ്ങളെ ഉപദേശി ക്കുന്നതിന് ആരംഭം കുറിച്ചു. —ഇ-മ.

10 [illegible]
[illegible]
[illegible]
[illegible] —ഉ-ചി.

11. [illegible]
[illegible]
[illegible]
[illegible] —ആ-ശാ.

12. [illegible]
[illegible]
[illegible]
[illegible] —ആ-ശാ.

13 [illegible]
[illegible]
[illegible]
[illegible] —ഉ-വി.

ചിഹ്നനം

175. ചിഹ്നനം എന്നതു ഉപവാക്യങ്ങളുടെയും വാചകങ്ങളുടെയും അംഗാംഗിഭാവത്തെ വിശദപ്പെടുത്താൻവേണ്ടി ചില ചിഹ്നങ്ങളെ ഉപയോഗിക്കുകയാകുന്നു. രണ്ടു പുരയിടങ്ങളുടെ അതിർത്തിയിൽനില്ക്കുന്ന വൃക്ഷങ്ങൾ ഒരു വകക്കു ചേരുന്നതെന്നോ ഇതര വകക്കു ചേരുന്നതെന്നോ കക്ഷിഭാഗക്കാർക്കു വാദം വരുമ്പോൾ കണക്കെഴുത്തുകാർ തീർമാനപ്പെടുത്തുന്നതിനു വേണ്ടി ഡിമാർക്കേഷൻ ചെയ്യുംപോലെ വൈയാകരണന്മാർ അങ്ങോട്ടുമിങ്ങോട്ടും സന്ധിച്ചുപോകുന്ന വാചകങ്ങളെ ഇന്നതിൽ ചേരേണ്ടതെന്നു വ്യവസ്ഥപ്പെടുത്താൻ വേണ്ടി ചിഹ്നനം ചെയ്യുന്നു. ഒറ്റപ്പദങ്ങളിൽ സ്വരഭേദംകൊണ്ടുളവാകുന്ന പ്രയോജനം വാക്യങ്ങളിലും വാചകങ്ങളിലും ചിഹ്നനംകൊണ്ടുണ്ടാകുന്നതെന്നു പറയാം. ഇങ്ങനെ അടയാളങ്ങളെ

ഉപയോഗിച്ചു അന്വയത്തിൽ സന്ദേഹത്തിനു ഇടകൊടുക്കാതെ സൂക്ഷിക്കുക എന്ന സമ്പ്രദായം ഇംഗ്ലീഷിൽനിന്നും നാം ഗ്രഹിച്ചിട്ടുള്ള ഒരു ഉപായമാകുന്നു. ഭാഷയിൽ ഇതുവരെ ഇതു നടപ്പായിക്കഴിഞ്ഞിട്ടില്ല. സംഹിതയുടെ അന്യാദൃശമായ ബാഹുല്യം നിമിത്തം സംസ്കൃതത്തിൽ ചിഹ്നനം ഏർപ്പെടുത്തുന്നതിനു വളരെ അസൌകര്യങ്ങളുണ്ട്; എങ്കിലും ബോംബായിലും മറ്റും അച്ചിട്ട സംസ്കൃതപുസ്തകങ്ങളിൽ ഈയിടെ ചിഹ്നനസമ്പ്രദായം ഉപയോഗിച്ചുകാണുന്നുണ്ട്. ഭാഷയിൽ ഏറെ സൌകര്യക്കേടു കൂടാതെ ചിഹ്നങ്ങളെ ഉപയോഗിക്കാവുന്നതിനാൽ അച്ചുക്കൂടക്കാർ ഇനിയെങ്കിലും ഈ വിഷയത്തിൽ ദൃഷ്ടിപതിപ്പിക്കേണ്ടതാണു.—

ചിഹ്നങ്ങളാവിതു:—

(൧) അങ്കുശം. (,)-ഇതു് ഒരു അല്പമായ നിറുത്തലിനെ കുറിക്കുന്നു. വായിക്കുന്ന സമയം ഒരു തോട്ടിയിട്ടു് ഒക്കിയാലെന്നപോലെ നിറുത്തുമാറു പറയുന്ന സ്വരം ഒന്നു തടയണം എന്നു ഈ ചിഹ്നം കാണിക്കുന്നു.

(൨) ബിന്ദു. (.)-നിശ്ശേഷമായി നിറുത്തേണ്ടുന്ന ദിക്കിലാണ് ഇതിനെ ഉപയോഗിക്കേണ്ടതു്. എല്ലാ പ്രധാനവാക്യങ്ങളുടെയും അവസാനത്തിൽ ഇതു അടയാളമിടണം.

(൩) രോധിനി. (;) ഇതിനെ അർദ്ധവിരാമങ്ങളിൽ ഉപയോഗിക്കണം. മഹാവാക്യങ്ങളിൽ ഉള്ള ഉപവാക്യങ്ങളെ വേർതിരിക്കയും മറ്റുമാണു ഇതിന്റെ കൃത്യം.

(൪) ഭിത്തിക. (:)-ഇതു ഒരു ഇടബ്ഭിത്തിപോലെ സമനിലയിലുള്ള രണ്ടു ഭാഗങ്ങളെ വേർപെടുത്തുന്നു.

(൫) വലയം. ()-ഇതു ഒരു വാക്യത്തെയോ വാക്യാംശത്തെയോ പദത്തെയോ മറ്റൊന്നിന്റെ മദ്ധ്യത്തിൽ അതിനോടു വ്യാകരണസമ്മതമായ സംബന്ധംകൂടാതെ ചേർക്കുന്നു. ഇതിനകത്തുവരുന്ന ഭാഗത്തിനു ഗർഭവാക്യം എന്നു പേർ ചൊല്ലാം.

(൬) കോഷ്ഠം. [ ]-ഇതു വലയംപോലെ തന്നെ. ഗർഭവാക്യത്തിനകത്തു വേറെ ഗർഭവാക്യം വരുന്ന ദിക്കിലും മറ്റും ഉപയോഗം.

(൭) ഉദ്ധരണി. " " ഇതു ഗ്രന്ഥകർത്താവിന്റെ വാക്കുകളിൽനിന്നു വേറെയുള്ളവരുടെ വാക്കുകളെ തിരിച്ചുകാണിക്കുന്നു. ഇതിനെ ഒറ്റയായിട്ടും ഉപയോഗിക്കാം.

(൮) കാകു. (?)-ഇതു ചോദ്യത്തെ കാണിക്കുന്നു.

(൯) വിക്ഷേപണി. (!) ഇതു വിസ്മയം മുതലായ ചിത്തവിക്ഷേപങ്ങളെ സൂചിപ്പിക്കുന്നു. വ്യാക്ഷേപകങ്ങളുടെയും സംബോധനയുടെയും പിന്നിൽ ഇതു ചേർക്കണം.

(൧൦) ശൃംഖല. (-)-ഇതു ഒരു പദത്തെ രണ്ടു വരികളിലായി മുറിച്ചു എഴുതേണ്ടിവന്നാൽ ഒന്നാം വരിയുടെ ഒടുവിൽ ചേർക്കേണ്ടതു. ഒരു ചങ്ങല ഇട്ടു പൂട്ടിയതുപോലെ പദത്തിന്റെ രണ്ടു ഭാഗങ്ങളെയും ഇതു ഇണക്കുന്നു. സമാസഘടകത്തിലും മറ്റും ഇതിനെ ഉപയോഗിക്കാം.

(൧൧) രേഖ (—)-സംക്ഷേപിച്ചു പറഞ്ഞതിനെ വിവരിക്കുന്ന ഘട്ടത്തിൽ മറ്റും ഇതു കുറിക്കുന്നു.

(൧൨) വിശ്ലേഷം. (')-ലോപം വന്ന വർണ്ണത്തിന്റെ മുകളിൽ ചേർക്കേണ്ടതു. ഇതു ചേർക്കുന്നതിന്റെ മുമ്പും പിമ്പും ചില അക്ഷരങ്ങൾ ലോപിച്ചുപോയിട്ടുണ്ടു; അതിനാൽ വാസ്തവത്തിൽ ഇവിടെ രണ്ടു വേർപാടിനെ സൂചിപ്പിക്കുന്നു.

ഉദാ:—നില്ലു് നേ:—നില്ലുവല്ലോ—ചൊല്ലിക്കൊള്ളു—ഇത്യാദി.

(൧൩) പ്രശ്ലേഷം. (ƒ)-ഇതു സംസ്കൃതത്തിലെ ചിഹ്നമാകുന്നു. ഏ-ഓ- ഇത്യാദികളുടെ അധികം നിശ്ചയമെന്നു കാണിക്കുന്നു. ഉദാ: (ƒ) സ്ത്രീ=ശോഭനാംഗി.

നിരുക്തകാണ്ഡം

ശബ്ദോൽപത്തിപ്രകരണം

—(൧)—

മലയാളം ദ്രാവിഡകുടുംബത്തിൽ ചേൎന്ന ഒരു ഭാഷയാകുന്നു. ഈ കുടുംബത്തിൽ മലയാളത്തിനു പുറമേ തമിഴ്, തെലുങ്ക്, കൎണ്ണാടകം, തുളു എന്ന നാലു പ്രധാനഭാഷകളുണ്ട്. ഇവയിൽവെച്ചു മലയാളത്തിനു തമിഴിനോടാണ് അധികം ചാൎച്ച. പഴയ മലയാളത്തിൽ ഉള്ള കൃതികൾ തമിഴിൽനിന്നു ഏറെ വ്യത്യാസം ഇല്ലാത്തവയെന്നു പറയാം. തമിഴിനോടുള്ള ഈ അധികമായ ചേൎച്ചനിമിത്തം മലയാളത്തെ ചിലർ തമിഴിന്റെ ഒരു ഉപഭാഷയായിട്ടുതന്നെ ഗണിക്കുന്നുണ്ട്. ആദികാലത്തെ കവികൾ തങ്ങളുടെ കൃതികളിൽ തമിഴ്പദങ്ങളേയും രൂപങ്ങളേയും ധാരാളം പ്രയോഗിച്ചിരുന്നു. മലയാളികൾക്കു തമിഴരോടുള്ള സംസൎഗ്ഗം ചുരുങ്ങുകയും മലയാളികളുടെ ഇടയിൽ സംസ്കൃതവിദ്യാഭ്യാസം പ്രചാരപ്പെടുകയും ചെയ്തതോടുകൂടി മലയാളഭാഷയിൽ വളരെ ഭേദഗതികൾ സംഭവിച്ചു. ദ്രാവിഡപദങ്ങളുടെ ലിംഗപുരുഷവചനാദ്യവസ്ഥകൾ ക്രമേണ മറന്നു; സംസ്കൃതപദങ്ങളെ കവികൾ ധാരാളം ഉപയോഗിച്ചുതുടങ്ങി; സംസ്കൃതപദങ്ങളിലുള്ള നാമിക-ഉപസൎഗ്ഗാദ്യവയവങ്ങൾക്കു വ്യുൽപത്തി കാണിക്കുന്നതിനു തമിഴിലെ അക്ഷരമാല മതിയാകാതെ വന്നതിനാൽ സംസ്കൃതത്തിലെ അക്ഷരമാലയെത്തന്നെ മലയാളത്തിലേക്കു സ്വീകരിച്ചു; കവിതകളെല്ലാം സംസ്കൃതം ഇടകലൎന്ന മണിപ്രവാളമായിപ്പോയതു; അങ്ങനെ വ്യക്തിയില്ലാത്ത ഭാഷയെന്ന തമിഴിന്റെ ഒരു കൈവഴിപ്പുഴയെന്നു. ഇതുവിധം പണ്ടു തമിഴിനോടടുത്തിരുന്ന സ്ഥാനം ക്രമേണ സംസ്കൃതത്താൽ ആക്രമിക്കപ്പെട്ടു. എന്തിലും മലയാളവ്യാകരണം ഇന്നും തമിഴ് വ്യാകരണത്തെയല്ലാതെ സംസ്കൃതവ്യാകരണത്തോടു ഒട്ടും ചേരുന്നില്ല. മണിപ്രവാളകവികൾ ആവശ്യമനുസരിച്ചു ഇഷ്ടംപോലെയും സംസ്കൃതപദങ്ങളെ സ്വകൃതികളിൽ കൊണ്ടുവന്നു ചേൎത്തിട്ടുണ്ടെങ്കിലും ആ പദങ്ങളുടെ രൂപനിഷ്പത്തിക്രമങ്ങളെല്ലാം തമിഴ്മുറകളെത്തന്നെ അനുസരിക്കുന്നു. സംസ്കൃതത്തിന്റെ ആക്രമം മലയാളഭാഷയുടെ നിഘണ്ടുവിനെ അല്ലാതെ വ്യാകരണത്തെ ഇതേവരെ ബാധിച്ചിട്ടില്ലെന്നു തന്നെ പറയാം. 'ആ മനുഷ്യനോടു'' എന്നതിനു പകരം 'അവനോ

ട് നൈഷധനോട്" എന്ന സംസ്കൃതരീതി (തേന നൈഷധേന) അനുസരിച്ചു വിശേഷണങ്ങൾക്കു വിശേഷ്യത്തോടു ലിംഗവിഭക്തിവചനങ്ങളിൽ പൊരുത്തം വരുത്തുവാൻ ചില കവികൾ ആരംഭിച്ചതൊന്നും ഫലപ്പെട്ടില്ല. അതിനാൽ സ്ഥൂലദൃഷ്ടിയിൽ മലയാളത്തിലെ സംസ്കൃതപ്രാധാന്യം കണ്ടു് ഈ ഭാഷ സംസ്കൃതത്തിന്റെ ഒരു ഉപഭാഷയാണെന്നു ഭ്രമിച്ചുപോകരുതു്.

മലയാളത്തിലെ ശബ്ദങ്ങളെ ആഗമപ്രകാരം രണ്ടുവകയായിപ്പിരിക്കാം. (൧) തമിഴ്, തെലുങ്കു മുതലായ * സോദരഭാഷകളിൽനിന്നു എടുക്കപ്പെട്ടവ ആയോ അവയോടു സമം തനിക്കു ലഭിച്ചിട്ടുള്ള പൊതുസ്വത്തായോ ഉള്ള ശബ്ദങ്ങൾ *ആഭ്യന്തരങ്ങൾ*. (൨) ദ്രാവിഡകുടുംബത്തിനു പുറമേ ഉള്ള സംസ്കൃതം, ഇംഗ്ലീഷ്, അറബി മുതലായ വൈദേശികഭാഷകളിൽനിന്നു സ്വീകരിക്കപ്പെട്ടവ *ബാഹ്യങ്ങൾ*. ഈ രണ്ടുവകയൊന്നതിൽ ആഭ്യന്തരം എന്ന ഒന്നാമത്തതിനു *സ്വന്തം*, *സാധാരണം*, *ദേശ്യം* എന്നു മൂന്നു ഉൾപ്പിരിവുകളുണ്ടു്. (൧) മററു ദ്രാവിഡഭാഷകളിൽ കാണാത്ത മലയാളത്തിൽ മാത്രം നടപ്പുള്ള ശബ്ദങ്ങൾ സ്വന്തം. (൨) പൊതുസ്വത്തായി മററു ദ്രാവിഡഭാഷകളിലും ഉള്ളവ സാധാരണം. (൩) മലയാളത്തിൽ തന്നെ ചില ദേശങ്ങളിൽ മാത്രം നടപ്പുള്ളവ ദേശ്യം. ബാഹ്യം എന്ന രണ്ടാമത്തതിനും രണ്ടു ഉൾപ്പിരിവുകളുണ്ടു്. (൧) വർണ്ണങ്ങൾക്കു ഭേദമൊന്നും ചെയ്യാതെ മൂലഭാഷയിൽ ഇരിക്കുന്നതുപോലെ തന്നെ എടുക്കപ്പെടുന്നതു *തത്സമം*. (൨) മൂലഭാഷയിൽനിന്നു എടുത്തു സ്വഭാഷാരീതി അനുസരിച്ചു അക്ഷരങ്ങൾക്കു വികാരം വരുത്തീട്ടുള്ളതു *തത്ഭവം*. തത്ഭവത്തിനു പിന്നെയും രണ്ടു വിഭാഗം ആവശ്യമുണ്ടു്. മൂലഭാഷയിലുള്ള രൂപം *പ്രകൃതി*. പ്രസ്തുതഭാഷയിൽ ഭേദപ്പെടുത്തീട്ടുള്ള രൂപം *വികൃതി*. ഈ വിഭാഗങ്ങളെ എല്ലാം താഴെ കാണിക്കുന്ന പട്ടിക സംക്ഷേപിക്കുന്നു—

1. ആഭ്യന്തരം
   - (1) സ്വന്തം
   - (2) സാധാരണം
   - (3) ദേശ്യം
2. ബാഹ്യം
   - (1) തത്സമം
   - (2) തത്ഭവം
     - (a) പ്രകൃതി.
     - (b) വികൃതി.

---

* സോദരഭാഷകൾ=Sister languages.

ഉദാ:—

ദ്രാവിഡം.

സ്വന്തം	സംസ്കരണം	ദേശ്യം
	ഴ ളകാരമാകും	അപ്പ
പന്നി (= ശൂകരം)	ദാളം ളി	തപ്പ
ഇഞ്ച (= വസ്ത്രം)	വള്ളി ളി	തൊഴുക്കു
അരണി	പക്ഷം ളി	കൊമ്പറ
	രേഫം കാരത്തിനു മുമ്പു ചേരുമ്പോൾ	കരിമ്പ
ചോറി	കവളി ലകാരം ചേർന്നു	കരിങ്ങാലി
	ചിപ്പി ലകാരത്തിനു മുമ്പു ചേരുമ്പോൾ	കിളിമാനൂർ
വെള്ള (= കഴുത്ത്)		പുഴനാര

വൈരൂപ്യം.

തത്ഭവം		തത്സമം
പ്രകൃതി	വികൃതി	
ജ്യേഷ്ഠ	ചേട്ടൻ	ന്യായം
ക്രോശം	കാതം	പുണ്യം
അംശം	അശം	സ്വയംവരം
ശംഖം	ചങ്ക്, ശംഖ്	വിനയം
ഭണ്ഡാഗാരം	പണ്ടാരം, ഭണ്ഡാരം	മാനം
കൃഷ്ണൻ	കണ്ണൻ	വിശ്വാസം
സീതാ	ചീത	സമ്പത്ത്
[illegible]	[illegible]	ആപത്ത്
[illegible]	[illegible]	പ്രയാസം
ക്ഷാരം	കാരം	വിദ്രുമം
കല്യാണി	കല്ലാണി	വിചാരം
സന്ധ്യാ	അന്തി	ധന
ഉപാദ്ധ്യായൻ	വാദ്ധ്യാർ	[illegible]
രാജാ	അരചൻ	താരം
രുധിരം	ഉതിരം	ബുദ്ധി
ശൃംഗം	ചുങ്ക്	പ്രജ
ദാഢി	താടി	ഭയം
ശ്രേണി	ഏണി	[illegible]
[illegible]	[illegible]	ശുദ്ധം
പിശാചം	പേ	ദയ
പല്യങ്കം	പല്ലക്ക്	ജീവൻ
[illegible]	[illegible]	തേജസ്സ്
പക്ഷം	പക്കം	മനസ്സ്
കൂശ്മാണ്ഡം	കുമ്പളം	വിഷയം
Lantern	റാന്തൽ	[illegible] } ഇംഗ്ലീഷ്
Collector	കലക്ടർ	[illegible] } ഇംഗ്ലീഷ്
Judge	ജഡ്ജി	[illegible]
Hearing	ഇയറിങ്ങ്	
Report	റപ്പോട്ട്	
Record	റിക്കാർഡ്	
Hospital	ആസ്പത്രി	
Apothecary	അപ്പോത്തിക്കരി	
Engineer	ഇഞ്ചിനീയർ	
Superintendent	സൂപ്രണ്ട്	
Ciuzel (Port)	[illegible]	
France	പറങ്കി	